കൗമുദി



ഈ ലക്കത്തിൽ

കുറിപ്പുകൾ — കെ. ബാലകൃഷ്ണൻ

ഭാഗ്യവാന്മാരുടെ പടത്തലവൻ — കെ. ബാലകൃഷ്ണൻ

താരാപഥം
പൊൻകതിർ — ജ്യോതി

പത്രാധിപരോട് സംസാരിക്കുക — പത്രാധിപർ.

വിശ്വസാഹിത്യം റഷ്യ
പുഷ്കിന്റെ കൃതികൾ
പോട്ടയിൽ എൻ. ജി. നായർ

കാഷ്മീർ കുറിപ്പുകൾ II
മുഗൾപൂങ്കാവനങ്ങളിൽ — ടി. പത്മനാഭൻ

അഭിസാരിക (ചെറുകഥ)
ഏ. മുഹമ്മദ് ജവാദ്

ഫാത്തിമയെ കെട്ടിച്ചു
(കവിത) തിരുനല്ലൂർ കരുണാകരൻ

വനിതാപംക്തി (ഞാനും എഴുതട്ടെ)
ജി. ഇന്ദിര

യോഗക്ഷേമരാഷ്ട്രം
വി. ശശാങ്കൻ, വിളഭാഗം

അമ്മയും മകളും
(കവിത) നളിനകുമാരി

മാവൊസെതുംഗ് വാൻസായ്
വിചിത്രമായ ചില അനുഭവങ്ങൾ
എൻ. ശ്രീകണ്ഠൻനായർ എം. പി.

കുമുദിലീഗ് — ഉഷശ്ചേച്ചി
കുമുദിയിലെ പൂമ്പാറ്റകൾ
(കവിത) സി. കലാഗോപാൽ

'വടമത്തായി'യുടെ സോഷ്യലിസം
(ചെറുകഥ) കെ. പി. ബാബുസെൻ

ജീവിതസമരം — സി. കേശവൻ

സ്പോർട്ട്സ്
ബാലൻപന്ഡിറിന്റെ ബാറ്റിങ്ങ് യജ്ഞം
ശ്യാമകൃഷ്ണൻ

പുസ്തകാഭിപ്രായം
പത്തു കഥാകാരന്മാർ — പ്രസാദ്

മുഖചിത്രം:
വാസന്തലക്ഷ്മി
ചിത്രകാരൻ: ശ്രീധരൻ

ബഹിഷ്കൃതമന്ത്രിസഭ
അധികാരത്തിൽ
ഇന്ന്
68-ാംദിവസം

പത്രാധിപർ—കെ. ബാലകൃഷ്ണൻ

Reg. M. 5661 Phone No- 2128 സഹപത്രാധിപർ സി. എൻ. ശ്രീകണ്ഠൻനായർ

കൗമുദി ആഴ്ചപ്പതിപ്പ്

വാല്യം 4 1129 വൃശ്ചികം 15 തിങ്കൾ ലക്കം 36

മുഖപ്രസംഗങ്ങൾ

ഐക്യമുന്നണി

ഉണ്ടായിക്കഴിഞ്ഞതായി നാട്ടുകാരെല്ലാം വിശ്വസിച്ചു കഴിഞ്ഞ ഐക്യമുന്നണി ഉണ്ടാകുമോ എന്ന ഒരു പുതിയ പ്രശ്നം ഉദയം ചെയ്തിരിക്കുന്നു. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പുകാലത്തു ഇവിടെയുണ്ടായ ഐക്യമുന്നണി കുറേക്കൂടി വിപുലമാക്കി പി. എസ്. പി. യെക്കൂടി സഹകരിപ്പിക്കത്തക്ക ഒരടിസ്ഥാനത്തിൽ അതിന്റെ പ്രവർത്തനം പരിധി വലുതാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ചില ആലോചനകൾ നടന്നു. ഇങ്ങനെ ഒരു ഐക്യം ഉണ്ടാകാതെ തരമില്ലെന്നു ഏറ്റവും വിദഗ്ധമായി വാദിച്ചതു് ശ്രീ. പട്ടം താണുപിള്ളയാണു്. നിയമസഭയിൽ കോൺഗ്രസുകാർ ഒരു വിശ്വാസപ്രമേയം അവതരിപ്പിച്ചു. പ്രതിപക്ഷങ്ങളും ഭരിയാചുനിന്ന ആ വിശ്വാസപ്രമേയം പരാജയപ്പെടുത്തി. അപ്പോൾ അധികാരത്തിലിരുന്ന കോൺഗ്രസ്കക്ഷി നിയമസഭയ്ക്കു്, പൊതുജനങ്ങളുടെ വിശ്വാസമില്ലെന്ന കാരണം കണ്ടുപിടിച്ചു നിയമസഭ പിരിച്ചുവിട്ട ഈ പിരിച്ചുവിടലിൽ ശരിയായിരുന്നോ ഇപ്പോഴോ എന്നും അടുത്തതിരഞ്ഞെടുപ്പു വിധിയെഴുതുവാൻ പോകയാണു്. സ്വാഭാവികമായി മന്ത്രിസഭയിൽ ജനങ്ങൾക്കു വിശ്വാസമില്ലെന്നു നിയമസഭയ്ക്കു കണ്ടുപിടിക്കുന്നതിനു പറഞ്ഞവർക്കു പുറത്തുവന്നും അതുതന്നെ പറയാതെ തരമില്ല ഇന്നത്തെ യോജിപ്പിന്റെ മൗലികമായ അടിസ്ഥാനം അതാണു്. ശ്രീ പട്ടത്തിന്റെ അഭിപ്രായം തികച്ചും ശരിയാണെന്നു വിവേകമുള്ളവരെല്ലാം സമ്മതിക്കും. ഇങ്ങനെ കോൺഗ്രസ്സിനെ പരാജയപ്പെടുത്തിയതുകൊണ്ടുമാത്രമായില്ലെന്നും തിരഞ്ഞെടുപ്പു കഴിഞ്ഞു അധികാരമേറ്റെടുക്കാൻകൂടി പി. എസ്. പി. തയ്യാറാകണമെന്നും കമ്മ്യൂണിസ്റ്റുകാരിൽനിന്നു വാദമുണ്ടായി ഈ വാദത്തിനും ചിറയിൻകീഴ്പ്രസംഗത്തിൽ ശ്രീ. പട്ടം അസന്നിഗ്ധമായ ഭാഷയിൽതന്നെ മറുപടി പറഞ്ഞു കോൺഗ്രസ്സിനെ പരാജയപ്പെടുത്തി ഒരു അരാജകാവസ്ഥ സൃഷ്ടിക്കുകയല്ല പി എസ്. പി. യുടെ ലക്ഷ്യം സ്വാഭാവികമായി അവർ ഇടതുപക്ഷങ്ങളുമായി ചേർന്നു ഒരു മന്ത്രിസഭ രൂപീകരിക്കുകതന്നെ ചെയ്യും എന്നു് ശ്രീ. പട്ടം വിശദമാക്കി. ഇപ്പോൾ കമ്മ്യൂണിസ്റ്റുപാർട്ടി സെക്രട്ടറി എം. എൻ. ഗോവിന്ദൻനായർ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. പി. എസ്. പി. കോൺഗ്രസ്സിനോടു സഹകരിക്കുവില്ലെന്നുകൂടി വ്യക്തമാക്കണമെന്നു്. പി. എസ്. പി. കോൺഗ്രസ്സിനോടു സഹകരിക്കുന്ന ഒരു നിലപാടു സ്വീകരിച്ചാൽ അതു രാജ്യത്തോടും അവരെ സഹായിച്ച ഇടതുപക്ഷങ്ങളോടും കാണിക്കുന്ന കടുത്ത വഞ്ചനയായിരിക്കും എന്ന കാര്യത്തിൽ തർക്കമില്ല, പക്ഷേ അങ്ങനെയൊരുനില ശ്രീ പട്ടത്തിന്റെ നേതൃത്വത്തിൽ പി. എസ്. പി. സ്വീകരിക്കുമെന്നു ഇന്നത്തെ രാഷ്ട്രീയ പരിതസ്ഥിതികൾ നോക്കി സന്ദേഹിക്കുവാൻ യാതൊരു കാരണവും ഞങ്ങൾ കാണുന്നില്ല പണ്ടു ഒരു സന്ദർഭത്തിൽ പി. എസ് പി യുടെ നിഷ്പക്ഷത കോൺഗ്രസ്സിനു സഹായകരമായിരുന്നു എന്നു എം. എന്റെ വാദം ശരിയാണു് പക്ഷേ അന്നു പി. എസ് പി. ക്കു ഐക്യമുന്നണിയുമായി യാതൊരു ബാധ്യതയുമുണ്ടായിരുന്നില്ല. ഇന്നത്തെ തിരഞ്ഞെടുപ്പു കഴിഞ്ഞുള്ള നില വ്യത്യസ്തമാണു്. അന്നത്തെ പരിതസ്ഥിതിയിൽ അന്നു സ്വീകരിച്ച നില ഇന്നത്തെ മാറിയ പരിതസ്ഥിതിയിൽ അവർത്തിക്കുകയില്ലെന്നു ഒരാപ്പു് ആവശ്യപ്പെടുന്നതിൽ അർത്ഥമില്ല. പണ്ടു സ്വീകരിച്ച നിലപാടുകളുടെ അടിസ്ഥാനത്തിൽ പാർട്ടികളെ വീക്ഷിക്കാൻതുടങ്ങിയാൽ ഐക്യമുന്നണിയിൽതന്നെ എത്രപേർക്കാണു കമ്മ്യൂണിസ്റ്റുകാരുമായി സഹകരിക്കാൻകഴിയുക? ഐക്യമുന്നണിക്കു ഒരു പാർലമെന്ററിബോർഡുണ്ടായിരിക്കെ ആ ബോർഡിയോടു ആലോചിക്കുപോലുംചെയ്യാതെ ഐക്യമുന്നണിയുടെപേരിൽ സ്ഥാനാർത്ഥിനിർണയത്തിനു മുതിർക്കുന്നതു് അഭികാമ്യമല്ലാണു് എം. എൻ. അതു അനുചിതവും വഞ്ചനയുമാകുന്നു വെങ്കിൽ ഐക്യമുന്നണിയെന്നപേരിൽ വീണ്ടും തിരഞ്ഞെടുപ്പിനെ സമീപിക്കുമ്പോൾ ഏതു ഉറപ്പുകളാണു് മാറുമ്മൂവർ എം. എൻ. ഗോവിന്ദൻനായരോടും കമ്മ്യൂണിസ്റ്റുപാർട്ടിയോടും ആവശ്യപ്പെടേണ്ടിവരുന്നതു് ഒരുതരം വഴിമുട്ടിക്കിടപ്പുണ്ടാക്കി അതെല്ലാം പൊതുജനങ്ങളിൻമേൽ കെട്ടിവച്ചു രാഷ്ട്രീയകേമത്വം നേടുന്ന അടവുകൾ ഇന്നു വിലപ്പോകാത്ത പഴഞ്ചൻ ചരക്കാണു്. ബുദ്ധിശാലയിലെ അസ്സൂത്രങ്ങളെല്ലാം പ്രയോഗിച്ചുള്ള തൊഴുത്തിൽ കുത്തിനാണു് ഓരംഭത്തിലേ മാവോങ്കിൽ അക്കാര്യത്തിൽ മാറുമ്മൂവർ പിന്നോക്കമാകയില്ലെന്ന ധരിച്ചിരിക്കുന്നതുകൊണ്ടുമാം എം എൻ ഗോവിന്ദൻനായർക്കു യഥാർത്ഥത്തിൽ ഇങ്ങനെയൊരു പ്രസ്താവന പുറപ്പെടുവിക്കാൻ തന്നെ അവകാശമില്ലാത്തതാണു് ഐക്യമുന്നണി കമ്മിറ്റി പി എസ്. പി. യുമായി കൂടിയാലോചനനടത്താൻ ഒരു നെഗോഷ്യേറ്റിംഗ് കമ്മിറ്റിയെ തിരഞ്ഞെടുത്തിട്ടുണ്ടു് അവരുടെ കൂടിയാലോചനയുടെ ഫലം എന്തായെന്നു ഐക്യമുന്നണികമ്മിറ്റി ഇതുവരെ അറിഞ്ഞിട്ടില്ല. പാർട്ടികം എത്ര വലുതായാലും പാർട്ടികം ചേർന്നുള്ള ഒരു കമ്മിറ്റിയെക്കാൾ വലുതാണെന്നു ഭാവിക്കുന്നതുപോലുകാണു്. ഐക്യമുന്നണി കമ്മിറ്റിയുടെ കൂടിയാലോചനകൾക്കു പ്രതിബന്ധമുണ്ടാകുന്നതുകൊണ്ടാണു് അതിനകത്തുതന്നെയുള്ളവർ പ്രസ്താവനയിക്കി കേമന്മാരാകാൻ ശ്രമിക്കുന്നതു നല്ല രാഷ്ട്രീയമല്ല ഈ കോലാഹലത്തിലെക്കെ എതിനാണെന്നു ഏകദേശം മാറുമ്മൂവർക്കും മനസ്സിലാകുന്നതേയുള്ളൂ. പക്ഷേ ങ്ങനെയെങ്കിലും അലോചനകൾ തട്ടിത്തൊട്ടിപ്പിച്ചുകൊണ്ടുപോയി കൂടെയുള്ളകളെക്കൊണ്ടു നാമനിർദ്ദേശ പത്രിക കൊടുപ്പിക്കണം. എന്നിട്ടു നാ

★ ഭാര്യമാരുടെ പടത്തലവൻ ★

(കെ. ബാലകൃഷ്ണൻ)

കഴിഞ്ഞ ഓണം വിശേഷാൽപ്രതിയിൽ ഞാൻ എഴുതിയ "നിറമില്ലാത്ത മരിവില്ല്" എന്ന കഥ ഒരു വിവാദവിഷയമുണ്ടാക്കിയതിൽ എനിക്കു സന്തോഷമുണ്ട്. സുപ്രസിദ്ധ നിരൂപകനായ ശ്രീ. കെ. സുരേന്ദ്രൻ എന്റെ കഥയെ ഉപജീവിച്ചു് അതിസരസവും പ്രൗഢവുമായ ഒരു ചർച്ച എഴുതിയതു് സാഹിത്യലോകത്തു എനിക്കുലഭിച്ച അദ്യത്തെ ബഹുമതിയായും ഞാൻ കരുതുന്നു. എന്റെ ഈ കഥയെപ്പറ്റി സുപ്രസിദ്ധ ചെറുകഥാകൃത്തുക്കളായ ലളിതാംബികാ അന്തർജ്ജനവും തകഴിയും എനിക്കെഴുതിയിരുന്ന അന്തർജ്ജനത്തിന്റെ സുദീർഘമായ കത്തു് ഒരു നിധിപോലെ ഞാൻ സൂക്ഷിക്കുന്നുണ്ടു്. തകഴി ചില തകരാറുകൾ ചൂണ്ടിക്കാണിച്ചിരുന്നു. സുരേന്ദ്രന്റെ ലേഖനം വന്നുകഴിഞ്ഞപ്പോൾ സുരേന്ദ്രനു "വളരെ വളരെ' അഭിനന്ദനങ്ങളറിയിക്കാൻ എന്നെ ചുമതലപ്പെടുത്തി ഒരു കത്തും എനിക്കയച്ചിരുന്നു. എന്റെ കഥയെപ്പറ്റി അനുകൂലമായും പ്രതികൂലമായും എനിക്കു ലഭിച്ച മറ്റു പല സുഹൃത്തുക്കളുടെയും കത്തുകളും എന്റെ ഓർമ്മയിലുണ്ടു്. ഒന്നു തീർച്ച. സുരേന്ദ്രൻ തന്നെ സമ്മതിച്ചിട്ടുള്ളപോലെ എന്റെ കഥ ചില ചിന്തകർക്കു വിത്തു പാകുന്നവയായിരുന്നു. ആ ചിന്തകർ സുരേന്ദ്രൻ കണ്ട രീതിയിൽ വായനക്കാർ കാണണമെന്നാണോ ഞാൻ ഉദ്ഗ്രഹിച്ചിരുന്നതെന്നു പറയാൻ എനിക്കവകാശമുണ്ടെന്നു് തോന്നുന്നു. ശ്രീ. സുരേന്ദ്രൻ സ്വീകരിച്ച അസൂയാർഹമായ സാഹിത്യാത്മകത്വം സ്വീകരിക്കാനുള്ള വകതിരിവു് എനിക്കില്ലാത്തതുകൊണ്ടു ഇങ്ങനെ പച്ചയായി കാര്യം പറയാൻ ശ്രമിക്കുന്നെന്നേയുള്ളൂ. എന്റെ കഥയുടെ ഇതിവൃത്തം സുരേന്ദ്രൻ സോക്രട്ടീസിനുവേണ്ടി ചുരുക്കിയതുപോലെ സുരേന്ദ്രന്റെ ലേഖനത്തിന്റെ കഥ ഞാൻ ഇങ്ങനെ ചുരുക്കുന്നു സുരേന്ദ്രന്റെ മാതൃമാതാവാണു്. കുലുങ്ങി ചിരിക്കുകയും മാദകമായി നോക്കുകയും ആ ഭാര്യയുടെ ജോലിയല്ല ആ മാതൃക്കു കൂട്ടുതൽ ശ്രദ്ധനങ്ങളായ കാര്യങ്ങളും ശ്രദ്ധിക്കാനുണ്ടു്. കാമുകിയുടെ മദാലസതപം ഭാര്യയിൽ പ്രതീക്ഷിക്കരുതു് കാമുകി പുഷ്പവും ഭാര്യ ഫലവുമാണു് ഫലത്തെ നോക്കി അതിനു പുഷ്പത്തിന്റെ സൗരഭ്യവും ആകർഷകത്വവുമില്ലെന്നു പറയുന്നതു വിഡ്ഢിത്തമാണു്. ഭാര്യയ്ക്കു വ്യക്തിത്വമില്ലെന്ന ആരോപണം നടത്തുന്നവൻ ഒരു പെൺകോന്തനാകാൻ അച്ചാരമിടുകയാണു് ചെയ്യുന്നതു്. വ്യക്തിത്വം വിജൃംഭിച്ചാൽ സോക്രട്ടീസിന്റെ ഭാര്യയെപ്പോലെ തേന്മാവിന്റെ തലയിൽ അവിടം വെള്ളം കോരിയൊലിപ്പിക്കും. അതുകൊണ്ടു ഭാര്യയെ അടങ്ങിയൊതുങ്ങിക്കഴിയുന്ന ഗൃഹനാഥ മാത്രമായി വിട്ടേക്കുകയാണു് ശരി. സുരേന്ദ്രൻ തന്നെ സമ്മതിക്കുന്നു ഞാൻ കൈകാര്യം ചെയ്ത പ്രശ്നം എല്ലാ ഭാര്യമാരെയും എല്ലാ ഭർത്താക്കന്മാരെയും ഒരിക്കലല്ലെങ്കിൽ മറ്റാരിക്കൽ ബാധിക്കുമെന്നു് അപ്പോൾ ഞാൻ ഉന്നയിച്ചതു ഒരു പ്രശ്നമാണെന്നു സുരേന്ദ്രൻ സമ്മതിക്കുന്നുണ്ടു്. പക്ഷേ സുരേന്ദ്രന്റെ ലേഖനത്തിൽ മരിച്ചുപോയ ആത്മാക്കളെല്ലാം വാദിക്കുന്നതു ഞാൻ പ്രശ്നമേയല്ലെന്നാണു്. തർക്കം അവിടം മുതൽതന്നെ തുടങ്ങുന്നു. ഞാൻ ഉന്നയിച്ചതു ഒരു പ്രശ്നമാണോ? ഭാര്യ മാദകമായി കുലുങ്ങിച്ചിരിക്കണമെന്നും അവളുടെ കണ്ണുകൾ ആകർഷകമായി കറങ്ങണമെന്നും പ്രതീക്ഷിക്കുന്നതു സുരേന്ദ്രൻ പറയുന്നതുപോലെ ഫലത്തെനോക്കി പൂവിന്റെ സൗരഭ്യം തേടുന്നപോലെയാണോ? സുരേന്ദ്രന്റെ ഉപമയിൽതന്നെ എനിക്കു തിരുത്തുണ്ടു് ലോകത്തുള്ള എല്ലാ പൂക്കളും കായ്ക്കാറില്ല. ചില കായ്ക്കുന്ന പൂക്കളുണ്ടു് കായ്ക്കുന്ന പൂക്കളെക്കാളും മനുഷ്യൻ ഇഷ്ടപ്പെടുന്നതു്. സുരേന്ദ്രന്റെ വാദം സൗരഭ്യം തേടുന്നവനു ഈ കായ്ക്കാത്ത പൂക്കളെ തേടുകയേ നിവൃത്തിയുള്ളൂ എന്നാണോ? അതാണെങ്കിൽ സുരേന്ദ്രൻ സ്വയം ഭവിക്കുന്നപോലെ ഭാര്യമാരുടെ പടത്തലവനാണെന്നു സമ്മതിച്ചുകൊടുക്കാൻ ഞാൻ തയ്യാറില്ല. ആ പ്രശ്നംതന്നെയാണു ഞാൻ കൈകാര്യംചെയ്യാൻ ശ്രമിച്ചതു്. പുഷ്പത്തിന്റെ സൗരഭ്യവും ഫലത്തിന്റെ പ്രയോജനവും ഒരേസമയത്തു നൽകാൻ ഒരു ഭാര്യയ്ക്കു കഴിയുകയില്ലേ? കഴിയുമെന്നാണു് എന്റെ അനുഭവം. ഒരു കാമുകിക്കു ഉണ്ടാക്കാൻ

നടകഴിഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനങ്ങളിൽ തീരുമാനങ്ങളെടുപ്പിക്കണം. ഇതു വിലപ്പോകുന്ന ചരക്കല്ല സീറുകൾക്കുവേണ്ടിയുള്ള വിലപേശലാണു് ഇതിന്റെയെല്ലാം അടിയിലുള്ളതു്. ആനയെപ്പേടിക്കാം ആനപ്പിണ്ഡത്തെക്കൂടി എങ്ങനെയാണു് പേടിക്കുക എന്നൊരു ചോദ്യം പണ്ടേയുണ്ടു് പാർട്ടിക്കും പാർട്ടിയുടെ സെൻബോർഡുകൾക്കുമെല്ലാം സീറുകൾ ഒപ്പിച്ചെടുക്കാൻ ഒരു സയുക്ത പാർലമെന്ററി ബോർഡുണ്ടായതിൽ ബുദ്ധിമുട്ട വരുമെന്നു മനസ്സിലാക്കിയിട്ടാവാം അതുണ്ടാകാതിരിക്കാനുള്ള അടവുകൾ തുടങ്ങിയിരിക്കുന്നതു് പി. എസ്. പി. യെ തെറിപറയാൻ മാത്രമായി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അണികൾ യോഗങ്ങൾ നടത്തുന്നതായും റിപ്പോർട്ടുകളുണ്ടു്. ഈ രാജ്യത്തിന്റെ ഏറ്റവും വലിയ വിനാശകരം കുടുംബുദ്ധികളായ രാഷ്ട്രീയ നേതാക്കന്മാരാണു്. ഒരുപാടുവെയുള്ള രാഷ്ട്രീയ ചലനം സ്വന്തം പാർട്ടിക്കു ഏറ്റവും കൂടുതൽ പ്രയോജനകരമാക്കാൻതന്നെ കോടാലി ബുദ്ധിപൂർവ്വം കരുക്കൾ നീക്കാൻ പഠിക്കണം. പി. എസ്. പി ക്കകത്തു ഈ യോജിപ്പിൽ അമർഷമുള്ള ചില വിഭാഗങ്ങളുണ്ടു്. അവർക്കു ഈ രാജ്യത്തെ രാഷ്ട്രീയചലനങ്ങളുമായി ഒരു കാലത്തും വലിയ ബന്ധമൊന്നുമുണ്ടായിരുന്നിട്ടില്ല. പി. എസ്. പി ഈ രാജ്യത്തു എന്നെങ്കിലുമൊരു രാഷ്ട്രീയകക്ഷി ആയിത്തീർന്നതു ശ്രീ. പട്ടംതാണുപിള്ള അതിന്റെ നേതാവായിട്ടുകൊണ്ടാണു്. അദ്ദേഹത്തെക്കൂടാതെയുള്ള പി എസ്. പി. നമ്മുടെ രാഷ്ട്രീയചിത്രത്തിൽ വലിയ പ്രാധാന്യമൊന്നുമർഹിക്കാൻ പോകുന്നില്ല. പി. എസ്. പി. ക്കകത്തു ഇന്നു ഒരു വിഭാഗം ബോംബെ പി. എസ് പി. എക്സിക്യൂട്ടിവിന്റെ ചുവട്ടുകൾ പിഴുതുമാറ്റി സ്വന്തം വിശ്വസ്തരായ തിമിരം രാജ്യതാല്പര്യത്തെക്കരുതി അപകടത്തിലാക്കാതെ വെണ്ണും വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ടു്. കേന്ദ്രഎക്സിക്യൂട്ടീവിന്റെ ഒരു വിഭാഗം ശക്തിയായി പിൻതാങ്ങുന്ന ഈ നിലപാടു് ഈ വിട്ടുമാറാത്ത പാർട്ടിയുടെ നിലപാടാകാതെ സൂക്ഷിക്കുന്നതു ശ്രീ. പട്ടം താണുപിള്ളയാണു്. ശ്രീ. പട്ടം കമ്മ്യൂണിസ്റ്റ് സമ്പർക്കത്തിനു കീഴ് വഴങ്ങുന്നു എന്ന ആരോപണമാണു് പി എസ് പി. കേന്ദ്രങ്ങളിൽ പൊതുവെയുള്ളതു്. ഈ ആരോപണം ശരിയല്ലെന്നു ശ്രീ. പട്ടം നടത്തുന്ന വാദം ശരിയാക്കാനെങ്കിലും. എൻ ഗോവിന്ദൻനായരുടെ ഉറപ്പു ചോദിച്ച പ്രസ്ഥാനം ഉപേക്ഷിച്ചു. പി. എസ്. പി യുമായി സഹകരണമില്ലാതെ സ്വന്തം വിശ്വാസമനുഷ്ഠിപത്യം പ്രയോഗത്തിൽ വരുത്താനാണു് കമ്മ്യൂണിസ്റ്റുകാർ ആഗ്രഹിക്കുന്നതെങ്കിൽ അതങ്ങനെ പറയണം. നാട്ടുകാരുടെ ഉപരിൽമർപ്പടിച്ചോദിച്ച പ്രസ്ഥാനവുമായി പുറപ്പെടുകൊണ്ടു് അതു സാധിക്കാമെന്നു കരുതരുതു്. രാഷ്ട്രീയരംഗത്തുമാറോപാർട്ടിയും വാലുയർത്തുമ്പോൾ അതു എന്തിനാണെന്നു മനസ്സിലാക്കാനുള്ള കഴിവു ഈ രാജ്യത്തെ ജനങ്ങൾക്കുണ്ടു് അവരുടെപേരിൽ ചോദ്യംചോദിക്കുകയുംചെയ്യാം സ്വന്തം പേരിലങ്ങു ചോദിക്കുകയാണു നല്ലതു്. രാജ്യം ഒരടിയന്തിരാവസ്ഥ തരണംചെയ്യുകയാണെന്ന ബോധമുള്ളവരാണെങ്കിൽ പാർട്ടിതാല്പര്യങ്ങളെക്കാളും രാജ്യതാല്പര്യങ്ങൾക്കു മുൻഗണനനൽകി പ്രവർത്തിക്കാൻ രാഷ്ട്രീയനേതാക്കന്മാർ തയ്യാറായില്ലെങ്കിൽ ഈ രാജ്യത്തിന്റെ ചരിത്രം നൂതനമായ ഒരു പന്ഥാവിലേക്കു തിരിയാൻ പോകുന്നില്ല.

— കെ ബാലകൃഷ്ണൻ

വു ദൈവമാണെന്ന കരുതി ആ ളെ ഹത്തെ അന്ധമായി ആരാധിക്കുകയുമാണ് ഭാര്യയുടെ ധർമ്മമെന്നു വിശ്വസിക്കുന്ന ഭാര്യമാർക്കു ഒരു സാധനപാഠം പോലെയാണ് ഞാൻ എന്റെ കഥയിലെ ഭാര്യയെ സൃഷ്ടിച്ചിട്ടുള്ളത്. സുരേന്ദ്രന്റെ അഭിപ്രായത്തിൽ ഒരു ഭാര്യയ്ക്കു ഒരു നൂറു കിൽ ഇങ്ങനെ കഴിയാം. ഇല്ലെങ്കിൽ സെക്രട്ടറിസിന്റെ ഭാര്യയെപ്പോലാകാം. ഇതിനിടയിൽ ഒരു മദ്ധ്യമാർഗ്ഗം അന്വേഷിക്കാമെന്നില്ല. വ്യക്തിപ്രഭാവമെന്നു പറഞ്ഞാൽ കൃതിരമ്യമാണെന്നാണ് അദ്ദേഹം ധരിച്ചിട്ടുള്ളത് പണ്ഡിതനെഹ്റുവിന്റെ ഭാര്യയ്ക്കും ഫ്രൂച്ചിക്കിന്റെ ഭാര്യയ്ക്കും ഒരു വ്യക്തിപ്രഭാവമുണ്ടായിരുന്നില്ലേ? അവർ രണ്ടുപേരും ഭാര്യമാരാണല്ലോ അവസാനമായിയാരുപറഞ്ഞെഴുതിയ കുറിപ്പുകൾവിശ്വസാഹിത്യത്തിലെ ഏറ്റവും ശോകസങ്കലങ്ങളായ പ്രണയലേഖനങ്ങളല്ലേ? ഞാൻ അവ്യക്തിപ്രഭാവം എന്റെ നായികയായ ഭാര്യയിൽ പ്രതിഷ്ഠിച്ചു കാണാത്തതിൽ കുണ്ഠിതപ്പെട്ടേയ്. ഭർത്താവുപറയുന്നതെല്ലാം അനുസരിക്കാൻ മാത്രമായല്ല ഭാര്യാവിനെ പറയാൻകഴിയുന്നതെന്തുസ്വോപാധിയും കൊടുക്കാനും കൂടി അദ്ദേഹത്തെ ഏറ്റവും അടുത്തറിഞ്ഞ ഭാര്യയ്ക്കു മാത്രമേയുള്ളൂ. കുറവുകളും കുറവുകളും കണ്ടുപിടിച്ചു "മോന്തവീർപ്പിക്കാൻ" മാത്രം വ്യക്തിപ്രഭാവം കാണിക്കുന്ന ഒട്ടേറെ ഭാര്യമാർ നമ്മുടെ സമൂഹത്തിലുണ്ട്. പക്ഷേ അവരെയൊന്നും ജീവിത സഖിയായ ഭാര്യയെപ്പറ്റിയുള്ള എന്റെ ഭാവനയിൽ ഞാൻ ഉൾപ്പെടുത്തുന്നില്ല. അമ്മയിപ്പോൾ ഇതിവൃത്തമാക്കുന്ന ജീവിത നാടകങ്ങൾക്കു അവരെ കഥാപാത്രങ്ങളായെടുക്കാൻ കൊള്ളാം. ഞാൻ ജീവിക്കുകയും വളരുകയും ചെയ്ത പൂരപ്പാടിൽനിന്ന എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞ ജീവിതയാഥാർത്ഥ്യങ്ങളും കുറേയെങ്കിലും എന്റെ ഭാര്യയ്ക്കു മനസ്സിലാക്കാൻ കഴിഞ്ഞിരിക്കും. ചില കാര്യങ്ങൾ ഒരു പക്ഷേ എന്നെക്കാൾ മെച്ചിയായിത്തന്നെ മനസ്സിലാക്കിയിരിക്കും അതു അംഗീകരിച്ചുകൊടുക്കാൻ അറയ്ക്കുന്നവർ വല്ലാത്ത ഒരു ഇൻഫീരിയാരിറ്റി കോംപ്ലക്സിൽ

(ശേഷം 10-ാംപേജിൽ)

കഴിയുന്ന ഇക്കിളി ഒരു ഭാര്യയ്ക്കും ഉണ്ടാക്കാൻ കഴിയുമെന്നാണ് എന്റെ വാദം. എന്റെ ഭാവി അതിനുള്ള പരിശ്രമമാണ് നടത്തുന്നതു്. അയാൾ ഒരു വിസ്മയമായതുകൊണ്ടു അയാൾ പരിശ്രമത്തിൽ പരാജയപ്പെട്ടു പക്ഷേ പരാജയം പൂർണ്ണമാകുമ്പോഴാണ് വിജയിച്ചതായി അയാൾക്കു തോന്നലുണ്ടാകുന്നതു് അതുകൊണ്ടു ഞാൻ എല്ലാ ഭാവിക്കുന്നതുപോലെ സംസാരിക്കാൻ ശ്രമിക്കുകയായിരുന്നു. ഞാൻ ആ കഥ എഴുതിയതു തന്നെ എനിക്കു അടുത്തറിയാവുന്ന ഒരു സുഹൃത്തിനെ മനസ്സിൽ വച്ചുകൊണ്ടാണ്.

സുരേന്ദ്രന്റെ വാദം ശരിവച്ചാൽ ഒരു പ്രസവിക്കുന്നതോടെ ഒരു ഭാര്യ ഭർത്താവിനു യാതൊരു ഇക്കിളിയുംപ്രതീക്ഷിക്കാനില്ലാത്ത ഗൗരയായ ഗൃഹനായികയായിത്തീരുന്നു. പിന്നെ അവളുടെ കർത്തവ്യങ്ങളിൽ ഒരു കാമുകിക്കുള്ള യാതൊരു നും തന്നെ ചെയ്തതീർക്കേണ്ടതായി കാണുകയില്ല ഈ ചിന്താഗതി അപകടം പിടിച്ചതാണെന്നാണ് എന്റെവാദം. അതു ഒരു പ്രത്യേകരീതിയിലാണ് ഞാൻ അവതരിപ്പിച്ചിട്ടുതന്നു സമ്മതിക്കുന്നു. പക്ഷേ എന്റെ ഭാവി ഭാര്യയിൽ ഒരു കാമുകിയെ കൂടി കണ്ടെത്താനാണ് പരിശ്രമിക്കുന്നതു്. തന്റെ കാമുകിയെപ്പറ്റി സങ്കല്പിക്കുമ്പോൾ എല്ലാ മനുഷ്യരുടേയും ഭാവന ഒരു പോലായിരിക്കയില്ല. ഒരു കാമുകിയെപ്പറ്റിയുള്ള എന്റെ സങ്കല്പം തന്നെ എന്റെ ഭാവിയുടെ സങ്കല്പവുമായി സാദൃശ്യമുള്ളതായിരിക്കണമെന്നില്ല. പക്ഷേ സമീപന രീതിയിലല്ലാതെ മൗലികമായി മാനസിക നിലവാരത്തിൽ വലിയ വ്യത്യാസം വരുത്താതെ ഭാവിയെ ഒരു സമൂഹജീവിയാക്കാൻ ഞാൻ പരിശ്രമിച്ചിട്ടുണ്ട്.

സുരേന്ദ്രന്റെ വാദം തെറ്റാണെന്നു എനിക്കുതോന്നുന്നതു പുസ്തകം വായിച്ചുണ്ടായ അനുഭവങ്ങളിൽക്കൂടിയല്ല. എന്റെ മാതാമഹൻ ശ്രീ. സി. വി. കുഞ്ഞുരാമൻ ആദ്യമായി ഒരു പ്രണയഗാനമെഴുതിയതു് അറുപത്തിരണ്ടാമത്തെ വയസ്സിലാണ് അനന്തരാളത്തിന്റെ വിവിധങ്ങളായ വ്യാപാരങ്ങളെപ്പറ്റി പാടുന്ന പല കവിതകളും വായിച്ചു കവിതയിൽകണ്ട കമനിമാരിൽ ആരെങ്കിലും മധുരസ്വപ്നത്തിലെങ്കിലുംവന്ന ദർശനം തരണേയെന്ന അധികമായ ആർത്തിയോടെ ഹൃദയത്തിൽ പ്രാർത്ഥിച്ച അദ്ദേഹം സുഖമായി ഉറങ്ങുമ്പോൾ കവി സങ്കല്പങ്ങളെപ്പോലും കവിയുമാവു് മധുരമധുരമായ ഒരു ശബ്ദം കേൾക്കുകയാണ്. "ഓജ്ഞോ തങ്കം! എഴുന്നേൽക്കുന്നില്ലേ? ഞണിയാറായല്ലോ. സുഖമില്ലേ?' എന്നു അമനോഹരാംഗി ഹൃദയം കവർന്നുമാറു അദ്ദേഹത്തോടു ചോദിക്കുന്നു. അതു അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു. എല്ലാ കവികൾക്കും എല്ലാ കവിതകൾക്കും നിവൃത്തികൂടി അദ്ദേഹത്തിന്റെ ഹൃദയത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞ എല്ലാ രൂപങ്ങളേയും പിന്നിലാക്കാനുള്ള മനോഹാരിത അൻപതു കഴിഞ്ഞ ഭാര്യക്കുണ്ടെന്നെതുകൊണ്ടു്. അവിടെ നാം ഒരു പുതിയ മാനസികപാഠം പഠിക്കാനുണ്ട്. എന്താണ് മാർക്കേജവും വാത്സല്യവുമെന്നു? സൗന്ദര്യമുള്ളതെല്ലാം സുന്ദരമാകയില്ല. ആകർഷിക്കുവാൻ ശ്രമിക്കുന്നതിനെല്ലാം ആകർഷകത്വമുണ്ടാകുകയുമില്ല. സൗന്ദര്യത്തിന നയനങ്ങളുമായുള്ളബന്ധംതന്നെ അതിലേറെ ശക്തിയായ രീതിയിൽ ഹൃദയവുമായുണ്ട്. എല്ലാ സുന്ദരവസ്തുക്കളും ഹൃദയത്തിൽ ഒരേ രീതിയിൽ കൂളിരുകോരുകയില്ല. അതിമനോഹരമായ ഒരു രവിവർമ്മ ചിത്രത്തേക്കാൾ നയനാനന്ദകരമായി തോന്നും സുന്ദര്യം കുറഞ്ഞ ജീവനുള്ള ഒരു സ്ത്രീയെ എടുക്കാനാണതു്? നിങ്ങൾ ആ ചിത്രത്തെ നോക്കുന്നതിനേക്കാൾ സൗന്ദര്യാരാധന പ്രകടമാക്കി ചില പ്പോൾ ആ സ്ത്രീയെ നോക്കിയെന്നും വരാം. അതിനു കാരണമുണ്ട് നിങ്ങളുടെ സൗന്ദര്യാസ്വാദനം ചെന്നു തറയ്ക്കുന്ന സ്ഥാനത്തുനിന്നു അതു പ്രതിബിംബിച്ചു കാണാതെന്നോ പ്രതിധ്വനിച്ചു കേൾക്കാതെന്നോ ഉള്ള ഒരു പ്രതീക്ഷ ഉപബോധമനസ്സിൽ തങ്ങി നില്ക്കുന്നതാവാം ഒരു പക്ഷേ അവ്യാഖ്യാനത്തിനു കാരണം. ആകർഷിക്കപ്പെടുന്ന വസ്തു ക്ഷണികമായി മാത്രം എന്റെ ആകർഷണം വകവയ്ക്കാതെ ശാശ്വതമായി എന്റെ ആരാധനയും ആസ്വാദനവും ഇഷ്ടപ്പെട്ടുമെന്ന വിശ്വാസം എന്നെ ഒരു വസ്തുവിനേട്ടു ക്ലൂടുതൽ അടുപ്പിക്കും. നമ്മുടെ ജീവിതത്തിൽ തന്നെ നാം ഒരു വിരുപികളായി കരുതുന്ന സ്ത്രീകൾക്കു ആരാധകരും കാരുണ്യമുണ്ടാകുന്നതായിക്കാണാറുണ്ട്. പ്രേമത്തിനു കണ്ണില്ലെന്ന കവി സങ്കല്പംതന്നെ അതിൽ നിന്നുടലെടുത്തതാണല്ലോ. അവരുടെ പ്രേമത്തിനു മറ്റു കാരണങ്ങളും ഉദ്ദേശ്യങ്ങളുമാരോപിച്ചു സ്ഥാപിക്കാൻ ഏളുപ്പമായിരിക്കും പക്ഷേ അങ്ങനെ മറ്റു കാരണം കണ്ടുപിടിക്കാനില്ലാതെ വന്നാൽ തന്നെ അതിനൊരു സൗന്ദര്യകാരണമില്ലേ? ഉണ്ടെന്നാണ് എന്റെ വിശ്വാസം. ഈ കാര്യം ഞാൻ ഉന്നിപ്പറയുന്നതിനു പ്രത്യേകമായി ഒരു കാരണമുണ്ട് ഒരു ഭാര്യയ്ക്കു ഒരു ഭർത്താവിനെ ആകർഷിക്കാൻ ഒരു കാമുകിയെക്കാളും എളുപ്പമാണെന്നാണ് എന്റെ വാദം. വീട്ടിനകത്തു ഫർണിച്ചറുള്ളതുകൊണ്ടു പുഷ്പംതേടി പുറത്തുപോകുന്ന എല്ലാ ഭർത്താക്കന്മാരെയും താർക്കായ്ച്ചു കഴിഞ്ഞെന്നും ഇനി പുഴുത്തു കൊഴിയുകയേവേണ്ടു എന്നും കരുതുന്ന എല്ലാ ഭാര്യമാരെയും ഉദ്ദേശിച്ചുതന്നെയാണ് ഞാനാകഥ എഴുതിയതു്. ഒരു ഭാര്യയിൽ നിന്നു ഒരു കാമുകിക്കു ഒരു ഭർത്താവിനെ ആകർഷിച്ചെടുക്കാനുള്ള ബുദ്ധിമുട്ടു എല്ലാ കാമുകികളിൽനിന്നും ഒരു ഭാര്യയ്ക്കു ഒരു ഭർത്താവിനെ അകറ്റിനിറുത്താൻ ഉണ്ടാകയില്ലെന്നാണ് എന്റെ വാദം ഭാര്യയ്ക്കും കാമുകിക്കും രണ്ടു പാർട്ടും രണ്ടു രംഗവും നിശ്ചയിക്കുന്ന എല്ലാവരോടുമുള്ള വെല്ലുവിളികൂടിയാണ് എന്റെ കഥ. ഒരു ഭാര്യ എന്റെ ദൃഷ്ടിയിൽ എല്ലാ കാമുകികളുടെയും വ്യർത്ഥ ഒന്നിച്ചൊഴുകിച്ചേർന്ന ജീവിതസഖിയാണ്. ഇതിഹാസ പുരാണങ്ങളിൽ എഴുതിവച്ചിട്ടുള്ളപോലെ വണ്ടിക്കാളകളല്ല ഭാര്യമാർ അവരുടെ ജോലി പ്രസവിക്കുകയും കുഞ്ഞിനെ വളർത്തുകയും മാത്രമല്ല. ഭർത്താവു പറയുന്നതെല്ലാം അതേപടി അനുസരിക്കുകയും സ്വന്തമായി ഒരഭിപ്രായവുമായി ഭർത്താവിനെ ഒരിക്കലും ശല്യപ്പെടുത്താതിരിക്കുകയും ഭർത്താ

കാരാഗൃഹം

★ പൊൻകതിർ ★

നീലാപ്രൊഡക്ഷൻസു തിരുവനന്തപുരം മെരിലാൻഡ്സ് സ്റ്റുഡിയോയിൽ നിർമ്മിച്ച പൊൻകതിർ എന്ന മലയാള ചിത്രം ഈ കഴിഞ്ഞ 24-ാംതീയതി പത്രപ്രവർത്തകരുൾപ്പടെ തിരുവനന്തപുരത്തുള്ള ഏതാനും പ്രമുഖ വ്യക്തികളെ ക്ഷണിച്ചുവരുത്തി മെരിലാൻഡ് സ്റ്റുഡിയോ പ്രൊജക്ഷൻ ഹാളിൽവച്ച് പ്രദർശിപ്പിക്കയുണ്ടായി. ചിത്രം റിലീസു ചെയ്യുന്നതിനു് മൂന്നുദിവസംമുൻപു പത്രക്കാരെ ക്ഷണിച്ചുവരുത്തി അഭിപ്രായം ആരായുക മലയാള ചിത്രങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പുതുമയാണു് നീലാപ്രൊഡക്ഷൻസിന്റെ ഈ മാതൃക മറ്റു് നിർമ്മാതാക്കളും സ്വീകരിക്കുമെന്നു ഞങ്ങളാശിക്കുന്നു. സാധാരണഗതിയിലാണെങ്കിൽ ഈ ചിത്രം പുറത്തുവന്നു് ജനങ്ങളുടെ അഭിപ്രായം ശ്രവിച്ചറിഞ്ഞതിനുശേഷമേ ഞാൻ ഇതെഴുതുമായിരുന്നുള്ളു. നേരത്തെ ചിത്രം കാണിച്ചു് പത്രക്കാരുടെ അഭിപ്രായം ആരാഞ്ഞ ഉപകാരത്തിനു മാത്രം ഇങ്ങനെ എഴുതേണ്ടിവന്നുപോയതാണു്. ഈ ചിത്രത്തെപ്പറ്റി എന്തെങ്കിലും അഭിപ്രായം പറയുന്നതിനുമുൻപു് നിർമ്മാതാക്കളെത്തന്നെ പ്രസിദ്ധീകരിച്ചിട്ടുള്ള കഥാസാരം താഴെ ചേർക്കുന്നു.

ഐശ്വര്യസമൃദ്ധമായ ഒരു സാധ്യീയ കുടുംബം. വാൽസല്യത്തിന്റെ നിറകുടമായ പ്രഭ. ജീവിതസർവ്വസ്വമായ അളേഹത്തിന്റെ ഓമനമകൻ. തൃശ്ചന്ദ്രനും സ്നേഹനിർഭരവും ആയ ദാമ്പത്യജീവിതം. അച്ഛൻ മകനുവേണ്ടി. മകൻ അച്ഛനുവേണ്ടിയും.

ആ സച്ഛന്തയും, ആനന്ദവുംകണ്ടു് ചിലപിശാചുക്കൾ പല്ലിളിച്ചു. പ്രഭുവിന്റെ ഭാഗ്യോദയമായ ആനന്തിരവൻ വിക്രമൻ; കുടിലയായ അയാളുടെ രഹസ്യകാമുകി സരള; അഖിലേന്ത്യാ കൃത്രിമിയായ മ. രാ. രാ മായുപ്പിള്ള; ഒരു ചിറവ് റെഡ്യായ ഡ്രൈവർ പപ്പൻ. പ്രഭുവിന്റെ അളവറ്റ സമ്പത്തുക്കളിൽ ആ ഗൃഹസംഘത്തിന്റെ ശ്രദ്ധപതിഞ്ഞു.

രാധ പ്രഭുവിന്റെ ബാല്യകാലസുഹൃത്തായ ഒരു കൃഷിക്കാരന്റെ മകൾ. ഒരുദരിദ്രകുടുംബത്തിൽനിന്നുള്ള ആ വനകുസുമത്തെ തലോടാൻ സ്നേഹലോലനായ രവിയുടെമനസ്സു വെമ്പൽകൊണ്ടു. അവിടെയും പാഞ്ഞെത്തി വിക്രമന്റെ കണ്ണുകൾ. പക്ഷേ പരിസരം അയാളെ നിരാശനാക്കി

മധു—പ്രഭുവിന്റെ "ചന്ദ്രികാ" ഫാക്ടറിയിലെ മാനേജർ. അത്യുജ്ജ്വലമായ വിശ്വസ്തതയും ആത്മാർത്ഥമായ സേവനതല്പരതയുംമൂലം പ്രഭുവിന്റെ പ്രീതിയാർജ്ജിച്ച ഒരുയുവാവു് ആ കുടുംബത്തിലെ ഒരംഗമെന്നോണം കഴിഞ്ഞുവന്ന ഫാക്ടറിയുടെ ഭരണകാര്യങ്ങളെല്ലാം മധുവിനേയും. രവിയേയും അസ്സിസ്റ്റന്റ് മാനേജരായ വിക്രമനേയും പ്രഭു ഏൽപ്പിച്ചു

രാധയുടെ രോഗിയായിരുന്ന പിതാവു മരിച്ചു. അശരണയായ അവളെ പ്രഭു സ്വഗൃഹത്തിലേക്കാനയിച്ചു. സ്വന്തമകളെപ്പോലെ അതിരറ്റ വാൽസല്യത്തോടെ അദ്ദേഹം രാധയെ കരുതി.

മാനേജർ—പ്രഭുഭൃത്യനായ ശങ്കുവിന്റെ മാത്രം. നാടകത്തിലും സിനിമായിലും അവസരംകിട്ടിയായ ഭ്രമമാണു്. നോക്കുന്നേടത്തെല്ലാം ഒരു പെണ്ണിന്റെ കിറുക്കു് പാവം പിടിച്ചു അവളുടെ മുത്താവു് വിരുതനായി. സർവ്വവ്യാപിയായ മായുപിള്ള ശങ്കുവിനെ മുഴുഭ്രാന്തനാക്കി. ഡ്രൈവർ പപ്പൻ ആകലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കാൻ ഓടിയെത്തി. എല്ലാ ചെയ്യാം പപ്പനു ജ്ഞാനവിൽ മറക്കാനാവാത്ത ഒരു വിചാരം—ആ കലായക്കോട്ടയ്ക്കു തീപിടിച്ചു. ഫലിതസമ്മിശ്രങ്ങളായ പല സംഭവങ്ങളും അവർ സൃഷ്ടിച്ചു.

* * * *

ഒരു സായംകാലം. രവിയും രാധയും ഉദ്യാനത്തിലിരുന്നു് പരസ്പരം ഹൃദയങ്ങൾ പകരുകയാണു്. അതാ രാഹുകേതുക്കൾ അവരെ സമീപിക്കുന്നു. മായുപിള്ളയും വിക്രമനും. തറവാടിന്റെ മാനംകെട്ടുന്ന ആ പ്രേമബന്ധം അവർ പ്രഭുവിനെ അറിയിച്ചു സ്നേഹസമ്പന്നനായ പിതാവു് രവിയുടേയും രാധയുടേയും കരങ്ങൾ ഒന്നുചേർത്തു മാറോടണച്ചു

ചിരപ്രതീക്ഷിതമായ അവരുടെ ആഗ്രഹം നിറവേറി മനോജ്ഞമായ ഒരു ദാമ്പത്യജീവിതം. അതിനിടയ്ക്കേയ്ക്കു പിതാവിനെ അവർ പടിപുകഴ്ത്തി. ഇണപിരിയാത്ത ആ പൈങ്കിളികളുടെ ആനന്ദവും സംതൃപ്തിയും കണ്ടു് പിതാവു് ജന്മസാഫല്യമടഞ്ഞു.


വിക്രമന്റെ അമർഷം ഫണമുയർത്തി. ആ രഹസ്യസംഘം ശക്തമായി ചിന്തിച്ചു. പ്രശാന്തമായ ആ കുടുംബത്തിന്റെ ഐകൃം തകർത്തു, തങ്ങളുടെ കായ്യം നേടണമെന്നവർ ശപഥം ചെയ്തു.

അപ്രതീക്ഷിതമായിരുന്ന ആ സംഭവം. ശ്രുതനായ രവി ഞെട്ടിപ്പോയി. രവിക്കതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല തന്റെ കാണപ്പെട്ട ദൈവമായ പിതാവിനെ സംശയിക്കയോ? പ്രേമസഞ്ജീവനിയായ രാധയുടെ പരിശുദ്ധതയിൽ കളങ്കമാരോപിക്കയോ?

പക്ഷേ, ആ പാവം എങ്ങിനെ വിശ്വസിക്കാതിരിക്കും. ഉർബ്ബുദമായ ഒരു ഹൃദയം, പോരെങ്കിൽ രാക്ഷസന്മാരായ മായുപിള്ളയും വിക്രമനും അല്ലേ ഈ ബ്രഹ്മാസ്ത്രത്തിന്റെ പ്രയോക്താക്കൾ.

ദുശ്ശകുനത്തിന്റെ ക്രൂരതയും സത്യത്തിന്റെ കണ്ണടച്ചു കളഞ്ഞു കാണുന്നതും കേൾക്കുന്നതും എല്ലാം രവിക്കു് സംശയങ്ങളായി. വിക്രമനും മായുപിള്ളയും അതിനെ സ്വീകരിച്ചു. ഇതിനിടയിൽ സരളയുടെ വഞ്ചകിയായ മായയെ ഓർത്തു വിലപിച്ചുകൊണ്ടിരിക്കുന്ന രവിയെ സരള സാന്ത്വനപ്പെടുത്തി. രവിയുടെ വിശ്വാസം ഉച്ചകോടിയിലെത്തിയ ആ അർദ്ധരാത്രിയിലെ ആ സംഭവത്തോടെ സ്വന്തംഗൃഹത്തോടു രവി യാത്രപറഞ്ഞു. ഹൃദയം തകർന്ന രവിയെ സരള സ്വീകരിച്ചു .....അവളുടെ നൃത്തം, ഗാനം, സ്നേഹം നിറഞ്ഞ പെരുമാറ്റം, ഇതെല്ലാം രവിയെ വശീകരിച്ചു. എന്തിനു് അധികം. രവി സരളയെ സഹധർമ്മിണിയായി സ്വീകരിച്ചു

പാവം രാധ പൊട്ടിക്കരഞ്ഞുകൊണ്ടു രവിയുടെ പാദത്തിൽ വീണു് യാചിച്ചു "അവനം എന്നോടു ചെയ്തവെന്നു്" രവിക്കതിനു മറുപടിയില്ല രവി കാരണം ആ മാന്യകുടുംബത്തിൽ ഒരു കലഹ



തിക്കുറിശ്ശിയും, എസ്. പി. പിള്ളയും—പൊൻകതിരിൽ

മുണ്ടാക്കുവാൻ, അച്ഛന്റെ സദ്യയ്ക്കുള്ള കളങ്കം ചേർക്കുവാൻ ആ കൊച്ചുമകന്റെ മനസ്സനുവദിച്ചില്ല. കണ്ണീരും കൈയുമായി കഴിയുന്ന രാധയെ മധുവിന്റെ മാതാവും സഹോദരി തുളസിയും ആശ്വസിപ്പിച്ചു സരളയുടെ പ്രേരണയിൽ രവി, ഗർഭിണിയായ രാധയെ വീട്ടിൽ നിന്നും ബഹിഷ്കരിച്ചു മരണത്തെ മാത്രം ശരണമാക്കി ഒരുവഴികളിൽ അലഞ്ഞുതിരിഞ്ഞു നടന്ന അവളെ പ്രേതിരികെ വീട്ടിലെത്തിച്ചു. മംഗലത്തു തറവാടിന്റെ അനന്തരാവകാശിയായി രാധയെ പ്രഖ്യാപനം ചെയ്തു

ശുദ്ധാലോചനകളും ചിലതെല്ലാം പ്രഭവും മനസ്സിലാക്കി. വിക്രമനെ ഫാക്ടറിയിൽനിന്നും പിരിച്ചുവിട്ടു. ഇതിനു പകരം ചോദിക്കാതെ അടങ്ങുകയില്ലെന്നു ഗർജ്ജിച്ചു. രാധയുടെ തിരിച്ചുവരവു് രവിയെ ക്ഷുഭിതനാക്കി.

താൻ ഉപേക്ഷിച്ച മായയെ വീട്ടിൽ വിളിച്ചുകൊണ്ടുവന്നു് സത്യത്തുക്കളെല്ലാം എഴുതിക്കൊടുത്ത പിതാവിന്റെ ധർമ്മബോധത്തെ രവി ചോദ്യംചെയ്തു. പിതൃപുത്രബന്ധത്തേയും മറന്ന ആ സംഭാഷണം ഉഗ്രരൂപം കൈക്കൊണ്ടു. ഒടുവിൽ ക്രുദ്ധനായ പിതാവു് രവിയെ അടിച്ചു പുറത്താക്കി.

സത്യം കിട്ടുമെന്നുള്ള സരളയുടേയും ക്രൂരതയുടേയും വ്യാമോഹം അടിയോടെ തകർന്ന അശരണനായ രവിയെ സരള നിഷ്കരുണം പുറംതള്ളി.

രവി എരിതീയുടെ നടുവിൽ പതിച്ചു. വിക്രമനും മായുപിള്ളയും അന്ത്യസമരത്തിനുള്ള വട്ടംകൂട്ടും രവിയെ പ്രതികാരസന്നദ്ധനാക്കി മാറ്റി


അന്നത്തെരാത്രി. ചിന്താമഗ്നനായ പ്രഭു തോട്ടത്തിൽനിന്നു് വീട്ടിലേക്കു് തിരിക്കയാണു്. പൂർണ്ണഗർഭിണിയായ രാധ കിടക്കമുറിയിൽ കണ്ണുനീർ വാർത്തുകൊണ്ടു് കിടക്കയാണു്. അതാ, മൂർച്ചയേറിയ രണ്ടു കത്തികൾ ആകാശത്തിലേക്കു് ഉയരുന്നു. അതിന്റെ പുറകിൽ രണ്ടു ഭീകരാകാരങ്ങളും ഭംഗ്യന്തരം കാണിക്കുന്നു.

ഒരു മിന്നൽ. ഉടനെയോടെ ആ മാരകായുധങ്ങൾ താഴുന്നു. ഒന്നു് രാധയുടെ വക്ഷസ്സിലേക്കു്. മറ്റൊന്നു് പ്രേതശരീരത്തിലേക്കു് ശാന്തം പാപം ഭയനീയ രോദനങ്ങൾ—ക്രൂരാട്ടഹാസങ്ങൾ—സർവ്വത്ര ക്രൂരത്വം.

* * *

അകലെ സത്യത്തിന്റെ കാഹളം മുഴങ്ങി. സ്നേഹത്തിന്റെ കൂർക്കാറ്റു് വീശി. പാപാന്ധകാരം മൺമറഞ്ഞു. ക്രൂരതയുടെ മധ്യത്തിൽ നിന്നും മന്ദംമന്ദം ഉദിച്ചുയരുന്ന മനോജ്ഞമായ "ഒപ്പൻകതിർ"

കഥ ഒരു വാചകത്തിൽ പറഞ്ഞാൽ ഇതാണു് തന്റെ ഭാര്യയെ പിതാവു് കാമുകിയാക്കി കൊണ്ടുനടക്കുന്നു എന്ന സംശയിച്ച പുരുഷൻ ദുർമ്മാർഗ്ഗികളായ ചിലരുടെ പ്രേരണയിൽ ഒരു വേശ്യയുടെ വലയിൽ കുടുങ്ങി സ്വന്തം ഭാര്യയെത്തന്നെ കൊന്നതിനു കൊടുക്കാൻ തുനിഞ്ഞെങ്കിലും കാര്യങ്ങളും ശോകമൂർച്ചയിലെത്താതെ മംഗളമായിത്തീർന്ന മകനും പിതാവും ഒരേ സ്ത്രീയിൽ അനുരക്തരായി സംഘട്ടനങ്ങളും സൃഷ്ടിക്കുന്ന കഥകളും വിശ്വസാഹിത്യത്തിൽ ഉണ്ടു്. മാക്സിംഗോർക്കിയുടെ 'ഛായം പുരുഷനും' എന്ന കഥയെന്നല്ല ഉദാഹരണമായെടുക്കാം പക്ഷേ ഇതിലെ ഇതിവൃത്തം അതല്ല. അച്ഛൻ തന്റെ ഭാര്യയെ കാമുകിയായിക്കൊണ്ടു നടക്കുന്നെന്ന മകനു് ഒരു സംശയമുണ്ടാകുന്നതിനെ തുടർന്നാണു് സംഘട്ടനം ആരംഭിക്കുന്നതു്. ഈ സംശയം ഉണ്ടാകുന്നതു് ചില ദുർമ്മാർഗ്ഗികളുടെ സംഭാഷണം രവി ഒളിച്ചുനിന്നു് കേൾക്കുന്നതിനെ തുടർന്നാണു്. സംശയം ഉണ്ടായിക്കഴിഞ്ഞപ്പോൾ രവി ആദ്യമായിച്ചെയ്യുന്നതു് ഒരു വേശ്യാഗൃഹത്തിലേക്കു് പോവുകയാണു്. താൻ ജീവനതുല്യം സ്നേഹിക്കുന്ന പിതാവും ഒരു കാലത്തെങ്കിലും താൻ ജീവനതുല്യം സ്നേഹിച്ചിരുന്ന ഭാര്യയും സ്വന്തജീവിതത്തിൽ സൃഷ്ടിക്കുന്ന സംഘട്ടനം ഇതു നിസ്സാരമായ ഒരു പ്രതിവിധി കണ്ടുപിടിച്ചു് ഒഴിച്ചുകൂട്ടിക്കാൻ പൊരുവ്രോരെ വളർന്ന ഒരു പുരുഷനും സാധ്യമാണെന്നു തോന്നുന്നില്ല. താൻ സ്നേഹസമ്പന്നിയായിക്കണ്ട വേശ്യ തനിക്കു പണമില്ലെന്നു പറഞ്ഞപ്പോൾ തന്നെ അട്ടിപ്പുറത്താക്കിയിട്ടും അവളോടു് ഒരു പകയും തോന്നാതെ ഭാര്യയെ കണ്ടാൻ കത്തിയുമായിപോകുന്ന ആ ഏഴ്യനെ ഒരു നായകനായി സങ്കല്പിക്കുക മനുഷ്യന്റെ ചിന്താശക്തിയോടാഭാസം കണിക്കുകയായിരിക്കും. പ്രധാന പാത്രസൃഷ്ടിയിൽ കാണിച്ചിട്ടുള്ള ഈ വിസ്മിതം മറ്റു പാത്രങ്ങളുടെ സൃഷ്ടിയിലും നിഴലിച്ചുകാണുന്നു. തത്ഫലമായി വശീകരിച്ച വേശ്യയുടെ വേഷത്തിൽ പോയി അവളെ ചേച്ചിയെന്നു സംബോധനചെയ്തു സംഭാഷണംതുടങ്ങി അവസാനം സാവിത്രിയേയും ദമയന്തിയേയും ശീലാവതിയേയുംവിളിച്ചു് പാതിയുടുത്തൊരുറി ഒരു ഗിരിഭാഷണം നടത്തുന്നതു ഈ സിനിമയിലെ ഏറ്റവും നല്ല ഹാസ്യരംഗമാണു്. മനുഷ്യവികാരങ്ങളെപ്പറ്റി ഇതുമേതാ ബോധമില്ലായ്മ പ്രകടിപ്പിച്ചിട്ടുള്ള മറ്റൊരു ചിത്രം കണ്ടിട്ടുള്ളതായി എനിക്കോർമ്മയില്ല ഇതിനകത്തു് ഒട്ടേറെ കഥാപാത്രങ്ങളും തികച്ചും അധികപ്പറ്റുകളാണു്. അവിശ്വസനീയങ്ങളായ സംഭവങ്ങളിലൂടെ വിശ്വസനീയമായ ഒരു കഥയുണ്ടാക്കാൻ കഴിയുമെങ്കിൽ ഇതിനൊരു കഥ ഉണ്ടെന്നു പറയാം. ഇതു ഏഴെട്ടുപേരിൽ ഈ ലാഘവത്തോടെ ലോകത്തൊരാളും ഒരു കഥ എഴുതിക്കാണുകയില്ല പറഞ്ഞതു കൊണ്ടു് പ്രയോജനം കണ്ടിട്ടില്ലെങ്കിലും അവ അറിയിച്ചു ഞാനെന്റെ കർത്തവ്യം ഒന്നുകൂടി പറയുന്നു. ഈ ചിത്രത്തിന്റെ ഏറ്റവും വലിയ പരാജയം ഇതിലെ വിഡ്ഢിത്താൻകഥയാണു്. ശരിക്കു പറഞ്ഞാൽ ഈ ചിത്രത്തിനു് ഒരു കഥയില്ല. ഏതാനും രംഗങ്ങളിലൂടെ ഒരു കഥ രൂപംകൊള്ളുന്നുവെന്നു് കണ്ണുമടച്ചു് സങ്കല്പിക്കാമെന്നേയുള്ളു നിശ്ചിത രംഗങ്ങളെ ഈ ചിത്രത്തിന്റെ നിർമ്മാതാക്കൾ അതുകാര്യമായി കരുതാറില്ലെന്നു് എനിക്കറിയാം. നിശ്ചിതകർമ്മാരെ കൊറ്റുകൊണ്ടു പുറുമാണെന്നുമറിയാം. എങ്കിലും ഒന്നു ഞാൻ പറയട്ടെ വിവരമുള്ള നിശ്ചിതകർമ്മാരെയാരെയെങ്കിലും ഈ കഥ കാണിച്ചിരുന്നെങ്കിൽ ഇതു് ഇതു വലിയ ഒരു വിഡ്ഢിത്തമാകാതെ രക്ഷിക്കാൻ അവർ സഹായിച്ചേനെ. അനേകലക്ഷം രൂപ ചിലവാക്കിയാണു് ഒരു ചിത്രം നിർമ്മിക്കുന്നതെന്നറിയാം കാരോ ചിത്രം പരാജയപ്പെടുമ്പോഴും വ്യവസായത്തിനാണു് കൊടുവേതകർച്ചയുണ്ടാകുന്നതെന്നും അതു് ഒരു പ്രകാരത്തിൽ തൊഴിലാളികളെ ബാധിക്കുന്നതാണെന്നും എനിക്കറിയാം ഇത്തരം അത്ഥശൂന്യങ്ങളായ കഥകളെടുത്തു് വകതിരിവില്ലാതെ കൈകാര്യം ചെയ്തു് ആഭാസമായി അവതരിപ്പിക്കുന്നവരാണു് ഈ വ്യവസായത്തിന്റെ തകർച്ചയ്ക്കു് ഏറ്റവും കൂടുതൽ ഉത്തരവാദികളും. കഥകളും കഥയെഴുതാനറിയാവുന്ന ആളുകളുമില്ലാതെ ഈ നാട്ടിൽ വലിയ ക്ഷാമമില്ല. ചിത്രനിർമ്മാണം അ



ലളിത—ഒപ്പൻകതിരിൽ

റിയുന്നവർ ചെയ്യേണ്ട ജോ
ിയാണെന്നു വാദിക്കുന്നവർ കഥ
യിൽത്തു് അതറിയാവുന്നവർക്കു് വി
കൊടുക്കാൻകൂടി തയ്യാറാവണം.
ി. എൻ. പണിക്കരുടെ സംഗീത
ാടകങ്ങളിലെ സംഭാഷണരീതി
നസ്സിൽവച്ചുകൊണ്ടാണു് ഈ ചി
ത്രത്തിൽ പല ഭാഗങ്ങളിലും സം
ാഷണം എഴുതിയിട്ടുള്ളതു അ
ങ്ങനെ ഇതിനകത്തു് ചില
ാരി പ്രഭാഷണങ്ങളും കടന്നുകൂ
ിയിട്ടുണ്ടു്. സ്നേഹജനകമെന്നു്
കഥാസാരത്തിലെ സൂചനകൊണ്ടു
പുരിക്കേണ്ട പല രംഗങ്ങളിലും
സംഭവസൃഷ്ടിയിലുള്ള കഴിവില്ലാ
ുമ്മക്കു പുറമെ സംഭാഷണത്തി
ൻറെ നിർജ്ജീവതാ
കൊണ്ടും പരാജയപ്പെട്ടുകിട്ടി
നു് കഴിയുന്നതും കുറച്ചു വാക്കു
കളിൽ തിരഞ്ഞെടുക്കാൻ ചില സ
ന്ദർഭങ്ങളിൽ പരിശ്രമിച്ചു കാണു
ന്നു. കുറച്ചു വാക്കുകൾ എന്നു പറ
ഞ്ഞാൽ ഏതെങ്കിലും വാക്കുകൾ
എന്നാണു് അർത്ഥമാക്കിയിട്ടുള്ളതെ
ന്നു തോന്നുന്നു. രവിയും രാധയുമാ
യുള്ള പ്രണയരംഗങ്ങളിൽ പിതാവു്
കോപമഭിനയിച്ചു അവരെ യിളി
പ്പെടുത്തി സുഗ്രീവാജ്ഞ നൽകുന്നപോ
ലെ വിവാഹം നടത്താൻ ആജ്ഞാ
പിക്കുന്ന രംഗം ഡോക്ടർ കോട്നീ
സ് കി അമ കഹാനിയിൽ നിന്നു
പകർത്തിയതു് തരക്കേടില്ല ഇ
തെഴുതാൻ ഇരിക്കുമ്പോൾ മറ്റൊ
രംശവും എനിക്കോർമ്മവരുന്നില്ല
പ്രണയ രംഗങ്ങളും നിർജ്ജീവവും
നിർവികാരവുമായ രീതിയിലാണു്
ചെയ്തിട്ടുള്ളതു് സ്പഷ്ടമാണു്. കൃത്രിമ
രായ അഭിനയം താമസിക്കുന്ന ഒരു
വീട്ടിലാണു്. ഈ കഥ നടന്നതെ
ന്നു് വിശ്വസിക്കാൻ വളരെ സാ
ഹസപ്പെട്ടേ സാധ്യമാകൂ എല്ലാ
നാടകങ്ങളിലും എല്ലാ സിനിമക
ളിലും മുതുകുളം രാഘവൻപിള്ള അ
ഭിനയിക്കുന്ന മുതുകുളം ടൈപ്പു വി
ല്ലൻ ഇതിനകത്തുമുണ്ടു്. ആണ്ടങ്ങളും
താമസിക്കുന്ന വീടുകളിൽ ഇങ്ങനെ
ഇത്രകാലം കാലുകുത്താൻ സാ
ധ്യമാകുമില്ലെന്നുള്ളതാണു് സാമൂ
ഹ്യസത്യം ഈ കഥ ഈ രീതി
യിലാക്കുന്നതെല്ലാം സ്ക്രീനിനകത്തും സ്ക്രീനിനു വെളിയിലും
മുതുകുളം രാഘവൻ പിള്ള യാണു
ണ്ടു സ്ഥലത്തും ഇദ്ദേഹം അധികപ്പറ്റാവും അനാവശ്യവുമാണെന്നാണു്
എനിക്കു തോന്നിയതു് അമച്വർനാ
ടകവേദിയിലെ അതുല്യനേട്ടമായ
സി. ഐ. പരമേശ്വരൻപിള്ള
ഇംപ്രൊഫഷണലായി ഒരു സിനിമാചി
ത്രത്തിൽ പ്രത്യക്ഷപ്പെട്ടതു് ഇതി
നകത്തെ പിതാവായിട്ടാണു്. അ
ത്ഥശൂന്യമായ കഥാപാത്രസൃഷ്ടി അദ്ദേ
ഹത്തെ അവിശ്വസനീയമായ ഒരു
കഥാപാത്രമാക്കിയിട്ടുണ്ടു്. സി ഐ യുടെ പ്രത്യേകതയായ
അനായാസത ഈ പാത്രാവി
ഷ്കരണത്തിൽ കണ്ടില്ല മന
സ്സിന്റെ ദർപ്പണമായിമാത്രം
നാടകവേദികളിൽ കാണാൻ കഴിയുന്ന ആ മുഖം ഇതനകത്തി
ല്ല. ഏതുമായ ആ മന്ദഹാസംമാ
ത്രം ചിലപ്പോൾ നാടവേദിയിലെ
സി. ഐ യെ അനുസ്മരിപ്പിക്കുന്നുണ്ടു്. അഭ്യസമായി സിനിമാ
യിൽ പ്രത്യക്ഷപ്പെട്ടവർ
നടത്തുള്ള അഭിനയ ജിംനാ
സ്റ്റിക്സു സി ഐ കാണിക്കു
ന്നില്ല എന്നുള്ളതു് ഒരാശ്വാസമാ
ണു് അഭ്യസമായി പ്രത്യക്ഷപ്പെട്ട
പ്പോൾ കാറിനകത്തിരുന്നു് സി.
ഐ. മുഖംകൊണ്ടു നടത്തുന്ന സം
ഭാഷണം അല്പം കഴിഞ്ഞു് സംഭാ
ഷണമെഴുത്തുകാരന്റെ സന്ദർഭ
ത്തിനു യോജിക്കാത്ത വാക്കുകൾ
അതു ചുണ്ടുകളിൽ വീഴുമ്പോൾ അ
കെ മാറിമറിഞ്ഞുപോകുന്ന സി
ഐ മുഖത്തു വരുത്തുന്ന വികാരങ്ങ
ളുടെ മൂർച്ച കുറയ്ക്കാനല്ലാതെ അല്പ
മെങ്കിലും വർദ്ധിപ്പിക്കാൻ അഭിന
യത്തിനുവേണ്ടി എഴുതപ്പെട്ട സംഭാഷ
ണങ്ങളിലൊന്നുമില്ല ഒരു നല്ല ഉ
പ്പടി കണ്ടുമാനം വെട്ടിമുറിച്ചു പ
ണിത വുഞ്ചിക്കേടാക്കിയ പ്രതീതി
യാണു് സി ഐ ഉണ്ടാക്കിയതു്.
പാത്രസൃഷ്ടിയിൽ കുറ്റക്കുടിയ
വൈകല്യങ്ങളും പ്രേംനസീറിനെ
വല്ലാതെകുഴച്ചിട്ടുണ്ടു്. ആ മുഖത്തി
നു് ഒരു ഗ്ലാമർപ്പായിയുടെ ഓമന
ത്വമാകെയുണ്ടു് അതിനപ്പുറം ഏ
തെങ്കിലുംപറയാൻ ഈ ചിത്രത്തി
ൽ പ്രേംനസീറൊന്നും കിട്ടിയി
ട്ടില്ല. ചലിതയുടെ മുഖത്തിനു് ഒരു
നായികയുടെ വശ്യതയില്ല. അഭിന
യിച്ചുഫലിപ്പിക്കാൻ ഈ കഥയിൽ
വളരെയൊന്നുമില്ലാത്തതിനാൽ വേ
ശ്യ യായിത്തന്നെ അഭിനയി
ക്കുന്ന ഭാരതി ഒരു ഭാരിച്ച മാം
സപിണ്ഡത്തിന്റെ പ്രതീതി
യാണുണ്ടാക്കുന്നതു്. ശരീരത്തി
ന്റെ ഭീമാകാരമൊന്നു ചുരുക്കാ
തെ ഭാരതി ഇനിയും ചിത്രങ്ങ
ളിൽ പ്രത്യക്ഷപ്പെടുന്നതു് ബുദ്ധി
പൂർവകമായിരിക്കുമെന്നു തോന്നുന്നി
ല്ല ചന്ദ്രികയിൽകണ്ട ഭാരതിയും
പൊൻകതിരിൽ കാണുന്ന ഭാരതി
യുമായി പദാർത്ഥത്തിൽ അജഗജാ
ന്തരമുണ്ടു്. മറ്റു കഥാപാത്രങ്ങ
ളെപ്പറ്റി ഞാനൊന്നും പറയുന്നി
ല്ല. പറയാനൊന്നുമില്ലതാനും

തൊഴിലാളി മുതലാളി പ്രശ്നത്തിനു് എങ്ങനെയാണു ഒരു പരി
ഹാരം കണ്ടുപിടിക്കുക എന്നു തല
പുകഞ്ഞു ചിന്തിച്ചു വിഷമിക്കുന്ന
വർക്കു് അതിവിശിഷ്ടമായി ഒരു
നൃത്തനാടകത്തിലൂടെ ഈ ചിത്ര
ത്തിൽ പരിഹാരം നിർദ്ദേശിക്കുന്നു
ണ്ടു്. 'വാസ്തവം' കണ്ടുപിടിച്ചവനു
ള്ളതു് വെറുംവെടിഞ്ഞ ആ തൊ
ഴിലാളികൾപോകുന്ന കാട്ടുകണ്ടാൽ
ആരും കോരിത്തരിച്ചുപോകും. പണ്ടേയുള്ള പൊള്ളയല്ല ദേവ
ന്മാർ അറയ്ക്കുന്നിടത്തു്....."

ചിത്രത്തിന്റെ ഫോട്ടോഗ്രാഫി
യേയും ശബ്ദലേഖനത്തേയും മാറ്റു പ
റ്റി അഭിപ്രായം പറയാൻ പ
ത്രക്കാരനു് അവകാശമില്ലെന്നു് വിശ്വസിക്കുന്ന ക്ലുട്ടരാ
ണു് ഇതിന്റെ നിർമ്മാതാക്കൾ. ഇ
തിന്റെ ഫോട്ടോഗ്രാഫിയും ശബ്ദ
ലേഖനവും നന്നായിരിക്കുമെന്നാണു് ഏ
നിക്കു് തോന്നിയതു് എന്റെ അ
ജ്ഞതകൊണ്ടു് അങ്ങനെ തോന്നി
യതാണോ എന്നറിഞ്ഞില്ല. അല്പം
ധിക്കാരം പറയട്ടെ ഇതു വസ്തുത
കൾ ഇതിലും ഭംഗിയായി ആവിഷ്
കരിക്കാൻ എനിക്കു കഴിയും. ഇതിലേ സ്ക്രീൻപ്ലേ മുഴു
വൻ മാറ്റി എഴുതേണ്ടിവരും.
ഞാൻ പിള്ളേരു പട്ടം പറത്തുന്ന
പോലെ തുലുവെട്ടിക്കയാണെന്നു്
ധരിക്കരുതു്. ഒരു സ്റ്റുഡിയോ
കയ്യിലില്ലെങ്കിലും സ്റ്റുഡിയോ
യേയും ചിത്രനിർമ്മാണത്തേയും കു
റിച്ചുള്ള ലോകപ്രശസ്തരായ അഞ്ചാറു ഗ്രന്ഥങ്ങൾ
എഴുതിയിട്ടുള്ള ഒരു നാല്പത്തിമൂന്നു
പുസ്തകങ്ങൾ കയ്യിലിരുന്നാൽ സൗ
ജന്യമായിട്ടുള്ളതു് ഞാൻ വായിച്ചി

R. S. P. TIMBER DEPOT,

EAST TAMPANOOR

TRIVANDRUM 1

തേക്കു്, ഇറുട്ടി, വേങ്ങ, തേന്മാവു്, മരുതു് ആഞ്ഞിലി, മുതലായ എല്ലാത്തരം: ഉരുപ്പടികളും
ആധുനിക ഡൈസ് ഉരുപ്പടികളും മിതമായ വിലയ്ക്കു് ഇവിടെ കിട്ടുന്നതാണു്.

N. B. ഓർഡർപ്രകാരം ഏതിനം ഡൈസ് ഉരുപ്പടികളും കൃത്യസമയത്തു് അയച്ചുകൊടുക്കുന്നതാണു്,

Phone 2743. Prop: ശങ്കർ, R. ശ്രീധരപ്പണിക്കർ

പത്രാധിപരോട്

സംസാരിക്കുക

[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപക്കു എഴുതുക. കവറിനു മുകളിൽ "ചോദ്യം" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യങ്ങിനു അഞ്ചു രൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

എൻ. എസ്. പരമേശ്വരൻനായർ, പൂജപ്പുര.

കയമുടിയിലും താരാപഥത്തിലും ചിലപ്പോഴൊക്കെ ചേരുകാണാറുള്ള വേണുക്കുട്ടൻനായർ ആരാണു്?

സുപ്രസിദ്ധ നടനായ ശ്രീ. പി കെ വിക്രമൻനായരുടെ സഹോദരനായ ഒരു എഞ്ചിനീയറിംഗ് കാളേജു വിദ്യാർത്ഥിയാണു്. കണക്കുശാസ്ത്രവുമായി വലിയ ബന്ധമൊന്നുമില്ലാത്ത സുന്ദരകലകളെപ്പറ്റി വേണുവിനു സാധാരണയിൽ കവിഞ്ഞ വിജ്ഞാനമുണ്ടു്. ചിത്രങ്ങളും നാടകങ്ങളും നിരൂപണം ചെയ്യുമ്പോൾ വേണുവിന്റെ അഭിപ്രായങ്ങളും ഞാൻ വളരെ വിലമതിക്കാറുണ്ടു്.

എൻ. പരമേശ്വരൻ, തിരുവനന്തപുരം.

മീനച്ചൽ പാർലമെൻറ് ഉപതിരഞ്ഞെടുപ്പുഫലത്തെപ്പറ്റി പനമ്പിള്ളി പുറപ്പെടുവിച്ച പ്രസ്താവന

ട്ടുണ്ടു്. ഈ ചിത്രത്തിന്റെ ഏറ്റവും വലിയ പോരായ്മ ഒരു രംഗവും മറ്റൊരു രംഗവും ഘടിപ്പിക്കുമ്പോൾ ഒരു വികാരത്തിൽനിന്നു് മറ്റൊരു വികാരത്തിലേക്കു് രംഗങ്ങളോടൊത്തു് പ്രേക്ഷകരെ കൊണ്ടുപോകാൻ കഴിയുന്നില്ല എന്നുള്ളതാണു്. സമയത്തെപ്പറ്റി വലിയ ബോധമൊന്നുമാണു് സംവിധായകനു എഴുതിയുണ്ടാക്കിയിട്ടുള്ളതു്. രാത്രി പകലാകുന്നതും പകൽ രാത്രിയാകുന്നതും ഒരേ ദിവസത്തെന്ന ധാരണയിൽകൂടിയാണു് പലപ്പോഴും നടക്കുന്നതു്. രസവിച്ഛിത്തി ഉണ്ടാകാതെ ശ്രദ്ധിക്കാൻ അവശ്യം വേണ്ട ഏകാഗ്രത പാത്രസൃഷ്ടിയിലോ കഥാഘടനയിലോ പ്രകടമാക്കിയിട്ടില്ല എന്നിങ്ങനെയാണു് ഈ കഥയെപ്പറ്റി ഒരു സങ്കല്പം ഇതു നിർമ്മിച്ചവർക്കു തോന്നിയതു്. ചിത്രം പൂർണ്ണമാകുന്നതുവരെ ഉണ്ടായിരുന്നിരിക്കാൻ ഇടയില്ലെന്നാണു്. കഥയുടെ കെട്ടുറപ്പില്ലായ്മകൊണ്ടു് നീലാ പ്രൊഡക്ഷൻസ് രണ്ടാമത്തെ തവണയാണു് ഇപ്പോൾ പരാജയപ്പെടുന്നതു്. അഭ്യുദയചിത്രമായ ആത്മസഖിയേക്കാൾ മോശമാണു് പൊൻകതിരിന്റെ കഥ. ഈ ചിത്രത്തിനു് മാറ്റങ്ങൾ പലതും വരുത്തിയാലും പൊൻകതിർ പോലെയോ ജീവകമായിരുന്നു. അടുത്ത ചിത്രത്തിന്റെ ലക്ഷ്യം ഒരു കഥ. ഉണ്ടായിരിക്കാൻ ശ്രദ്ധിക്കുമെങ്കിൽ ഒന്നിൽ പിഴച്ചതു് മൂന്നിൽ വിജയിക്കും എന്നാശ്വസിക്കാം. ഈ ചിത്രം ഒരു വിജയമാണെന്നു തെറ്റിദ്ധരിപ്പിക്കുന്നവരെ ഇതിന്റെ നിർമ്മാതാക്കളും ശത്രുക്കളാക്കുന്നുമെങ്കിൽ അവർക്കു രക്ഷപ്പെടാൻ സംവിധാനംചെയ്ത കുപ്പായത്തിൽനിന്നു് ഒരു പൊൻകതിരും ഞാൻ പ്രതീക്ഷിച്ചിരുന്നില്ല എനിക്കു നിരാശയുമില്ല.

.. ...

യുടെ പത്രാധിപർ എന്തുമറുപടിയാണു നൽകുന്നതു്

ഞാൻ പറയാനാഗ്രഹിച്ചിരുന്ന മറുപടി കമ്മ്യൂണിസ്റ്റുപാർട്ടി സ്റ്റേറ്റുകമ്മിറ്റി ഞാൻ വിചാരിച്ചതിലേറെ ശംഗിയായി പറഞ്ഞിട്ടുണ്ടു്. എന്തായാലും ഈ ഉപതിരഞ്ഞെടുപ്പു തിരഞ്ഞെടുപ്പിനുമുൻപു വച്ചതു ഈ കണക്കുപറയാനുള്ള അവസരമുണ്ടാക്കാനായിമാത്രമായിരുന്നെന്നു വ്യക്തമായല്ലോ.

എം. ഏ. മനാസ്, പാങ്ങോടു്

ഒരു കാരണവരായിരുന്ന പരമുപിള്ള തന്റെ എല്ലാം നശിച്ചപ്പോൾ പറഞ്ഞു "നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി" എന്നു്. "നിങ്ങളെന്നെ ആർ. എസ്. പി. യാക്കി" എന്നു പറയണമെങ്കിൽ എനിക്കെന്തു നഷ്ടപ്പെടണം?

കൈവിലങ്ങും കാൽച്ചങ്ങലയും ഒരിക്കലും നഷ്ടപ്പെടാത്തതാണെന്ന വിചാരം നഷ്ടപ്പെടണം.

എൻ. വി. നാരായണൻനായർ, ശാസ്ത്രമംഗലം.

സ്പീക്കറുടെ നിയോജകമണ്ഡലത്തിൽ നിന്നു് അദ്ദേഹത്തെ എതിരില്ലാതെ തിരഞ്ഞെടുത്തയച്ച ഒരു നല്ല കീഴ്വഴക്കം സൃഷ്ടിക്കുന്നതിനെപ്പറ്റി പത്രാധിപരുടെ അഭിപ്രായമെന്താണു?

സ്പീക്കർ നിന്നു മത്സരിച്ചു വിജയിച്ച നിയോജകമണ്ഡലമാണു് സ്പീക്കറുടെ നിയോജകമണ്ഡലം. അവിടെ അദ്ദേഹം സ്ഥാനത്തിരിയായി നിൽക്കുകയാണെങ്കിൽ ആ നിയോജകമണ്ഡലത്തിൽ നിന്നു അദ്ദേഹത്തെ എതിരില്ലാതെ തിരഞ്ഞെടുത്തയക്കുന്ന കാര്യം എല്ലാകക്ഷികളും കാര്യമായി ആലോചിക്കേണ്ടതാണെന്നു തോന്നുന്നു.

പി. സുകുമാരൻനായർ, കോട്ടയം

അടുത്ത പൊതുതിരഞ്ഞെടുപ്പിൽ കാൺഗ്രസു പരാജയപ്പെട്ടുമെന്നും ഇടതുപക്ഷങ്ങൾ വിജയിക്കുമെന്നും പത്രാധിപർ ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടോ?

ഉണ്ടു്. കാൺഗ്രസുകാർ വിജയിക്കുമെന്നു പറയുന്നവരോടു ഓരോ ഡിസ്ട്രിക്ടിലും അവർക്കു എത്രസീറ്റുവീതം കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതെന്നു രഹസ്യമായി ചോദിക്കുക. അവർക്കു തന്നെ ബോധ്യമാകും അവർ ഒരു മിഥ്യാബോധത്തിലാണെന്നു്.

പി. കെ. ശിവദാസൻ, ആലപ്പുഴ.

പി. കേശവദേവിനെ പൊക്കിയെടുത്തുകൊണ്ടു നടന്ന ആർ. എസ്. പി ക്കാർ ഇപ്പോൾ എന്തു പറയുന്നു?

പി. കേശവദേവു് ഒരു മികച്ച സാഹിത്യകാരനാണെന്നു ഇപ്പോഴും പറയുന്നു. രാഷ്ട്രീയം മാറിമാറിച്ചൊല്ലാൻ പുതിയ പാഠം പഠിച്ചിട്ടില്ലാത്തതുകൊണ്ടു്. കേശവദേവു് ഒരു മാനസികരോഗത്തിലാണെന്നു തോന്നുന്നു. "കമ്മ്യൂണിസ്റ്റവിരോധം" എന്ന കഠിനമായ രോഗമാണു അദ്ദേഹത്തെ ബാധിച്ചിരിക്കുന്നതു്.

അതിൽനിന്നു രക്ഷപ്പെട്ടുകൂടെന്നില്ല. പക്ഷേ ചികിൽസിക്കാൻ കഴിയുന്ന മിഷ്ഗാചരന്മാരോ എന്ന കാര്യത്തിലാണു സംശയമുള്ളതു്

എൻ. തങ്കപ്പൻ, സിലോൺ

തങ്കം ഇതുവരെയുള്ള കൗമുദിയിൽക്കൂടി രണ്ടായിരത്തിൽപ്പരം ചോദ്യങ്ങൾക്കു മറുപടി പറഞ്ഞിട്ടുണ്ടു്. ഇതേ ചോദ്യങ്ങൾ ഒരാവർത്തിക്കൂടി തങ്കളോടു ചോദിക്കുകയാണെങ്കിൽ ഇതേ ഉത്തരംതന്നെ നൽകുമോ? അതോ കാലത്തിനൊത്തവണ്ണം ഉത്തരവും മാറുമോ?

അതേ ഉത്തരങ്ങൾതന്നെ വീണ്ടും ഞാൻ നൽകുമെന്നു എനിക്കു തോന്നുന്നില്ല. കാലത്തിനൊത്തവണ്ണം ചിന്തകൾക്കു രൂപംനൽകാൻ കഴിയാത്തവൻ നേരത്തെ പാസ്പോർട്ടുവാങ്ങി ലോകത്തുനിന്നു സ്ഥലമൊഴിഞ്ഞുകൊടുക്കുകയാണുത്തമം.

ഡി. കമലാസ്സൻ, പുതുശ്ശേരി.

രസികനിലെ ചോദ്യോത്തരപംക്തിയിൽ തങ്കളെ വിമർശിച്ചിരിക്കുന്നതിനെപ്പറ്റി എന്താണഭിപ്രായം?

ഈ അടുത്തകാലത്തു രസികനിൽവന്ന ഒരു നല്ലഫലിതമായിരുന്നു ആ ചോദ്യോത്തരങ്ങൾ. എനിക്കു തെല്ലൊരസൂയതന്നെ തോന്നി. രസികനിൽവരുന്ന ഫല്യാറിനെയുംപറ്റി എനിക്കു ഇതഭിപ്രായമില്ല.

ജി. വാസുദേവൻ നായർ, മരിപ്പുറം.

കെ. ബാലകൃഷ്ണൻ എന്ന ഉത്തരം കിട്ടുണമെങ്കിൽ അതിനു അനന്യസാധാരണമായ ചോദ്യം എന്തായിരിക്കും?

തിരുവനന്തപുരത്തെ ഏറ്റവും പ്രചാരമുള്ള വാരികയുടെ പത്രാധിപർ ആരാണു്?

എൻ. രാമകൃഷ്ണൻ, പെരിനാട്.

സമ്മാനാർഹനായ ഒരാൾക്കു സമ്മാനം കിട്ടിയില്ലെങ്കിൽ എത്ര മേൽവിലാസത്തിലാണു് വിവരം അറിയിക്കേണ്ടതു്?

നിങ്ങളും ചോദിച്ചതു നന്നായി. ഞാൻ ഇതൊരു പരസ്യമായി ഇടണമെന്നു കരുതിയിരുന്നതാണു്. ചിലർ മേൽവിലാസം ശരിയെഴുതാതെകൊണ്ടു് ഇവിടെ മണിയോർഡറുകൾ മടങ്ങിവരുന്നുണ്ടു്. സമ്മാനാർഹരായി പേരു പ്രസിദ്ധീകരിച്ചശേഷം നാലുദിവസത്തിനകം സമ്മാനത്തുക കിട്ടാത്തവർ മാനേജർ, കൗമുദി അച്ചടിപ്പു്, തിരുവനന്തപുരം എന്ന മേൽവിലാസത്തിലെഴുതണം. സമ്മാനം അയക്കുന്നതു് ആഫീസിന്റെ ജോലിയാണു്.

എൻ. പി. ജോസഫ്, മുണ്ടക്കയം

സി. എൻ. ശ്രീകണ്ഠൻനായരുടെ ഏതെങ്കിലും പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ടോ? അവ എവിടെ കിട്ടും?

"രണ്ടിലയും ഒരു തിരിയും" എന്ന ഒരു പുസ്തകം പ്രസിദ്ധീ

(5-ാംപേജിൽനിന്നും തുടർച്ച)

ചെയ്ത ഉഴപ്പുന്നവനായിരിക്കും. എന്റെ നായികയായ ഭാര്യ വികൃതിത്വമുള്ളവളായിരുന്നെങ്കിൽ ആ കഥതന്നെ നടക്കുമായിരുന്നില്ല. ഒരു ഭർത്താവു് അനുസരണമാത്രമാണു പ്രതീക്ഷിക്കുന്നതെന്നും താൻ സൗന്ദര്യമുള്ള പുഷ്പമല്ല വെറും ഒരു ഫലമാണെന്നും എന്റെ ഭാര്യ തെറ്റിദ്ധരിച്ചു. അങ്ങനെ തെറ്റിദ്ധരിക്കുന്ന ഭാര്യമാരെയും തെറ്റിദ്ധരിപ്പിക്കുന്ന ഭർത്താക്കന്മാരേയും ഉദ്ദേശിച്ചാണു് ഞാൻ കഥ എഴുതിയതു്. രണ്ടു പ്രസവിച്ചു കഴിഞ്ഞാൽ ഭാര്യ ഫലമായിത്തീരുമെങ്കിൽ രണ്ടു പ്രസവിപ്പിച്ച ഭർത്താവു് എന്തായിത്തീരും? അവിടെയാണു് സുരേന്ദ്രൻ നിശ്ശുനാകുന്നതും ഞാൻ നിശ്ശുനാകാത്തതും. അടുക്കളയിലെ പുകയും, കുട്ടികളും തയ്യൽസൂചിയുമായിക്കഴിഞ്ഞാൽ ഭർത്താവിന്റെ മനസ്സു എങ്ങോട്ടുപോകുമെന്നു ഭാര്യമാരോടു പറയാനാണു് ഞാൻ ശ്രമിച്ചതു്. ഭാര്യമാരുടെ പടത്തലവനായി ഭാവിച്ചു സുരേന്ദ്രൻ പായുന്നതെന്താണു്? അങ്ങനെ പോകാതെതന്നെ മതിയെന്നു് അങ്ങനെ പോകേണ്ട ആവശ്യമില്ലെന്നാണു് ഞാൻ വാദിക്കുന്നതു്. അങ്ങനെ പോകുകയില്ല എന്നെനിക്കു വാദമില്ല. ആവേശപൂർവ്വം വീട്ടിനോടു കൂട്ടിച്ചേരാൻ ബുദ്ധിശൂന്യനായ ഒരു ഭർത്താവു നടത്തുന്ന സാഹസങ്ങളാണു് എന്റെ കഥയുടെ ഇതിവൃത്തം. അതു മാദകമായി ചിരിപ്പിക്കാനും കണ്ണുകൊണ്ടു കുട്ടികുഴപ്പിക്കാനും ഭാര്യയെ ഉപകരണമാക്കാൻ നടത്തുന്ന പരിശ്രമം മാത്രമായി വ്യാഖ്യാനിച്ചതു് സുരേന്ദ്രൻ എഴുതിയതെല്ലാതെ എഴുതാതെ തരമില്ല. ഒരു ഭർത്താവിനുള്ളതും ഉണ്ടാകാവുന്നതുമായ വികാരങ്ങളെല്ലാം ഒരു ഭാര്യയ്ക്കുമുണ്ടാകാമെന്നു സുരേന്ദ്രൻ സമ്മതിക്കുകയില്ലായിരിക്കാം. പരസ്പരം അറിയുകയും സ്നേഹിക്കുകയും ചെയ്യുവാൻ വികാരങ്ങളുടെ വഴിത്തിരിവു കൂടിക്കുന്ന മെക്കാനികളല്ല കുഞ്ഞുങ്ങൾ. വികാരവായ്പോടെ കാമുകിയെ നോക്കാൻ കഴിയുന്നവനു അതിലേറെ വികാരവായ്പോടെ തന്റെ കുഞ്ഞിന്റെ മാതാവിനെ നോക്കാനും കഴിയണം. മാതാവായിപ്പോയാൽ പിന്നൊരിക്കലും പുഷ്പത്തിന്റെ സൗരഭ്യമുണ്ടാകാത്തവളാണു സ്ത്രീയെങ്കിൽ ലോകത്തു പരസ്പരാനുരാഗമുള്ള ഒരു പുനർവിവാഹം സാധ്യമല്ലാതെവരും. ചെറുപ്പത്തിലേ ഭർത്താവുമരിച്ചുപോയി ഒരു കുട്ടിയുമായി ജീവിച്ചിരിക്കുന്ന വിധവകളെല്ലാം ഇങ്ങിനി വരാഞ്ഞവണ്ണം വികാര സാമ്രാജ്യത്തെപ്പറ്റിയുള്ള ഗ്രന്ഥങ്ങൾ ലോകത്തു മറിച്ചുള്ള അനുഭവങ്ങൾവേണ്ടിടത്തോളമുണ്ടു്. അച്ഛനമ്മമാർ നടത്തിയ രണ്ടാം വിവാഹത്തിന്റെ സന്താനവുമായി കണ്ണിനിണങ്ങിയ രണ്ടാം വിവാഹത്തിലെ കാമുകനെ വരണമാല്യമിടുന്നവരില്ല. നമ്മുടെ രജതത്തിൽ ഇതൊക്കെയവരും ഒറ്റതിരിഞ്ഞ സംഭവങ്ങൾ മാത്രമാണോ?

വിവാഹം പ്രണയത്തിന്റെ വേശത കുറയ്ക്കുമെന്നും സന്താനോല്പത്തി വിരാമം കുറിക്കുമെന്നും പിന്നെ കാര്യമാത്രപ്രസക്തരായ ജീവിതംമാത്രമാണുള്ളതെന്നും സുരേന്ദ്രൻ വാദിക്കുന്നു. മറിച്ചു് വിവാഹം പ്രണയത്തിന്റെ അന്ത്യമാണെന്നും സന്താനങ്ങൾ അതു ശുദ്ധമൂലമാക്കുന്ന ഉപകരണങ്ങളാണെന്നും ഞാൻ വാദിക്കുന്നു. വിവാഹത്തിനുമുൻപുള്ള പ്രണയം വിവാഹം കഴിഞ്ഞുള്ള പ്രണയത്തിന്റെ തീക്ഷ്ണത കുറയ്ക്കുകയേക്കാം കൂടുകയേയുള്ളൂ എന്ന അനുഭവപാഠം എനിക്കുണ്ടു്. ഭാര്യയെ കൈവിട്ടുപോയ പുഷ്പമായി പുനർജന്മത്തെ ഇനിയും മണം ഉഴാൻ കഴിയുന്ന പനിനീർപൂവായി കരുതണമെന്നേ സുരേന്ദ്രനോടു എനിക്കഭ്യർത്ഥനയുള്ളൂ. കാമുകി പുഷ്പവും ഭാര്യ ഫലവുമല്ല പുഷ്പത്തിന്റെ സൗരഭ്യവും ഫലത്തിന്റെ ആസ്വാദ്യതയും നിറഞ്ഞ ഒരു സങ്കരസൃഷ്ടിയാണു് സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്ന ഭാര്യ.

കുരിച്ചിട്ടുണ്ടു്. അതു കൊല്ലത്തു് ആർ. എസ്. പി. ആഫീസിൽ കിട്ടും. രണ്ടാമത്തെ പുസ്തകമായ "തിളക്കുന്ന മണ്ണു്" കൗമുദി പബ്ലിക്കേഷൻസ്, പ്രസിദ്ധീകരിക്കുന്നുണ്ടു്. ഒരു മാസം കഴിഞ്ഞു കോട്ടയം നാഷണൽ ബുക്സ്റ്റാളിൽ അന്വേഷിപ്പെട്ടാൽ കിട്ടും.

സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം സിലോൺ എൻ. തങ്കപ്പനു നൽകുന്നു.

★ പുഷ്കിന്റെ കൃതികൾ ★

പോട്ടയിൽ എൻ. ജി. നായർ

★

റഷ്യൻ ദേശീയസാഹിത്യത്തിന്റെ സ്രഷ്ടാവ് എന്ന നിലയിൽ, പുഷ്കിൻ ലോകസാഹിത്യത്തിന് നൽകിയിട്ടുള്ള സംഭാവനകൾ നിരവധിയാണ്. ഒട്ടധികം ഭാവഗീതങ്ങളുടെ കർത്താവായ കവി എന്ന നിലയിൽ മാത്രമല്ല ഉത്കൃഷ്ടനായ മഹാകാവ്യശില്പി എന്ന നിലയിലും, മികച്ച കാഥികനെന്ന നിലയിലും സമർത്ഥനായ നാടകകൃത്തെന്ന നിലയിലും അദ്ദേഹം പ്രതിഭാസമ്പന്നതയുടെ മുൻപന്തിയിൽ തന്നെ നിലകൊള്ളുന്നു.

തുന്നിക്കെട്ടിയ നാടകം

ബോറിസ് ഗോദുനോവ് (Boris Godunov) എന്നകൃതി കരംസിന്റെ ചരിത്രത്തെ ആധാരമാക്കി രചിച്ചിട്ടുള്ള ഒരു നാടകമാണ്. ഷേക്സ്പീരിയൻ ചരിത്രനാടകങ്ങളുടെ മാതൃകയിലാണ് ഇതിവൃത്തം ഘടിപ്പിച്ചിരിക്കുന്നതും. പക്ഷെ സുനിശ്ചിതമായ ഒരുദ്ദേശമോ അവസാനമോ ക്രമീകൃതമായ വിഭാവനമോ ഇതിനുള്ളതായി കാണുന്നില്ല. രംഗങ്ങളുടെ ഒരു പരമ്പരയാണ് മുസ്സോർഗ്സ്കി (Mussorgsky) തന്റെ പ്രസിദ്ധമായ ഒരു സംഗീത നാടകം (Opera) രചിക്കുന്നതിനുവേണ്ടി പൂർണ്ണമായ രംഗങ്ങളാക്കി കേർത്തുകെട്ടുകയുണ്ടായി. ഒരു കേന്ദ്രബിന്ദുവിന്മേൽ ചുറ്റിക്കൊണ്ട് അനിവാര്യമായ പരിസമാപ്തിക്കുവേണ്ടി നാടകരചന സാധിക്കുവാൻ പുഷ്കിന് കഴിയുമായിരുന്നില്ല. ഒരു നാടകശില്പിയുടെ ഭാവനയും രംഗവിചിന്തനചാതുര്യവും അദ്ദേഹത്തിനു വശമുണ്ടായിരുന്നില്ല. രംഗങ്ങൾ, അവ വിഷാദാത്മകമോ പ്രസാദോത്മകമോ, കാവ്യാത്മകമോ, സാമാന്യ ജീവിതസംഭവ പ്രധാനമോ എന്തായാലും ശരി, ഷേക്സ്പീയരുടേതു പോലെ തികച്ചും ചൈതന്യവത്തായിരിക്കും കഥാപാത്രങ്ങളെല്ലാം ജീവിക്കുന്നവർ തന്നെ അവർ കൈകാര്യം ചെയ്യുന്ന ഭാഷയാകട്ടെ, കഥാനവും ജീവനുള്ളതും തറച്ചുനിൽക്കുന്നതുമാണ്. രംഗലക്ഷണങ്ങൾക്കനുരൂപമായി അങ്കങ്ങളെ ചിട്ടപ്പെടുത്തി രംഗക്കൊഴുപ്പു സൃഷ്ടിക്കുന്നതിന് പുഷ്കിനു കഴിവുണ്ടെന്നതിൽ വിപ്രതിപത്തിയില്ല എന്നാൽ അദ്ദേഹത്തിന്റെ കഥയുടെയും അതേപടി നാടകത്തിനു വേണ്ടി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതല്ലെന്നു മാത്രം നാടക രചനക്കുവേണ്ട വസ്തു സചീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ, "നാടകം" എഴുതപ്പെടാതെ അവശേഷിക്കുന്നു.

അന്യായമായി അപഹരിക്കപ്പെട്ട സിംഹാസനത്തിൽ ബോറിസ് ഗൊദുനോവ് ഉപവിഷ്ടനായിരിക്കുകയാണ്. മനസ്സാക്ഷി അദ്ദേഹത്തെ കുത്തുന്നതു നാം കാണുന്നുണ്ട്. സ്വാഭാവികമായ ഭാഷണങ്ങളിലൂടെ നമുക്കതിയായ ഒരാഗ്രഹയ ചക്രത്തിന്മേൽ വരിഞ്ഞു കെട്ടപ്പെട്ട അയാളുടെ ഹൃദയം നമ്മുടെ മുമ്പിൽ ഉരിഞ്ഞിട്ടിരിക്കുകയാണ്. ആ തീ ചക്രം അങ്ങിനെ ഉരുളുന്നു അത്രമാത്രം അയാം നിശ്ചലനാണ് മനസ്സുകൊണ്ട് നിശ്ചയിച്ചുറപ്പിക്കേണ്ടതായി അയാൾക്കയാതൊന്നുമില്ല. ഈ നാടകത്തിൽ അദൃശ്യനായ ഒരിടത്തും അയാളുടെ തീർപ്പിന് എതിരു നിൽക്കുന്ന വേറൊരു ശക്തിയുമായി അയാൾക്കു പോരാടിക്കേണ്ടി വരുന്നില്ല. ഏതാണ്ട് ഇതുതന്നെയാണ് കഥനായികയുടെയും മറ്റു പാത്രങ്ങളുടേയും അവസ്ഥ.

വഞ്ചിക്കുന്നതിനു വേണ്ടി പ്രേമിക്കപ്പെട്ടതാണെന്ന യാഥാർത്ഥ്യം ഒരു ഞെട്ടിപ്പെടുത്തുന്ന വെറും ഒരു നാടകീയ രംഗമുണ്ടാക്കിൽ രണ്ടു അഭിലാഷങ്ങളും രണ്ടു ആത്മാക്കളും തമ്മിലുള്ള സംഘർഷണമാണുള്ളത്. പക്ഷെ സംഗതി അവിടം കൊണ്ടവസാനിച്ചുപോയി. ബൃഹവസ്തുക്കളിലേക്കു കൂടുകൂട്ടം തട്ടി. അതിൽ വിവിധരീതിയിലുള്ള രംഗങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നു നായികയും അവിടെ ഒന്നും ചെയ്യാനില്ല നായകൻ ഇടയ്ക്കുണ്ടു ഒളിഞ്ഞു നോക്കും. ഈ നാടകത്തിൽ നായികനായകന്മാർ ഇല്ലെന്നതാണ്. ഏറ്റവും ശരി ഇതു ഒരു നാടകമല്ല ഒരു സംഭവചിത്രീകരണമാണ്. പുഷ്കിൻ ഉദ്ദേശിച്ചിരിക്കാത്ത ലക്ഷ്യം ഇതിൽ സാധിച്ചിട്ടില്ലാത്തതിന് അദ്ദേഹത്തെ ആക്ഷേപിക്കപ്പെടേണ്ടതില്ല കുഞ്ഞിഞ്ഞ രംഗങ്ങളടങ്ങിയ ഒരു സംഭവ ചിത്രീകരണമെന്ന നിലയ്ക്കു ഈ കൃതി തികച്ചും വിജയിച്ചിട്ടുണ്ട് ഇതിലെ ചില രംഗങ്ങൾ വളരെ ഉദാത്തമായി തന്നെ നിലകൊള്ളുന്നു അതിനുപുറമേ ഷേക്സ്പീരിയൻ ആത്മനൈരന്തര്യം പറയാം ഷേക്സ്പീരിയൻ ഏതു പാത്രസൃഷ്ടിയും പുഷ്കിൻ ഷേക്സ്പീയരെ അനുകരിക്കുകയായിരുന്നു എന്നല്ലാ ഇവിടെ വിവക്ഷ ഒരു കവിയുടെ നിലയിൽ ഷേക്സ്പീയർ തന്റെ മനോമുകുരത്തിൽ മുഴുത്തു കെട്ടിയ ഭാവനാസത്യങ്ങൾക്കു തുല്യം പുഷ്കിന്റെ കാവ്യപ്രപഞ്ചവും മുഴുത്തിരുന്നു എന്നാണർത്ഥമാക്കേണ്ടതു്. ഹോമർ, സോഫോക്ലിസ്, യൂറിപിഡസ്, ഇബ്സൻ, ഷേക്സ്പീയർ, ഡാന്റേ എന്നീ ലോകോത്തര കലാകാരന്മാരിൽ മാത്രം ദൃശ്യമായിരുന്ന നിരവയവത്വവും സാരള്യത്വവും വ്യക്തിത്വവും അപ്രതിഹതമായ പ്രതിഭാവിലാസവും ശില്പചാതുര്യവും ഒരു നിരൂപകനും ഈ രംഗങ്ങളിൽ കണ്ടെത്താൻ കഴിയും.

ബോറിസ് ഗൊദുനോവ് മാറ്റു പല നല്ല കൃതികളേയും പോലെ അതിന്റെ കാലത്തിനു മുമ്പു തന്നെ ജനിച്ചുപോയി നിരൂപകന്മാരുടെ ശ്രദ്ധയെ അതു പിടിച്ചെടുത്തില്ല

കോക്കസസ് കാവ്യതില്പി

1826-ലാണ് നാടുകടത്തൽ ജീവിതത്തിൽ നിന്നും പുഷ്കിനു മോചനം ലഭിച്ചതു്. മോസ്ക്കോ, സെൻറ് പീറ്റേഴ്സ് ബർഗ് എന്നിവിടങ്ങളിലേയ്ക്കു തിരിയെ ചെല്ലുവാൻ അദ്ദേഹത്തിനു് അനുമതി കിട്ടി. അയിടയ്ക്കാണ് അദ്ദേഹത്തിന്റെ കവിതാ സമുച്ചയത്തിന്റെ അത്യുജ്ജ്വലഭാഗം പ്രസിദ്ധീകരിക്കപ്പെട്ടതു്. കനിശിൻ എന്ന പ്രസിദ്ധ കാവ്യത്തിന്റെ പ്രഥമ സർഗ്ഗങ്ങളും എഴുതിക്കഴിഞ്ഞിരുന്നു. 1827-ൽ 'ജിപ്സീസ്' എഴുതിതീർത്തു. പിൽക്കാലത്തു് മൊസ്കോസാങ്കിനു മാത്രം എഴുതാൻ കഴിയുമായിരുന്ന യുദ്ധാഹ്വാനത്തിന്റെ (Graf nulin) എന്നകൃതി പുഷ്കിൻ രചിച്ചതു് 1829-ലാണ്.

പീറ്റർ ചക്രവർത്തിയെ ആധാരമാക്കി എഴുതിയ പൊൾടാവാ (Po'tava) എന്ന കാവ്യം പുഷ്കിന്റെ രചനാ വൈഭവത്തിനും പ്രതിഭാ വിലാസത്തിനും ഒരു ഉപരി മണ്ഡലം സൃഷ്ടിച്ചു കൊടുക്കുകയാണ് ചെയ്തതു്. സെൻറ് പീറ്റേഴ്സിൽ വച്ചു ഒരു മാസം കൊണ്ടു എഴുതിതീർത്തതാണ്. ഈ കൃതി നിരൂപകന്മാരെ ചോരിതിരികയും അനുവാചക ലോകത്തെ ഞെട്ടിപ്പിക്കുകയും ചെയ്ത ഒരു കൃതിയാണിതു്. പുഷ്കിൻ തന്റെ ചുറ്റുപാടുകളുടെ ചിത്രങ്ങളും പുതുനായ ശൃപഭാവങ്ങളും അതു പ്രദാനം ചെയ്തു അന്നാരെക്കാരെ ഭാവഗീതകങ്ങളുടേയും കഥകളുടേയും രചിതാവായിട്ടു മാത്രമേ ജനങ്ങൾ പുഷ്കിനെ അറിഞ്ഞിരുന്നുള്ളൂ. ബോറിസ് ഗൊദുനോവ് അന്ന് പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരുന്നുമില്ല. അന്നത്തെ റഷ്യൻ സാഹിത്യലോകം കവിതകളിൽ വികാര പാരവശ്യത്തെയും തദന്യമായ ഹൃദയവ്യാപാരങ്ങളുടെ ചിത്രസംഹാരികതകളും മാത്രമാണ് കാണാൻ ആഗ്രഹിച്ചിരുന്നതു് ഏകദേശമായ രുചിയേറിയതല്ല മിനുമിനുത്ത ഫലങ്ങളുടെ സ്ഥാനത്തു് ഉച്ചകോൽവഴുപ്പുകളുടെ പ്രാസപ്രസരമുള്ള ചിത്രപൊലാക

ളാണ് പൊതുവേയിൽക്കൂടി പുഷ്കിൻ സമ്മാനിച്ചത്.

കോക്കസസ്സിലേയ്ക്കുള്ള പുഷ്കിന്റെ രണ്ടാം പര്യടനം ഭവിഷ്യത്തുകളുടെ ഒന്നാംതരം വിളവെടുപ്പുതന്നെയായിരുന്നു.

1831-ലാണ് ഒനിഗിൻ എഴുതിത്തീർന്നത്. അതിനും അതിനു മുമ്പേ സർഗ്ഗങ്ങളുണ്ടായിരുന്നു. പിന്നീടു അതു് ഏട്ടാക്കിക്കൂട്ടി. 1823 മുതൽ പുഷ്കിൻ ശ്രമപഥമായ ഈ കാവ്യ സൃഷ്ടിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ബൈറന്റെ ബെപ്പൊ (Beppo) എന്ന കൃതിയാണ് അധുനാതനജീവിതത്തെ അവലംബിച്ച് ഇങ്ങിനെ ഒരു കാവ്യമെഴുതുവാൻ പുഷ്കിന് പ്രചോദനം നൽകിയതു്. എന്നാൽ ബൈറോണിക്ക മാഗ്ധത്തിൽ നിന്നും തികച്ചും വിഭിന്നമായ രീതിയിലാണ് അദ്ദേഹം ഒനിഗിൻ രചിച്ചിട്ടുള്ളതു്. ഒനിഗിൻ ഒരു അധ്യായികയാണ്. 'ഇയുജിൻ ഒനിഗിൻ' എന്നതു് കഥാനായകന്റെ പേരാണ്. അദ്ദേഹത്തെ റഷ്യൻ അധ്യായികയായ ഈ കൃതി ഇന്നും റഷ്യൻ സാഹിത്യത്തിലെ ഏറ്റവും മുന്തിയ കലാസൃഷ്ടിയായി നില കൊള്ളുന്നു. ഭാവിസ്ഥായിയുടെ ചമത്ക്കാരചാതുര്യവും ഭൂദൃശ്യവിവരണ മേധാവിത്വവും അതിൽ ലയിച്ചു ചേർന്നിട്ടുണ്ട്. ഒനിഗിൻ തികച്ചും ഒരു റിയലിസ്റ്റിക് കൃതിയാണ്.

കഥാനായകൻ സെൻറ് പീറേഴ്സ് ബർഗ്ഗിലെ ഒരു സാധാരണക്കാരനാണ്. ഒരു 'ശരിയായ' പൊതുജന സേവകനായ അയാളുടെ പിതാവു് കടംകൊണ്ടു് ദാരിദ്ര്യമായി ജീവിക്കുന്ന ഒരാളാണ് ഒനിഗിൻ. വളരെ നിയന്ത്രണമൊന്നുമില്ലാതെ അങ്ങിനെ വളരുന്നു. അയാൾ ഒന്നാംതരം സംഭാഷണപടുവാണ്. നല്ലപോലെ വസ്ത്രധാരണം ചെയ്യും. മേശിയായി ഹൃദ്യം സംസാരിക്കും. നല്ലപോലെ നൃത്തംചെയ്യും. ഏതുവിഷയത്തെക്കുറിച്ചും നല്ലവിവരമാണ്. വായ്നിറയെ പറഞ്ഞുകൊണ്ടിരിക്കും. അതിൽ പൊട്ടിച്ചിരിപ്പിക്കുന്ന ഫലിതങ്ങളുണ്ട്. ഹോമറോട്ടും തിയോക്രിട്ടിസ്സിനോട്ടും അയാൾ ബഹുമാന്യവക്കാരനാണ്. ആഡം സ്മിത് പഞ്ചഭൂതങ്ങൾ പോലെ വായിച്ചിട്ടുണ്ട്. സംഭാഷണം ഗൗരവതരമായാൽ അയാൾ വായ് മൂടുവച്ചുകളയും! വളരെയധികം കടം മകനു് സമ്പാദിച്ചു കൊടുത്തിട്ട അച്ഛൻ മരിച്ചുകളഞ്ഞു. അങ്ങിനെ ഇരിക്കുമ്പോഴാണ് മരിക്കാൻ കിടന്നിരുന്ന അമ്മാവൻ ഒനിഗിനെ അടുത്തുവച്ചു വരുത്തിയതു്. അമ്മാവൻ മരിച്ചും പോയി. സ്വത്തു മുഴുവൻ ഒനിഗിനു ലഭിക്കുകയും ചെയ്തു. ഗ്രാമീണ ജീവിതം അയാൾക്കു അതു് ആനന്ദപ്രമോദമായിരുന്നില്ല. ജന്മനിന്നിൽനിന്നും വന്ന ലെൻസ്കിയെ അയൽവാസിയായി ലഭിച്ചതു് ഒനിഗിനു് മഹദനുഗ്രഹമായി. കാൻറ്, ഷില്ലർ തുടങ്ങിയ അല്പാ ജർമ്മൻ എഴുത്തുകാരേയും എടുത്തുടെ വീഴുങ്ങിയിട്ടുള്ള ഒരു സാഹിത്യനും കവിയുമാണത്രേ ലെൻസ്കി. തന്റെ അയൽവാസികളായ ഒരു വിധവയേയും അവരുടെ രണ്ടു പുത്രിമാരേയും ലെൻസ്കി ഒനിഗിനു പരിചയപ്പെടുത്തിക്കൊടുത്തു. ലെൻസ്കി ഒനിഗിൻ പരിചയപ്പെടുത്തിക്കൊടുത്തു. ലെൻസ്കി ഒരുപ്രണയം എന്ന ഇളയ പെൺകുട്ടിയുമായിട്ടു പ്രണയബന്ധത്തിലാണ് ഒരുപ്രണയം നിഷ്ക്കളങ്കവും വിനയസമ്പന്നയും ആയ നീലക്കണ്ണുകളുള്ള വട്ടമുഖത്തോട്ടു കൂടിയവളാണ്. മൂത്തവൾ ടാറിയാന ഒരുപ്രണയോളം സൌന്ദര്യവതിയല്ല. അവൾ ലജ്ജാശീലയായ ഒരു സാധുപെൺകുട്ടിയാണ്. ഒരു നിശ്ചയ ദാർഢ്യവും പെരുമാറ്റക്കുറവയും പിൻവാങ്ങി നിൽക്കുന്ന അവളുടെ പ്രത്യേകതകളിൽ ഒളിച്ചു വച്ചിട്ടുണ്ട്.

ടാറിയാന കുറേറെ ഒരു യാഥാർത്ഥ്യമാണ്. സോഫിയാ വെസ്റ്റണിനെപ്പോലെ സജീവവും, വെരിഡിത്തിന്റെ സ്ത്രീകളെപ്പോലെ ആകർഷണീയവുമാണവൾ. പോഷ്യയെപ്പോലെ ബുദ്ധിശാലിയും ജൂലിയറിനെപ്പോലെ അപഞ്ചലയുമാണ് തന്റെ എല്ലാവിധ ഐന്ദ്രജാലികതകളും കൊണ്ടു് ഒരു ഗൂഢത്തെനെവനോ, ജീവിതത്തിലെ എല്ലാ വർണ്ണ വൈവിധ്യങ്ങളേയും ഉലികുത്തുമ്പിൽ അനശ്വാസിച്ച നിർത്തുന്ന ടാറിയാന്മായിക്കോ, ഇതുപോലെ സഹൃസന്ധവും തേജോജ്വലവും ആയ ഒരു റഷ്യൻ മാതൃകാ വനിതയെ വാർത്തെടുക്കുവാൻ കഴിയുകയില്ല. ഒരു റഷ്യൻവനിതയിൽ ദർശിക്കാവുന്ന എല്ലാ വിധ നന്മകളുടേയും പ്രതീകമാണവൾ. ജീവൻ തുളുമ്പുന്ന ജീവിതത്തിനിടയിൽ നിന്നും വാർത്തെടുക്കപ്പെട്ടതാണ് ആ പ്രതീകം. ഭൂവലോകത്തു നിന്നും ഡെമിമെയിഡായി ഇറക്കുമതിചെയ്യപ്പെട്ടതല്ല ഊർജ്ജസ്വിനിയും, ഡോൾസ്റ്റോയിയും, ഡൊസ്റ്റോവ്സ്കിയും, ഗോർക്കിയും തുടരെ തുടരെ അണിനിരിയാതെ അവതരിപ്പിച്ചിട്ടുപോന്നിട്ടുള്ള റഷ്യൻ സ്ത്രീകളുടെ നീണ്ട പട്ടികയിലെ ആദ്യത്തെ റഷ്യൻ സ്ത്രീയാണവൾ. റഷ്യൻ ജീവിതത്തിന്റെ യാഥാർത്ഥ്യ ചിത്രീകരണത്തിനു് മകുടം ചൂടുന്ന റഷ്യൻ സാഹിത്യത്തിലെ അനശ്വരതാരങ്ങളിലെ ആദ്യത്തേതു്! പ്രഥമദർശനത്തിൽ തന്നെ ടാറിയാനക്കു ഒനിഗിനിൽ പ്രണയം വായ്ക്കുന്നു. തന്റെ അനുരാഗാവസ്ഥയെ കുറിച്ചു് അവൾ ഒനിഗിനു് എഴുതി. ഇതുപോലെ ലളിതമായി എന്നാൽ ഏറ്റവും ഹൃദ്യമായ രീതിയിൽ ലോകത്തിലെ മുഴുവൻ പ്രേമകാവ്യങ്ങളേയും അറിഞ്ഞുകൊക്കിയെടുക്കാൻ അധികം ഭൂലികകൾക്കു സാധിച്ചിട്ടില്ല. അതുപോലും അനവദ്യസുന്ദരമാണ് ആ കത്തു്. പുഷ്കിൻ ഇതുമാത്രം എഴുതിയാൽ മതിയായിരുന്നു അദ്ദേഹം കാവ്യലോകത്തിൽ അസാധാരണനും അനന്യനുമാകുവാൻ.

പ്രേമകാവ്യങ്ങൾക്കു ഇതിലും മികച്ച ഉദാഹരണങ്ങളുണ്ടെന്നു് ചിലർ ശഠിപിടിക്കുമായിരിക്കാം. പരീക്ഷയിൽ ജയിപ്പിക്കുന്നതിനു മാർക്കുകൊടുക്കുന്ന മാതിരി കാവ്യങ്ങൾക്കു വിലയിടുന്ന വിമർശകരുടെ പല ക്രിസ്റ്റികളിൽ പാസ്സാക്കിവിടാനുള്ള നിഷ്പ്രയോജനശ്രമം അനാവശ്യമാണ്. അതുകൊണ്ടു് ഒരു സാകല്യപഠനം അത്യാവശ്യമില്ലെന്ന അർത്ഥമാക്കരുതു്. ഇൻഫർനൊ(Inferno)വിലെ ഫ്രാൻസിസ്കായുടെ കഥയും, റോമിയോ ആൻഡ് ജൂലിയറ്റിലെ പ്രണയച്ചിത്രവും ഫെഡ്രെ (Phedre) യുടെ പ്രഖ്യാപനവും ഡോൺജുവാന്റെ കുത്തും എല്ലാം അടുക്കിപ്പിടിച്ചുകൊണ്ടു് അവലോകനം ചെയ്താലും ടാറിയാനയ്ക്കു കോട്ടംതട്ടുന്നു പോകുന്നില്ല! ഇതിനോടു സാദൃശ്യം വഹിക്കുന്നതും കലാരംഗിയേയിയിൽ ഉമായ പല രംഗങ്ങളും കവികളുടെ കൃതികളിൽ കാണാൻ നമുക്കുകഴിയും. എന്നാൽ ടാറിയാനയുടെകത്തു് പുഷ്കിന്റെ ഒരത്ഭുത സൃഷ്ടിതന്നെയാണ്. അതിനു മറൊരുസാദൃശ്യവും കണ്ടുപിടിക്കുകയില്ല. കാരണം ഒരു റഷ്യക്കാരനമാത്രം എഴുതുവാൻ കഴിയുന്ന ഒന്നാണതു്. പുഷ്കിൻ എന്ന റഷ്യാക്കാരനമാത്രം അതു സ്ഫടികംപോലെ ശുദ്ധവും കയൽനാദംപോലെ മധുരവുമാണ്.

ഒനിഗിൻ താൻ ഇതിനർഹനല്ലെന്നും പ്രേമത്തിനും വിവാഹത്തിനും വേണ്ടി സൃഷ്ടിക്കപ്പെട്ടവനല്ലെന്നും ടാറിയാനയോടു പറഞ്ഞു. അയാൾക്കു അവളോടു ഭ്രാതൃസഹജമായ സ്നേഹം മാത്രമാണുള്ളതെന്നു്! ഓൾഗയുമായി ബാൾഡാൻസിനുപോയ ഒനിഗിനെ കണ്ടപ്പോൾ ലെൻസ്കിക്കു അസൂയതോന്നി. അവിടെവച്ചു നടന്ന ചെറുചെറുയുദ്ധങ്ങളിൽ ലെൻസ്കി വധിക്കപ്പെട്ടു. ഒനിഗിൻ രാജ്യം വിടാൻ നിർബ്ബന്ധിതനായി. ടാറിയാന അവളുടെ പ്രഥമ പ്രേമാങ്കുരത്തെ വിശ്വസ്തതയോടെ കാത്തിരുന്നു. എന്നാൽ അവളുടെ വീട്ടുകാർ അവളെ മോസ്കോയിലേയ്ക്കു കൊണ്ടുപോയി. അവരുടെ നിർബ്ബന്ധത്തിനു് വിധേയയായി അവൾക്കു ഒരു പണക്കാരനെ പരിണയിക്കേണ്ടിവന്നു. ഒനിഗിൻ വീണ്ടും അവളെ കണ്ടുമുട്ടാൻ ഇടയായി. ടാറിയാന തികഞ്ഞ ഒരു സ്ത്രീയായി കഴിഞ്ഞിരുന്നു. എന്നാൽ ആ പഴയ സഹൃദയത്വം, അനുഭാവം മാഞ്ഞിട്ടില്ല ഒനിഗിനു് അവളിൽ കലശലായ പ്രേമമായി. താൻ ഒനിഗിനെ അത്മാർത്ഥമായി സ്നേഹിക്കുന്നുണ്ടെന്നും പക്ഷേ സമയം വളരെ വൈകിപ്പോയെന്നും അവൾ ഒനിഗിനോടു പറഞ്ഞു. ഒരു ഭാര്യയായി കഴിഞ്ഞതനിക്കു മറ്റൊരുവിനോടു വിശ്വസ്തയാവാതിരിക്കാൻ വയ്യെന്നു അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു. അങ്ങിനെ കഥ അവസാനിക്കുകയാണ്.


ഒനിഗിനാണ് പുഷ്കിന്റെ ഏറ്റവും പ്രധാനപ്പെട്ട കൃതി. പൊതുജനസമ്മതിയുണ്ടായിട്ടു ഏറ്റവും മെച്ചപ്പെട്ട കൃതിയാണതു്.

(ശേഷം 15-ാംപേജിൽ)

മുഗൾ പൂങ്കാവനങ്ങളിൽ

★

: ടി. പദ്മനാഭൻ :



നഗിൻ തടാകം

ഒരിക്കൽ ജഹാംഗീർ പ്രശസ്ത ഫക്കീറായ നൂളീനെ ഷാലമർ തോട്ടത്തിലേക്ക് ക്ഷണിക്കുകയുണ്ടായി. നൂളീന്റെ ശിഷ്യന്മാരും അദ്ദേഹത്തെ നിർബന്ധിച്ചു പക്ഷേ അദ്ദേഹം പോവുകയുണ്ടായില്ല. ഷാലമറിന്റെ മാഹാത്മ്യം അദ്ദേഹത്തെ തന്നെ ബോധിപ്പിക്കുമെന്നും, ഈശ്വരസാക്ഷാൽക്കാരത്തിനുവേണ്ടി ഉഴിഞ്ഞുവെച്ച തന്റെ ജീവിതം വീണ്ടും പ്രാപഞ്ചിക വ്യവഹാരങ്ങളിലേക്ക് വഴുതിപ്പോകുമെന്നുള്ള ഭയമായിരുന്നു കാരണം!

ജഹാംഗീർ തന്റെ ജഹാന്ത്വേണ്ടി നിർമ്മിച്ച ഈ പൂന്തോട്ടത്തിന്റെ ഭംഗിക്ക് ഇന്നും ഒരു കുറവുമില്ല. ആ രാജകീയ ഭാസ്തികകൗശല ശ്രീഷ്മത്തിലെ കൊടുംവേനലിൽ നിന്ന് രക്ഷനൽകിയിരുന്നത് ഇവിടത്തെ വീനാർ മരങ്ങളായിരുന്നു. സ്നേഹത്തിന്റെയും സൗന്ദര്യത്തിന്റെയും ഇരിപ്പിടമായ ഈ തോട്ടത്തെ വിട്ടുപിരിയണമല്ലോ എന്നോർത്ത് അന്ത്യകാലത്ത് അവർ സങ്കടപ്പെട്ടിട്ടുണ്ടായിരിക്കും. അതാരറിഞ്ഞു? ഒരു പക്ഷേ ഇന്നും പുനിലാവണിഞ്ഞ യാമിനികളിൽ തങ്ങളുടെ കല്ലറകൾക്കുള്ളിൽനിന്നും പുറത്തു വന്ന് അവർ ഷാലമറിന്റെ പുൽത്തകിടികളിൽ വിഹരിക്കുന്നുണ്ടായിരിക്കില്ലേ ?


മുഗൾപൂങ്കാവനങ്ങളിൽവെച്ച് ഏറ്റവും പ്രശസ്തമാണ് ഷാലമർ. ഒന്നിനുപിറകിൽ മറ്റൊന്നായി ഇതിനു നാലു തട്ടുകളുണ്ട്. ഏറ്റവും മുകളിലത്തെ തട്ടിൽനിന്നു ഏറ്റവും താഴത്തെ തട്ടിലേയ്ക്കു പരന്നു ഒഴുകുന്ന കൊച്ചുകൊച്ചു ജലധാരകളും വീനാർ, കോണിഫർ തുടങ്ങിയ മരങ്ങളുമുള്ള ഈ തോട്ടത്തിൽ സന്ദർശകന്മാർ കുറഞ്ഞ നേരമുണ്ടാവില്ല. 'പിക്നിക്കി'നായി സ്വർഗ്ഗമാണ് ഇതു തനിച്ചുണ്ടാക്കിയതെങ്കിൽ ഏതാനും 'സാൻഡ്വിച്ചുസും' കൈയിൽ പൊതിഞ്ഞെടുത്താൽ മതി. വെള്ളത്തിനുപോലും ക്ഷാമവുമില്ല. ഒരു കുപ്പി വൈൻ ശ്രീനഗറിൽ നിന്നു വാങ്ങിക്കൊണ്ടുവന്നിട്ടുണ്ടെങ്കിൽ ഉത്തമമായി. ഒരു വിനാർമരത്തിന്റെ തണലിലിരുന്ന് ഉമർഖയ്യാമിനെ ഓർത്തുകൊണ്ട് നിങ്ങൾക്ക് അതൊക്കെ കഴിക്കാം. സ്വപ്നമെന്നു പറയാവുന്ന ഒരു പെൺകിടാവ് കൂടെയുണ്ടെങ്കിൽ അത്യുത്തമം തന്നെ; അല്ലെങ്കിൽ അയൽവക്കക്കാരന്റെ മക്കളേയോ മറ്റുള്ളവരെയോ നിങ്ങൾക്ക് നോക്കേണ്ടിവരും. മറ്റൊന്നിനുമല്ല! വെറുതെ; ആ പേർഷ്യൻകവിയുടെ ഈരടികളുടെ സ്വാരസ്യം പൂർണ്ണമായി അനുഭവിക്കുവാൻവേണ്ടി മാത്രം

ഷാലമറിന്റെ നടുവിൽ ജലധാരകളാൽ ചുറ്റപ്പെട്ട ഒരു മണ്ഡപമുണ്ട്. ഇതിന്റെ തൂണുകളും കുത്തനെയുള്ള മാർബിളിൽ കടഞ്ഞെടുത്തവയാണ്. ചുമരുകളിലും മച്ചിന്മേലും കുറച്ചന്തരം ചിത്രവേലകളുണ്ട്. കാശ്മീരിന്റെ മദ്ധ്യകാലശില്പവേലയുടെ ഏറ്റവും പ്രശസ്തമായ ഉദാഹരണമാണ് ഈ മണ്ഡപം.

ഷാലമറിൽനിന്ന് രണ്ടുനാഴിക അകലെയാണ് 'നിഷാത്ത്ബാഗ്', 595 വാര നീളവും 369 വാര വീതിയുമുള്ള ഈ തോട്ടം മാൽതടാകത്തിന്റെ കരയിലാണ്. മഞ്ഞണിഞ്ഞുനിൽക്കുന്ന വീർവഞ്ചാൽ മലനിരകളാണ് പിറകിൽ പത്തുതട്ടുകളിലായി നിർമ്മിക്കപ്പെട്ട ഈ തോട്ടം വാസ്തവത്തിൽ ഷാലമറോക്കാളും ഭംഗികൂടിയതാണ്. നിഷാത്തിന്റെ മുഖ്യമായ, നീരുറവുകളിലൊന്നു നാടൻ പന്തയിച്ചിരുന്ന ചായകുടിച്ചുകൊണ്ടിരുന്ന എന്നോട് ഒരു വൃദ്ധൻ ചോദിക്കുകയുണ്ടായി— "ഷാലമറിന്റെ പിറകിലും മലകളുണ്ട്; ശരിതന്നെ. പക്ഷേ അവിടെ മാൽതടാകമുണ്ടോ—?" എന്നിട്ട് നിഷാത്തിന്റെ ഭംഗിയെക്കുറിച്ച് അയാൾ ഒരു കൊച്ചുപ്രസംഗംതന്നെ നടത്തിക്കളഞ്ഞു.

നിഷാത്തിന്റെ മറ്റൊരു നേട്ടമാണ് അവിടത്തെ ആപ്പിൾതോട്ടം. കാശ്മീരിരിപ്പുങ്കിടാങ്ങളുടെ തുടുത്ത കവിൾപോലെ ആപ്പിൾപഴങ്ങൾ തൂങ്ങിനിൽക്കുന്നതു കാണുമ്പോൾ ആർക്കും കൊതിതോന്നിപ്പോകും. എനിക്കു തോന്നുകയുണ്ടായി. അവിടെ കാവൽനിന്നിരുന്ന ചെറുപ്പക്കാരന്റെ കണ്ണിൽ പൊടിയിട്ട് ഒരു പഴംപറിച്ചെടുക്കുവാൻ ഞാൻ ശ്രമിച്ചുവെങ്കിലും വിജയിച്ചില്ല.

വെള്ളംകയറിയ നെൽപാടങ്ങൾ



വാസുദേവ വിലാസം
കുറിഞ്ഞിക്കുഴമ്പ്
പ്രസവാനന്തരസ്ത്രീകളായ ക്ഷീണം, ഞരമ്പു തളർച്ച, ഉന്മാദവായു, ഉദരശൂല മുതലായവയെ ഉന്മൂലനംചെയ്ത് പൂർവ്വവൽ യുവത്വം കൊടുക്കുന്ന ഒരുത്തമ ഔഷധം.
നിർമ്മാതാക്കൾ:
വാസുദേവവിലാസം വൈദ്യശാല
കോട്ടയ്ക്കൽ, തിരുവനന്തപുരം
ശാഖകൾ:
1 പുത്തൻചന്ത, തിരുവനന്തപുരം. 2 പരിപ്പൂട്ട്.



ഒരു കാഷ്മീരിപ്പെണ്ണ്—
ആരേയാണാവോ അവൾ അങ്ങനെ നോക്കുന്നത്?

ച്ചില്ല. ഒടുവിൽ കാശുകൊടുത്തു വാങ്ങി ഒകാതിതീർക്കേണ്ടിവന്നു. മരത്തിന്മേൽനിന്ന് പറിച്ചുടനെയുള്ള പുത്തനാപ്പിളികളായതിനാൽ അവയ്ക്ക് വിലയും അല്പം കൂടുതലായിരുന്നു.

നിഷാത്ത്-ബാഗിലെ വീനാർ നടപ്പാതകളും, റോസ്, സീനിയ, ജെറാനിയം, മെറിഗോൾഡ്സ്, കോക്സ്കോംബ് തുടങ്ങിയ ഇടതിങ്ങിനിൽക്കുന്ന പൂക്കളങ്ങളും അതീവ മനോഹരങ്ങളാണ്. ഇവിടെയുണ്ട് പൊട്ടിച്ചിരിതിരുകുന്ന ഒരു ചെറിയതോട്ട്. സെപ്തംബർ മാസമായിരുന്നതിനാൽ ധാരാളം പക്ഷികളെയും എനിക്ക് കാണുവാൻ കഴിഞ്ഞു. ഇന്ത്യയിലെ സമതലങ്ങളിൽനിന്നും ദേശാന്തരഗമനം ചെയ്യുന്ന പക്ഷികളും കാഷ്മീരിലേയ്ക്ക് മാറിത്താമസിക്കുന്നത് സെപ്തംബറിലാണ്.

മുഗൾപൂങ്കാവനങ്ങളിൽവെച്ച് ഏറ്റവും ചെറുതാണ് 'പാസ്മഷാഹി.' ഷാജഹാൻ നിർമ്മിച്ച ഈ തോട്ടത്തിൽ ഒരുദ്യാനവീഥിയുമുള്ള ഒരുറവുണ്ട്. ശ്രീനഗറിൽനിന്ന് ബസ്സിൽവരുന്ന ഒരു സഞ്ചാരി ആദ്യംകാണുന്ന തോട്ടം ഇതാണ്. ഈ തോട്ടത്തിലും മനോഹരമായ ഒരു മണ്ഡപമുണ്ട്. പക്ഷേ നടുവിൽ മാത്രമല്ല. കയറിച്ചെല്ലുന്ന ഭിത്തിയിലുമുണ്ട് രണ്ട്. എല്ലാം ചെറിയ തോതിലാണെന്നു മാത്രം.


ദാലിന്റെ മുകരയിൽ, നിഷാത്ത്-ബാഗിനഭിമുഖമായാണ് ന സ്സിംബാഗ് സ്ഥിതിചെയ്യുന്നത്. ഒക്ടോബർ നട്ട വീനാർ മരങ്ങളും ഇവിടെ ധാരാളമുണ്ട്. ഈ തോട്ടത്തിൽ ജലധാരകളോ പൂക്കളങ്ങളോ ഇല്ല എങ്കിലും സഞ്ചാരികൾക്ക് ഇഷ്ടപ്പെട്ട ഒരു കേന്ദ്രമാണ്. ഇതു് ഇവിടത്തെ ക്രാറൻവീനാർ മരങ്ങളും അതിരുകളും ആകർഷിക്കുവാൻ പര്യാപ്തമാണ്.

ഒരു ഞായറാഴ്ചയാണ് ഞങ്ങൾ ഈ മുഗൾപൂങ്കാവനങ്ങൾ സന്ദർശിച്ചതു് ഒരു ഡീലക്സ് ടാക്സിവേനിൽ. ഉച്ചയ്ക്ക് വേണ്ട ഭക്ഷണംകൂടെ കരുതിയിരുന്ന ചിലരുടെ കയ്യിൽ, സ്വന്തംചിലവിൽവാങ്ങിയ 'കുപ്പി'കളുമുണ്ടായിരുന്നു. ഏതാനും മണിക്കൂറുകൾ ഒരു സ്വപ്നംപോലെ കഴിഞ്ഞുപോയി. ശ്രീനഗറിൽനിന്ന് പതിനൊന്ന് നാഴിക അകലെ 'ഹർവൻ'മുള്ള ശവമെൻറ് ഗാർഡൻസ പ്പെ വക്കുന്നു—ഇതും ഒരു നല്ല തോട്ടമാണ്. അതിന്റെ അടുത്തുള്ള മത്സ്യം വളർത്തുന്ന ഫാമും ഞങ്ങൾ മടക്കത്തിൽ സന്ദർശിച്ചു. രോഗകാരനേരമായപ്പോൾ, വിശ്രമാരംഭം കരപിടിച്ച നിരത്തിലൂടെ, പച്ചക്കറിക്കടകളും പുതോട്ടങ്ങളുമുള്ള നാട്ടിൻപുറത്തിന്റെ മംഗികണ്ടുകൊണ്ട് ശ്രീനഗറിലേയ്ക്ക് ഞങ്ങൾ മടങ്ങി. ഇന്ത്യയുടെ പരിതുഞ്ഞിലെ ആ നിറപ്പകിട്ടുള്ള കാലഘട്ടത്തെ കുറിച്ച് ഞാൻ ചിന്തിച്ചു. മുഗൾകാലം! കലയുടെ പരിവേഷംപൂണ്ട ആ കാലം എത്രമാത്രം ദീപ്തമല്ല! ആ ചക്രവർത്തിമാരുടെ സൌന്ദര്യബോധത്തിന്റെ മുമ്പിൽ ആരുടെ തലയാണ് താഴാത്തത്—?

ആ ചിന്തകൾ മനസ്സിലൂടെ കടന്നുപോകുമ്പോൾ എന്റെ ചുണ്ടാതി 'ഗീതാഞ്ജലി'യിലെ അദ്യത്തെ ഗാനം ഉരുവിട്ടുണ്ടായിരുന്നു.

"നീ എന്നെ അനന്തമില്ലാത്തവനാക്കി സൃഷ്ടിച്ച അത്ഭുതത്തിലുള്ള താണ് നിന്റെ ആനന്ദം—"

ശ്രീനഗർ—മൂന്നാമത്തെ പാലത്തിൽ നിന്ന്



(12-ാംപേജിൽനിന്നും തുടർച്ച)

ഷെല്ലി ബൈറണെ ഏറ്റെടുത്തുകൊണ്ടു നടന്നോ നിർബന്ധിച്ചിരുന്നതുകൊണ്ടോ അതു് ഒന്നിരിക്കുന്നിൽക്കൂടി പുഷ്കിൻ സാധിച്ചു കഴിഞ്ഞതിന്റെ ചൈതന്യത്തെ അവഗണിച്ചുകൊണ്ടു് തികച്ചും സൈദ്ധാന്തികമായ പുരുഷൻ കലാസൃഷ്ടിചെയ്യുക എന്നതായിരുന്നു ഷെല്ലിയുടെ അഭിമതം. പുഷ്കിൻ ഇതിൽ കൂടുതലും സാധിച്ചു. സൈദ്ധാന്തികവും ദേശീയമായ ഒരു കാവ്യം സമ്പാദിച്ചുകൊടുക്കാൻ പുഷ്കിനുകഴിഞ്ഞു. മാതൃകാപരമായ പാത്രസൃഷ്ടി വസ്തുനിഷ്ഠമായ ശൃംഖലയാദികളുടെ ആവിഷ്കരണം ഭാവിതലമുറയ്ക്കു പ്രചോദനം നൽകത്തക്ക ഭാവനാവിലാസം—ഒരനശ്വര കലാസൃഷ്ടിക്കു അത്യന്താപേക്ഷിതങ്ങളായ ഇവയ്ക്കടകങ്ങളുടെയും അദ്ദേഹം ഒന്നിരിക്കിൽ ഒതുക്കി നിറുത്തി. ഒന്നിരിക്കിന്റെ ഏറ്റവും ആകർഷണീയമായ ഗുണം അതിൽ അന്തർഭൂതമായിരിക്കുന്ന ചൈതന്യമാണു്. രംഗങ്ങളെല്ലാം സ്ഫടികംപോലെ സുവ്യക്തമാണു്. ഒരിടത്തും ഒരു മൂടലില്ല. ഒന്നിരിക്കിനെ ബൈറന്റെ ഡാൺജുവാനുമായി തട്ടിച്ചുനോക്കാവുന്നതാണു്. ചില പൊതുതത്വങ്ങളിൽ അവയ്ക്കു സാദൃശ്യമുണ്ടു്. രണ്ടു കാവ്യങ്ങളും സമകാലിക ജീവിതത്തെ കൈകാര്യം ചെയ്യുന്നു. രണ്ടു കവികളും ഗാംഭീര്യത്തിൽനിന്നും പ്രസരിപ്പിലേയ്ക്കും കാഠിന്യതയിൽനിന്നും ഉല്ലാസത്തിലേയ്ക്കും ഉയർന്നിരിക്കുന്നു. പൊതുസാദൃശ്യം അത്രമാത്രമേയുള്ളു. എന്നാൽ വ്യത്യാസം വ്യക്തമാണു്. ഒന്നിരിക്കിൽ അന്തർഭൂതമായ ജീവൽക്കാൻ ഇടം കിട്ടിയിട്ടില്ല. അതു് നിത്യജീവിതത്തിന്റെ സത്യപ്രകാശനമാണു്. ജീവിതപ്രശ്നങ്ങളും അതിൽ അതിന്റെ മൂലഭാഗം കാളംതല്ലുന്ന അതുകൊണ്ടാണു് മെയ്കൊവ്സ്കിക്കു നിഷ്പ്രയാസം അതിനെ ഒരു ദൃശ്യകാവ്യം—സംഗീതനാടകം—ആക്കി പ്രദർശിപ്പിക്കാൻ കഴിഞ്ഞതു്. പുഷ്കിനെയും ബൈറണേയും ബാധിക്കുന്ന സാമൂഹ്യമായ മനോഭാവവ്യത്യാസമുണ്ടു്. പുഷ്കിന്റെ കാവ്യശരീരത്തിൽ നിരപ്പില്ലായ്മയൊന്നുമില്ല. ആ സൃഷ്ടിനൈപുണ്യം

ദി നവഭാരത് ബാങ്ക് & ചിട്ടിഫണ്ട് ആലപ്പുഴ.

7-ാമതു് വർഷത്തെ പുതിയ ചിട്ടികൾ.

ആദ്യലേലം ഡിസംബർ ഒന്നാംവാരം

പ്രതിവാരം

15 രൂപാ വീതം	100 തവണ	1500 രൂപാ
10 ,,	,,	1000 രൂപാ
5 ,,	,,	500 രൂപാ

പ്രതിമാസം

50 രൂപാവീതം	40 തവണ	2000 രൂപാ
25 ,,	,,	1000 രൂപാ
12½ ,,	,,	500 രൂപാ

ദ്വൈമാസം

30 രൂപാവീതം	40 തവണ	1200 രൂപാ
15 ,,	,,	600 രൂപാ

കൂടുതൽ വിവരങ്ങൾ എഴുതി ചോദിക്കുക.

മലയാളം, **പി. കെ. കരുണാകരൻ.**

ഉപരിതലത്തിൽതന്നെ നിലയുറപ്പിച്ചിരിക്കുകയാണു്. ആ കൃതിയിൽനിന്നും ഏതെങ്കിലും ഒരു ഭാഗം അടർത്തിയെടുത്തു പരിശോധിച്ചാലും ആസ്വാദ്യതയ്ക്കു് ഏറ്റക്കുറച്ചിലില്ല. എന്നാൽ ബൈറണെ ഭാഗികമായി ആസ്വദിച്ചു തൃപ്തിപ്പെടുവാൻ ഒരിക്കലും സാധ്യമല്ല. കാരണം ഭാവത്തിലും രൂപത്തിലും പുഷ്കിൻ കുറേക്കൂടി കലാകാരനായിരുന്നു. ബൈറൺ അങ്ങിനെ ആയിരുന്നില്ല.

ഗദ്യകഥകളും നാടകങ്ങളും

1832-ൽ പുഷ്കിന്റെ ഗ്രന്ഥചരിത്രഗവേഷണത്തിലേയ്ക്കു തിരിഞ്ഞു. കൃതഹയിനിന്റെ കാലത്തു നടന്ന ഒരു പ്രക്ഷോഭണത്തിനു് നേതൃത്വം നൽകിയ പുഗച്ചെവി (Pugachev)ന്റെ കഥയ്ക്കു വേണ്ട എല്ലാ കരുക്കളും ശേഖരിക്കുകയും 'ക്യാപ്റ്റന്റെ പുത്രി' എന്ന പേരിൽ ഒരു ഗദ്യകഥ എഴുതുകയും ചെയ്തു. ക്രമേണ ഡുബ്രോവ്സ്കി (Dubrovsky) എന്നൊരു നീണ്ട കഥയും റസൽക്ക (Rwsulka) എന്ന ഒരു നാടകത്തിന്റെ ഏതാനും ഭാഗങ്ങളും മലദേവത (Water Nymph) എന്നൊരുപന്യാസകഥയും ആയിടയ്ക്കു രചിക്കപ്പെട്ടവയിൽ പെടുന്നു. ബോറിസുനോവിനും റസൽക്കയ്ക്കുംപുറമെ വളരെയേറെ നാടകീയരംഗങ്ങളും ചെറുനാടകങ്ങളും പുഷ്കിൻ രചിച്ചിട്ടുണ്ടു്. ഇവയിൽ 'പ്ലേഗിന്റെ ഇടയ്ക്കു സദ്യ' (The feast in the time of plagne) എന്ന കൃതി ജോൺവിൽസന്റെ 'സിറ്റി ആഫ് ദി പ്ലേഗ്' എന്ന കൃതിയെ അവലംബിച്ചെഴുതിയതാണു്. മൊസാർട്ട് ആൻഡു സാലീരി (Mozart and salieri) എന്ന നാടകീയരംഗത്തിൽ ഒരു ബുദ്ധിസമ്പന്നനേയും ഒരു പ്രതിഭാസമ്പന്നനേയും തമ്മിൽ തന്മയത്വമായി താരതമ്യം ചെയ്തിട്ടുണ്ടു്. അസൂയാലുവായ സാലീരി മൊസാർട്ടിനു് വിഷംകൊടുത്തു എന്ന അടിസ്ഥാനരഹിതമായ കഥയെ ആധാരമാക്കിയാണു് പുഷ്കിൻ ഇതു എഴുതിയിരിക്കുന്നതു് ലുബ്ധനായ പ്രഭു (Ovetors Kuight എന്ന നാടകം ഒരച്ഛനും മകനും തമ്മിലുള്ള മൽസരത്തിന്റെ കഥയാണു്. രണ്ടു കഥകളും സംഗീതസംവിധാനങ്ങളോടുകൂടി, പിന്നീടു പലരാലും പുറകെ പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്. ഡോൺജുവാന്റെ കഥയെ ആധാരമാക്കിയെഴുതപ്പെട്ടിട്ടുള്ള Guest of Stone എന്ന രംഗം ഡോൺജുവാനു് പുതുജീവൻ നൽകുന്നുണ്ടു്.

പദ്യത്തിലെന്നപോലെതന്നെ ഗദ്യത്തിലും പുഷ്കിൻ പ്രാവീണ്യം നേടിയിരുന്നു ഡുബ്രോവ്സ്കി എന്ന കഥയിലെ നായകൻ, ധനികനും ലുബ്ധനുമായ ഒരു ഇന്ത്യയിൽ സ്വന്തം ഭൂമിയിൽനിന്നും നിഷ്കാസിതനായിത്തീർന്ന ഒരാളുടെ മകനാണു്. പ്രതികാരപ്രിയനായ ഇയുവാവു് ഒരു കൊള്ളസംഘം രൂപീകരിച്ചുപകാരത്തിനായിട്ടു പുറപ്പെടുകയാണു്. പക്ഷേ അവസാനം ശത്രുവിന്റെ ഗൃഹത്തിൽ അധ്യാപകനായി സ്വയം കയറിച്ചെല്ലുന്നു. അവിടെവച്ചു് പ്രതിയോഗിയുടെ പുത്രിയുമായി അയാൾ പ്രണയത്തിലാവുകയും പ്രതികാരം എന്നേ ഉപേക്ഷിക്കുകയുംചെയ്തു. ഇതിൽ ഗോഗോളിനെപ്പോലെ ഗ്രാമീണജീവിതത്തിന്റെ സജീവചിത്രങ്ങൾ പുഷ്കിൻ വരച്ചു കാണിച്ചിട്ടുണ്ടു്. The Blizzard. The pistol shot. The lady peasuit തുടങ്ങിയ മറ്റു നിരവധി ചെറുകഥകളിൽ ഏല്ലാംകൊണ്ടും മേന്മേക്കിടയിൽ നിൽക്കുന്ന കൃതി The Queeu of spades—ആണു്. ഒരെയ്ക്കൊവ്സ്കി ഈ കഥയെ ഒരൊന്നാന്തരം സംഗീതനാടകമാക്കി പ്രദർശിപ്പിച്ചിട്ടുണ്ടു്. ഒരു മുന്തിയ കഥാശില്പമെന്ന നിലയ്ക്കു The Egyptian nights എന്ന കൃതി പുഷ്കിന്റെ ഏറ്റവും വിശിഷ്ടമെന്നു വിധിക്കപ്പെട്ടിട്ടുള്ളവയിൽപ്പെടുന്നു ഒന്നാണു്. പദ്യംപോലെതന്നെ ഗദ്യവും പുഷ്കിനിൽനിന്നും സച്ഛന്ദം പ്രവഹിച്ചിരുന്നു. കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിനും ചൈതന്യസംഘടനത്തിനും അദ്ദേഹത്തിന്റെ ഗദ്യരീതിയിൽ ചിരജീവിത്വം സിദ്ധിക്കുന്നുണ്ടു്. ഗോഗോളിന്റെ വിശിഷ്ടകൃതികളെന്നു പിന്നീടു പരക്കെ അറിയപ്പെട്ട മരിച്ച ആത്മാക്കൾ ദി റിവയ്സർ എന്നീ കൃതികൾക്കുള്ള പശ്ചാത്തലമൊരുക്കിക്കൊടുത്തതും പുഷ്കിനാണു്. സുഖോവ്സ്കിയുമായുള്ള സ്നേഹപരമായ മത്സരബുദ്ധിയുടെ ഫലമായിട്ടാണു് ''സാർസൽറ്റാന്റെ കഥ എന്നപേരിൽ ആദ്യമായി പുഷ്കിൻ ഒരു കഥ എഴുതിയതു്. തുടർന്നു The Tale of the Pop and his man balda, മാർക്കൻ, The Dead Tsaritsa, the Golden Cock എന്നീ കഥകളും രചിച്ചു. എന്നാൽ ഇവയൊന്നും ''മുകവന്മാരുടേയും മൽസ്യത്തിന്റെയും കഥ'' എന്ന കൃതിയെപ്പോലെ ആകാരസൗഷ്ഠവത്തിലും അന്തസ്സത്തയിലും മികച്ചതായി തോന്നുന്നില്ല. ഈ കഥകൾക്കെല്ലാമുള്ള കരുക്കൾ പുഷ്കിൻ സമ്പാദിച്ചു കൊടുത്തതു് അദ്ദേഹത്തിന്റെ വളർത്തമ്മയായിരുന്ന അന്ന റൊഡിയോണൊവ്ന

ാണ്. 'വരൻ' എന്ന ഗീതത്തി
ം അവരാണ് പ്രചോദനം നൽ
കിയതു്. വളർത്തമ്മയിൽനിന്നും ല
ഭിച്ച ഏഴു പഴങ്കഥകളും പുഷ്കിന്റെ
നാടോടിക്കഥകളിൽ കുറിച്ചിട്ടുണ്ട്.
മനങ്ങളെ സംബന്ധിച്ച അദ്ദേഹം
എഴുതിയിട്ടുള്ള എല്ലാ സാഹിത്യ
കൃതികളുടേയും ഉറവിടം അവിടെ
നിന്നായിരുന്നു. ഈ വളർത്തമ്മയെ
പുഷ്കിൻ തന്റെ അവസാനശ്വാ
സത്തിലാണ് കണക്കാക്കിയിരുന്ന
ത്. അവരിൽനിന്നും ലഭിച്ച അ
ദ്ഭുതങ്ങളെ ഫ്രഞ്ചുവിദ്യാഭ്യാസത്തി
ന്റെ പ്രത്യാഘാതങ്ങളും പുഷ്കി
ന്റെ സാഹിത്യസംരംഭങ്ങൾക്ക
ല്ല ഇടയിലെ സംഭവനയായി
രുന്നു.

1833-ൽ അദ്ദേഹം എഴുതിയ മ
റ്റൊരു കവിതയാണ് "The Brazen horseman" എന്ന കൃതി. പീറ്റർ മഹാൻ ചക്രവർത്തിയുടെ ജീവചരിത്രമെഴുതുന്നതിനുള്ള വ
സ്തുതകൾ ശേഖരിക്കുന്നതിനാണ് പുഷ്കിൻ അവസാനദശയിൽ ശ്രമിച്ചുകൊണ്ടിരുന്നതു്. വിദ്യാല
യം വിട്ട അന്നു മുതൽ അദ്ദേഹത്തി
ന്റെ സൃഷ്ടിശക്തിക്കു ഒരിക്കലും
ഉരസലോ ഉലച്ചിലോ തട്ടിയിട്ടി
ല്ല. പുഷ്കിന്റെ പ്രധാനപ്പെട്ട
എല്ലാ കൃതികളെ കുറിച്ചും ഈ ലേ
ഖനത്തിൽ പ്രതിപാദിച്ചു കഴിഞ്ഞു
എന്നാൽ പ്രതിപാദിക്കപ്പെട്ടിട്ടില്ലാ
ത്ത നിരവധി മായഗീതങ്ങളും പാ
ട്ടുകളും—അവ എല്ലാം തന്നെയും വ
ളരെ മനോഹരങ്ങളായിരുന്നതാനും
പുഷ്കിൻ പലപ്പോഴുമായി രചിച്ചി
ട്ടുണ്ടു്. അദ്ദേഹത്തിന്റെ സാഹിത്യ
വിദ്യ വളരെ വ്യാപ്തിയേറിയ ഒന്നാ
യിരുന്നു അത്ഭുതാവഹമായ ഉ
ജ്ജ്വസ്വലതയും ആശയബാഹുല്യ
വും നമുക്കതിൽ കണ്ടെത്താൻ കഴി
യും. ഗ്രീക്കുസുക്തിരത്നങ്ങൾപോ
ലെ അവ അമൂല്യങ്ങളും അനവദ്യ
ങ്ങളുമാണ്. ഷേക്സ്പീയരുടെ ഗീ
തങ്ങളേപ്പോലെ അവ ശാശ്വതങ്ങളു
മാണ്. ടെന്നിസനെപ്പോലെ ഹൃ
ദയം ദ്രവിപ്പിക്കുന്ന വിലാപഗീത
ങ്ങളെഴുതുവാൻ പുഷ്കിനു് കഴി
ഞ്ഞിരുന്നു. ഹിമാതപമധ്യേ കാ
ടിക്കൊണ്ടിരിക്കുന്ന ഹിമശൈലവും,
അതിനിടയിൽ മുങ്ങിപ്പൊങ്ങുന്ന
കുതിരകളും, ഹിമച്ചുഴലിയും, വിട്ട
തായിൽ നിന്നും കുലിച്ചുവരുന്ന
മണിനാദവും മറവും മറവും അ
ല്ലൻ പോയ്മറഞ്ഞുപോലും അസൂയ ജ
നിപ്പിക്കുന്ന സുന്ദരസങ്കേതങ്ങളാ
ണ്. 'റഷ്യയെ ദ്വേഷിക്കുന്നവരോടു
എന്ന ദേശീയഗാനങ്ങളിൽ സ്ഫു
രിച്ചുനിൽക്കുന്ന ദേശാഭിമാനവും
അവകാശബോധവും അതുപോലെ ഹൃ
യത്തെയാണ് ആവർജ്ജിക്കാതെ!

ചെറുകവിതകളിൽവച്ചു് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളതു് "പ്രവാച
കനാ"ണ്. ഇതുപോലെ മഹോന്നത
മായ ഒരു പ്രതിഭാസങ്കേതത്തിലേ
യ്ക്കു പുഷ്കിനെമാത്രമേ ഉയരാൻ ക
ഴിയൂ എന്നു ആ കവിത വിളിച്ചുപ
റയുന്നില്ലെ എന്നു തോന്നിപ്പോകും.
ഭാവപ്രകടനത്തിൽ മിൽട്ടനേയും
ശ്രവ്യോജ്ജ്വലതയിൽ ഡാന്റെയും
അതു് പിന്നിലാക്കുന്നു. അക്ഷര
ങ്ങളും സ്വരമേളനത്തിൽ സാധു
ത്യം പ്രാപിക്കുന്നു. അവയെല്ലാം
റഷ്യൻഭാഷയിലെ ഹെക്കലീസ്
സ്തംഭങ്ങളാണ്. റഷ്യൻ ജീവാ
ക്ഷരങ്ങളേയും വ്യഞ്ജനങ്ങളേയും
ഇതുപോലെ അനുപ്രാസമായി കോർത്തി
ണക്കുന്ന സംഗീതധ്വനി പുറപ്പെട്ട
വിക്കുവാൻ അക്കാലത്തെ കഴി
ഞ്ഞിട്ടില്ല. മഹാകവി ചങ്ങമ്പുഴ
യെ കേരളത്തിലെ പുഷ്കിൻ എന്നു
വ്യവഹരിച്ചിട്ടുള്ളതു് എത്രയും അ
നുചിതമാണ്.

അനാവശ്യമരണം

പുഷ്കിന്റെ മരണത്തിനു് കാര
ണമായിതീർന്ന സംഭവം 1837 ലാ
ണുണ്ടായതു്. ഹെക്കറെൻഡാൻറെ
ഒരുന്നത കാവൽക്കാരനും അയാ
ളുടെ ഭാര്യയും തമ്മിൽ ഉല്ലാസമാ
യി കഴിയുകയായിരുന്നു. പുഷ്കിനു
ചേരില്ലാത്ത ഒരു കണ്ണുകിട്ടിയ
പ്പോൾ അതു് ഡാൻറെയുടേതാണെ
ന്നു് ധരിച്ചു പ്രകോപനപരമായ
രീതിയിൽ അതിനൊരു മറുപടി
അയച്ചു. അവസാനം ഈ വിരോ
ധം അന്നത്തെ സമ്പ്രദായമനുസരി
ച്ചു് ഒരു ദ്വന്ദ്വയുദ്ധത്തി
ലാണ് ചെന്നു കലാശിച്ചതു്. 1837-ഫെബ്രുവരി 27-നാ
ണ് ഈ ദ്വന്ദ്വയുദ്ധം നടന്നതു്. അതിൽ പുഷ്കിനു് മാരകമായ മുറിവേറ്റു. മേൽഹാലസ്യത്തിൽ നിന്നും ഉണർന്നപ്പോൾ പുഷ്കിന്റെ കോപം വീണ്ടും പത്തിവിട്ടുയർത്തി വീണ്ടും പോരിനു തയ്യാറായി. എതിരാളിയെ ഒന്നുടച്ചുപ്പോഴേക്കും അദ്ദേഹം സന്തോഷംകൊണ്ടു് വിളിച്ചു കൂവി. പക്ഷേ പ്രതിയോഗിക്കു് അതിനുള്ള നിസ്സാരമായിരുന്നു. നാല്പതുമണിക്കൂർ നേരമുണ്ടായ തീവ്രവേദനയ്ക്കുശേഷം ആ യുവധീരൻ 29-നുതീയതി മരിച്ചു. ആത്മം ഉടൻതന്നെ പ്രതിക്രിയ ചെയ്യണമെന്നു അദ്ദേഹം ആഗ്രഹിച്ചില്ല. മരിക്കുമ്പോൾ പുഷ്കിനു് 37 വയസ്സു കഴിഞ്ഞിരുന്നു. ഒരു വലിയ ചെറു ജീവിതം. റഷ്യൻ ഭാഷാസാഹിത്യത്തിലേക്കു ഒരു കൊടുങ്കാറ്റുപോലെ എല്ലാ രംഗങ്ങളിലും നിർഭയം കടന്നുചെന്ന ആ അനുപമൻ ഇങ്ങിനെ അനാവശ്യമായി മരിക്കുമെന്നു ആരും വിചാരിച്ചുകാണുകയില്ല.

(അവലംബം Maurice Baring Etc;)

രോഗശാന്തിക്കും ശരീര രക്ഷയ്ക്കും അത്യുത്തമം ആയുർവ്വേദമരുന്നാണ്

പക്ഷേ, മരുന്നുകൾ വാങ്ങുമ്പോൾ ശ്രദ്ധിക്കാത്തവർ നിശ്ചയമായും നിരാശരാകും

യാതൊരു കലർപ്പും കൂടാതെ വിധിപ്രകാരം തയ്യാർ ചെയ്തതും വൃത്തിയായി സൂക്ഷിച്ചിട്ടുള്ളതുമായ മരുന്നുകൾ എവിടെ കിട്ടുമെന്നുള്ളതാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടതു്. ഒരിക്കലും നിരാശ നേരിടാതിരിക്കണമെങ്കിൽ ഔഷധനിർമ്മാണത്തിനു് സ്വർണ്ണമെഡൽ കീർത്തിമുദ്ര നേടിയ

ആറന്മുൾ ശ്രീകൃഷ്ണാ ഫാർമസിയിലെ

പരിശുദ്ധമായ മരുന്നുകൾ വാങ്ങുക.

തിരുവനന്തപുരം ആയുർവേദ കോളേജ് മെയിൻറോഡരുകിലുള്ള ഞങ്ങളുടെ

ബ്രാഞ്ചു് സന്ദർശിക്കുവിൻ

N. B. രോഗികളെ സൗജന്യമായി പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതിനു പാർപ്പും പാകതയും ചികിത്സാനൈപുണ്യവും തികഞ്ഞ ഒരു വൈദ്യൻ സദാ ബ്രാഞ്ചിൽ ഉണ്ടായിരിക്കും.

ബി. എൻ. ശ്രീധരൻനായർ,
(പ്രൊപ്രൈറ്റർ)

KSC

ചെറുകഥ

★ അഭിസാരിക ★

എ. മുഹമ്മദ് ജവാദ്

രാത്രിയുടെ രണ്ടാം യാമം. അതു കാലത്തിലെങ്ങോ നിന്ന അന്ധിളി, ത്രിമിര പൊൻനിറത്തിലുള്ള അതിലോലമായ ഉടയാടയണിയിക്കുകയാണ് സവ്വാലങ്കാരഭൂഷിതയായ അഴകൊഞ്ച ഒരു യുവതിയെപ്പോലെ പ്രകൃതി ഒരുങ്ങിനിൽക്കുന്നു. മുഗ്ധസങ്കല്പങ്ങളുണത്തുന്ന അന്ധകാരം പുറപ്പിടിക്കാൻ കട്ടിയുള്ള മൂടൽമഞ്ഞ് സാഹസപ്പെട്ടുകയാണ്. മൂടൽമഞ്ഞ് നിലാവിലലിഞ്ഞ്, വഴിയരികിൽ നിൽക്കുന്ന മരങ്ങളുടെ ചില്ലകളിൽ നിന്ന് ഇറ്റിറ്റ് വീണുകൊണ്ടിരിക്കുന്നു.

സിനിമകഴിഞ്ഞ് ഞങ്ങൾ ലാഡ്ജിലേയ്ക്ക് മടങ്ങുകയാണ്. തെരുവുവിളക്കുകൾ അണഞ്ഞുകഴിഞ്ഞു. വഴിയിലെങ്ങും ആരുമില്ല. ഞങ്ങൾ നടക്കുന്ന പാതയിൽ, നിലാവും നിഴലുംപോൽന്ന് ശഹനങ്ങളായ ചിത്രപ്പണികൾ നടത്തിയിരിക്കുന്നു. എങ്കിലും സുഹൃത്ത് ഒരു തിരികെഞ്ഞ വായാടിയെപ്പോലെ സംസാരിക്കുന്നുണ്ട്. പ്രശസ്തനായ ഒരു വിമർശകന്റെ പാടവത്തോടെ അയാൾ സിനിമയെക്കുറിച്ച് അഭിപ്രായം പറയുന്നു. ഇടയ്ക്കിടയ്ക്ക്, ഞാൻ മൂളിക്കൊണ്ടിരുന്ന ഏതു കെണ്ടോ എനിക്ക് ഉന്മേഷം തോന്നിയില്ല എങ്കിലും ഹൃദയത്തിന് വല്ലാത്ത ഭാരമനുഭവപ്പെടുന്നു.

ഞങ്ങൾ പ്രധാന തെരുവുവിട്ടു. ഒരു കൊച്ച് കാട്ടാറ് പോലെ നീണ്ട് വളഞ്ഞുപോകുന്ന നടപ്പാത, ഇരുവശത്തുമുള്ള വീടുകൾ ഉറങ്ങുകയാണ്. അസഹ്യമായ വേദനയാൽ കരയുന്നതുപോലെ മരങ്ങൾ മഞ്ഞുള്ളികൾ പൊഴിക്കുന്നു. നിലത്തെ പുൽത്തകിടികൾ നനയ്ക്കാൻ കിടക്കുന്ന സർവത്ര നിശ്ശബ്ദം.

പുറകിൽനിന്ന് ഒരുകൂട്ടമാളുകളുടെ ഒച്ചയോടുകൂടിയ സംഭാഷണങ്ങൾ കേട്ടുതുടങ്ങി. അവരുടെ താളംതെറ്റിയ ഗാനങ്ങളും, ക്രൂരവും, വിളിയും കൂട്ടിക്കുഴഞ്ഞ് നിശ്ശബ്ദതയെ വെല്ലുവിളിച്ചു. പുറകോട്ട് തിരിഞ്ഞുനോക്കി, എന്റെ സുഹൃത്ത് പറഞ്ഞു: —

"ഫാക്ടറിതൊഴിലാളികളാ..... ഷിഫ്റ്റ് കഴിഞ്ഞ് വരുന്നതാ....."

അവർ ഞങ്ങളെ കടന്നുപോയി. ഞാൻ ശ്രദ്ധിച്ചു. നിശ്ശബ്ദതയെപ്പോലെ തീരാത്ത ഒരു ക്ഷീണയാത്ര മിക്കവാറും അളുകളുടെ കൈത്തണ്ടകളിൽ ചോറുപാത്രങ്ങൾ തൂങ്ങിക്കിടപ്പുണ്ട്. മതാഴിലാളികളായിരിക്കും. ഒന്നോ രണ്ടുപേർ ഞങ്ങളെ സൂക്ഷിച്ചു നോക്കി.

"വല്ലാത്ത തണുപ്പ്....." പറയാൻവേണ്ടി ഞാൻ പറഞ്ഞു

ഞങ്ങൾ അടുത്തുള്ള കാവിനരികെ എത്തിയിരുന്നു. അതു കടന്നുകടന്ന് ഒച്ചല്പമിടത്താണ് ലാഡ്ജ്. നാകപ്പോകത്തെ ഒരുദ്യാനത്തിന്റെ മദ്ധ്യത്തിൽ ആ കാവ് ഭീമാകാരിയിൽ പടുത്തുയർന്നു നിൽക്കുന്നു. പൂക്കളുടെ പരിമളം എങ്ങുനിന്നോ ഒഴുകിവരുന്നു.

ഞങ്ങളുടെ മുമ്പേ പോയ അളുകളുടെ ബഹളങ്ങൾ പെട്ടെന്ന് നിലച്ചു. കൂട്ടത്തിലാരോ പറയുന്നതു കേട്ടു:

"ഇവിടെ ഒരു യക്ഷിയുണ്ട്...."

ഞങ്ങൾ കാവിന് കുറുകെ പോകുന്ന വഴിയിലെത്തി. അവ്യക്തമായ ഒരു ഭീതി എന്നെ ഗ്രസിച്ചിരുന്നു. തിങ്ങിനിൽക്കുന്ന മരങ്ങളും അവയിൽ പടർന്നു കയറിക്കിടക്കുന്ന ലതകളും നിറഞ്ഞ ആ മലക്കാവിനുള്ളിൽ, മയപ്പെടുത്തുകയും എന്തോ കൂടിയിരിക്കുന്നതായി എനിക്കു തോന്നി.

"എന്തും യക്ഷിയാ?....." മറാരോ ചോദിച്ചു. ആ ചോദ്യത്തിന് അർത്ഥംവച്ച സ്വരമുണ്ടായിരുന്നു.

"ഇപ്പം കാണാം....."

ഞാൻ അതു കേട്ടു. അത്ഭുതകരമായ ഒരു കാഴ്ചകാണാൻ എന്റെ കണ്ണുകൾ ഒരുങ്ങി

ആ മലക്കാവിന്റെ മദ്ധ്യത്തു ഇടിഞ്ഞുപൊളിഞ്ഞ ഒരു ക്ഷേത്രമുണ്ട്. പ്രകൃതിയുടെ ശക്തികളെ എതിർത്തുനില്ക്കാൻ കെല്പില്ലാതെ അതു തകർന്നുനിലംപതിച്ചിരിക്കുന്നു. അതിനടുത്തെത്തിയപ്പോൾ ആരോ നീട്ടി ഒരു മൂളംവിളിച്ചു. അതിനെ നിശ്ശബ്ദത വിഴുങ്ങി

"അവളുറങ്ങുവാ....."

വീണ്ടും ഒരു മൂളം മുഴങ്ങി. ക്ഷേത്രത്തിൽ ഒരു മുളപോലെ വീണ് കിടന്നിരുന്ന നിഴൽപ്പാടുകളിൽനിന്നും ഒരു സ്ത്രീരൂപം ഇറങ്ങിവരുന്നതു ഞാൻ കണ്ടു യക്ഷിതന്നെ. ഗന്ധർവ്വലോകത്തിന്റെ പ്രതീതിയുണ്ടാക്കുന്ന ആ മലക്കാവിൽ, നിലാവിലേയ്ക്ക് അവളിറങ്ങിവന്നു.

"ആരാ?.....യക്ഷി ചോദിച്ചു.

ഒരു കൂട്ടച്ചിരിയാണ് അതിനുത്തരം പറഞ്ഞതു. ആരും തിരിഞ്ഞുനിന്നില്ല. ഞങ്ങൾ നടന്നു.

"ഇന്നാരേം കിട്ടീട്ടില്ല...."ഞങ്ങളുടെ മുമ്പിൽനിന്ന് ഒരാൾ പറഞ്ഞു. അതിനു അംഗീകാരം നൽകിക്കൊണ്ട് വീണ്ടും കൂട്ടച്ചിരി പൊങ്ങി. വഴിയരികിലെ തരുക്കളും ലതകളും ഞങ്ങളെ കാഴ്ചയിൽനിന്ന് മറച്ചു.

"അതിനിപ്പം എന്തുവേണം?...." ഒരുസ്വപ്നംപോലെ അവൾ ആ ചോദ്യം തൊടുത്തുവിട്ടു

"ഒന്ന്....." കൂട്ടത്തിലാരോ പ്രതിവചിച്ചു. അതു മുഴുമിക്കപ്പെട്ടില്ല. അതിന് താളം പിടിച്ചുകൊണ്ട് പരിഹാസവും നിറഞ്ഞ കൂട്ടച്ചിരി ഉയർന്നു.

"ഒച്ചാണയൊരെണ്ണങ്കി വരിനെടാ....."

അവൾ വെല്ലുവിളിക്കുകയാണ്. ഞാൻ മൂളിപ്പോയി സപ്തസ്വരങ്ങളും ഉറഞ്ഞുന്ന രാത്രിയിൽ ഒരു സ്ത്രീ പുരുഷവർഗ്ഗത്തെ വെല്ലുവിളിക്കുന്നു.

ആരുടെയും നാവ് പൊങ്ങിയില്ല. ഉണർന്നെഴുന്നേറ്റ് നിൽക്കുന്ന സ്ത്രീത്വത്തിനു മുന്നിൽ പുരുഷവർഗ്ഗത്തിന്റെ തല താണുപോകുന്നു. ഒരു സ്ത്രീയ്ക്ക് അതുയേറെ തന്റേടമുണ്ടോ? അവൾ, പരസ്യമായി പുരുഷന്മാരെ വെല്ലുവിളിക്കുന്നു. അതേറ്റെടുക്കാൻ ആരും തയ്യാറായില്ല.

"ഇന്നാളുവരെ റയിൽവേയ്ക്വാർട്ടേഴ്സിന്റെ കടത്തിണ്ണകളിലായിരുന്ന ഒറക്കം—അവിടെ നല്ല കോളാ....."

പരാജിതരായ പുരുഷന്മാരുടെ കൂട്ടത്തിലാരോ പറഞ്ഞു. ആ ശബ്ദത്തിനു മുറുപ്പില്ലായിരുന്നു. അവൾ തുടർന്നു:

"അവിടേന്ന് പോലീസുകാരുടെ ശല്യംകാരണം ഇങ്ങ് മാറിയിരിക്കുവാ....."

ഞങ്ങൾ നടക്കുവാൻ കടന്നു. മഞ്ഞിന്റെ കണ്ണീരും തണുപ്പും ഏറിവരുന്നു. എല്ലാം മരവിച്ച് നിൽക്കുകയാണ്. ഞങ്ങളുടെ മുമ്പിൽ നടന്നുപോകുന്ന സംഘത്തിന്റെ ആത്മനിന്ദിക്കൊണ്ടിരുന്ന വികാരപ്രവാഹവും തണുത്തുറഞ്ഞുപോയി.

അന്നരാത്രി എനിക്ക് അധികനേരം ഉറക്കം വന്നില്ല. എന്റെ അന്തരാളത്തിലെങ്ങോ ഒരു സ്ത്രീ ശബ്ദം, സിംഫണിപോലെ മുഴങ്ങിമാറ്റൊലിക്കൊള്ളുന്നു.

"ഒച്ചാണയൊരെണ്ണങ്കി വരിനെടാ....."

ആ ശബ്ദത്തിനു വല്ലാത്ത തേൻതുടുപ്പുണ്ട്. അതിന്റെ ഉടമസ്ഥയ്ക്ക് പുരുഷവർഗ്ഗത്തോട് കഠിനമായ അവജ്ഞയാണുള്ളതു. ഒരു സ്ത്രീയെ അങ്ങനെയൊരു സ്ഥിതിയിലെത്തിച്ചേർക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് ഞാനാലോചിച്ചു.

അവളൊരഭിസാരികയാണ് അതെന്നും എന്തെന്നും നിശ്ചയമില്ലാത്ത പുരുഷന്മാരുമായി അവൾ ബന്ധത്തിലേർപ്പെടുന്നു. ആ ബന്ധത്തിലൂടെ അവൾ മാംസത്തിന്റെ ചൈതന്യം നിലനിർത്തുന്നു. ചൈതന്യമുള്ള മാംസത്തിന് വിലക്കാരുണ്ട്. പരസ്യമായി അവൾ ആ വില്പന നടത്തിക്കൊണ്ടിരിക്കുന്നു.

എത്രകൊണ്ടോ, പലപ്പോഴും ഞാനവരെ അന്വേഷിച്ചു. അമ്മയ്ക്കാവിന്റെ മുറ്റത്തുകൂടി കടന്നുപോകുമ്പോൾ എന്റെ കണ്ണുകൾ അറിയാതെയോടുകൂടി അവളെ തിരയും. നിലാവുപരന്നൊഴുകുന്ന നിശ്ശീമയരാവുകളിൽ ഏകാന്തനായി എന്റെ മുറിയിലിരുന്നു് ഞാൻ അവളെ ഓർക്കും. അപ്പോൾ ഞാനറിയാതെ എന്റെ സിരകളിൽ ഒരു പൂതാലാതമേറ്റതുപോലെ തരിക്കുന്നുണ്ടു്.

അനേകം രാത്രികളും പകലുകളും ഇടവിട്ടിടവിട്ടു് കടന്നുപോയി. ഞാൻ അവളെ കണ്ടെത്തിയില്ല. അവളെകാണാൻ എന്റെ കണ്ണുകൾ കൊതിച്ചു. അവളെ മാറോടണച്ചുനിത്തി തലമുടിയിൽ തടവിക്കൊണ്ടു് അവളുടെ ജീവിതകഥ ഞാൻ ചോദിക്കും. സ്നേഹമയമായ നാണം വിട്ട കണ്ണുകളടച്ചു് അവൾ എന്റെ മാറിൽ പറ്റിനിൽക്കുന്ന ചിത്രം ഞാൻ കണ്ടു. വിടർന്ന മുണ്ടകൻ കൊണ്ടു് അവൾ എന്റെ ഷർട്ട് കടിച്ചുവലിക്കുമ്പോൾ അവളുടെ കവിളിണകളിൽ ഒരായിരം ചുംബനങ്ങളർപ്പിക്കാൻ എന്റെ ചുണ്ടുകൾ കൊതിക്കും. പക്ഷേ, ഞാനവളെ ചുംബിക്കുകയില്ല. അവളെ മാറോടണച്ചു് നിത്തുന്നതുപോലെ നിശ്ചലമാണു്. എനിക്കു് അത്ഭുതമുണ്ടായി. അത്രയേറെ നന്മയായ ഒരാൾക്കു് ഇത്രയേറെ ക്രൂരമായ വിധിയോ? എല്ലാറ്റിനും ക്രൂരതയായി ഞാനവളെക്കുറിച്ചു് ചിന്തിച്ചു.

ആ ചിന്തയുടെ പുറകേ എല്ലാം ഉറങ്ങുന്ന ഒരു രാത്രിയിൽ എന്നെ ലാവണ്ണിൽ പുറത്തു് ചാടിച്ചു. എന്റെ സുഹൃത്തുക്കൾ ഉറങ്ങുകയാണു്. ആരേയും കാണാതെ ഞാൻ പുറത്തിറങ്ങി.

നിലാവു് മങ്ങിവരികയാണു്. അമ്പിളിക്കല തേഞ്ഞുതേഞ്ഞു് ഒരു തേങ്ങാപ്പൂളപോലെ ആകാശത്തിന്റെ പടിഞ്ഞാറേക്കോണിൽ ഒളുങ്ങിക്കിടക്കുന്നു. ഒന്നും വ്യക്തമായി തിരിച്ചറിയാൻ കഴിയാത്ത വെളിച്ചമുണ്ടു്. എന്തിനോവേണ്ടി, പ്രകൃതി ശ്വാസമടക്കി കാത്തുനിൽക്കുന്നു

ഒരപരാധബോധം എന്നെ പിടികൂടി ജീവിതത്തിലൊരിക്കലും ഒരു സ്ത്രീയെ ഞാൻ തൊട്ടിട്ടില്ല. സ്ത്രീകളുടെമുമ്പിൽ എന്റെ പരുഷവും ധൈര്യവും നിഷ്പ്രഭമായിത്തീരുന്നതെന്തുകൊണ്ടാണെന്നു് എനിക്കു് കഴിഞ്ഞിട്ടില്ല. സ്ത്രീ, എന്റെ സങ്കല്പലോകത്തിൽ ഏഴുനിറമുള്ള മഴവില്ലിന്റെ മാദകഭാവം പ്രസരിപ്പിച്ചിരുന്നു. എന്റെ സങ്കല്പത്തിനിണങ്ങുന്ന സ്ത്രീകളെ ഞാൻ കണ്ടിട്ടില്ല. എന്നെ ഏറ്റവും ക്ഷുഭിതൻ ആകർഷിച്ചിട്ടുള്ള സ്ത്രീകളെക്കുറിച്ചു് എനിക്കോർമ്മയില്ല. ഓർമ്മ വച്ച കാലംമുതൽ, ഒരു സ്ത്രീയുടെ നേർക്കുണ്ടാകാവുന്ന എല്ലാ വികാരങ്ങളെയും ഞാൻ തെരിച്ചുമത്തിക്കൊണ്ടിരിക്കുകയാണു്.

നടക്കാവിലെത്തിയപ്പോൾ, ഒരേയൊരു ചിന്ത എന്നെ വേട്ടയാടിക്കൊണ്ടിരുന്നു. അവളെ ഞാനെങ്ങനെ അഭിമുഖീകരിക്കും?.... ഉപയുക്തകരമായ ഉത്തരം എനിക്കില്ല. ഉത്തരം കണ്ടുപിടിക്കാൻ വേണ്ടി കാത്തുനിൽക്കേണ്ട സമയമല്ല അതു്. ഒന്നുകിൽ ഇടിഞ്ഞുപൊളിഞ്ഞ ക്ഷേത്രത്തിനകത്തേക്കു് കടക്കണം, ഇല്ലെങ്കിൽ ലാഡ്ജിലേക്കു് മടങ്ങണം.

ഞാൻ നടന്നു. പൊളിഞ്ഞിറിച്ചു്;: നിലത്തെ പൂൽത്തകിടിയിൽ വീണുപോയ ഒരു പൊന്നരഞ്ഞാണംപോലെ നടപ്പാത നിലാവിൽ തെളിഞ്ഞു കിടക്കുന്നു. ആകാശത്തു്, അമ്പിളിക്കല തെളിഞ്ഞുവന്നു. അതു എന്നെ നോക്കി പരിഹാസം നിറഞ്ഞ മന്ദഹാസം ചൊരിയുന്നതായി എനിക്കു തോന്നി ഭൂതലം, ആ മന്ദഹാസം ഏറ്റുവാങ്ങി സർവ്വത്ര വ്യാപരിപ്പിക്കുന്നു. ഒരു ചരിത്രാവശിഷ്ടംപോലെ ഇടിഞ്ഞുപൊളിഞ്ഞ ക്ഷേത്രം എന്റെ മുന്നിൽ നിൽക്കുന്നു

അപ്രമാദനാതീതമായ ഒരു ദർപ്പത്തോടെ എന്നെ ഗ്രസിച്ചു. എങ്ങുനിന്നോ മനുഷ്യശബ്ദം കേൾക്കുന്നില്ല. അവിടം അമ്പിടെയില്ലായിരിക്കും.... അതോ, ഉറക്കമായിക്കഴിഞ്ഞിരിക്കുമോ?....

പെട്ടെന്നു് നല്ല മുട്ടുള്ള എന്തിലോ ഞാൻ ചവുട്ടി കാലു് ഒരാള്ളിനിടുന്നു. ഞാൻ കാലു് വലിച്ചെടുത്തു. മുട്ടുള്ള ചായ്പ്!....അതോ അട്ടപ്പുകുട്ടി തീകത്തിച്ച ലക്ഷണമുണ്ടു്. തീ എരിഞ്ഞടങ്ങിയിട്ടു് അധികനേരമാവുകയില്ല.

അവളുടെ വിഹാരസങ്കേതമാണവിടം അവളും അവളെതേടി വരുന്നവരുമല്ലാതെ രാത്രികാലങ്ങളിൽ അതുവഴി അവിടെ സഞ്ചരിക്കാറില്ല തീ കൂട്ടിയതു് അവളായിരിക്കണം.....വല്ല അട്ടപ്പുകളിലും വേവുന്ന ആഹാരം, എവിടെയെന്നും എങ്ങിനെയെന്നും നിശ്ചയമില്ലാതെ കഴിച്ചുകൂട്ടിയിരുന്നവർക്കു് അതിനെന്തവശ്യമുണ്ടായി.....?

ഞാൻ ക്ഷേത്രത്തിന്റെ ഇടിഞ്ഞ മുഖവരിനടുക്കലെത്തി. എന്റെ കണ്ണുകൾ അവിടമെല്ലാം പറന്നു് നടന്നു.

കരിയിലകളേതിനെക്കാളും നേരിയ ഒരു മർമ്മരശബ്ദം അതിനകത്തുനിന്നു് കേൾക്കുന്നതായി എനിക്കു് തോന്നി. കണ്ടുപിടിക്കപ്പെടാതിരിക്കാനുള്ള കരുതലോടെ ഞാൻ അകത്തേയ്ക്കു മുഖമുയർത്തി ശ്രദ്ധയോടെ വട്ടംപിടിച്ചിരുന്ന എന്റെ ചെവിയിൽ ചില ശബ്ദങ്ങൾ അലച്ചുതുടങ്ങി.

"ങ്ങളു് ന്നി എന്നെ വിട്ടേച്ചു് പോവരുതു്....."

എന്റെ ശരീരത്തിലാകെ ഒരു കോരിത്തരിപ്പുണ്ടായി. അവിടം.... ഒരു പുരുഷനോടു സ്നേഹാർദ്രമായ സ്വരത്തിൽ അഭ്യർത്ഥിക്കുന്നു.

"ഇല്ല...."

ക്ഷേത്രത്തിനകത്തു് ഇരുന്നു കിടന്ന അങ്കണത്തിൽനിന്നാണു് ആ ശബ്ദങ്ങൾ കേൾക്കുന്നതു്. ദീർഘചതുരാകാരത്തിൽ നിലാവു് അവിടെ ഒരു സച്ഛിദ്രക്കമ്പളം വിരിച്ചിരിക്കുന്നതു് ഞാൻ കണ്ടു.

പതച്ചു പൊങ്ങുന്ന വികാരവായ്പിന്റെ മുളപോലെ ഒരു സീൽക്കാരം ഉയർന്നു. അതിലമർന്നു് അവർക്കു് അല്പനേരം മിണ്ടാൻ കഴിഞ്ഞില്ലായിരിക്കണം.

"എല്ലാരും ഇങ്ങനെ പറഞ്ഞിട്ടൊണ്ടു്...." വേദന നിറഞ്ഞ സ്വരണകം ആ വാചകത്തിൽ വിതുമ്പിനിന്നിരുന്നു അതിനെക്കാളേറെ നിസ്സഹായമായ നിരാശ അതിനുണ്ടെന്നു് എനിക്കു തോന്നി. അവിടം തുടർന്നു: –

"ങ്ങളെ കണ്ട അന്നേ വിചാരിക്കുവാ, പോതിക്കാൻ....."

അവിടം എണീറ്റു് ഒരു തൂണിൽ ചാരി നിന്നു. അയാളം, അവളുടെ സമീപത്തു നിന്നു അവളുടെ അഴിഞ്ഞുലഞ്ഞു് കിടക്കുന്ന മുടിക്കെട്ടിൽ കൈവിരലുകൾ കോർത്തുവലിച്ചു. അവളുടെ ബ്ലൗസിന്റെ കെട്ടു് അഴിഞ്ഞു്, ചന്ദ്രനെ കണ്ട ഒരാമ്പൽ മൊട്ടുപോലെ അവളുടെ മുഖം ക്ലമ്പിപ്പോയിരുന്നു. അതും പരിരക്ഷ നൽകാൻ തുനിയാത്ത ആ സന്ദർഭത്തിൽ അതിന്റെ അഭിമാനവും പരിശുദ്ധതയും സൂക്ഷിക്കാൻ ഒരു പുരുഷനോടഭ്യർത്ഥിക്കുകയാണു് ആ കാറ്റു് എന്റെ ഉദ്ദീപനവികാരങ്ങളെ സ്പർശിച്ചു. അങ്ങനെയൊരു രംഗത്തിനു് സാക്ഷിയാകേണ്ടിവന്നതെന്തിനു് ഞാൻ കരുതിയിരുന്നില്ല. ദുർബ്ബലതകളുടെ ഒരു സമാഹാരമാണു് ഞാൻ മാംസവും മജ്ജയും കൊണ്ടാണെങ്കിലും, തീഷ്ണമായ വികാരങ്ങൾ എനിക്കന്യമാണു്. മൽസരം നിറഞ്ഞ ലോകത്തു്, എന്റെ സ്ഥാനം വളരെ വളരെ പിൻപന്തിയിലാണു്.

വികാരങ്ങളുടെ ഉഷ്ണമാവു് എന്നെ അവിടെനിന്നിറുത്തി ഉരിയാടാൻ അനുവദിക്കുന്ന അവസ്ഥയിൽ അതു് അലിഞ്ഞുപോകുന്നു.

"എന്നെ നിനക്കെന്തിനാ?...." കളിയാക്കുന്ന മട്ടിൽ ഒട്ടും ഗൗരവംകൂടാതെ അയാളം ചോദിച്ചു. പെട്ടെന്നു് അവൾക്കു ഉത്തരം പറയാൻകഴിഞ്ഞില്ല. ലജ്ജാപ്രിയയായ ഒരു നവോഢയെപ്പോലെ അവൾ കാലിലെ പെരുവിരൽകൊണ്ടു് ചന്ദ്രികവീണ നിലത്തുവരയുന്നതു് ഞാൻ കണ്ടു. അയാളുടെ കരങ്ങൾ വിഭ്രമാത്മകമായി അവളെ തഴുകിക്കൊണ്ടിരുന്ന അല്പം കഴിഞ്ഞു് അവൾ പറഞ്ഞു: –

"എനിക്കൊരു കുഞ്ഞു് വേണം...." അവൾ തലമെല്ലത്തിയുയർത്തി അയാളുടെ മുഖത്തുനോക്കി. അവളുടെ അഭിപ്രായത്തിലേക്കു് നോക്കി അയാൾ പുഞ്ചിരിതൂകി.

"എന്തിനാ?...." അവളുടെ ഭയം മുറ്റിനിൽക്കുന്നതെന്തിനാണെന്നു, അയാൾ ചോദിച്ചു. ആ ചോദ്യം, അവിടെ ആലോചിക്കാൻ വേണ്ടിയുള്ള ഒരു നിശ്ശബ്ദത സൃഷ്ടിച്ചു

"വളർത്താൻ....." സ്നേഹമസൃണമായ ഒരു ജീവിതാഭിലാഷം ആ വാക്കിൽ ഒളുങ്ങിനിന്നു.

അവിടെ, അങ്ങിനെ നിൽക്കുന്നതു് ശരിയല്ലെന്നു് എനിക്കു തോന്നി വികാരങ്ങൾ, വികാരങ്ങളുമായി ഇഴുകിച്ചേരുകയാണു് നിർവ്വികാരനായി, ആ കാഴ്ച കണ്ടുനിൽക്കാനെനിക്കു് കഴിഞ്ഞില്ല.

(ശേഷം 20-ാംപേജിൽ)

* ഫാത്തിമയെ കെട്ടിച്ചു

തിരുനല്ലൂർ കരുണാകരൻ

വിങ്ങിയും വിതുമ്പിയും
മെല്ലവേ വഴിമാറി
മങ്ങിയ മഴക്കാലം;
പുഞ്ചിരിച്ചെത്തീ ചിങ്ങം
ഓമനസ്വപ്നങ്ങളെ—
യോണമുണ്ണിക്കാൻ സ്വന്തം
ഗ്രാമത്തിലെത്തിച്ചേർന്നി—
താവളം നേരത്തേ ഞാൻ.
അന്തിയിൽ പടിക്കലൂ—
ടമ്പലക്കുളത്തിലേ –
ക്കഞ്ചാറു പെൺകുട്ടികളും
ക്ലേശമായ് പോയിടവേ,
ആയിരം വിശേഷങ്ങളും—
ക്കിടയിൽ പറഞ്ഞമ്മ:
"നീയറിഞ്ഞില്ലേ മോനേ?
കെട്ടിച്ചു പാത്തുമ്മയെ"
സൈനബയല്ലേ മൂത്ത"—
തെന്നഞാൻചോദിച്ചപ്പോളും
ശ്രദ്ധിച്ചതേയില്ലമ്മ
—ഞാനെന്തിനറിയണം!
ഏഴീതീ മുറ്റത്തിള-
വെയിലും തൈത്തെങ്ങിന്റെ
നിഴലും പ്രതിഫലി-
ത്തകമെന്നേ ചിത്രം.
ഗ്രാമകന്യകമാർ തൻ
ശാന്തവും നിലാവിന്റെ
യേതനത്വവും ചേർന്ന
സ്വത്തമാട്ടമാർവിൽ
പേർത്തുമേ വരച്ചെന്റെ
മയങ്ങും സങ്കല്പങ്ങളും
ഫാത്തിമയുടെ നവ-
ഭാസ്വത്സ്വപ്നാലം.
ഏതു സുന്ദരനാണാ-
യഴകിൻ തിടമ്പിന്റെ
പ്രേമസാമ്രാജ്യത്തിന്റെ
റാണിയാക്കിയതാവോ!
ആ വധുവരന്മാരെ-
പ്പെന്നുകണ്ടോത്സ്മയ്
ഭാവുകമാശംസിക്കാ-
നെൻകരം കൊതിയ്ക്കുന്നു.
പട്ടച്ചെങ്കുപ്പായവും
പൊന്നൊളിക്കസവാന്ന
തൊപ്പിയും നീലക്കാച്ച-
മുണ്ടുമങ്ങനെ ചാർത്തി
മിന്നിട്ടും പുലരിപ്പൊ
ന്നുള്ളികണ്ണാൽ മൊട്ട-
ക്കുന്നിന്റെ ഹൃദയത്തിൽ
ജീവിതം വിടർത്തുമ്പോഴും
ജീർണ്ണിച്ചപത്രങ്ങളും
പൂക്കളുംചിതറി സ-
ങ്കീർണ്ണമായ്കിടക്കുന്ന
നാട്ടുപാതയിലൂടെ
ഉറക്കച്ചടവാന്ന
ഞാൻനടക്കുകയായീ
പതുക്കെയലിക്കാറാ
തന്നടെ കുടിൽനോക്കി.
പഴയോലകൊണ്ടുകൊ
കെട്ടിയപുത്തൻചായ-
ക്കടയ്ക്കടിലിരിപ്പൂ
യന്നബന്ധംപോൽകണ്ടു.
കട്ടകളടുക്കിവ-
ച്ചുയരെപ്പുകകു-
ളിട്ടതാം ഖബറിൽ ജീവി
താധ്വാനവീര്യം നേടാൻ
ബീഡിയും വലിച്ചുകൊ-
ണ്ടിരിപ്പൂ ക്ഷീണിച്ചുടി-
ച്ചൂട്ടുചായയും കാത്തു
നാലാമതൊഴിലാളർ
ചാടിയോടുകയായെന്റെ
കണ്ണുകളുടനക്കു;
പീടികയ്ക്കുള്ളിൽ കൊച്ചു-
ഫാത്തിമയ്ക്കുള്ളിൽ നിൽപൂ.
കവിളും കഴുത്തും മാറു—
മല്പമായ്കൊഴുത്തിട്ടു;-
ണ്ടവളിൽ തിളങ്ങുന്ന
ഭാസ്വത്സംതൃപ്തികൾ.
തലയിൽ നാലഞ്ചായി
മടക്കിയൊതുക്കിയ
കവണിയൊരു വെള്ള-
പ്പുക്കിരീടം പോലിട്ടു,
മുട്ടോളം കുപ്പായക്കൈ
തെറുത്തുവച്ചും, കാച്ച-
മുണ്ടിന്റെ തലപ്പൊന്നു
ചൊരുവിക്കുത്തിക്കൊണ്ടും
പാതുങ്ങിയും മെഴുക്കയ-
ന്നോമലാം തിട്ടകത്തിൽ,
പാലട്ടപ്പിലും കൈകളും
ചെല്ലുന്ന ക്രമേണക്കൂടെ
നിന്നഞാൻ കുറേനേരം
മാറത്തു; പെട്ടെന്നെന്ന-
ക്കണ്ടുപോയവൾ, നാണം
കണ്ണുപൊത്തുവാൻ പെണ്ണ.
കവണിത്തുമ്പാലവ —
ളെന്തിനോ മുഖംതുത്തു,
കവിളിൽ കരിയില്ല,
കൺകളിൽ പൊടിയില്ല!
"ആരോടുമിപ്പോ—
ളുരിയാടുകയില്ല കണ്ടാ,
ലാരുമില്ലയോ വീട്ടി—
ലാണുങ്ങൾ?" ഞാനാരാഞ്ഞു
"ബാപ്പയിന്നലെയെങ്ങോ
പോയതാ", ണവളോതി;
"ബാപ്പപോയ്പ്പോട്ടേ, പൂതി—
യാപ്പിള?" ഞാൻ ചോദിച്ചു.
തേയിലപ്പാനയ്യുമ്മി—
ലാവിപോലുയരുന്ന —
ന്നായിരം വികാരങ്ങ —
ളവർതൻ ഹൃദയത്തിൽ.
"കാണണോ, വരുമിപ്പോ,"—
ഴാനതമുഖിയാകെ-
മാനവോദ്ധ്യാളുടെ
ലജ്ജയിങ്ങനെ ചൊല്ലി.
പൂവണിഞ്ഞല്പം ദൂരെ
മാറത്തുനിൽക്കുന്നതാം
പൂവാലും ചരിതാ-
നിത്തിരി നേരംനിന്നു.
അന്നത്തെ ജോലിക്കുള്ള
വഴിയും ചിന്തിച്ചുകൊ-
ണ്ടങ്ങോട്ടമിങ്ങോട്ടമായ്
പിരിഞ്ഞു പതിവുകാർ.

---

* [മുസ്ലീം ലക്ഷത്തിൽ പ്രസിദ്ധപ്പെടുത്തിയ 'ഇരുണ്ട നാട്ടുവഴി'യുടെ രണ്ടാംഭാഗം.]

"ഉരെനിൽക്കുന്നോ? ചായ
കുടിക്കാറില്ലേ?" ലജ്ജാ-
ധീരയാമവളെന്നെ
ക്ഷണിച്ചും പലവട്ടം.
എങ്ങനെ നിരസിക്കാൻ
സ്നേഹപോലുപയാമ-
പ്പെങ്ങൾതൻ ക്ഷണം? ഞാനാ-
സ്നേഹത്തിലലിഞ്ഞുപോയ്.
രചന്നിരുന്ന ഞാൻ ജനിൽ,
നാണിച്ചുനാണിച്ചുവരം
മുന്നിലായ് പലഹാരം
കൊണ്ടുവെയ്ക്കുകയായി
അലിയും പഞ്ചാരയാൽ
തേയിലവെള്ളത്തിനും
ചിരിയാൽ കരളിനും,
മധുരംപകരുന്നോമൽ.
"രസമനുഭവിയ്ക്കുന്നോ?" ഗ്ലാസ്സിൽ
തുണ്ടുപ്പിച്ചും കൊണ്ടു
മനോജ്ഞമനം ചെയ്യാൻ
വെമ്പലോടോമിച്ചുഞാൻ
അപ്പുറത്തുകടന്നു —
ജോലിചെയ്യുകയാണെ-
ന്നത്തരം പറഞ്ഞപ്പോഴും
നൊന്തിരുന്നവൾക്കുള്ളം,
"എങ്ങനെയിരിക്കുന്നു
കെട്ടിയോൻ? പ്രതീക്ഷിച്ചി-
ല്ലെങ്ങനെ ചോദിക്കുമേ;—
നോമലാം മുഖം താഴ്ത്തി.
"സ്നേഹമുള്ളവനാണോ"
തിരുത്തിപ്പറഞ്ഞു ഞാൻ;
മൂകയായവളും
കേട്ടതായ് നടിച്ചില്ല.
ചെറുതായനുജത്തി-
ക്കുണ്ടുകൾ മന്ത്രി "ചെറ്റൻറെ
കരളാ' ണഴകിൽ
കണ്ണുകൾ വികസിച്ചു
"താത്തായെക്കെട്ടാനാണു
വന്നതു പുരികാര-
നാകൃതേ,യെന്നാലെന്നി
ലായ'തന്നന്നേ നോട്ടം."
പാതിയെന്നോടും പാതി-
യാരോടമല്പാരുതും
ഫാത്തിമവിവരിച്ചു
കെട്ടിൻറെ പിന്നാമ്പുറം.
"ഉമ്മാവരുന്നല്ലോ" ദൂര-
ത്തേക്കവൾ വിരൽചൂണ്ടി;
ചായക്കൂട്ടുവാൻ തിര-
ക്കിട്ടിടൻ പുറപ്പെട്ട
വരുതു കയ്യിൽചോര
വാരുന്നാലിച്ചിട്ടുമാട്ടിൻ
തലയുമിടംകയ്യിൽ
തോല്വുമായൊരാകുളത്തി
ലാടിനിന്നിളം കാണ്മൂ,
മെലിഞ്ഞതത്രേ ദേഹം,
പ്രായമെത്രയാണെന്നു
പറയാൻ തരമില്ല.
ചോണനിഞ്ഞൊത്ത പച്ച-
ക്കൈലിയും കയ്യില്ലാത്ത
കീറിയ ബ്ലൌസിനു-
മാണയാളുടെ വേഷം.
വെള്ളരിങ്ങപോൽ നിണ്ട
തലയിൽ കറുമുണ്ടാ-
ലുള്ളതാരൊരുവട്ട-
ത്തട്ടിയുണ്ടിരിക്കുന്നു
ചേരിനമാത്രംകാണാ-
മിമയും പുരികവും,
നേരിയ ചെമ്പൻതാടി-
യാടിനെയേ മിപ്പിക്കും.
"ചായകൊണ്ടുവാപെണ്ണേ," തലയും തോല്പുംകുടി-
ത്താഴെവച്ചയാളംചൊല്ലി
പരുക്കൻ കണ്ഠത്തിനാൽ
അല്പവും മയമില്ലാ-
ത്തുള്ളോരാസ്വരത്തിലും
— അത്ഭുതം — സ്നേഹത്തിൻറെ
ഹൃദയസ്പന്ദം കേൾക്കാം.
അവിപൊങ്ങിടും ചായ
പകരുന്നു നൽകീടിനാ —
ളുടൻപൂർവ്വം സ്നേഹ —
പൂർണ്ണമാം ഹൃദയംപോൽ.
കൺകളാലവളുടെ
രൂപവുമധരത്താൽ
പെൺകൊടി കൊട്ടത്തോര-
ച്ചായയും കുടിച്ചുഞാനും.
ആദ്യമേയെന്നിൽ തല —
പൊക്കിയവിഷാദമി —
ക്കാഴ്ചകണ്ടപ്പോഴാന —
ന്ദാശ്രുധാരയായ് മാറി.
ഒട്ടിട സംസാരിച്ചു
ഞങ്ങളന്യോന്യം, തൻറെ
കെട്ടിയോളുടെ കഥ-
യായിരുന്നധികവും
കുത്തുവാക്കുകളാലും
ക്രൂരകൺമുനയാലും
വർത്തമാനത്തിൽ പുതു
കൊണ്ടിതാസന്ധേര്യവും
പത്തുനാഴികയോളം
പുലർന്നു, വഴികളിൽ
കനിനിൽക്കുന്നുവെയിൽ;
പോരുവാൻ സമയമായ്
ഞാനിറങ്ങവേ, ചൊറ-
ക്കുതകിന്നിടയ്പ്പെടെ
സൈനബയുടെ ശോക-
ണ്ട

(18-ാംപേജിൽ നിന്നും തുടർച്ച)

അയാളുടെ കരവലയത്തിൽ അവളൊതുങ്ങി. അവളുടെ ഉയർന്ന മാറിടവും, മാംസളമായ ശരീരവും അയാളുടെ പിടിയിലമർന്നു കഴിഞ്ഞു. അയാളുടെ പിടി ഇളകുന്നതു ഞാൻ സൂക്ഷിച്ചു. രണ്ടുപേരും രണ്ടിടത്തേയ്ക്ക് മാറിനിന്നു.

സ്വന്തം മാംസത്തിലും മജ്ജയിലും വളർന്ന ഒരു ജീവിതാഭിലാഷം, പൂർത്തീകരണത്തിനുവേണ്ടി അവൾ ആ പുരുഷൻറെ മുമ്പിൽ സമർപ്പിച്ചു. വികാരങ്ങളുടെ വേലിയേറ്റത്തിൽ, പലതും വിസ്മരിക്കപ്പെട്ടിരുന്ന പുറംപാടുകൾക്ക്, അവളുടെ അഭ്യർത്ഥന വല്ലാത്ത ശക്തിയുണ്ടാക്കി. വികാരങ്ങളുടെ താമരതണ്ടു് അയയുവാനോ പൊട്ടാനോവേണ്ടി വലിഞ്ഞുമുറുകി.

അവൾ നിലത്തൊരു കീറപ്പായ് വിരിച്ചു. അതിൻറെ തലയ്ക്കൽ, ഒരു പഴയ മുണിക്കെട്ട് എടുത്തുവച്ചു എന്നിട്ട്, ഒരക്ഷരം ഉരിയാടാതെ അവൾ അതിൽ ഒരു തല മാറിക്കിടന്നു. അവൾ നിശ്ശബ്ദമായി അയാളെ ക്ഷണിക്കുകയായിരിക്കണം. ആ ക്ഷണനത്തിനു് പിന്നിൽ ഒരു രാത്രിയിലെ വികാരങ്ങളുടെ മുട്ടം, നാണയങ്ങളുടെ കിലുക്കവുമല്ല മുള്ളത്.

കഴിഞ്ഞുപോയ ഒരു ജീവിതത്തിൻറെ പുറങ്ങൾ അടുക്കിയെടുക്കാനുള്ള ആവേശം അതിനുണ്ടായിരുന്നു.

എൻറെ വികാരങ്ങൾ വാക്കുകളിലില്ലാതെപോയി. അനിഷ്ടിതമായ മരവിപ്പുകൾ എൻറെ സിരകളെ ഉറഞ്ഞുപിടിപ്പിക്കുന്നുണ്ട്. അതു തുടച്ചുമാറ്റപ്പെടുത്താൻ എൻറെ മുന്നിൽ തുറന്നുകിടന്നിരുന്ന വാതിൽ അടയ്ക്കപ്പെട്ടിരിക്കുന്നു. ഉശിരിയമായ ശ്രദ്ധക്കുറവുകൊണ്ടു ഞാൻ എൻറെ ആത്മവിശ്വാസത്തെ തെറിച്ചുമാറ്റി. ഇങ്ങനെയുള്ള തെറിച്ചുമാറ്റലുകൾ രൈവികമായ തിരുത്തലുകളിലേക്കു വഴിതെളിക്കുമെന്ന മനഃശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തത്തെ ഞാനോർത്തു.

ഞാൻ മടങ്ങി. മുറിക്കകത്തു് പൊള്ളുന്ന ചൂടു് അനുഭവപ്പെടുന്ന എൻറെ ശരീരത്തിൽ വിയർപ്പു പൊടിച്ചുടങ്ങി. നിലത്തുനിന്നും ഒരു പത്രമെടുത്തു വീശിക്കൊണ്ടു് ഞാൻ കിടക്കുന്നു.

ചില സന്ധ്യാവേളകളിൽ കാറിനു് നടുവിലുള്ള ക്ഷേത്രപരിസ



ഞാനും എഴുതട്ടെ

★

ജീ. ഇന്ദിര

26-10-53-ലെ കേരളകൗമുദി ആഴ്ചപ്പതിപ്പിന്റെ പുറങ്ങൾ മറിച്ചുപോയപ്പോൾ 'വനിതാപംക്തി' എന്ന ഒരു പുതിയ തലക്കെട്ട് കണ്ടു. ഞാനും ആ വിഭാഗത്തിൽപ്പെട്ടവനായതുകൊണ്ട് എന്താണ് ഇതിൽ പറഞ്ഞിരിക്കുന്നത് എന്നു ജിജ്ഞാസയോടുകൂടി നോക്കി

അയ്യോ! അപ്പോഴല്ലേ കാണുന്നത് 'വനിതാപംക്തി'യിൽ എഴുതുന്നതിന് പരയത്തക്കവണ്ണം സ്ത്രീകളാരും മുൻപോട്ടു വരുന്നില്ലെന്ന് ഞാൻ അറിയാതെ തലതാഴ്ത്തിപ്പോയി എത്രയോ ലജ്ജാവഹമായ കാര്യമാണിത്! അഭ്യസ്തവിദ്യരും സംസ്കാരസമ്പന്നരുമായ അനേകായിരം സ്ത്രീകളുള്ള നമ്മുടെ മലയാളകരയിൽ ലേഖനമെഴുത്തുകാരികളുടെ ദാരിദ്ര്യം ഉണ്ടാവുക

പക്ഷേ! എന്തുചെയ്യാം! ഞാൻ ഒരു എഴുത്തുകാരിയല്ലാതായിപ്പോയി. അല്ലെങ്കിൽ സ്ത്രീകളെ മുഴുവനും ഈ ദാരിദ്ര്യത്തിന്റെ അഗാധഗർത്തത്തിൽ നിന്നും കരകയറ്റാൻ ഞാൻ മുൻപോട്ടുവന്നേനേ.... എന്തായാലും ഈ ആപത്തിൽനിന്നു കരകയറാതെ നിവർത്തിയില്ലല്ലോ. ഞാനും ഒരു എഴുത്തുകാരിയുടെ വേഷം ധരിക്കാൻ മുതിർന്നു. പേനയും കടലാസ്സുമായി ഇരുപ്പുമായി. അപ്പോഴല്ലെ എനിക്കു പറ്റിയ അമളി മനസ്സിലായതു്. എന്തിനെക്കുറിച്ചാണ് എഴുതുക? പേന താഴെവച്ചു നിവൻകിടന്നു് കണ്ണുമടച്ചു ആലോചിക്കാനും തുടങ്ങി. ഗ്രഹപ്പിഴ നോക്കണേ "സ്നേഹനിധിയായ അമ്മ അയൽവഴി കടന്നുപോയി." എന്താ, ഈ സന്ധ്യാസമയത്തു് കിടന്നു ഉറക്കെന്നതു്? കഷ്ടമായി. 'ഒന്നുമില്ല' എന്നു പറഞ്ഞു എഴുന്നേറ്റു വീടിനു പുറം നടക്കാൻ തുടങ്ങി. ഒടുവിൽ ചിലതെല്ലാം ആലോചിച്ചുറപ്പിച്ചു വലിയ ധൈര്യത്തോടുകൂടി എഴുതുന്നതിനു് വീണ്ടും തയ്യാറായി.

ധൈര്യം തോന്നുന്നതിനു പല കാരണങ്ങളുമുണ്ടു്. ആ 'വനിതാപംക്തി'യിൽ പറഞ്ഞിട്ടുണ്ടു് "എന്തിനേയും പറ്റി എഴുതാം. ഭാഷയുടെ കുറ്റിത്തിലൊന്നും ഒതുപ്പെടേണ്ട ആവശ്യമൊന്നുമില്ല." എന്നൊക്കെ അതുകണ്ടപ്പോൾ അല്പം ധൈര്യംവന്നു.

പക്ഷേ, എഴുതാൻ തുടങ്ങിയപ്പോൾ വീണ്ടും അല്പം ഭയം ഉണ്ടായ

താരാപഥം

	രൂ.	ണ.
ഒറ്റപ്രതി ഏജൻറന്മാർമുഖേന	0	4
വാർഷികവരിസംഖ്യ	8	8
വാർഷികവരിസംഖ്യ (വിദേശത്തേക്ക്)	4	0

ആറുമാസത്തെ വരിസംഖ്യ മുൻകൂർ അയയ്ക്കേണ്ടതാണ്.

മാനേജർ,

താരാപഥം

പേട്ട, തിരുവനന്തപുരം.

അവശ്യമാണ്. എന്നാൽ കോളേജ് പഠനത്തിനു പുറപ്പെട്ടപ്പോഴും ആ പിതൃഭാഗോസംകൊണ്ട് മാവിജ്ഞാനത്തിൽ എന്തെങ്കിലും പ്രയോജനമുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ മാത്രമേ അതിനു പുറപ്പെടേണ്ട എന്നാണ് എനിക്കു തോന്നുന്നത്. അല്ലെങ്കിൽ ആ മാതാപിതാക്കളുടെ പണം എന്തിനു വെറുതെ കൊണ്ടുപോയി ആ കലാശാലകളുടെ ഭിത്തികൾക്കുള്ളിൽ എറിയണം?

ഇതുവരെ വായിക്കുമ്പോൾതന്നെ എനിക്ക് എതിരായിട്ട് അനേകം കൈകൾ ഉയരുമെന്നറിയാം. "ഹേ! നിങ്ങൾ പറിച്ചു ഉദ്യോഗത്തിനുപോയി എന്നുവച്ച്, ഉദ്യോഗത്തിനു പോകാൻ ഉദ്ദേശിക്കുന്നവർ മാത്രമേ കോളേജിൽ കയറാൻ പാടുള്ളൂ എന്നു പറയുന്നതു ശരിയാണോ? അതു വെറും സ്വാർത്ഥതയല്ലേ? നാടൊട്ടുക്ക് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ, നിങ്ങൾ എന്താണ് തിരിഞ്ഞു ഓടാൻ പറയുന്നത്?" എന്നെല്ലാം ചില സഹോദരിമാർ ചോദിക്കുമായിരിക്കും. അവരോടെല്ലാം എനിക്കു ഇത്രമാത്രമേ പറയാനൊള്ളൂ. "ഇതു് എന്റെ സ്വതന്ത്രമായ അഭിപ്രായമാണ്. നിങ്ങളും നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിച്ചുകൊള്ളുക" അതാണ് ഇവിടെയിപ്പോൾ അവശ്യവും. അപ്പോൾ 'വനിതാപഞ്ചതന്ത്രി'ക്ക് ഭാരിദ്ര്യദേവതയെ കൈവെടിയാൻ സാധിക്കുകയും ചെയ്യും. കോളേജ് വിദ്യാഭ്യാസവും കഴിഞ്ഞ് ഉദ്യോഗത്തിനു പോയി പണമുണ്ടാക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നില്ല. നാട്ടിലെ ജനങ്ങളുടെ ഉന്നതിക്കുവേണ്ടി നിങ്ങൾ എന്തെങ്കിലും പ്രവർത്തിച്ചാൽമതി. അവരവരുടെ ഗ്രാമങ്ങളിൽതന്നെ എന്തെങ്കിലും സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുക അല്പമെങ്കിലും പഠിത്തവും കഴിഞ്ഞ് പിന്നിട്ടുള്ള ജീവിതം മുഴുവൻ വെറും ഗാർഹികകാര്യങ്ങൾക്കു മാത്രം വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നവർ ഇത്രമാത്രം പണം ചിലവാക്കുന്നതു ശരിയാണോ?

ഇപ്പോൾ ചിലമാതാപിതാക്കൾ പ്രതിഷേധശബ്ദം പുറപ്പെടുവിച്ചേക്കും. 'ഹേ! നിങ്ങൾ ഇന്നത്തെ ലോകത്തിന്റെ പോക്ക് മനസ്സിലാക്കുന്നില്ലെന്നു തോന്നുന്നു. പെണ്ണിനു വിവാഹാലോചന വരുമ്പോൾ എന്തെല്ലാം യോഗ്യതകൾ ഉണ്ടായിരിക്കണമെന്നാണ് ആവശ്യപ്പെടുന്നത് എന്നറിയാമോ? സൌന്ദര്യം ഉണ്ടായിരിക്കണം മാത്രമല്ല ഉണ്ടായിരിക്കണം. മിച്ചമുണ്ടായിരിക്കണം, ബി. എ. പാസ്സായിരിക്കണം, ഹിന്ദി അറിഞ്ഞിരിക്കണം, മണ്ണാങ്കട്ട അറിഞ്ഞിരിക്കണം. ഇങ്ങനെ പോകുന്നു അതിന്റെ പട്ടിക. "പക്ഷേ, എനിക്കു തോന്നുന്നതു്, ഈ യോഗ്യതകളെല്ലാം വളരെ ചുരുക്കംപേർക്കു മാത്രമേ അവശ്യപ്പെടുന്നുള്ളൂ എന്നാണ്. മുക്കാൽഭാഗം ആളുകളുടേയും ആദ്യത്തെ ചോദ്യം ഇതായിരിക്കും "മകൾക്ക് പ്രത്യേകമായി എത്ര സ്വത്തുണ്ടായിരിക്കും? നിങ്ങൾ എത്ര പണം തരാൻ തയ്യാറാണ്?" ഈ സംഖ്യവലുതാണെങ്കിൽ പിന്നെ അവർക്ക് ഒന്നും അറിയേണ്ട. പെണ്ണ് ഹരിശ്രീ അറിയാൻ പാടില്ലാത്തവളോ ഭൂശീലയോ ഏലിയാൽ കേടിയോ എന്തുവേണമെങ്കിലും ആയിക്കൊള്ളട്ടെ. ഇതു് എഴുപത്തഞ്ചാം ഏതാണ്ടു അമ്പതുകൊല്ലം മുൻപു് 'മാതൃഭൂമി' ആദ്യപ്രതിപ്പിൽ കണ്ട ഒരു കഥയാണ് ഓർമ്മവരുന്നതു് മൂവായിരം രൂപയ്ക്കുവേണ്ടി, തൽക്കാലം ഒരക്ഷരം ശബ്ദിച്ചാൽ പൊട്ടിത്തെറിക്കുന്ന ഒരു വലിയ 'ചീനഭ്രൂണിയേ' വിവാഹം ചെയ്ത ഒരു 'പരാജിതൻ' കഥ. ഇതുവരെ പറഞ്ഞതുകൊണ്ടു ഞാൻ നിങ്ങളെയെല്ലാം "ചീനഭ്രൂണികളും ഭൂശീലകളും മറ്റുമായി കരുതുന്നു എന്നു് വിചാരിക്കരുതേ!! ഞാനും സർവ്വജ്ഞപീഠം ചവിട്ടിയിരിക്കുന്നുമില്ല. ലോകനടപ്പിന്റെ ചില വശങ്ങളിലേയ്ക്കു നോക്കിയെന്നേയുള്ളൂ. അതുകൊണ്ട് എന്റെ കൊച്ചുസഹോദരികളേ! നിങ്ങൾ അങ്ങനെ ഒരു കുഴപ്പമുണ്ടാകുമെന്നും ഭയപ്പെടേണ്ട. പോരെങ്കിൽ ഇപ്പോഴും ചില സ്നേഹമയികളായ അമ്മമാർക്ക് ഇങ്ങനെ ഒരു അഭിപ്രായമുണ്ട്. "പഠിച്ചു പെണ്ണുങ്ങൾ അടുക്കളയിൽ കയറുകയില്ല" അതുകൊണ്ടു പഠിക്കാത്തവർക്ക് അവിടെയും രക്ഷയുണ്ട്. ഭയപ്പെടേണ്ട.

ഓ! ഇപ്പോൾ പഠിച്ച പെണ്ണുങ്ങൾ എല്ലാം എന്റെ നേരെ മുഷ്ടിചുരുട്ടിത്തുടങ്ങും. നിങ്ങൾ എന്നോടു് കോപിക്കുകയും മറ്റും വേണ്ട. ഞാനും നിങ്ങളുടെ പക്ഷത്താണ്. വേണമെങ്കിൽ നിങ്ങൾ ഒരു വിജ്ഞാപനമുണ്ടാക്കിക്കൊള്ളുക. അത്യാവശ്യമെന്നു തോന്നുന്നുണ്ടെങ്കിൽ ഞാനും അതിൽ ചേർന്നേക്കാം. നമ്മൾക്ക് ഈ അഭിപ്രായം പറയുന്ന അമ്മമാരേക്കൊണ്ടുതന്നെ കാലക്രമത്തിൽ പറയിക്കണം 'ഹല്ലാ! ഈ പെണ്ണുങ്ങൾ ഇംഗരിസും മറ്റും പഠിച്ചു് ഉദ്യോഗത്തിനും മറ്റും പോയെങ്കിലും അടുക്കളപ്പണി ശ്രീ, നന്നായിട്ടറിയാല്ലൊ!" എന്താ! സഹോദരികളേ, സമാധാനമായോ?

ഇതുമായപ്പോൾ ഇതാ പൊങ്ങിവരുന്നു വേറൊരു അഭിപ്രായം. ഞാൻ എത്രയാലും അതിനേയും ഒടുക്കിത്തോട്ടുക്കുടി നേരിടാൻ തന്നെ നിശ്ചയിച്ചു. സ്ത്രീകൾ ഏതെങ്കിലും ഒരു സമയത്തു് ഉദ്യോഗവിഭാഗത്തിൽ പ്രവേശിക്കുമെന്നാണല്ലൊ നാം കരുതേണ്ടതു്. അങ്ങനെയിരിക്കെ അവർ പഠിച്ചു് ഉദ്യോഗത്തിൽ പ്രവേശിച്ചാൽ അവർക്ക് ഭർത്തൃധർമ്മവും ഒരു ഉദ്യോഗസ്ഥയുടേയും കർത്തവ്യങ്ങളും ഒരേസമയം യഥോചിതം നിർവഹിക്കാൻ സാധിക്കുമോ എന്നുള്ളതാണു്? ഞാൻ അവിവാഹിതയായതുകൊണ്ടു് എന്റെ ഇതിനെക്കുറിച്ചുള്ള അഭിപ്രായം എത്രമാത്രം ശരിയാകുമെന്നു് എനിക്കു് അറിയാൻപാടില്ല. എങ്കിലും കഴിഞ്ഞ 'വനിതാപഞ്ചതന്ത്രി'യിൽ "നിങ്ങളുടെ ഭാവനകൊണ്ടു ചിത്രീകരിച്ചാലും മതി" എന്നൊക്കെ ധൈര്യപ്പെടുത്തിയിട്ടുള്ളതുകൊണ്ടു് ഞാനും രണ്ടുവാക്കു് പറയട്ടെ. ഈ വിഷയത്തെക്കുറിച്ചു് രണ്ടു രീതിയിലും അഭിപ്രായം പറയുന്നതു് കേൾക്കാൻ ഇടയായിട്ടുണ്ട്. ചിലരുടെ അഭിപ്രായം രണ്ടുംകൂടി ഒന്നിച്ചു് ശരിയായ രീതിയിൽ നിർവഹിച്ചുകൊണ്ടു പോകാൻ വിഷമമാണെന്നും മറ്റു ചിലരുടെ അഭിപ്രായം അതിനു് യാതൊരു വിഷമവും ഇല്ലെന്നുമാണു്. ഞാൻ ഈ രണ്ടാമത്തെ അഭിപ്രായത്തോടു് യോജിക്കുന്നവളാണു്. ഇതിനെക്കുറിച്ചു് സണ്ഡേ സ്റ്റാൻഡേർഡിൽ ഇടയ്ക്കുവച്ചായി അനേകം ആഴ്ചകളും അനേകം സ്ത്രീകളുടെ അഭിപ്രായങ്ങളും ഉണ്ടായിരുന്നതു് നിങ്ങളിൽ പലരും വായിച്ചിരിക്കുമല്ലൊ? അവരെല്ലാം ഈ രണ്ടാമത്തെ അഭിപ്രായത്തോടു് യോജിക്കുന്നവരാണു്. സഹോദരികളെ, നിങ്ങളും നിങ്ങളുടെ അഭിപ്രായവും പ്രകടിപ്പിച്ചുകൊള്ളുക. എന്റെ അഭിപ്രായത്തോടു് യോജിക്കുന്നില്ലെങ്കിൽ എന്നോടു് മല്ലിടാൻ മാത്രം വന്നേക്കരുതു്. എനിക്കു് മല്ലിടുന്നതിനുള്ള കഴിവില്ലെന്നു് ഞാൻ ആദ്യമേ പറഞ്ഞിട്ടുണ്ടല്ലോ! അഭിപ്രായഭിന്നതയുള്ളവർ എന്നോടു് യുദ്ധം പ്രഖ്യാപിക്കുകയാണെങ്കിൽ ഞാൻ എന്റെ തൂലിക ഇതാ, താഴ്ത്തുവയ്ക്കുകയായി ഇനി മേലാൽ അതു് കയ്യിൽ എടുക്കുകയില്ലെന്നു ശപഥവും ചെയ്യുന്നുണ്ടാം. എന്താ! പോരേ?

— —

യോഗക്ഷേമരാഷ്ട്രം

(വി. ശശാങ്കൻ, വിളഭാഗം)

പട്ടിണിയും പരാധീനതയും വർദ്ധിക്കുംതോറും പട്ടിണിയുടേയും പരാധീനതയുടേയും കരിനിഴൽ തീണ്ടാത്ത ഒരു പുതിയ വ്യവസ്ഥിതി കരസ്ഥപ്പെടുത്തുവാൻ സമയം കാത്തുകൊണ്ടു മൂശയിൽ തിളച്ചുമറിയുകയാണെന്നു ഒരു കൂട്ടർ പ്രചരിപ്പിക്കുന്നുണ്ട്. അതു മനുഷ്യന്റെ മഴലികസ്വാതന്ത്ര്യങ്ങളുടെ മേൽ നിയന്ത്രണങ്ങളും, ഏർപ്പെടുത്താത്ത തികച്ചും ജനായത്തപരമായ ഒരു പുതിയ സിദ്ധാന്തവും കൂടിയാണെന്നു പറഞ്ഞാൽ വിശ്വസിക്കാത്തവരുണ്ടെങ്കിൽ അവർ വിവരമില്ലാത്തവർ എന്നാണു പറയപ്പെടുന്നതു് സോഷ്യലിസ്റ്റിന്റെ മാർഗ്ഗങ്ങളും നാം സ്വീകരിക്കയാണെങ്കിൽ നമ്മുടെ തൊഴിലില്ലായ്മയും കരിഞ്ചന്തയും അവതിവരുമെന്നുള്ളതിനോടു യോജിക്കാത്തവർ യുക്തിക്കാണ് എന്നാൽ സോഷ്യലിസം അല്ലെങ്കിൽ കമ്മ്യൂണിസം മനുഷ്യന്റെ ചിന്താസ്വാതന്ത്ര്യത്തിൽ കൈവയ്ക്കുന്നു. അവന്റെ ആത്മാവിനെ ശ്വാസംമുട്ടിക്കുന്നു. എന്നല്ലാമാണ പൊയ്മുഖവുമുള്ള പരാതി. പോരെങ്കിൽ "സ്വാതന്ത്ര്യ"വും സമ്പത്തിക്കഭദ്രതയും ഒരേസമയത്തിൽ കരസ്ഥമാക്കുന്ന ഒരു പുതിയ സാമ്പത്തിക തത്വം നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുവാൻകൂടി സോഷ്യലിസത്തിന്റെ ശത്രുക്കൾ ശ്രമിക്കുന്നുണ്ട്. അതാണു യോഗക്ഷേമരാഷ്ട്രം. (welfare state) ഇതു കോൺഗ്രസ്സുകാരനും വിരുദ്ധമുന്നണിക്കാരനും ഈ യോഗക്ഷേമരാഷ്ട്രത്തിന്റെ പേരിലാണു് അവകാശം കൊള്ളുന്നതു്. നമ്മുടെ പഞ്ചവത്സരപദ്ധതിയുടെ ഉദ്ദേശംതന്നെ യോഗക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുകയാണുപോലും!

നാസ്സിക്കുകൾഗ്രസ്സിൽവച്ചു ഏതിനും കൂടാതെയാണു യോഗക്ഷേമരാഷ്ട്രം കോൺഗ്രസ്സിന്റെ ലക്ഷ്യമായി കയ്യടിച്ചു സ്വീകരിച്ചതു്. അതിനശേഷം കോൺഗ്രസ്സുകാരന്റെ അവനാഴിയിൽ "രാഷ്ട്രപിതാവു" നോടൊപ്പം പ്രാധാന്യമുള്ള ഒരായുധമായി യോഗക്ഷേമരാഷ്ട്രം സ്ഥാനംപിടിച്ചിട്ടുണ്ട്. എന്താണു ഈ യോഗക്ഷേമരാഷ്ട്രം? അതു നമ്മുടെ രാജ്യത്തിൽ എത്രത്തോളം പ്രായോഗികമാണു? യോഗക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ ശ്രമിച്ചിട്ടുള്ള മറ്റു രാജ്യങ്ങളും അതിൽ എത്രത്തോളം വിജയിച്ചിട്ടുണ്ട്, അവർക്കു നേരിടേണ്ടിവന്ന പ്രതിബന്ധങ്ങളും എന്തെല്ലാമായിരുന്നു, ഈ വക പ്രശ്നങ്ങളാം ഖദർ തൊപ്പിയും കടന്നു കോൺഗ്രസ്സുകാരന്റെ തലയിൽ പ്രവേശിക്കുന്നതേ ഇല്ല. ഇന്നു യോഗക്ഷേമത്തിന്റെപേരിൽ അവശ്യംകാളുന്ന നമ്മുടെ മന്ത്രിമാർക്കും അതിന്റെ ഉള്ളടക്കം എന്താണെന്നുള്ളതിനെപ്പറ്റി വലിയ ഉൾക്കാഴ്ചയുണ്ടാകേണ്ട ആവശ്യവുമില്ലല്ലോ.

അമേരിക്കയും ന്യൂസിലണ്ടും ആസ്ത്രേലിയായും എല്ലാംതന്നെ ഇന്നു യോഗക്ഷേമരാഷ്ട്രങ്ങളാണെന്നു അവകാശപ്പെടുന്നുണ്ടെങ്കിലും യോഗക്ഷേമരാഷ്ട്രം കരഗതമാക്കാൻ വേണ്ടി ആത്മാർത്ഥമായ—ബോധപൂർവ്വമായ—ശ്രമം നടത്തിയതു ബ്രിട്ടണിലാണല്ലോ. ബ്രിട്ടന്റെ അനുഭവമാണു മറ്റു രാജ്യങ്ങൾക്കു വഴിത്താര തെളിക്കേണ്ടതു്. എന്തായിരുന്നു ബ്രിട്ടന്റെ പ്രായോഗികപദ്ധതികൾ?

ഒന്നാമതായി സാമൂഹ്യ ഭദ്രത (Social security)യ്ക്കുവേണ്ടി രാഷ്ട്രം അനേകം സാമൂഹ്യസേവനങ്ങൾ (Social services) ഏർപ്പെടുത്തുന്നു. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിലില്ലായ്മ, പെൻഷൻ ഈ പ്രശ്നങ്ങളെ സ്പർശിക്കുന്നവയാണു് പ്രസ്തുത സാമൂഹ്യസേവനങ്ങൾ. ഒരു പൗരനു അവന്റെ ആരോഗ്യമാർഗ്ഗങ്ങൾ നഷ്ടപ്പെടുമ്പോൾ രാഷ്ട്രം അവനെ സഹായിക്കുന്നു. ആരോഗ്യമാർഗ്ഗങ്ങൾ മൂന്നു വിധത്തിൽ നഷ്ടപ്പെടാം. 1. അവൻ രോഗിയായി പണിചെയ്യുവാൻ കഴിവില്ലാത്തവനായിത്തീരുമ്പോൾ 2. അവന്റെ പ്രയത്നഫലമായി ഉണ്ടാക്കപ്പെടുന്ന സാധനത്തിന്റെ വിപണി (Morket) നഷ്ടപ്പെടുമ്പോൾ 3. പ്രായാധിക്യം നിമിത്തം അവശനാകുമ്പോൾ ഈ മൂന്നു പരിതസ്ഥിതികളിലും യോഗക്ഷേമരാഷ്ട്രത്തിലെ പൗരനു ഒരു നിശ്ചിതതുക എല്ലാ ആഴ്ചയും വേതനമായി കൊടുക്കുന്നു. യോഗക്ഷേമരാഷ്ട്രം ആ രാഷ്ട്രത്തിലെ പൗരന്മാരുടെ ജീവിതനിലവാരം ഒരു നിശ്ചിത പരിധിയിൽ നിന്നും കീഴ്പോകുന്നതെന്നുള്ളതുറപ്പാണ് ഈ സഹായഹസ്തത്തിന്റെ പിന്നിലുള്ളതു്. ലേബർ പാർട്ടി ഗവർമെന്റ് ഈ മൂന്നവസ്ഥയിലും ഒരു തൊഴിലാളിക്കു ആഴ്ചയിൽ ഒരു പവൻ ആറു ഷില്ലിംഗും കുടുംബപുലർത്തുന്നവർക്കു ഇതിന് പുറമേ 16 ഷില്ലിംഗും കൂടികൊടുത്തുവന്നു. എന്നാൽ സാധാരണ രീതിയിലുള്ള തൊഴിലില്ലായ്മ വേതനം 180 ദിവസത്തിലധികം കൊടുക്കപ്പെടുന്നില്ല. അതിനശേഷവും അതുകൊണ്ടിലും രാഷ്ട്രത്തിന്റെ സഹായം അവശ്യമുണ്ടെങ്കിൽ അവർക്കു "ദേശീയ സഹായം" എന്ന പേരിൽ ഒരു വേതനം കൊടുക്കുന്നു. അതിനവശ്യമുള്ളവർ അവരുടെ സാമ്പത്തികസ്ഥിതി നിശ്ചയിക്കുവാൻ വേണ്ട വിശദവിവരങ്ങൾ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്മാരെ അറിയിക്കേണ്ടതാണ് അതിനശേഷം അവരുടെ കുടുംബത്തിന്റെ വലിപ്പത്തെ ആസ്പദമാക്കി ഒരു തുക വേതനമായി അനുവദിക്കപ്പെടുന്നു.

ഈ മേൽപറഞ്ഞ വേതനങ്ങൾകൊണ്ടുമാത്രം തൊഴിൽരഹിതനായ ഒരുവന്റെ പരാധീനത പരിഹരിക്കപ്പെടുകയില്ലല്ലോ. അനാരോഗ്യമാണു അവന്റെ ദുസ്ഥിതിക്കു കാരണമെങ്കിൽ ആഹാരച്ചിലവിനു പുറമെ വൈദ്യസഹായത്തിനും കാശുവേണമല്ലോ അങ്ങനെയുള്ള പരിതസ്ഥിതിയിൽ സൗജന്യമായ വൈദ്യസഹായം അവനെ രക്ഷിക്കുന്നു. രാഷ്ട്രത്തിന്റെ ചിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ആശുപത്രികളും അവനു ചികിത്സയും ക്ഷേമവും നൽകുന്നു.

ഇതിനുപുറമേ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി രാഷ്ട്രത്തിന്റെ ചിലവിൽ സൗജന്യവിദ്യാലയങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു. വയറ്റിൽ കഞ്ഞികാണാത്ത കുട്ടിയെ നിർബന്ധവിദ്യാഭ്യാസത്തിന്റെ പേരിൽ സ്കൂളിൽ അയക്കണമെന്നു രാഷ്ട്രം ശഠിക്കുന്നതിൽ വലിയ അർത്ഥമില്ലല്ലോ അതുകൊണ്ടു പൗരത്തെഴിച്ചുള്ള കുട്ടികൾക്കോരോന്നിനും ആഴ്ചയിൽ 5 ഷില്ലിംഗുവീതം സഹായധനം രാഷ്ട്രം നൽകുന്നു. ഇത്രയുമെങ്കിലും ചെയ്തു കഴിഞ്ഞാൽ ഒരു രാഷ്ട്രത്തിനു യോഗക്ഷേമ രാഷ്ട്രം എന്നു അഭിമാനിക്കാൻ ന്യായമുണ്ട്.

ഒരു യോഗക്ഷേമരാഷ്ട്രം ഈ വിധം വലിയ സാമൂഹ്യസേവനങ്ങൾക്കുള്ള സാമ്പത്തികശേഷി സംഭരിക്കുന്നതു വലിയ ആദായങ്ങളുടെ മേൽനിന്നും ഉയർന്ന നികുതി ഇടാക്കിയാണു്. സാധുവിന്റെയും ധനികന്റെയും മേൽ ഒരുപോലെയുള്ള വലിയ വില്പനനികുതി ചുമത്തിയല്ലെന്നു നമ്മുടെ യോഗക്ഷേമക്കാരായ മന്ത്രിമാർ ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അങ്ങിനെ ധനികന്റെ പണം നികുതിയായി പിരിച്ചെടുത്തു്, ആ പണംകൊണ്ടു സാമൂഹ്യസേവനങ്ങളും ഏർപ്പെടുത്താൻ വ്യവസായകമായി മുൻപന്തിയിൽ നിൽക്കുന്ന രാഷ്ട്രങ്ങൾക്കു വലിയ വിഷമം കാണുകയില്ല. ലോകവ്യാപകമായി കിടക്കുന്ന ഒരു വിപണനക്കുവേണ്ടിയാണല്ലോ അവരുടെ വ്യാവസായികശ്രമങ്ങളും ഉല്പാദനം നടത്തുന്നതു്. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിലെ അവികസിതരാഷ്ട്രങ്ങളെ സൂര്യന്റെ വെളിച്ചത്തിൽതന്നെ നിഷ്പ്രയാസം ചൂഷണംചെയ്യാൻ സഹായിക്കുന്ന അവരുടെ ഗവർമെന്റിനു അവ്യവസായപ്രമുഖന്മാർ യോഗക്ഷേമത്തിന്റെപേരിൽ കൊള്ളലാഭത്തിന്റെ ഒരു ഭാഗം നികുതിയായി കൊടുക്കാൻ എന്തിനു മടിക്കുന്നു? എന്നാൽ ബ്രിട്ടനിൽ യോഗക്ഷേമരാഷ്ട്രത്തിനുവേണ്ടി ബോധപൂർവ്വമായി പ്രവർത്തിക്കാൻതുടങ്ങിയ അ

സരം അതിനു പറിയതല്ലായി
നു. അഭുവരെ കൊലയും കൊ
യുംകൊണ്ടു കയ്യടക്കിവച്ചിരുന്ന
ാരാജ്യത്തിന്റെ പല ഭാഗങ്ങ
ത്തിനിന്നും ബ്രിട്ടൺപുറംതള്ളപ്പെ
ന ഒരു സന്ദർഭത്തിലാണ് ഇ
രീക്ഷണസംരംഭവുമായി ആറ്
ി ശവമ്മൻ മുന്നോട്ടുവന്നത്.
റ്റ്ലിയുടെ ശവമ്മൻ ഒരു
സാഷ്യലിസ്റ്റ് ശവമ്മൻറെ
ിളിക്കപ്പെട്ടിരുന്നെങ്കിലും മുതലാ
ിത്ത സമ്പ്രദായത്തിന്റെ ചീഞ്ഞു
റിയ ചട്ടക്കൂട്ടിനുള്ളിൽ ഒതുങ്ങി
ിന്നു തന്നെ ഈ പരീക്ഷണങ്ങൾ
ത്തണമെന്നു അഭിലഷിച്ചിരു
ു. 6 വർഷം നീണ്ടുനിന്ന ഒരു
ിപാകമഹായുദ്ധത്തിന്റെ വിജയ
ിനുവേണ്ടി വലിയ ത്യാഗങ്ങളും
ിഹിച്ചു അവശയായിത്തീർന്ന
ു ബ്രിട്ടൺ, ഒരു നവോത്ഥാന
തിന്റെ പൊൻപുലരിയിൽ സാ
ാജ്യത്തിന്റെ പല ഭാഗങ്ങളിൽ
ിനിന്നും പുറംതള്ളപ്പെട്ടുന്ന ബ്രി
ൺ ഒരു വലിയ പരീക്ഷണ
ിട്ടം അഭിമുഖീകരി
ക്കേണ്ടിവന്നു. വ്യാവസായികമാ
ി താണപടിയിൽ നിന്നിരുന്ന,
ിശേഷിച്ചു ബ്രിട്ടൺ നിവൃത്തിയിൽ
ന പല രാഷ്ട്രങ്ങളും യുദ്ധത്തിനി
ിയിൽ വ്യാവസായികമായി വള
ിര പുരോഗമിക്കുകയും ചെയ്തു അ
ിരുടെ അത്യന്തരാവശ്യങ്ങൾക്ക
ു സാധനങ്ങളും ഒട്ടുമുക്കാലും അ
ർതന്നെ ഉണ്ടാക്കാൻ തുടങ്ങിയ
ിപ്പോൾ ബ്രിട്ടന്റെ വിപണി അ
ുതീക്ഷിതമായി ചുരുങ്ങിത്തുട
ങ്ങി. പോരെങ്കിൽ ക്രൂഡ്തൽ കായ്
ക്ഷമമായ സാങ്കേതികമാർഗ്ഗങ്ങ
ിൽ മൂൽപ്പാദനം നടത്തുന്ന
ാമേരിക്ക വിടവുള്ളിടത്തെല്ലാം
ുഴഞ്ഞു കയറാനും തുടങ്ങി. സാ
ാജ്യവും മുതലാളിത്തവും കൂ
ിത്തു കൈകഴികി ഒരു ഡോഷ്യ
ിസ്റ്റ് രാഷ്ട്രം കെട്ടിപ്പടുക്കാനു
ുള്ള സുവർണ്ണാവസരമാണ് ബ്രിട്ട
നു മാടിവിളിച്ചുതു്. എന്നാൽ
ിതു അവസരത്തെ കീനീഷ്യൻ
ാമ്പത്തിക സിദ്ധാന്തത്തെ അ
ിസ്ഥാനമാക്കിയുള്ള യോഗക്ഷേമ
ാഷ്ട്രത്തിന്റെ പേരിൽ ബ്രിട്ടൺ
ുലകഴിക്കുകയാണു ചെയ്തതു് മുത
ാളി സമ്പ്രദായത്തിനുള്ളിൽ ഒതു
ങ്ങിനിന്നുകൊണ്ടു യോഗക്ഷേമരാ
ഷ്ട്രം സൃഷ്ടിക്കാൻശ്രമിച്ചതിന്റെ തി
ക്തഫലങ്ങൾ എന്തെല്ലാമാണ്?

ബ്രിട്ടന്റെ വ്യാവസായിക നേ
താക്കന്മാർക്കു മൂലധനം വർദ്ധിപ്പി
ക്കുന്നതിൽ ഉത്സാഹമില്ലാതായി
ചുരുങ്ങി വന്ന കൊണ്ടിരിക്കുന്ന
വിപണിയിൽ ശ്രദ്ധിക്കുന്നതിനു പകരം
ചെയ്ത ലാഭമുണ്ടാക്കിയാൽ അതി
ന്റെ സിംഹഭാഗവും യോഗക്ഷേ
മരാഷ്ട്രത്തിന്റെ പേരിൽ നികു
തിയായി കൊടുക്കേണ്ടിവന്നാൽ
പിന്നെ അവർ എന്തിനായി മൂ
ലധനം വർദ്ധിപ്പിക്കണം? രണ്ടാ
മതായി ബ്രിട്ടന്റെ ഒന്നാംതരം
തലച്ചോറുകളെല്ലാം വ്യാവ
സായികരംഗത്തു പ്രവേശിക്കാതെ ശവമ്മൻറ് ഉ
ദ്യോഗസ്ഥരാകുവേണ്ടി മുന്നോട്ടുവന്നു.
വ്യാവസായികരംഗത്തു അമിതലാ
ഭം നേടാനുള്ള വഴി അടഞ്ഞുപോ
യതായിരുന്നു അതിന്റെ കാരണം.
മൂന്നാമതായി തൊഴിലാളിവർഗ്ഗം
അലസമനോഭാവക്കാരായി. ജീവി
തനിലവാരം ഉയർത്തുവാൻ ശവ
മ്മൻറിന്റെ പദ്ധതികളും മതിയാ
കുമെന്നും അതിനുവേണ്ടി തങ്ങൾ
വളരെ അധ്വാനിക്കേണ്ട ആവശ്യം
ഇല്ലെന്നും ഒരു മിഥ്യാബോധം അവ
ർക്കും ഉണ്ടായി. പോരെങ്കിൽ മുത
ലാളിയില്ലാത്ത, തങ്ങളുടേതായ ഒ
രു രാഷ്ട്രം സ്ഥാപിക്കാൻ പോ
കയാണെന്നു അവർ വിശ്വസിക്ക
ുന്നുമില്ലായിരുന്നു. ഈ കാരണങ്ങ
ളാൽ യോഗക്ഷേമരാഷ്ട്രത്തിന്റെ
പേരിൽ അധികാരത്തിലേറിയ
ആറ്റ്ലിയും ക്രൂട്ടും തോറ്റു പി
ന്മാറേണ്ടിവന്നു.

ഇനി ഇന്ത്യയിൽ ഒരു യോഗ
ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാൻ എത്ര
ത്തോളം സാധ്യമാണെന്നുനോക്കാം.
ഒന്നാമതായി തൊഴിലില്ലായ്മപ്ര
ശ്നത്തെ ഫലപ്രദമായി നേരിടാൻ
നമ്മുടെ ശവമ്മൻറിനു സാധിക്ക
മോ? അക്കായ്ത്തിൽ പഞ്ചവത്സ
രപദ്ധതിയിൽനിന്നുപോലും വല
തായൊന്നും പ്രതീക്ഷിക്കേണ്ട
തില്ല. പ്രായമായവരിൽ ഭൂരിഭാഗ
പക്ഷം ആളുകളും തൊഴിൽശൂന്യ
രായി അലഞ്ഞുതിരിയുമ്പോൾ അ
വർക്കു അവരുടെ സാമ്പത്തികനില
വാരം നഷ്ടപ്പെടാതിരിക്കത്തക്ക
വണ്ണമെങ്കിലും ഒരു
സാമ്പത്തിക സഹായം നൽകുന്ന
തിനു നമ്മുടെ രാഷ്ട്രത്തിനു ശേഷി
ുണ്ടോ? കയർ വ്യവസായത്തി
ന്റെ അധഃപതനം നിമിത്തം
പട്ടിണികിടക്കുന്നവർക്കുവേണ്ടി എ
ന്തെല്ലാമാണു നമ്മുടെ ശവമ്മൻറ
ചെയ്തുന്നതു നമുക്കെല്ലാമറിയാമ
ല്ലോ. തൊഴിലില്ലാത്തവർക്കു അഭ
യമരുളുന്നതു് ഇന്നു ജയിലും വേ
ശ്യാലയവുമാണ്. ഇതുരണ്ടും ശ
വമ്മൻറിന്റെ അനുഗ്രഹത്തോടു
കൂടി അഭിവൃദ്ധിപ്പെടുന്നുമുണ്ട്.
പക്ഷേ അതിന്റെകൂടെ യോഗക്ഷേ
മത്തിന്റെപേരിൽ ചില പ്രസംഗ
ങ്ങൾകൂടി കേട്ടിമുളിക്കുന്നു എന്നു
മാത്രം.

രണ്ടാമതായി വിദ്യാഭ്യാസ
രംഗത്തേയ്ക്കു നോക്കാം. പട്ടിണി
ക്കാരനായ അദ്ധ്യാപകൻ, പട്ടി
ണിക്കാരായ വിദ്യാർത്ഥികൾ, നി
ലംപതിക്കാറായ വിദ്യാലയങ്ങൾ.
അതിന്റെകൂടെ നിർബന്ധവിദ്യാ
ഭ്യാസവും. കുട്ടികളെ സ്കൂളിലയ
യ്ക്കാൻ സാധിക്കുമെങ്കിൽ അയയ്ക്കാ
ത്ത അച്ഛനമ്മമാർ വളരെ ചുരുക്ക
മാണ്. പട്ടിണികിടക്കുന്ന കുട്ടി
കൾക്കും നിർബന്ധവിദ്യാഭ്യാ
സമെന്നു പറഞ്ഞാൽ അതു മന
സ്സിലാക്കാൻ വർഷമുള്ള ഒരു സം
ഗതിയാണ്. പുതിയ പള്ളിക്കൂടം
വേണ്ടുമെങ്കിൽ അതിനു നാട്ടുകാർ
തന്നെണ്ടിപ്പിണമുണ്ടാക്കി സ്ഥലം കെട്ട
ണം. (അതും പള്ളിവക സ്ഥലത്തിൽ
നിന്നും അകലെ വേണം) ഇങ്ങ
നെ പോകുന്നു വിദ്യാഭ്യാസരംഗ
ത്തെ യോഗക്ഷേമരാഷ്ട്രം.

ഇനി ആരോഗ്യസഹായത്തിന്റെ
കാര്യമാണെങ്കിൽ അതു ഏറ്റ
വും ലജ്ജാവഹമായ നിലയിലാണെന്നു സമ്മതിക്കേണ്ടിയിരി
ക്കുന്നു. ഏതുവലിയ രോഗമായിരു
ന്നാലും ഡാക്ടർക്കു ഒരു നല്ല തുക
കൊടുത്തില്ലെങ്കിൽ ശവൺമെൻറാ
ശുപത്രിയിൽ പ്രവേശനം കിട്ടുന്ന
കാര്യം വലിയ പ്രയാസമാണ്. പ
ല ശവൺമെൻറാശുപത്രികളിലും
രോഗി രോഗവിവരം പറയുന്നതി
നുമുമ്പു തന്നെ മരുന്നു കുറിച്ചുകഴി
യും ആർക്കും ഒരു ഭോഷവും ചെ
യ്യാത്ത "വെള്ളം" കുപ്പിയിലടച്ചു
കൊടുക്കുകയുമായി. ഉദ്യോഗസ്ഥരുള്ള
പല ശവർമെൻറാശുപത്രി
കളിലേയും കിടക്കകൾ ഒഴിഞ്ഞു
കിടക്കുമ്പോൾ അതിന്റെ സമീപ
ത്തുള്ള പ്രൈവറ്റ്വാർഡുകളിൽ രോഗികൾ നിറഞ്ഞുകിടക്ക
ുന്നതുകാണാം. ശവമ്മൻറാശുപ
ത്രിയിലെ സൗജന്യചികിത്സ
പ്രൈവറ്റ്വാർഡുകളുടെ സൗജന്യമി
ല്ലാത്ത ചികിത്സയെക്കാൾ ചില
വുണ്ടാക്കുന്നതാണെന്നുള്ളതാണു ഇ
തിന്റെ കാരണം. ഇങ്ങനെ ശവ
മ്മൻറാശുപത്രികൾ യോഗക്ഷേമ
ത്തിന്റെ പ്രധാനസ്തംഭങ്ങളുമാണ്

അദ്ധ്യാപകശമ്പളം ക്രൂട്ടണമെ
ന്നു പറഞ്ഞാൽ ശവമ്മൻറിന്
അതിനു സമ്പത്തികശേഷിയില്ല.
ശവമ്മൻറിന്റെ ചിലവിൽ ആ
വശ്യമുള്ള സ്കൂളുകളും ആശുപത്രി
കളും ഉണ്ടാക്കണമെന്നു പറഞ്ഞാൽ
അതിനും രാഷ്ട്രത്തിനു ശേഷിയില്ല
ഇതിനൊന്നിനും സാധിക്കാത്ത
ഒരു രാഷ്ട്രം ഒരു സുപ്രഭാതത്തിൽ
ഒരു യോഗക്ഷേമരാഷ്ട്രമായി വി
ടരാൻ പോകയാണെന്നു
പറഞ്ഞാൽ അതു ഒരു തട്ടിപ്പല്ലാ
തെ എന്താണ്? യോഗക്ഷേമരാ
ഷ്ട്രത്തിന്റെ പൊള്ള ഒതളിച്ചുകാ
ണിക്കുവാൻ ഇടതുപക്ഷകക്ഷികൾക്കും
പോലും ഫലപ്രദമായി ശ്രമിക്കാ
ത്തതു ഒരു വലിയ കൃത്യവിലോ
പംതന്നെയാണ്. മുതലാളിത്തസ
മ്പ്രദായത്തിന്റെ അനിയന്ത്രിതമാ
യ വളർച്ചയുടെ ഫലമായി
പക്ഷം ജനങ്ങൾക്കും
പട്ടിണിയും വിടാനും ഉള്ള അവ
സരവും സൗകര്യവും നിഷേധിച്ചു
തുടങ്ങിയ കാലം മുതൽ മുതലാളി
ത്തത്തിന്റെ ഗുണഭോക്താക്കളും
സഹകരണപ്രസ്ഥാനത്തിന്റെ പേ
രിൽ ആവേശംകൊണ്ടവനും. വ്യ
സമരത്തെ ആസ്പദമാക്കിയുള്ള
സോഷ്യലിസ്റ്റുപ്രതികരണ
ക്കാരും അടിയുറച്ച സമത്വത്തിലും
സാഹോദര്യത്തിലും അധിഷ്ഠിതമാ
യ സഹകരണപ്രസ്ഥാനമാണു അഭി
കാമ്യമെന്നായിരുന്നു അവരുടെ വാ
ദഗതി ഒരു ശതാബ്ദക്കാലത്തെ ശ
ബ്ദകോലാഹലത്തിനു ശേഷം സഹ
കരണപ്രസ്ഥാനത്തിന്റെ പേരിലു
ള്ള ആവേശം കൊള്ളൽ ഇന്നു
അധികമായി കാണുന്നില്ല. അതി
നുപകരമാണു യോഗക്ഷേമരാഷ്ട്ര
സിദ്ധാന്തം കുത്തിപ്പൊക്കി കൊ
ണ്ടുവരപ്പെട്ടിരിക്കുന്നതു്. അതി
ന്റെ പേരിൽ ഇനിയും കുറേനാൾ
മനുഷ്യനെ മയക്കാമെന്നാണു് ഇ
വരുടെ വ്യാമോഹം.

സാമ്പത്തിക സമീകരണപദ്ധ
തികൾ ശരിയായി ആവിഷ്കരിക്കാ
തെ ഏതാനും വികസനപദ്ധതി
കൾമാത്രം നടപ്പിലാക്കിയാൽ പ

★ അമ്മയും മകളും ★

നളിനകുമാരി

മേഘപാളികളം നിങ്ങിത്തെളിയും പുന്നികളാൽ
മേദുരപ്രേയോർന്ന മേദിനി മയങ്ങവേ,
മധുചന്ദ്രികച്ചാറിലാറോടിനിൽക്കും രാജ-
മണിമന്ദിരോപാന്തത്തിലെപ്പുരാതനത്തിൽ,
വിരിയും പൊൻപൂക്കളാൽ ദ്യനിഴൽ നിറയുന്ന
വിരിവെൺകളിർക്കല്പിലാനതാനനായയി,
അവിലാംശിയാ, യന്ധബോധയായ് മേവീ രാജ്യ-
ഭാഗധേയത്തിൻ തിടമ്പായ "ഔർഹജാൻബീഗം"
ഇമഞ്ഞിൻനിറമാന്ന വാർനിചോളത്താൽപ്പുതൻ-
പുനിലാവൊളി ചിന്നമാമഞ്ജുവദനത്തിൽ,
തെളിവെൺമുകിലിന്മേൽക്കാർമേഘമാലയെപ്പോലും
തെളിയുന്നതാ നിഴൽപ്പാടുകളം നിർമ്മിതമായ്
മുഖിലായ് താരുണ്യത്തിൻ രാഗമാധുരിയുമ-
മുന്തിരിക്കലപോലൊരോമലാം നിലകൊണ്ടു.
അരികിൽ ച്ചാഞ്ഞാടുന്ന പൊൻപിറാവിനെയാറാ-
ക്കരതാരിതാൽ ച്ചേർത്തു തന്മാറിൽ തഴുകിയും,
മന്ദമകയിനാൽ ലോലവായുവിലാട്ടം നില-
മുദ്ദലാളകം ഫാലവേദിയിലൊളുക്കിയും,
കളിർനീർപ്പൊയ്കയിൽപ്പിന്നലയാടുന്ന
തളിർവായുവിലൂറിപ്പുമണം പരക്കയാൽ
പുളകംപൂണ്ടം പുഷ്പവാടിയിലൊരുകൊച്ചു-
വനദേവതയായിമരുവീകുമാരിയാം"

"മാപ്പിനിക്കേകിടുകെൻ മകളേ" വിറപൂണ്ട
ഖോഷ്പരുദ്ധമായ്ത്തീർന്ന മാതാവിൻ മൃദുസ്വനം
അറിയാതടന്തൻതൻ കൈകളാരിൽ പതിച്ചുപോ-
യഴലിൻ മാത്തട്ടിൽ നിന്നുതന്നാ മുകത്താമ്പം
"മകളോ? രാജ്യശ്രീയാമീമഹാറാണിക്കേതു
മകളെ"ന്നതിഹാസലോലയായവളോതി.
രക്തരേഖകളാൽ പൂകവിടർത്തിൽ കോപ-
ലിപ്തമായ് വീശീ നവ്യകാന്തൻ കരിങ്കരം,
ആ നീലനീരംക്കണ്ണിണ മുകിയ കോപച്ചെന്തീ-
യായിരമാലകളിക വീചകളുതിർക്കുമ്പോലം,
തളരും കരംനീട്ടിത്തന്നിളം കുമാരിയെ-
ത്തഴുകാനൊരുമ്പെട്ട ദീനയാം ജനിത്രിയാമം.
നീലവിൺചകലാസ്യ നീർത്തിയ രാവിൻമുഖ-
ത്തോരാതെ പാഞ്ഞു മിന്നുമിടിവാളുരക്ഷണം

"മാപ്പുനൽകിടാം പക്ഷേ കേണിരന്നീടിൽ, ഭയാ-
മുത്തിയായിരുന്നല്ലോ മൽപ്പിതാവെന്നും പാരിൽ.
ജന്മദാത്രിയായ് തീർന്ന നിങ്ങളിന്നെനിക്കെന്നാൽ
ജന്മമേമാറിപ്പോയീ; ഞാനതിൽ ഖേദിപ്പീല.
മുന്നലിക്കാണം രാജ്യഭോഗവുമൈശ്വര്യവും
മിന്നൽപോൽ മറയുന്നമായിക സ്വപ്നങ്ങളാം.
പരമപ്രേമോദാരനെൻ പിതാവണിയുന്ന
പദരേണുവിനോളമില്ലിതിൻ വിലയോർക്കിൽ....
ചതിയാലല്ലീ നീചനായരീ രാജ്യാധിപൻ
നിഹനം ചെയ്ത വീരനാകുമെൻ ജനകനെ!
കഥയിന്നതു മാഞ്ഞു കാലമെറെയാ, യെന്നാൽ
കഴിയും 'ലൈല'യ്ക്കു തിന്നോർമ്മയിൽ ലയിക്കുവാൻ.!!
മഞ്ഞളാമോയ് വാനവേദിയിൽക്കതിരിട്ട
പൊന്നിളം കിനാവുകളോരോന്നായ് തകരവേ,
മൂകമായ് കേഴും നിഷ്ഠിനിതൻ വിറയാർന്ന
ശോകനിശ്വാസം പോലെയിളകീ മന്ദാനിലൻ
ഭാരതാധിപൻ നിത്യമോമനിച്ചിടുന്നാരാ-
ത്താരെതിരടൽ വാടിത്തളർന്നു നിരാലംബം.
അരാജരാജൻ രാജനിർവൃതിനുകരുന്ന
പാടലാധരമേറെ വളർത്തു നിർവേദത്താൽ.
"മതിനിൻകോപോദ്വേഗമോമനേ, നിൻമുന്നിൽ ഞാൻ
ഹതഭാഗ്യയാമൊരു മാതാവുമാത്രം പുത്രീ;
ഇല്ലിതിൻമീതേ ഖണ്ഡമൈന്നമീമന്നിൽ,പ്പിന്നെ
പുല്ലുപോലുനിയിന്നിവിധം വെടിഞ്ഞാലോ!"
ഇടറാന്നിയ ചൊൽകെ,യോമൽകരളാകുന്ന
ചൂടുവീപ്പൊന്നാഴത്തിൽ നിന്നുടനതിൻപോയ്.
"കരുതിടുന്നു ഞാനുമാവിധമോർത്താലെൻറെ
കരളിൻ തണലാണെൻ ജന്മദായിനി— പക്ഷേ
'മെഹറാ'ണെനിക്കമ്മേ; 'ഔർജഹാ'നൊരു പാപ-
ഗതമാം കിനാവിൻറെ മായാത്ത ചിത്രംമാത്രം."
പരിഖിന്നയായ്മുന്നിൽ മേവും തൻ ജനനിയോ-
ടിടറം നാദത്തിലന്നിവിധ മോതിടവേ,
നീലനീർത്തീരിൽച്ചേരും മഞ്ഞുനീക്കണംപോരല-
യാമിഴിക്കോണിൽത്തങ്ങി രണ്ടു വെൺമുത്തുകളം.

ട്ടിങ്ങിക്കം പരാധീനതയ്ക്കും അവസാനം ഉണ്ടാകുന്നതല്ല ശ്രീ കെ. എം. മൻഷി ഭക്ഷ്യമന്ത്രിയായിരുന്ന അവസരത്തിൽ ബീഹാറിൽ പട്ടിണിമരണം നടന്ന സ്ഥലങ്ങളം സന്ദർശിച്ചശേഷം വളരെ അത്മവേദനയോടെ പ്രസ്താവന അദ്ദേഹം ഇറക്കി. അദ്ദേഹം പറഞ്ഞതു ജനങ്ങളുടെമരണത്തിനു കാരണം പട്ടിണി അല്ലെന്നും ആഹാരസാധനങ്ങളം വാങ്ങാനുള്ള ശേഷിക്കുറവാണ് അതിനു കാരണമെന്നുമാണ്. ഭാഷൻ കടകളിൽ ആഹാരസാധനങ്ങളം ധാരാളമുള്ളപ്പോളം നടന്ന ഈ മരണത്തിനു ഭക്ഷ്യവകുപ്പുകാർ ഉത്തരവാദികളല്ലെന്നും അദ്ദേഹം പറഞ്ഞു. നമ്മുടെ വികസന പദ്ധതികളം വിജയിക്കുകയെന്നുണ്ടെങ്കിൽ തന്നെ, ഭൂവുടമയിൽ വിപ്ലവപരമായ പരിഷ്കാരം വരുത്തിയും ധൃതഗതിയിൽ വ്യാവസായികവികസനം നടപ്പിലാക്കിയും അതോടുകൂടിത്തന്നെ സാമ്പത്തിക സമീകരണപ്രക്രിയകളം നിർഭയമായും നിർദ്ദയമായും പുരോഗമിപ്പിക്കുകയും ചെയ്യുന്നതിനു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയ്ക്കേ സാധിക്കുകയുള്ളൂ എന്നുള്ള വസ്തുത ഇന്ത്യയിലെ ആഹാരസാധനങ്ങളം ഉള്ളപ്പോൾതന്നെ പട്ടിണിയും പട്ടിണിമരണവും തുടർന്നുകൊണ്ടിരിക്കുന്നതിന്റെ കാരണം കാണിക്കുന്നുണ്ട്. വിവരമില്ലാത്ത രാഷ്ട്രീയനേതാക്കന്മാരുടെ ഈ കളളത്തരങ്ങൾക്കു നമ്മുടെ വഴിയേ രംഗപ്രവേശം ചെയ്ത സാമ്പത്തിക വിദഗ്ധന്മാരും കൂട്ടുനിൽക്കുന്നതു കാണുമ്പോൾ "അല്ലയോ ക്രൂഷ്ചേവ്! നിന്നും ക്രൂരതയോ" എന്നു വിലപിക്കാൻ തോന്നിപ്പോകുന്നു.



വിചിത്രമായ ചില അനുഭവങ്ങൾ

★

(എൻ. ശ്രീകണ്ഠൻനായർ എം. പി.)

അദ്ധ്യായം പതിനൊന്ന്

റയിൽവേമെൻസ് ഫെഡറേഷൻ ജനറൽ സെക്രട്ടറി സ: ഗ്രയ്സ്വാമിക്ക് ഒരത്യാവശ്യകാര്യം പ്രമാണിച്ച് മേയ് പതിനൊന്നാംതീയതി പൊക്കിംഗിലെ ബമ്മീസ് പ്രതിപുരുഷാലയംവരെ പോകേണ്ടിവന്നു പതിനൊന്ന് മണിയായിക്കാണണം കാർ അരമണിക്കൂർ കഴിഞ്ഞേകിട്ടുകയുള്ളുവെന്നറിഞ്ഞു, പ്രതിപുരുഷാലയത്തിലേക്കുള്ള വഴി ചോദിച്ച മനസ്സിലാക്കി സ: ഗ്രയ്സ്വാമി കാൽനടയായി ഒരു മുപ്പതുവാര നടന്നുകഴിഞ്ഞപ്പോൾ, മുഷിഞ്ഞ വസ്ത്രങ്ങളും ധരിച്ച് പത്തൊമ്പതാം ഇരുപതോ വയസ്സു തോന്നിക്കുന്ന യുവാവ് മറി ഇംഗ്ലീഷിൽ വഴിഞ്ഞുകയാ സംസാരിച്ചുതുടങ്ങി. ഗ്രയ്സ്വാമി ഇന്ത്യാക്കാരനാണോ എന്നും എങ്ങോട്ടെയ്ക്കാണ് പോകുന്നതെന്നും മറ്റും അയാൾക്കറിയണം ഗ്രയ്സ്വാമി ബമ്മീസ് പ്രതിപുരുഷാലയത്തിലേയ്ക്കുള്ള വഴി ചോദിച്ചു. മതിയായ പ്രതിഫലം കൊടുക്കാമെങ്കിൽ, വഴികാണിക്കാമെന്ന് അയാൾ സമ്മതിച്ചു. ഗ്രയ്സ്വാമി അഞ്ചുറു യുവാൻ കൊടുക്കാമെന്നേറ്റു. പോരെന്നുള്ള അർത്ഥത്തിൽ അപരൻ തലകുലുക്കി നാട്ടുമുറപ്രകാരം നിന്ന് വന്നതാണെന്നും, ഒരു തൊഴിലില്ലാതെ പട്ടിണികിടക്കുകയാണെന്നും മറ്റും മുറി ഇംഗ്ലീഷിൽ അയാൾ അവതരിപ്പിച്ചു. തെണ്ടുന്നതായിട്ടോ പണം പറ്റുന്നതായിട്ടോ കണ്ടുപിടിക്കപ്പെട്ടാൽ പോലീസ് അയാളെ പിടിച്ചുകൊണ്ടുപോകുമെന്നും അയാൾ ഗ്രയ്സ്വാമിയെ രഹസ്യമായി ധരിപ്പിച്ചു.

ജനകീയ റിപ്പബ്ലിക്കിന്റെ തലസ്ഥാനനഗരിയിൽ ഇമ്മാതിരിയൊരു നൂതനമായ പ്രതിഭാസത്തെ കാണാൻ കഴിഞ്ഞതിലുള്ള താൽപ്പര്യം കൊണ്ട് ബമ്മീസ് പ്രതിപുരുഷാലയംവരെ വഴികാണിച്ചു കൊടുത്താൽ നല്ല പ്രതിഫലം കൊടുക്കാമെന്ന് സ: ഗ്രയ്സ്വാമി വാഗ്ദാനംചെയ്തു. അവർ സംസാരിച്ചുകൊണ്ട് നടന്നു. പതിവുപോലെ തെരുവിഭികരം വിജനമായിരുന്നു കുപ്പായത്തിനുള്ളിലുള്ള കീശയിൽ നിന്നും ഒരു കണ്ണാടി വലിച്ചെടുത്തു, അതിനുള്ളിൽ ഒളിച്ചുവച്ചിരുന്ന ഒരു പെൺകുട്ടിയുടെ ചിത്രം കാണിച്ചുകൊണ്ട്, ഗ്രയ്സ്വാമിക്ക് ഇഷ്ടമുണ്ടോയെന്ന് അയാൾ ആരാഞ്ഞു. ഭക്ഷിണേന്ത്യാക്കാരനായ ആ യാഥാസ്ഥിതികബ്രാഹ്മണന് തീരെ രസിച്ചില്ല അൽപം ഭയപ്പാടുണ്ടായിക്കാണും. അയാളെ പോലീസിൽ പിടിച്ചേൽപിക്കുമെന്ന് ഗ്രയ്സ്വാമി ഭീഷണിപ്പെടുത്തി. ഉടനടിയിൽ കണ്ണാടി കുപ്പായത്തിനുള്ളിൽ ഒളിച്ചുകൊണ്ട് അയാൾ ഗ്രയ്സ്വാമിയോട് മാപ്പിനപേക്ഷിച്ചു. ഒടുവിൽ പ്രതിപുരുഷാലയത്തിന്റെ വാതിൽപ്പടിയെത്തിയപ്പോൾ രണ്ടായിരം യുവാൻ കൊടുത്തു ഗ്രയ്സ്വാമി അയാളെ പിരിച്ചയച്ചു. ഗ്രയ്സ്വാമി പൊക്കിംഗ് ഹോട്ടലിലയ്ക്ക് മടങ്ങിവന്നതതു റിക്ഷായിലാണ്. റിക്ഷാക്കാരന് രണ്ടായിരം യുവാൻ മാത്രമേ കൊടുക്കേണ്ടിയിരുന്നുള്ളു. ഇന്ത്യൻ നാണയത്തിൽ പറഞ്ഞാൽ 6 അണമാത്രം. ഇന്ത്യയിലെ റിക്ഷാക്കാരുടെ വിലപേശലുകളും ചതിപ്രയോഗങ്ങളും കണ്ട് പരിചയിച്ചിട്ടുള്ള ഗ്രയ്സ്വാമിക്ക് അചിന്തനത്തൊഴിലാളിയുടെ തൊഴിൽപരമായ സത്യസന്ധതയിലും അന്തസ്സിലും അത്ഭുതംതോന്നി. പൊക്കിംഗിൽവച്ച് ആകെക്കൂടി ഒരിക്കൽമാത്രം കണ്ടുമുട്ടിയ ഒരു തെണ്ടിക്ക് അത്രത്തോളംതന്നെ പ്രതിഫലം കൊടുക്കേണ്ടിവന്നതിൽ അദ്ദേഹത്തിന് വ്യസനവുണ്ടായി. അയാളെ ചോദ്യംചെയ്ത് പൊക്കിംഗ് നഗരത്തിലെ ഓടയിലും തെരുവിലുമുള്ള മനുഷ്യജീവിതയാഥാർത്ഥ്യങ്ങളെപ്പറ്റി അന്വേഷിച്ചറിയുവാനുള്ള ക്ഷമാശക്തി തനിക്കില്ലാതെപോയതിനും അദ്ദേഹത്തിന് വ്യസനംതോന്നി.

പൊക്കിംഗിലോ പുറൻകോളനിയിലെവിടെങ്കിലും നഗരത്തിലുമോ പരസ്യമായ വ്യഭിചാരം നിലവിലില്ലെന്നാണ് നിർമ്മമബുദ്ധികളായ നിരീക്ഷകന്മാർ അഭിപ്രായപ്പെടുന്നതു പഴയ ചൈനയിലെ പട്ടണങ്ങളെല്ലാം വ്യഭിചാരത്തിന്റെയും ലൈംഗവൈകൃതങ്ങളുടേയുംമൂലമസരായ ചെളിക്കുണ്ടുകളായിരുന്നു വിമോചനത്തിനുശേഷം ഇന്നീചരായ വ്യാപാരങ്ങളിൽ ഏർപ്പെട്ടിരുന്ന സ്ത്രീകളേയും പുരുഷന്മാരേയും തൊഴിലുകളധിവസിപ്പിക്കുകയും അവർക്ക് കൃഷിഭൂമികളും നൽകുകയും ഗ്രാമപ്രദേശങ്ങളിലേയ്ക്ക് അവരെ നിയോഗിക്കുകയും ചെയ്തു ഇന്ന് അവർ ആദരണീയമായ ജീവിതവ്യാപാരങ്ങളിലേർപ്പെട്ട് കഴിഞ്ഞുകൂടുന്നു അസമാധേയരെ സംബന്ധിച്ചിടത്തോളം കർശനമായ നടപടികളെടുത്തിട്ടുണ്ടായിരിക്കണം. എന്തായിരുന്നാലും വ്യഭിചാരം ഒരു തൊഴിലെന്നുള്ള നിലയിൽ ഇന്നു ചൈനയിൽ നടന്നുവരുന്നില്ല. തെണ്ടലുമില്ല. എന്നിട്ടും ഇതാ ഒരു തെണ്ടി പോരെങ്കിൽ ഒരു കൂട്ടിക്കൊടുപ്പുകാരനും എന്താണതിന്റെ അർത്ഥം?

സഹവിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുള്ള സർവകലാശാലകളിലേയും വിദ്യാഭ്യാസസ്ഥാപനങ്ങളിലേയും ഉന്നതമായ സന്മാർഗ്ഗനിലവാരങ്ങളെപ്പറ്റി പൊക്കിംഗ് സർവകലാശാലയിലെ പ്രഫസർ ജെയിനും ഇമ്മാതിരിയുള്ള ഗണനീയരായ വ്യക്തികളും പുകഴ്ത്തിപ്പറയുന്നുണ്ട്. സ്ത്രീകൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യവും സമനിലയും ഉണ്ടായിരുന്നിട്ടും ഒരു പക്ഷേ അല്ലെകൊണ്ടു മാത്രമായിരിക്കാം ലൈംഗികമായ വേഴ്ചാലഭ്യതികാം

വളരുവാൻ ഇടവരുന്നില്ല. ചില വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും തങ്ങളുടെ ജീവിതസഖാക്കളെ തിരഞ്ഞെടുക്കാറുണ്ട്. പക്ഷെ അഭ്യസനകാലത്തു വിവാഹബന്ധത്തിലേർപ്പെടുന്നതു് അത്യന്തം അനുചിതമാണെന്നു് കരുതപ്പെടുന്നു. സർവ്വകലാശാലകളും വിദ്യാഭ്യാസത്തിൽ കേന്ദ്രീകരിക്കണമെന്നാണു് ചെയർമാൻ മാവോ അവർക്കു് നൽകിയിട്ടുള്ള നിർദ്ദേശം. അഭ്യസനം പൂർത്തിയാക്കിക്കഴിഞ്ഞിട്ടു് അവർ തിരഞ്ഞെടുത്ത ജീവിതസഖാക്കളെത്തന്നെ അവർക്കു വിവാഹം കഴിക്കാം. അങ്ങനെയാണെങ്കിൽ, ഒരു പുതിയ സമൂഹക്രമം വാർത്തെടുക്കുവാനുള്ള തങ്ങളുടെ ഭാവി ചുമതലകളിൽ നിർവ്വഹിക്കുവാൻ എന്തുകൊണ്ടു് അവർ സ്വയം സജ്ജരാകാതിരിക്കണം.

പുത്തൻചൈനയിലെ യുവാക്കളുടെ അത്യന്തമായ സാന്മാർഗ്ഗികനിലവാരത്തെപ്പറ്റിയുള്ള അവകാശവാദം ഒരു മിത്ഥ്യയാണെന്നു് മറ്റൊരു കേന്ദ്രത്തിൽ നിന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. എന്നോടുള്ളപഞ്ഞയാൾ ഇപ്രകാരം തുടർന്നു: —

"ഇന്നു് തൊഴിലാളികർഷകസാമാന്യജനങ്ങൾക്കും വേണ്ടിയുള്ള ഒരാരോഗ്യകേന്ദ്രമായി മാറ്റപ്പെട്ടിരിക്കുന്ന മഞ്ഞുകൂമ്പാരത്തിനുള്ളിലെ ഗ്രീഷ്മകാല വസതിയുടെ അരികിലുള്ള ജലാശയത്തിലൂടെ നിലാവുള്ള രാത്രികളിൽ സഞ്ചരിക്കുകയാണെങ്കിൽ ഓരോ തരക്കാരായിട്ടും സ്ത്രീപുരുഷന്മാർ ആഭിജാത്യസമ്പ്രദായത്തിലുള്ള നിൽക്കുന്നതു കാണുവാൻ കഴിയും. എങ്കിലും ചൈനയിലെ ആകെക്കുടിയുള്ള പരിവർത്തനം ശ്രദ്ധേയവും ഗണനാർഹവുമാണെന്നു് സമ്മതിച്ചേതീരൂ. മുന്നൂറുകൊല്ലങ്ങൾക്കുമുൻപു് ഒരുനേരത്തെ അഷ്ടിക്കുവേണ്ടി പെക്കിംഗിലെ പിതാക്കന്മാർ തങ്ങളുടെ പൊന്നോമനപെൺകിടാങ്ങളെ ഇച്ഛാമാത്രയായ പ്രതിഫലത്തിനു് വില്പനചെയ്തിരുന്ന ദുർഘടമായ ജീവിതസാഹചര്യങ്ങളുണ്ടായിരുന്നതു് സായംസന്ധ്യകഴിഞ്ഞാൽ പെക്കിംഗിലെ ഓരോ തെരുവുമുടിയും ലൈംഗിക വൈകൃതങ്ങൾ നടത്തുപൊന്നുമലിനസപ്രദേശങ്ങളായിരുന്നു.

അങ്ങനെ അങ്ങേയറ്റത്തെ വിമർശകന്മാർപോലും ചൈനയിൽ സംഭവിച്ചിട്ടുള്ള പരിവർത്തനത്തിന്റെ പരിമാണത്തെപ്പറ്റിതർക്കിക്കുന്നില്ല. എല്ലാ മേഖലകളിലും സാന്മാർഗ്ഗികമായ ഒരു നവോത്ഥാനം തന്നെ ദൃശ്യമായി. ആകസ്മികവും അത്ഭുതാവഹവുമായ ഒരു നവോത്ഥാനം അതിന്റെ വഴിത്താരയിലുള്ള എല്ലാ മാലിന്യങ്ങളെയും അടിച്ചു പായിച്ചു പക്ഷെ പ്രചരണംകൊണ്ടും ആഡംബരംകൊണ്ടും വികാരങ്ങൾകൊണ്ടും ഒരു പുതിയ ക്രമത്തിനെ ശാശ്വതീകരിക്കാൻ സാധ്യമല്ല. ആവശ്യമായ ഭൗതികസാഹചര്യങ്ങളും തന്നെ സൃഷ്ടിക്കപ്പെടണം. അധഃസ്ഥിതരേയും അധഃപ്തരേയും സുഖരേയും സമുദ്ധരിക്കാൻ പുത്തൻ ചൈന വളരെയെല്ലാം പരിശ്രമിച്ചിട്ടുണ്ടു്. പ്രത്യക്ഷമായ വൈരുദ്ധ്യങ്ങളും വളരെയധികം പ്രകടമാകാതിരിക്കാൻ സമൂഹത്തിലെ ഉന്നതതലക്കാരുടെ വരുമാനങ്ങളും സുഖഭോഗങ്ങളും വളരെയധികം വെട്ടിച്ചുരുക്കപ്പെട്ടിട്ടുണ്ടു്. പക്ഷേ അതുകൊണ്ടു് മതിവരുവില്ല. എല്ലാവക്കും പരിപൂർണ്ണമായ ജീവിത സുഖങ്ങളും സംപ്രാപ്തമാക്കാൻ കഴിയാത്ത കാലത്തോളം പഴയ ജീവിതരീതികളിലേക്കു് പ്രതികമായും വഴിതിരിച്ചുപോകുവാനുള്ള സാധ്യതകളുണ്ടു്. എല്ലാവക്കും ആ സുഖകരമായ ജീവിത നിലവാരം സുരക്ഷിതമാക്കണമെങ്കിൽ സോഷ്യലിസത്തിന്റെ പ്രാഥമികലക്ഷ്യത്തിലേക്കു ബഹുദൂരം ഇനിയും ചൈനക്കു് സഞ്ചരിക്കുവാനുണ്ടു്.

സ. ഇതുസ്വാമിയുടെ വിചിത്രമായ അനുഭവം അങ്ങനെയാണുണ്ടായതു്. അതിന്റെ ആദ്യത്തെ പ്രഭാപടലം ക്രമേണ രൂപാലിഞ്ഞുതുടങ്ങി. ശിക്ഷാരീതി വിടുരതയിലേയ്ക്കു് മങ്ങിത്തുടങ്ങി. മരിക്കലും നന്നാകാത്തവൻ തൊഴിലിൽനിന്നും രക്ഷനേടാനായി പിടികൊടുക്കപ്പെടാതെ പഴയ ജീവിതരീതികളിലേയ്ക്കും വഴിതിരിച്ചുപോകുവാനും തുടങ്ങി. പക്ഷേ ഇക്ഷത്തിൽ ഒരെണ്ണം ഒരു പുതിയ നീതിക്കു ഒരു ഭീഷണിയാവുകയില്ല. എങ്കിലും അതൊരു ശ്ലേഷ്മനമായിരിക്കും. നിരാന്തമായ കാവലും രക്ഷയും ആവശ്യമാണെന്നും അതു വിളിച്ചറിയിക്കുന്നു.

തിരക്കുപിടിച്ച ദിവസങ്ങളായിരുന്നു. സർവ്വകലാശാലകളും വ്യവസായിക പ്രദർശനങ്ങളും കഴിഞ്ഞു. ബാഹ്യാവുകളും സിനിമാശാലകളും മറ്റും ഞങ്ങൾ സന്ദർശിച്ചുകൊണ്ടിരുന്നു. ഒരു പുതിയ സമൂഹക്രമം വളർത്തിക്കൊണ്ടുവരാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന അനവധി വ്യക്തികളുമായി ഞങ്ങൾക്കു പരിചയപ്പെടുവാൻ കഴിഞ്ഞു. എങ്കിലും കേവലം ഉപചാരികമായി, കുറച്ചുനേരത്തെ സന്ദർശനത്തിനുശേഷം ഒരു തരം കൃത്രിമമായ ചുവപ്പാട്ടകളിലാണു് ഞങ്ങൾ സഞ്ചരിക്കുന്നതു്. അത്യധികമായ സൗഹാർദ്ദത്തോടും ആദരവോടുംകൂടിയാണു് ഞങ്ങളോടു പെരുമാറുന്നതെങ്കിലും, കുറേ പുറംപൂച്ചും കുറേ അടക്കവും ഉണ്ടെന്നു് സമ്മതിച്ചേതീരൂ.

അതുകൊണ്ടു് എല്ലാം വളരെ സ്വാഭാവികവും സുഖകരവുമായിരുന്നു എന്നു പറഞ്ഞുകൂടാ. ഞങ്ങളോടൊത്തു് എപ്പോഴും സഞ്ചരിച്ചുകൊണ്ടിരുന്ന ചീനാഭാഷികൾപോലും ആ മഞ്ഞ അയഥാർത്ഥബോധം വഴിപ്പിക്കാനോ സഹായിച്ചുള്ള ഒന്നും വിട്ടുപറയാതിരിക്കാനും വളരെ വിനീതരായിരിക്കാനും നല്ലവണ്ണം അവർ അഭ്യസിച്ചിട്ടുണ്ടു്. അവർക്കു് ഒന്നും അറിഞ്ഞുകൂടാ; അവർ തർജ്ജമക്കാർ മാത്രം. ഒരു ദിവസം പ്രൊഫസർ ജയിനും ഞാനും ഒന്റെ മകളും ഞങ്ങളോടൊത്തു് ലഞ്ചുകഴിച്ചു. നർമ്മോഷണങ്ങൾക്കിടയിൽ ഒരു ചീനാഭാഷിയോടു് ഒരു ഇന്ത്യൻ പ്രതിനിധി ചോദിച്ചു: പ്രൊഫസറുടെ മകനും മിസ്സ് ചക്രേശ്വരിനും ആ ചീനാഭാഷിയെക്കാളും ചീനഭാഷയിൽ വ്യുല്പത്തിയുണ്ടോയെന്നു്. ഉണ്ടെന്നു് ആ ചീനാഭാഷി ഉത്തരമരുളി. മിസ്സ് ചക്രേശ്വരിനെക്കൾ, അനിയൻ ചീനഭാഷയിൽ പരിമിതമായ അറിവു് മാതൃഭാഷയുടെയുണ്ടെന്നു് അവലോകിപ്പെട്ടു. തന്റെ അറിവിന്റെ പരിമിതി ആ ചീനാഭാഷിയെ ബോദ്ധ്യപ്പെടുത്താൻ, അവനും ഒരു ചീനവാക്കിന്റെ അർത്ഥം അയാളോടു് ചോദിച്ചു. അയാളും അറിവില്ലായ്മ നടിക്കുകയും ചെയ്തു. ആ വാക്കിന്റെ ഇംഗ്ലീഷ് തർജ്ജമ മിസ്സ് ചക്രേശ്വരിനോടു പറഞ്ഞുകേൾപ്പിച്ചപ്പോൾ, ചീനാഭാഷയിലുള്ള അവളുടെ മുൽപത്തിയിൽ ആ ചീനാഭാഷി അജ്ഞനനും രേഖപ്പെടുത്തി. ഇങ്ങനെയിരിയുമുണ്ടാവാൻ ചീനാഭാഷികൾക്കും.

ചിലപ്പോൾ ചില ചെറുപ്പക്കാർ അത്യുത്സാഹം നിമിത്തമായിരിക്കും അതിരുകവിഞ്ഞ ആതിഥേയത്വം. പക്ഷേ, രൂപത്തിലും മിക്കവാറും പ്രിയംവദകരാണു്. സ: യു-യീ മിംഗ് ലേശം വ്യത്യസ്തനാണു്. അവനും ബുദ്ധിജീവിയാണു്. ചിലപ്പോഴും വിമർശനബുദ്ധിയോടെ, പരിഹാസപരിഭവത്തിൽ അവനും സംസാരിക്കും. ഞങ്ങളുടെ വിരസവും ശൂന്യവുമായ സംഭാഷണങ്ങൾക്കു് ഏറിവും ചൂടും പ്രദാനംചെയ്തതു് അവനും മാത്രമാണു്.

അവനും അഭിമാനിയാണു്. തോളോടു് ചേർത്തു് മുറിച്ചുകളഞ്ഞ തലമുടി പാറിക്കളിക്കുന്നു. അവനും സുന്ദരിയാണു്. കണ്ണടയും അലസമായ രീതികളും അവനും ഓരോ ഇന്ത്യനും ഒരു വിദ്യാർത്ഥിനിയാണെന്നു തോന്നിപ്പിക്കും. പക്ഷേ, അവനും നല്ല ബുദ്ധിശാലിനിയാണു്. വിമർശനോത്സുകയുമാണു്. ബുദ്ധിജീവികളുടെ കുടുംബത്തിലാണു് അവനും ജനിച്ചതു്. അവളുടെ പരിഹാസവും ഫലിതോക്തികളും കൊണ്ടു് സ: ഖന്ധ്രിക്കരേട, സ്വയം പരിചയപ്പെടുത്തലിന്റെ ദൈർഘ്യം കുറയ്ക്കാൻ സാധിച്ചു. ഒരു ദിവസം അവനും അദ്ദേഹത്തെ ഇങ്ങനെ പരിചയപ്പെടുത്തി:

"ഇതു് സ: ഖസ്ന്ധ്രിക്കാരേട്. ഹിന്ദുസ്ഥാൻ സമയുടെ വൈസ് പ്രസിഡന്റ്. അദ്ദേഹം ഒരു ഠയിൽ വേതാഴിലാളിയായിരുന്നു. എന്നുകൊണ്ടു് എപ്പോഴും അദ്ദേഹം അതാവർത്തിച്ചുപറയുമെങ്കിലും ഏതുകാലത്തും അദ്ദേഹം ഠയിൽ തൊഴിലാളിതന്നെയെന്നു് ഞാൻ മറന്നുപോയി. അദ്ദേഹം ഇംഗ്ലണ്ടിലും പാരീസിലും മറ്റു രാജ്യങ്ങളിലും പോയിട്ടുണ്ടു്" അങ്ങനെയാണു് സ: ഖന്ധ്രിക്കർ സ്വയം പരിചയപ്പെടുത്തലിന്റെ ദൈർഘ്യം കുറച്ചു.

മറ്റൊരു ദിവസം, തിൻമേയ്ത്തുകിൽവച്ചു് അനാവശ്യമായി മര്യാദകേടു് കാട്ടിയതിനു് സ: ശിവനാഥ്ബാനർജിയ്ക്കു് അവനും കണക്കിനു്തന്നെകൊടുത്തു ടോസ്റ്റ പറഞ്ഞപ്പോഴും സ: ചൊൻയി ലാ

സ്ഖലനനിവാരണി

യുവാക്കൾക്കുള്ള അനുഗ്രഹീതമായ ഒരു സിദ്ധൗഷധം

മൂത്രത്തിനുമുമ്പോ പിമ്പോ തുള്ളിതുള്ളിയായോ ഇന്ദ്രിയംപോകുക, മലവിസർജ്ജനത്തിൽ ശക്തിയായി മുക്കുകനിമിത്തം ഇട്ടും വാൻപോകുക, സ്വപ്നംകണ്ടോ കാണാതെയോ ഉറക്കത്തിൽ അറിഞ്ഞോ അറിയാതേയോ ഇന്ദ്രിയം സ്ഖലിക്കുക, അരിമാവു കലക്കിയ രൂപത്തിൽ മൂത്രത്തിൽ കലർന്ന് ഇന്ദ്രിയംപോവുക, സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടെന്ന് ഇന്ദ്രിയം സ്രവിക്കുക ഇങ്ങനെ ഇന്ദ്രിയസംബന്ധമായുണ്ടാകുന്ന നിരവധി സ്ഖലനരോഗങ്ങളെ രണ്ടു ആഴ്ചകൊണ്ടു പരിപൂർണ്ണമായി ശമിപ്പിക്കുന്നതിന് ഞങ്ങളുടെ **സ്ഖലനനിവാരണി** തികച്ചും ഫലപ്രദമെന്നു ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു പറയുന്നു.

രണ്ടു ആഴ്ചക്കാലത്തേയ്ക്കുള്ള ഡപ്പി I-ക്ക് 5 ക. 8 ണ. വി. പി. ചാർജ്ജ് പുറമേ

വി. പി. യായി ആവശ്യപ്പെടുക. മാനേജർ, **S.D. ഫാർമസി,** നാഗമഹാൾ, H O. ആലപ്പുഴ.

ബ്രാഞ്ച്:—9/91 LUZ, മൈലാപ്പൂർ, മദ്രാസ്.

ചെൻയു:

"ഞങ്ങളുടെ നാട്ടിൽ ബുദ്ധജനങ്ങളാണ് കൂടുതലുണ്ടായിരുന്നത്. ഞാനൊരു വിദഗ്ദ്ധനല്ലെങ്കിലും ഞാൻ ബുദ്ധജനങ്ങളിൽ ഒരാളാണ്. ചൈനയിലെ തൊഴിലാളിപ്രസ്ഥാനത്തിലെ അംഗവുമാണ്. ഇപ്പോൾ ഇതു് ഒരടിയന്തിരാവശ്യമല്ലെന്നു് എനിക്കറിയാം."

ബാനർജി:

"എന്നാൽ ബുദ്ധജനാഭിപ്രായം മനുക്രമേ അറിയാനുള്ള ഒരു നിർദ്ദേശമായി ഇതിനെ അറിയിക്കുക, എല്ലാ വിഷയവും നിങ്ങൾക്കു തനതായിട്ടുള്ളതാണെന്നു് അഹങ്കരിക്കരുതു്. ഞങ്ങൾക്കും ചിലതൊക്കെ അറിയാം. നിങ്ങളുടെ ശരിയെന്നു് നിങ്ങൾക്കെങ്ങനെയറിയാം?"

ഞാൻ

"സ: ബാനർജി! ദയവുചെയ്തു് എന്റെ ചർച്ചയുടെ വാനനവരിക്കു."

ചെൻയു:

"ഞങ്ങളാണ് ശരിയെന്നു് ചരിത്രം തെളിയിച്ചു"

യൂസുഫ്:

"മൻഗണന ഏതിനാണു് വേണ്ടതെന്നു് അവർ തീരുമാനിച്ചുഴിഞ്ഞുയെന്നു് അദ്ദേഹം പറഞ്ഞില്ലേ? പിന്നെന്തിനാണു് നിങ്ങൾ——"

ബാനർജി:

"ഞാൻ നിങ്ങളോടല്ല സംസാരിക്കുന്നതു് പിന്നെന്തിനു നിങ്ങൾ ചൈനയ്ക്കുവേണ്ടി മാപ്പിരക്കാൻ ഓടിയെത്തുന്നു?"

യൂസുഫ്:

"ഞാൻ ചോദിക്കുന്നതു് പറയാൻ നിങ്ങളെപ്പോലുള്ള അവകാശം എനിക്കുമുണ്ട്."

ബാനർജി:

"അതു് ഞാൻ അദ്ദേഹവുമായി സംസാരിക്കുമ്പോഴല്ല"

യൂസുഫ്.

"എന്നാൽ നിങ്ങൾ മറയത്തരം പറയാതിരിക്കണം. കാര്യത്തിലേക്കു മടങ്ങുവാനാണു് അല്പകാലം"

ഞാൻ:

"സ: യൂസുഫ് ദയവുചെയ്തു് നിങ്ങളുടെ നാടകമെല്ലാം അനുയോജ്യമായ സ്ഥലത്തു താഴ്ത്തിവെക്കുകയാണു്."

യൂസുഫ്:

"നമ്മുടെ അതിഥിയെ അവഹേളിക്കാൻ നമുക്കു് അദ്ദേഹത്തിനു കൂട്ടുനിൽക്കുകയാണു്."

ഞാൻ:

"ഇല്ല സഖാവെ രണ്ടു കൈയും മനമിച്ചു് മുട്ടിയാലേ മച്ചുയുണ്ടാ

നർജിയോടു പറഞ്ഞു അദ്ദേഹം ഒരിക്കലും ബാനർജിയെ മറക്കുകയില്ലെന്നു്. തലമിവസത്തെ സംഭാഷണങ്ങളെപ്പറ്റിയെല്ലാം അതിലടങ്ങിയിരുന്ന ധ്വനി ബാനർജിയെ ഞെട്ടിപ്പിച്ചിട്ടുണ്ടായിരിക്കണം ബാനർജി ചോദിച്ചു.

"ഒരിക്കലും നിങ്ങൾ എന്നെ മറക്കാതിരിക്കുന്നതെങ്ങിനെയാണു്. ഞാൻ ഇന്നുവരെ ലക്ഷോപലക്ഷം അണികളുമായി സമ്പർക്കത്തിലേർപ്പെട്ടിട്ടുണ്ടു്. അവരെയെല്ലാം ഞാൻ മറന്നു കഴിഞ്ഞു."

ഈ മര്യാദകെട്ട മറുപടിക്കു് പ്രത്യുത്തരമെന്നോണം സ: യീമിംഗ് ചോദിച്ചു:

"സ: ബാനർജി! നിങ്ങൾ നിങ്ങളുടെ സഹധർമ്മിണിയേയും മറന്നുപോയിട്ടുണ്ടോ?"

ബാനർജി അതു് പ്രതീക്ഷിച്ചതല്ല. അദ്ദേഹം ഞെട്ടിപ്പോയി. പിന്നെ, ഒരുവിധത്തിൽ പറഞ്ഞൊപ്പിച്ചു

"കാണതിരുന്നാൽ; മറക്കിക്കാതെയുമിരിക്കും അതുണ്ടെന്റെ സിദ്ധാന്തം."

മേയ് പത്തൊമ്പതാംതീയതി തീവണ്ടിയിലുള്ള എന്റെ കാബിനിൽവച്ചുനടന്ന ചർച്ചകളും രണ്ടു ഇന്ത്യൻ നേതാക്കന്മാർതമ്മിലുള്ള വക്കാണങ്ങളിൽ കലാശിച്ചു. നേതാക്കന്മാരുടെ ചർച്ചാവിഷയം, ഒരു ചൈനയിൽ ഒരു അവകാശിവർഗ്ഗം ഉയർത്തിക്കൊണ്ടുവരുന്നതിനെ തുടച്ചുനീക്കുന്നകാര്യത്തിൽ ചൈന നിന്നപ്പോൾ, ഒരു ചരിത്രപുരുഷനായ സ: ശിവനാഥ് ബാനർജിക്ക് ഒരു കത്തുകൊടുത്തു. അദ്ദേഹത്തിന്റെ ഭാര്യയുടെ കത്തായിരുന്നു അതു്. മേ രണ്ടാംതീയതി കൽക്കട്ടയിൽ പോസ്റ്റുചെയ്തതാണു് പെക്കിംഗിൽ പതിനഞ്ചാംതീയതി എത്തിയ കത്തു് റിസീവിനു മേൽക്കു് തിരിച്ചുയച്ചു. ശിവനാഥ് ഓരോ ഞങ്ങളും ചെയ്യുക്കാർ അങ്ങനെയാണു് അദ്ദേഹത്തെ വിളിക്കാറു്—കത്തു് ചൊട്ടുമുമ്പു് ആകാംക്ഷയോടെ വായിച്ചു. തല്പരവൃക്തികളെയെല്ലാം മിസ്സിസ്സ് ബാനർജിയുടെ ആശംസകളും അറിയിച്ചു. എന്നിട്ടു് അദ്ദേഹം ഞെട്ടിപ്പോയതുപോലെ. ചൈനയിലെ കമ്മ്യൂണിക്കേഷൻ സമൂലമായി പുനഃസംഘടിപ്പിക്കണമെന്നു്. കൽക്കട്ടയിൽ നിന്നുള്ള കത്തു് പെക്കിംഗിലെത്തണമെങ്കിൽ പതിനാലുദിവസം വേണമെന്നു് വന്നകുട്ടുക അനർത്ഥകരമാണു്. ഞാനും ആ അഭിപ്രായത്തെ പിന്താങ്ങുകയുണ്ടായി ഇതുപോലെ ഒരു രാത്രികൊണ്ടു് വിമാനമാർഗ്ഗം എഴുത്തുകൾ ഒരു സ്ഥലത്തുനിന്നു് മറ്റൊരു സ്ഥലത്തേക്കു് അയയ്ക്കുകയും പ്രധാനപ്പെട്ടണങ്ങളിലാണെങ്കിൽ ഒരു ദിവസംകൊണ്ടും മാറിടങ്ങളിൽ രണ്ടു ദിവസംകൊണ്ടും എഴുത്തുകൾ ചെന്നെത്തുകയുംചെയ്യുന്ന വിധത്തെപ്പറ്റി ഞാൻ വിശദീകരിച്ചു ചൈനയുടെ സമഗ്രമായ പുനഃസംവിധാനത്തിൽ ഏതിനാണു് മൻഗണനനൽകേണ്ടതു് എന്നുള്ളതിനെ അയാൾ ചിരിക്കുന്ന ഒരു പ്രശ്നമാണെന്നു് ചെൻയു വാദിച്ചു. ഈ പ്രശ്നങ്ങളെല്ലാം ഇന്നു് തീരുമാനിക്കുന്നതു് ജനങ്ങളുതന്നെയാണെന്നും ഭേദിയ പുനരധിവാസവും പ്രഥമ പഞ്ചവത്സരപദ്ധതിയുംപോലെ ദ്വിതീയതിയിലുള്ള അഞ്ചുവർഷപ്പദ്ധതി അവരെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതല്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. സ: ഭാനു ചോദിച്ചു:

"നിങ്ങളുടെ പ്രഥമ പഞ്ചവത്സരപദ്ധതി രൂപപ്പെടുത്തുകയോ അതു പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ല. എന്നിട്ടും അതിന്റെ പ്രധാനപ്പെട്ടതിന്റെ പണി പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന അപ്പോൾ, ഏതിനുമുൻഗണന നൽകണമെന്നുള്ള ജനങ്ങളാണു് തീരുമാനിക്കുന്നതു എന്നു നിങ്ങൾക്കെങ്ങനെ പറയാൻ കഴിയും? മുൻഗണനകളുടെ പ്രശ്നത്തിൽ ജനങ്ങളുടെ തീരുമാനം എപ്പോഴായിപ്പോഴും നിങ്ങൾ അംഗീകരിക്കാറുണ്ടോ?"

ചെൻയു:

"സങ്കുചിതമായ ഒരു വീക്ഷണകോണിൽക്കൂടിയായിരിക്കും ചില കാര്യങ്ങളെ ജനങ്ങൾ ചിലപ്പോൾ നോക്കുക. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അവരെ ഉൽബുദ്ധരാക്കണം പോസ്റ്റൽ കമ്മ്യൂണിക്കേഷൻ അഭിവൃദ്ധിപ്പെടുത്തുക എന്നുള്ളതു് ഇന്നു് ജനങ്ങളുടെ ഒരടിയന്തിരാവശ്യമാണെന്നു് എനിക്കു് തോന്നുന്നില്ല. അതു പുറകേ വരുന്ന ഒരാവശ്യമാണു്. അതുകൊണ്ടു് അതവിടെ നിൽക്കട്ടെ."

ബാനർജി:

"താങ്കൾ ഒരു കമ്മ്യൂണിക്കേഷൻ വിദഗ്ദ്ധനാണോ? ഏതിനുവേണ്ടിയും ഇക്കാര്യത്തിൽ നിങ്ങൾ നിസ്സഹായനാണെന്നു്. നിങ്ങൾ എന്റെ നിർദ്ദേശം അങ്ങോട്ടു അറിയിക്കുക. പ്രാപ്തിയുള്ളവർ അതു് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യട്ടെ."

ഇൻഡ്യൻ ചിട്ടിഫണ്

ക്ലിപ്തം, തിരുവനന്തപുരം—1.

12500 രൂപയുടെ

പ്രതിമാസലേലച്ചിട്ടി "ക്യാഷ് സെക്യൂരിറ്റിയിന്മേൽ

പുതുതായി വീണ്ടും ഉടനെ ആരംഭിക്കുന്നു

(A)	60 രൂ.	50 മാസം.	രൂ. 3000	(D)	30 രൂ.	50 മാസം.	രൂ. 1500
(B)	50 ,,	,,	2500	(E)	20 ,,	,,	1000x2
(C)	40 ,,		2000	(F	10 ,,	,,	500x3

ഇടയ്ക്കു ചിട്ടികൾ ആരംഭിച്ചവർക്കും ആവശ്യപ്പെട്ടാലുടനെ പണമായോ അയച്ചുതരുന്നതാണ്

കെ. ദാമോദരൻപിള്ള,

മാനേജിംഗ് ഡയറക്ടർ

വുകയുള്ളൂ. ഒന്നുമാത്രം അനങ്ങിയാൽ രക്ഷ പോകുകയില്ല".

യൂസുഫ്:

"അതുകൊണ്ടല്ലേ ഞാനാരോടും ചർച്ചയ്ക്കു വരാത്തതു്. ശരി ഞാനിനി സംസാരിക്കുന്നില്ല പക്ഷെ, അളുകളായാൽ കുറച്ചൊക്കെ വിവേകം വേണം."

അങ്ങനെ ആ ആദ്യത്തെ ആശയ സംഘട്ടനം, സ ജയ്സൂര്യ പറഞ്ഞതുപോലെ 'മൻവിധികളുടെയും പക്ഷപാതചിന്തകളുടേയും ആ സംഘട്ടനം' ഏതൻ കംപാർട്ടുമെൻറിൽവച്ചുണ്ടായി നിർഭാഗ്യവശാൽ ആ രണ്ടു ശക്തികളുടേയും മദ്ധ്യസ്ഥൻ ഞാനായിരുന്നതുകൊണ്ടു മുഴുവൻ സ യൂസുഫ് എന്നെക്കാണുമ്പോൾ മുഖം വീർപ്പിച്ചുകെട്ടി നടന്നു. എന്നോടു് ഒന്നും സംസാരിച്ചതുമില്ല "ഞങ്ങളാണു നരിയെന്നു ചരിത്രം തെളിയിച്ചു" എന്നുള്ള വാചകത്തിൽ മുറിഞ്ഞുട്ടു് സ: ബാനർജി കഴിഞ്ഞുകൂടി അതുമുതിൽ കിടന്നു് തികട്ടിയതുമകാണ്ടാണു് സ ചൈനയുവിനോടു് അപമര്യാദമായി തീൻമേശയ്ക്കരികിൽവച്ചു് അടുത്തദിവസം സ ബാനർജി സംസാരിച്ചതു്.


ചിന്താശീലരുടെ കൂട്ടത്തിൽ മിസ്സിസ് ലിംഡ് മറ്റാരേക്കാളും പ്രധാനപ്പെട്ട വ്യക്തിയാണു്. അവരുടെ അഭിപ്രായം. ഉദ്ധതമായ ശരീരം ലേശം കോങ്കണ്ണുണ്ടു് കണ്ണടയുമുണ്ടു്. അസാധാരണമായ ഉന്മേഷവും അക്ഷയമായ ക്ഷമാശീലവുമുള്ള ഒരു സ്ത്രീ. അവരുടെ ജോലിസമയമാണെങ്കിലും അല്ലെങ്കിലും അവർ എല്ലാവരുടേയും സഹായത്തിനോടിയെത്തും. ക്രിസ്തുമേശയുടെ സമീപത്തായാലും, ഏതെങ്കിലും നിങ്ങൾക്കു് ആവശ്യമുണ്ടെന്നു് സൂചിപ്പിച്ചാൽ, തീനുപേക്ഷിച്ചിട്ടു് അവർ അതിനുവേണ്ടി ഓടിപ്പോകും. അത്രയ്ക്കു് ഭയാശീലവും, സൗമനസ്യവും അവർക്കുണ്ടു്. നിങ്ങളുടെസ്വന്തം സഹോദരിയാണവരെന്നേ തോന്നൂ.

പരക്ഷ, അവിനീതവും സ്നേഹസമ്പന്നവുമായ സേവനചാതുരിയുടെ യവനികയ്ക്കു് പിന്നിൽ അത്യന്തനതയായ ഒരു വിപ്ലവകാരിയുടെ മൂർച്ചയുള്ള മസ്തിഷ്കം പ്രവർത്തിക്കുന്നുണ്ടു്. ചൈനയുടെ അന്ധകാരമയമായ വിദൂര ഭൂതകാലത്തിലേക്കുള്ള ചരിത്രപരമായ ഗവേഷണത്തെസംബന്ധിച്ചുള്ള ഏറ്റവും സങ്കീർണ്ണമായ പ്രശ്നങ്ങളിൽപോലും അവർക്കു് സുചിന്തിതമായ അഭിപ്രായങ്ങളുണ്ടു്. ചൈനയുടെ മുഖ്യശത്രു; കൊല്ലക്കാലത്തെ ചരിത്രത്തിന്റെ വൈരുദ്ധ്യാധിഷ്ഠിതമായ (Dilectical) ഒരുപഗ്രഥനം അനായാസമായി നിങ്ങളുടെ മുമ്പിൽ നിരത്തിവയ്ക്കുവാൻ അവർക്കു് പ്രയാസമില്ല. കണക്കിലും ഭൂമിശാസ്ത്രത്തിലും സാഹിത്യത്തിലും അവർക്കു് നല്ല വ്യുൽപത്തിയാണു്. ഡാ. സൺയാറ്റ് സെന്നിന്റെ മസോളിയത്തിൽ കൊത്തിവച്ചിട്ടുള്ള അദ്ദേഹത്തിന്റെ സന്ദേശത്തിന്റെ പൂർണ്ണരൂപം അവർമനസ്സിൽനിന്നു് തർജ്ജമചെയ്തു് കേൾപ്പിക്കുകയുണ്ടായി

മുപ്പതുവയസ്സുള്ള അവർക്കു് രണ്ടു കുഞ്ഞുങ്ങളുണ്ടു്. ഒന്നിനു മൂന്നുവയസ്സും, ഒന്നിനു എട്ടുമാസവും പ്രായമുണ്ടു്. അവർക്കു് 500000 യുവാൻ ശമ്പളമുണ്ടു്, 300000 യുവാൻ കുഞ്ഞുങ്ങൾക്കുള്ള അലവൻസായും ലഭിക്കുന്നു ഒരു വാണിജ്യസ്ഥാപനത്തിന്റെ ഒരു ഡിസ്ട്രിക്ട് മാനേജരാണു് അവരുടെ ഭർത്താവു്. അദ്ദേഹത്തിനു് 1000000 യുവാൻ ശമ്പളമുണ്ടു്. അവരുടെ നാത്തൂൻ, ഒരു എൻജിനീയറുടെ ഭാര്യയാണു്. അദ്ദേഹത്തിനു് പെക്കിംഗിൽനിന്നും അമ്പതുമൈലകലെയാണു് ജോലി. അവരുടെ രണ്ടു കുഞ്ഞുങ്ങളും ബോർഡിംഗ്സ്കൂളിലാണു്. അതുകൊണ്ടു നാത്തൂന്റെയും അനുജനായിഅമ്മയുടേയും സംരക്ഷണയിലാണു് മിസ്സിസ് ലിംഗിന്റെ കുഞ്ഞുങ്ങളും വളരുന്നതു് അഖില ചൈനാ ലേബർ ഫഡറേഷനിൽനിന്നും കരമൊഴിയായി വിട്ടുകൊടുത്തിട്ടുള്ള മൂന്നുമുറിയുള്ള ഒരു വീട്ടിലാണു് അവർ താമസിക്കുന്നതു്.

ഒരു ഫ്യൂഡൽകുടുംബത്തിൽ അവർ ജനിച്ചു. അവരുടെ അപ്പൂപ്പന്റെ അപ്പൂപ്പൻ ചക്രവർത്തിയുടെ അദ്ധ്യാപകനായിരുന്നു. ധാരാളം ഭൂസ്വത്തുമുണ്ടായിരുന്ന അവരുടെ അപ്പൂപ്പൻ എല്ലാം ദീപാളികളിച്ചുകളഞ്ഞു. അച്ഛൻ ബാങ്കിംഗ് ജോലിയിൽ ഏർപ്പെട്ടു പക്ഷെ അവരുടെ അമ്മ പഴയ ഫ്യൂഡൽ രീതികളും അഹങ്കാരപൂർവമുള്ള പെരുമാറ്റങ്ങളും ഒരിക്കലും കൈവെടിഞ്ഞില്ല അവരെയും നാലു സഹോദരന്മാരേയും കർശനമായ ശിക്ഷണത്തിലാണു് വളർത്തിയതു്, പക്ഷെ, സദ്ഗുണമായ സഹചര്യങ്ങളിൽ പരിവർത്തനമുള്ളതുപോലെ കുട്ടികളെല്ലാം ഫ്യൂഡൽ വിരുദ്ധചിന്താഗതിയിലേക്കു് പരിവർത്തനം ചെയ്യപ്പെട്ടുപോയി. മകളായിരുന്ന ഏറ്റവും വലിയ പാപി. ബിരുദം നേടിക്കഴിഞ്ഞപ്പോൾ അവൾക്കു് മാർക്സിസത്തിന്റെ അറിവു ലഭിച്ചു കഴിഞ്ഞിരുന്നു. വിപ്ലവപ്രവർത്തനങ്ങളിൽ ഇളംതലമുറക്കാരെ സജ്ജമാക്കുവാനും വേറെ എട്ടു പെൺകുട്ടികളെ ചേർന്നു അവർ ഒരു സെക്രട്ടറിയേറ്റ് സ്റ്റഡിസർക്കിൾ തുടങ്ങി. അങ്ങനെ അത്യന്തം ക്ഷോഭിച്ചുനിന്നിരുന്ന അമ്മയും മകളും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയും ചെയ്തു. കുറെക്കഴിഞ്ഞു് വടക്കൻ ഭിക്ഷുക്കളുടെ ലക്ഷ്യപ്രവർത്തനമേഖല മാറ്റുകയും. മറ്റാരു സ്കൂളിൽ ധാവിയാവുകയും ചെയ്തു. കുറച്ചനം കഴിഞ്ഞതോടുകൂടി അവർ ജോലി ഉപേക്ഷിച്ചു്, സ്വയാ ഒരു ചിന്താശീലനിലയിൽ പുതിയ ജീവിതരീതികൾ വിച്ചുവരുന്നു. പുതുചൈനയിൽ ജനസമൂഹത്തിന്റെ ലക്ഷ്യോപരിലക്ഷ്യം നിസ്വാർത്ഥപ്രവർത്തകരുടെ ഒരുത്തമമാതൃകയാണു് ആ സ്ത്രീ. ജനാധിപത്യത്തിനായിൽ അഴിമതിക്കും സേച്ഛാധിപത്യമായ പ്രവണതകൾക്കും എതിരായുള്ള യഥാർത്ഥമായ ശക്തികൾ അവരെപ്പോലെയുള്ളവരാണു്.

(തുടരും)



ഇത്തവണ അതുക്കും മേലെ പടി ഏറ്റാൻ വിധിക്കാത്തതിൽ അതിയായ ഖേദമുണ്ട്. ചേച്ചി ഒരു യാത്ര കഴിഞ്ഞു വന്നതേയുള്ളു. ഒരു വല്ല്യാണത്തിനു പോയിരുന്നു, എറ്റാൻ സമയം കിട്ടുമായിരുന്നെങ്കിൽ ഒന്നു രണ്ടു പേരെക്കൂടിയും മേലെ പടി ഏറ്റാൻ സാധിക്കുമായിരുന്നു. ഇപ്പോൾ പ്രസ്സിൽ നിന്നു മാറാനുള്ളതും പുതിയ ലെറ്റുകയാണ്.

കഴിഞ്ഞ ആഴ്ചയിലെ ചോദ്യങ്ങളുടെ ഉത്തരം അടുത്തയാഴ്ച പ്രസിദ്ധപ്പെടുത്താം. ആരെല്ലാം അയച്ചിട്ടുണ്ടെന്നു നോക്കിയാലേ അറിയാവൂ. കുറേപ്പേർ ചോദ്യങ്ങളും അയച്ചുതന്നിട്ടുണ്ട്. നല്ല ചോദ്യങ്ങളെല്ലാം പ്രസിദ്ധപ്പെടുത്തുന്നതാണ്. ചിലർ ചോദ്യങ്ങളും മാത്രമേ അയച്ചുതന്നിട്ടുള്ളു. ഉത്തരങ്ങളുംകൂടി അയച്ചുതന്നാലേ ആ ചോദ്യങ്ങളും പ്രസിദ്ധപ്പെടുത്താൻ പറ്റൂ.

കാർഡുകളും അടിച്ചുകൊണ്ടിരിക്കുകയാണ് ചേച്ചിയുടെ മടിക്കാരണമാണ് ഇതുവരെ കാർഡുകിട്ടാത്തതെന്നു നിങ്ങളുടെ മനസ്സു കൊണ്ടു വിശ്വസിക്കരുതു്. അടിച്ചുകിട്ടിയാലുടൻ എറ്റിതയയ്ക്കുന്നതാണ്.

അതെല്ലാം പോകട്ടേ. കാത്തികയ്ക്കു ഞാനെല്ലാം വിളക്കുകളും കത്തിച്ചു. ഇയ്യോണ്ട് കാത്തികദിവസം അതും ഇല്ലാതിരുന്നതുകൊണ്ട് വീട്ടിൽ വിളക്കുകളും ഒന്നും കത്തിക്കാൻ സാധിച്ചില്ല കഴിഞ്ഞതവണത്തെ അനുഭവം കതിരുകളും എല്ലാം ഇപ്പോഴും ആരോഗ്യവാന്മാരായിരുന്നതിൽ ഇരിപ്പുണ്ട്. അവരെയൊന്നും ഇത്തവണ വെള്ളത്തിൽ കാണാഞ്ഞതിൽ അവർക്കെല്ലാം പ്രതിഷേധമുണ്ടെന്നു തോന്നുന്നു. ആനകളെ കൊമ്പൊടിച്ചുകളഞ്ഞു. ഒരു കതിര അത്മഹത്യചെയ്തുകളഞ്ഞു.

പിന്നെ വലുതായി വിശേഷങ്ങളും അധികമൊന്നുമില്ല. ബാക്കി അടുത്തയാഴ്ചയിൽ പറയാം. എല്ലാവർക്കും സുഖംതന്നെന്നു വിശ്വസിക്കുന്നു. ചേച്ചിക്കും ഇവിടെ എല്ലാവർക്കും സുഖംതന്നെ.

സ്നേഹപൂർവ്വം സ്വന്തം ചേച്ചി

N B പുതിയ അംഗങ്ങളെ ഇയ്യാഴ്ച ചേർക്കാത്തതു് കാർഡു അടിച്ചുകിട്ടാത്തതുകൊണ്ടാണ്. അടുത്തയാഴ്ച എല്ലാവരുടേയും പേരു് പ്രസിദ്ധപ്പെടുത്തുന്നതാണ്. രണ്ടാമത്തെ കൂപ്പൺ പൂരിപ്പിച്ചയയ്ക്കാതേ.

ചേച്ചി

★ കുമുദിയിലെ പൂമ്പാറ്റകൾ ★

(സി. കലാഗോപാൽ, നമ്പർ 2296)

കൈകളിലെല്ലരി പുഷ്പം പിച്ചിപ്പോൾ
കണ്ടുപിടിച്ചും, ഞാൻ
"കുമുദി"യെന്നൊരു സുന്ദരിതന്നിൽ
സുസ്മിതമുളവാക്കുന്നു
ഉള്ളിലൊളിച്ചു കളിച്ചു ചിരിപ്പൂ
കേസരകിരണങ്ങൾ
ഞാനാണലകിൽ 'ചന്ദ്രിക"യെന്നൊരു
മിഥ്യാബോധത്താൽ
ഉഷസ്സിൽ കുളിർകാറ്റേറ്റുണരുമെങ്ങും
അങ്ങിങ്ങോടുന്നു
"ഉഷ"യാംമധുകണമതിനുള്ളിലു-
ങ്ങുഞ്ഞാലാടുന്നു
പൂമ്പാറ്റകളാ,മനുജന്മാ,രുണുത്തി-
കളും, ഹാ, ഹാ!
കൂടിയടുക്കുന്നാമലരിന്മേ-
ലൊട്ടച്ചേർന്നിടാൻ
ശ്യാമളവർണ്ണം കുങ്കുമപൂ, വാ
കുസുമി സമൂഹത്തെ
കോമളസുനകയുഷ്പിൽ 'ലീഗിൽ'
പേരെഴുതീടുന്നു
കൈകളിലെല്ലരി പുഷ്പം പിച്ചിപ്പോൾ
കണ്ടുപിടിച്ചും, ഞാൻ
കുമുദിയെന്നൊരു സുന്ദരിതന്നിൽ
സുസ്മിതമുളവാക്കുന്നു
ഇന്നുയുവിടരാൻ തുടങ്ങിയെങ്കിൽ
നാളെപ്പൂവരിയിലോ?.....
പൊന്നൊളിയുകി നിവൻ വന്നപ്പോ-
ളുൽസവമെന്തിന്നായ്!
"ബാല"പ്രായപ്പൂവതിനെന്തിനോ?
വാർത്തകുക്കാലൻ!
മാലമിനക്കാനല്ലുഷ; ലോകം
നോക്കി ഗ്രഹിച്ചിടാൻ
മാധവമാസം വന്നുകരേറി-
പ്പൂമ്പാറ്റകളോരം-
വാസംതേടും, 'കുമുദിനി പൈഷ്യ'ലിൽ
കാണാം, നില്ക്കൂ, നാം.
കൈകളിലെല്ലരി പുഷ്പം പിച്ചിപ്പോൾ
കണ്ടുപിടിച്ചും, ഞാൻ
കുമുദിയെന്നൊരു സുന്ദരിതന്നിൽ
സുസ്മിതമുളവാക്കുന്നു

'വടമത്തായി'യുടെ സോഷ്യലിസം

കെ. പി. ബാബുസൻ നമ്പർ 1009
മുണ്ടയ്ക്കൽ, കൊല്ലം.

ഞങ്ങളുടെ അടുത്തുള്ള പൊടിപ്പുകടയിലെ പൊടിപ്പുകാരനാണ് മത്തായി. അവിടെ മിക്കവാറും മുതലാളി കാണുകയില്ല. എല്ലാം നോക്കുന്നതു മത്തായിതന്നെ. പക്ഷേ അയാളും എപ്പോഴും ഇതുപോലെ അടുത്തുള്ള ചായക്കടയിലാണ്. വടതീറ്റാനാണ് ജോലി. പൊടിപ്പുകാർ ഒരു സംക്രമമാകുമ്പോൾ അയാളും പണിക്കു ഇറങ്ങിവരും. എന്നാ മത്തായി എന്നു ആരെങ്കിലും ചോദിച്ചാൽ പറയും ഒന്നുമില്ല. ഒരു വടപോലുമക്കാൻ പോയി. പിള്ളേർ അയാളുടെ കാക്കി നിക്കറിന്റെ പാക്കറ്റിൽ കൈയിട്ടുനോക്കും വടയുണ്ടോ എന്നു്. അയാളും ഒന്നും പറയുന്നില്ല. അതു പാവമാണ്. എല്ലാവരും അയാളെ വടമത്തായി എന്നാണ് വിളിക്കുന്നതു്.

വടമത്തായി പാവമാണെങ്കിലും പട്ടിയെപ്പോലെയാണ് വലിയ വിനയനാണ്. എറിഞ്ഞാൽ തിരിക്കുമ്പോൾ അതിന്റെ ചെവിയിടക്കിലേ കൊള്ളുകയുള്ളു. ഏതുപുതിയിൽ പൊടിച്ചുകൊണ്ടുനിന്നാലും ഒരു പട്ടി അ

കൗമുദിവാരിക

	രൂ.	ണ.
ഏജൻറന്മാർമുഖേന മാറപ്പുതി	0	8
വാർഷിക വരിസംഖ്യ പോസ്റ്റ്	10	8
,, ഫോറിൻപോസ്റ്റ്	18	0

കൂടുതൽ വിവരങ്ങൾക്കെഴുതുക:

മാനേജർ, കൗമുദി വാരിക
പേട്ട-തിരുവനന്തപുരം

ത്'ലേപോയാൽ അയാൾ പൊടിപ്പുനിറുത്തി പിറകെ ഓട്ടം. ഇവിടങ്ങളിലുള്ള എല്ലാ പട്ടികളുടേയും ചെവി മടങ്ങിക്കിടക്കുന്നതു മത്തായിയുടെ എറികൊണ്ടാണ്.

ഞങ്ങൾ സ്കൂൾവിട്ടുവന്നാൽ മിക്കവാറും മത്തായിയുടെ കടയിലാണ് ഇരിപ്പ്. അയാൾ വലിയ സോഷ്യലിസംപറയും. ഉള്ളവൻറെ പക്കൽനിന്നും എടുത്തു ഇല്ലാത്തവനു കൊടുക്കുന്നതാണു സോഷ്യലിസം. ഞങ്ങളെ സോഷ്യലിസം പഠിപ്പിച്ചതു വടമത്തായ് ആണ്.

ഒരു ദിവസം ഉച്ചതിരിഞ്ഞു വലിയ മഴയായിരുന്നു. ഞാനും, മമ്മതും, കണ്ണനും മഴയത്തു പൊടിപ്പുകടയിൽ അഭയംപ്രാപിച്ചു. എത്രമഴ ഒരുവിധത്തിലും മഴ തീരുന്നതുമില്ല. അതും പൊടിപ്പിക്കാനും വന്നില്ല. ആ മഴയിൽ അരകിലോ പുഴുങ്ങിയതോ നേരം മയങ്ങിത്തുടങ്ങി. അപ്പോൾ ഒരു കൊച്ചുപെണ്ണു കുറേ ശോതയുംകൊണ്ടു കയറിവന്നു. തലയിൽ ഒരു മുറംവെച്ചിരുന്നെങ്കിലും അവൾ മുഴുവൻ ഉറഞ്ഞിവാരിക്കൊണ്ടാണു വന്നതു് അവളുടെ പാവാടയിൽ ഒരു വലിയ കീറലുണ്ടായിരുന്നു. പാവം അവൾ ചക്രം എടുത്തു മത്തായിയുടെ നേരെ നീട്ടിക്കൊണ്ടു പറഞ്ഞു: 'ഇതൊന്നു പൊടിച്ചുതരണം. എനിക്കു വേഗം പോണം, ആവശ്യമനുസരിഞ്ഞാൽ പൊടിക്കുന്നില്ല! മത്തായി ദേഷ്യപ്പെട്ടു പറഞ്ഞു അവളുടെ വീട്ടിൽ അന്നു അരികിട്ടിയില്ലെന്നും, അതു പൊടിച്ചിട്ടുവേണം അത്താഴം ഉണ്ടാക്കാനെന്നും അവൾ പറഞ്ഞു മത്തായി വകവച്ചില്ല 'അതു നാളെക്കൊണ്ടുവാ. ഇന്നിനി മിഷ്യൻ വിടത്തില്ല' എന്നു പറഞ്ഞു അവൾ അവിടെന്നിടുന്നുനിന്നും അനങ്ങാതെ അവിടെത്തന്നെ ഇരുന്നു. ഇതു കേട്ടപ്പോൾ ആ പെൺകുട്ടിക്കു കരച്ചിൽ വന്നുപോയി പൊടിച്ചേരുണ്ടു ചെന്നില്ലെങ്കിൽ അമ്മ അടിക്കും! അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു. ഞാൻ ചോദിച്ചു 'നിൻറെ വീടു് എവിടെയാ.'

'തിരുമ്മലിറക്കിഴക്കു്.'

'അച്ഛനാരാ?'

'അച്ഛനില്ല.'

'അമ്മ'

'അമ്മ മാപ്പിളസാറിനെ കൂപ്പാ!' എനിക്കു വീടു മനസ്സിലായി. അവർ വെരും പാവങ്ങളാണ്. എൻറെകൂടെ പഠിക്കുന്ന ജയരാജൻറെ പറമ്പിൽ കൂടികഴിയുന്നവരാണ്. വീടില്ല. ഒരു മാടമാണ്. ഞാൻ പറഞ്ഞു, മത്തായിച്ചേട്ടാ ഒരു പൊടിപ്പുകൊടു്. ഇതു മഴയത്തു വന്നിട്ടല്ലേ അയാൾ വകവച്ചില്ല. ആ പെൺകുട്ടി എൻറെ നേരെ സങ്കടത്തോടെ നോക്കി. ഞാനെന്തുചെയ്യും. കടയിൽ ഞങ്ങളെല്ലാവരുംകൂടി പറഞ്ഞുനോക്കി. അതും ഫലിച്ചില്ല. മത്തായി ഒരു ചുരുട്ടു് ശോതയുമാവും രണ്ടു കുമ്പപ്പോട്ടി വാങ്ങിവെച്ചിരുന്നതുംകൂടി എടുത്തുകൊണ്ടുകടയുംപൂട്ടി ഇറങ്ങിനടന്നു. ആ പെൺകുട്ടി അവളുടെ വട്ടിയും എടുത്തുകരഞ്ഞുകൊണ്ടുതന്നെ തിരിച്ചുപോയി അടുത്തെങ്ങും വേറെ പൊടിപ്പുകമ്പനികളുമില്ല ഞങ്ങൾക്കെല്ലാം വലിയ സങ്കടംതോന്നി.

'ഇയാൾ വലിയ ദുഷ്ടൻതന്നെ' മമ്മതു പറഞ്ഞു.

'ഈ തരത്തിനെ ഇനി അയാളെ ഒന്നു പറഞ്ഞിക്കണം' ഞാൻ ഏറ്റു പറഞ്ഞു.

പുഴുങ്ങി ഇന്നുരാത്രി ഇലയപ്പം ചുടാൻ പോകയാണ്. അതു തീരുമുൻപു് കണ്ണൻ പ്ലാൻ പറഞ്ഞു. കണ്ണൻ വലിയ കുശലക്കാരനാണ്. ഞങ്ങൾ അവനെ ഉള്ളൂരനെന്നാണു വിളിക്കുന്നതു്. മാക്രിയെ കൊത്താനും മാവേകേറാനും വലിയ മിടുക്കനാണു കണ്ണൻ. എന്നു മാവേക്കേറാം പഠിപ്പിച്ചതു കണ്ണനാണ്. കണ്ണൻറെ ആലോചനതന്നെ ഞങ്ങൾക്കും ബോധിച്ചു. 'ഇനി ഇതു വടമത്തായി അപ്പം തിന്നട' ഞങ്ങളും പറഞ്ഞു ഞങ്ങൾ കൂടിയാലോചിച്ചു അതിനു ഒരു വഴിയും നിശ്ചയിച്ചു. അതിങ്ങനെയായിരുന്നു. മൂന്നുപേരുംകൂടി രാത്രി മത്തായിയുടെ വീട്ടിൽ പോകണം. കണ്ണൻ അടുക്കളയിലത്തു പതുങ്ങിനിന്നുകൊള്ളണം രണ്ടുപേർ മത്തായിയെ തളത്തിലിരുത്തി സംസാരിക്കണം. മത്തായിയുടെ അമ്മ അപ്പം, ചുട്ടുതീരാറാകുമ്പോൾ അവരെ അടുക്കളയിൽ നിന്നും മാറ്റാൻ ഒരു പണി പ്രയോഗിക്കണം. അതനുസരിച്ചു കണ്ണൻ അപ്പംതട്ടിക്കൊണ്ടു കടക്കണം. ഇതായിരുന്നു തന്ത്രം. മത്തായിയുടെ തള്ളയെ അടുക്കളയിൽനിന്നു മാറ്റാനുള്ള വഴിയെപ്പറ്റി കുറേ കൂട്ടുതൽ ആലോചനടന്നു ഒരു ശബ്ദമുണ്ടാക്കണമെന്നതായിരുന്നു നിശ്ചയം. അതിനുള്ള വഴിയും ഒടുവിൽ കണ്ണൻതന്നെ കണ്ടുപിടിച്ചു. ഒരു വലിയ ബലൂൺ വാങ്ങി വച്ചുകൊള്ളണമെന്നും, അതു ഉരതി ഉരതി സമയത്തു പൊട്ടിക്കണമെന്നും നിശ്ചയിച്ചു.


ഞങ്ങൾ ഏഴരമണിക്കുതന്നെ ബലൂണുംവാങ്ങി മത്തായിയുടെ വീട്ടിലെത്തി. നല്ലസമയം. മത്തായിയും അമ്മയുംകൂടെ അപ്പം ചുടുകയാണ്. അവർ രണ്ടുപേരുമേ അവിടെയുള്ളൂ കരിപ്പെട്ടിയും തേങ്ങായുംവെച്ചു വടക്കുഭാഗത്തെ അടുപ്പിലയിൽ മടക്കിയ ഇലയപ്പം ചീനച്ചട്ടിയിലിട്ടു ചുടുകയാണ്. തേങ്ങായും കരിപ്പെട്ടിയും നിറയെ കോരിയിട്ടുണ്ട്. എല്ലാം എടുത്തിയെപോലെ വീർത്തിരിക്കുന്നു. ചിലതിനകത്തു പൊട്ടി ശീ, ശീ എന്ന ശബ്ദം ചീനച്ചട്ടിയിൽ കേൾക്കുന്നു. ഹാ, എത്ര നല്ല അപ്പങ്ങൾ

മത്തായി എഴുന്നേറ്റു ഞങ്ങളുടെകൂടെ തളത്തിൽ വന്നിരുന്നു. കണ്ണൻ അപ്പുറത്തു പതുങ്ങി നില്ക്കുയാണ്. ഞങ്ങൾ വലിയ സംസാരമായി. ഇടയ്ക്കു ഞാൻ ബലൂൺ ഊതും, വിടും. അപ്പം ചുട്ടുതീരാറായ സമയത്തു ഞാൻ ഒരു മറ ഊത്തു്. ബലൂൺ ഠപ്പേ എന്നു പൊട്ടി. അപ്പോ, എന്തൊരു പൊട്ടൽ! ഇതുമാതിരി ഒരു പൊട്ടൽ ഇതിനുമുമ്പു ഒരു ബലൂണും പൊട്ടിയിട്ടില്ല. മത്തായി അറിയാതെ 'അയ്യോ'ന്നു വിളിച്ചുപോയി. അവൻറെ അമ്മ 'എന്തെടാ മക്കളേ, ചത്തോടാ, നീ ചത്തോടാ നീ ചത്തോടാ എന്നൊക്കെ വിളിച്ചുകൂവിക്കൊണ്ടു ഓടിവന്നു. വിവരം അറിഞ്ഞപ്പോൾ എല്ലാവരും ചിരിച്ചു. അവർ തിരിയെ അടുപ്പുനോക്കുമ്പോൾ അപ്പം കാണുന്നില്ല ഞങ്ങളെല്ലാം സങ്കടപ്പെട്ടു.

പിന്നെ ഞങ്ങൾ അധികനേരം അവിടെ ഇരുന്നില്ല. ഒരുമിച്ചു വന്നപ്പോൾ കണ്ണൻ അപ്പുക്കെട്ടുമായിട്ടു റോഡിൽ നിൽക്കുന്നു. എല്ലാവരും ഉറക്കെയുറക്കെ ചിരിച്ചു. നേരെ തിരുമ്മലിറക്കിഴക്കുതിരിയേണ്ടുന്നതിനു പകരം ഞങ്ങൾ പോയതു്. അവിടെ അന്നു മുഴുപ്പട്ടിണിയായിരുന്ന കൊച്ചുങ്ങളെല്ലാം കരയുന്നു. അവിടത്തെ അമ്മ ഒരു ചട്ടിയിൽ കുറെ വെള്ളം കാച്ചുകയാണ്. അതുമാത്രമാണ് അവരുടെ അന്നത്തെ അത്താഴം ഞങ്ങൾ പറഞ്ഞു കുറച്ചു അപ്പമുണ്ട്. അതുകൂടെയിന്നും കുട്ടികൾക്കും കരച്ചിൽനിറുത്തി. ഞങ്ങൾ അപ്പം അഴിച്ചുവെച്ചു. എല്ലാവരുംകൂടി അതു തിന്നു. മാരോനു ഞങ്ങളും തിന്നു. ഹാ! എത്ര രുചിയുള്ള അപ്പം അമ്മപറഞ്ഞു 'മക്കളേ നിങ്ങൾക്കു ദൈവം നല്ലവഴിതരും.'

പിറ്റേന്നു വിവരം പുറത്തായി കാലത്തു ഒരു സംഘം പിള്ളേർ വടമത്തായിയുടെ കടയിൽകൂടി അപ്പത്തിൻറെ കഥ ചോദിച്ചു. അയാൾക്കു ദേഷ്യംവന്നു. ഇടക്കുനിന്നു കണ്ണൻ കയറിച്ചെന്നു നേരെ ഒരു ചോദ്യമിട്ടു

''മത്തായിച്ചേട്ടാ, ഇലയപ്പം ഉള്ളവൻറെവീട്ടിൽനിന്നും എടുത്തു ഇല്ലാത്തവൻറെവീട്ടിൽ കൊടുക്കുന്നതു സോഷ്യലിസമോ, മോഷണമോ! എല്ലാവരും പൊട്ടിച്ചിരിച്ചു. പക്ഷേ അന്നുമുതൽ രാത്രി എട്ടുമണിക്കു ചെന്നാലും വടമത്തായിയുടെ കടയിൽ ശോതയും പൊടിച്ചുകിട്ടും.



പരിതഃസ്ഥിതികളും മാറിയെങ്കിലും നാടകംകളിയിൽനിന്ന് ഒഴിഞ്ഞുമാറുവാൻ എനിക്കു സാദ്ധ്യമായില്ല. പനവെളിയിലെ ശാകുന്തളത്തിനുശേഷം ഞാൻ വേഷമൊക്കെ എന്നേക്കുമായി അഴിച്ചുവച്ചു എന്നു കരുതിയിരിക്കയായിരുന്നു. പക്ഷേ, നാടകം ഒരു കറവപ്പശുവാണെന്ന് കരുതുന്ന ഒരു വലിയ ലോകമാണല്ലോ ഉള്ളത്. 110I-ലൊ രണ്ടിലോ ആണ്. കൊല്ലത്തുവച്ചു ഒരു എസ്. എൻ. ഡി. പി. വാർഷികം നടത്തുവാൻ നിശ്ചയിച്ചു പക്ഷേ പണമില്ല. പൊതുജനങ്ങളിൽനിന്ന് പിരിക്കാമെന്നുവച്ചാൽ അതു കുറേ പാടുള്ള പണിയാണ്. ആളുകൾ പിരിയുമെന്നല്ലാതെ, പണം പിരിയുക വിഷമമായിരുന്ന കെ. സി. കുഞ്ഞുരാമനും തൊടിയിൽ കുഞ്ഞുരാമനും വാർഷികം കൊല്ലത്തുവച്ചതന്നെ നടത്തണമെന്നുകൊണ്ടുപിടിച്ചുമുന്നോട്ടുപോകുന്നതിൽനിന്നു പിന്മാറിയില്ല. പണത്തിനു വഴി കണ്ടിട്ടുണ്ടെന്നു എൻ കുമാരനും അവകാശപ്പെട്ടു. അയാൾ കണ്ടതു് എന്നെയായിരുന്നു. അവരുടെ നിർബ്ബന്ധപ്രകാരം യോഗാവസാനമായി ഒരു നാടകം(ശാകുന്തളം) കളിച്ചു കൊടുക്കാമെന്ന് ഞാനും ഏറ്റു. അന്നു ചിത്രമെഴുത്തു തൊഴിലാക്കിയ തമ്പി ഇവിടെ എവിടെയോ ഉണ്ട്. ചിത്രമെഴുത്തുരംഗത്തിന്റെ മഹാരഥനാണ്. ഒരു വലിയ ചിത്രകാരനെന്ന യശസ്സ് തമ്പി ആർജ്ജിച്ചു കഴിഞ്ഞിട്ടില്ല. എൻ ശോഭാപരിപാലിക "പ്രേമസുഷമ" എന്ന പേരിൽ അതിമനോഹരമായി പരിശോധിച്ചിട്ടുള്ള "Love Lit" എന്ന പ്രണയഗാനങ്ങളും തമ്പി അന്നു എഴുതിക്കഴിഞ്ഞോ എന്നു് നിശ്ചയമില്ല. ഒരു നല്ല നടനകലാകുശലനും, ഉൽപ്പതിഷ്ണുവുമാണ് തമ്പി എന്ന് അക്കാലത്തു് അറിയപ്പെട്ടിരുന്നു തമ്പിയെ ശകുന്തളയായും, പഴയ മുക്കുവൻ കൃഷ്ണപിള്ളയെ മുക്കുവനായും കിട്ടിയതോടെ നാടകത്തിന്റെ വിജയത്തിൽ എനിക്കു സംശയമൊഴിഞ്ഞു. വക്കല അമ്മുക്കുട്ടിയമ്മ അത്യന്തം മലയാളനാടിയെന്ന പേരു സമ്പാദിച്ചു", യശഃപടഹം മുഴക്കുന്ന കാലമാണ്. അതുകൊണ്ടു അവരെയും വരുത്തി. ഇതു വിളംബരമൊന്നുമല്ലായിരുന്നു. സൂത്രധാരപാരിപാർശ്വകന്മാരുടെ വിചാരങ്ങളൊക്കെ അതിഗംഭീരമായ ഒരു സദസ്സ് ഷൺമുഖവിലാസം കൊട്ടകയിൽ സന്നിഹിതമായിട്ടുണ്ട്. വാസന്തിയുമൊക്കെയുണ്ട്. വലിയ ആരംഭശൂരത്വം കണ്ടാൽ എന്നെ ഉത്സാഹം തോന്നുകയില്ലായിരുന്നു. ഒന്നാം അങ്കത്തിൽ ഞാൻ ദുഷ്യന്തനും അമ്മുക്കുട്ടിഅമ്മ ശകുന്തളയും ആണ്. ഞങ്ങളുടെ രംഗപ്രവേശത്തിൽ അളകൾ ഹർഷാരവങ്ങൾകൊണ്ട് ഞങ്ങളെ രണ്ടാളെയും അഭിനന്ദിച്ചു. അമ്മുക്കുട്ടിഅമ്മ അന്നു കാലിൽ തൊട്ടു ദർശനം ഉഴിയലും, ഞങ്ങൾ അപ്പോൾ പരസ്പരം ഒന്നു കടാക്ഷിച്ചതും അതിദീർഘമായ കരഘോഷത്തിനു ഇടനൽകി. അക്കാലങ്ങളിൽ മലയാളിസ്ത്രീകൾ ഇന്നത്തപ്പോലെ നാടകവേദിയിൽ ഇറങ്ങിയിട്ടില്ല. അതിനാൽ ഈ കടാക്ഷത്തിനു വലിയ വിലകല്പിക്കപ്പെട്ടു. പക്ഷേ, മൂന്നാം അങ്കത്തിൽ തമ്പി ശകുന്തളയായി പ്രത്യക്ഷപ്പെട്ടതു് സാക്ഷാൽ കാളിദാസ ശകുന്തളയായി, മരവുരിയും താമരവളയങ്ങളുമണിഞ്ഞു് ഒരു വനദേവതയുടെ മോഹനതനുവും ആവിഷ്കരിച്ചതുകൊണ്ടായിരുന്നു. അതോടെ, അഭിനയിക്കാൻ പൂർവ്വാധികമായ ഒരു ആവേശം എനിക്കുകൊണ്ടു ഇതുപോലൊരു ശാകുന്തളം അഭിനയം ഉണ്ടായിട്ടില്ലെന്നു് സാവേത്രികമായി സഭാസ്ഥരിൽനിന്നു വിധിയുണ്ടായി. യോഗത്തിനു പണവും, ഈ വി. സെറ്റിന് ഒരു മഹിരോൽസവവും തൻമൂലം ഫലമായി. ഞാനും കരഘൻസ് അന്നു കഴിച്ചു.

വേണമെങ്കിൽ ഈ നാട്യകലയെ എനിക്കു് ഒരു നല്ല ആജീവനമാർഗ്ഗമാക്കാൻ കഴിയുമായിരുന്നു. പക്ഷേ, അതിൽ എനിക്കു കമ്പമുണ്ടായില്ല. ഒരു "അമറ്റർ" ആയി, അന്യർക്കുവേണ്ടി എന്റെ ഈ കഴിവു് വിനിയോഗിക്കയേ ഞാൻ ചെയ്തിട്ടുള്ളൂ. കൊല്ലത്തെ നാടകം കണ്ട ചില കേസ്സുകാർ, അന്നു് കോളേജ് വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്ന അഡ്വക്കേറ്റും ശ്രീ. കെ. പി. മാധവൻ (മാത്തിൻ) ധനസഹായം ചെയ്യാൻ ഒരു "ബനിഫിറ്റ് പെർഫോമൻസ്" നടത്തിക്കൊടുക്കണമെന്ന് എന്നോടാവശ്യപ്പെട്ടു. എനിക്കതു സന്തോഷകരമായ ഒരു കാര്യമായിരുന്നു. ഇപ്പോൾ ഏ. എസ്. പി. യായിരിക്കുന്ന വി. കെ, വാസുദേവനാണ് അന്നു കണ്ടക്ടറുടെ വേഷം കെട്ടിയതു് വളരെ നന്നായിരുന്നു. വാസുദേവൻ ഒന്നാന്തരം ഒരു ഗായകനും നടനുമാണെന്ന് ഒരുപക്ഷേ അധികം പേർ അറിഞ്ഞിട്ടില്ല. ആ നാടകം കഴിഞ്ഞപ്പോൾ ഞങ്ങൾക്കൊട്ടുകാർ എന്നെപ്പിടിക്കുടി അവിടെ ഒരു സ്റ്റേജിനുവേണ്ടിയും ശാകുന്തളം കളിച്ചു മുടിവാൻ അന്നു് കെ. പി. കയ്യാലക്കൽ ആയിരുന്ന എന്നും, നാടകം കാണാൻ ഉണ്ടായിരുന്ന മുള്ളർ ഗോവിന്ദപ്പിള്ള എന്റെ അഭിനയകലയെ വളരെ പ്രശംസിച്ചു എന്നും മാത്രം ഞാൻ ഓർക്കുന്നു.

പിന്നെയും കുറച്ചുനാൾകൂടി ഈ ഗ്രഹപ്പിഴ എന്നെ വിടാതെ നിന്നു. അന്നു് കൊല്ലം മലയാളം ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു് ഒരു മിസ്റ്റർ കുട്ടിക്കൃഷ്ണമാരാർ ബി. എ. എൽ. ടി. യാണ്. നല്ല സാഹിത്യകാരനും വാഗ്മിയുമാണ്. അദ്ദേഹം നമ്മുടെ സർക്കാർ സർവീസും നാടും വിട്ടുപോയിട്ട് വർഷം പലതുകഴിഞ്ഞിരിക്കുന്നു ഇപ്പോൾ സിലോണിൽ ഒരു സ്കൂളിലുണ്ട്. അന്നത്തകാലത്തു് ഞാൻ സിലോണിൽ പോയിരുന്നപ്പോൾ അദ്ദേഹത്തെ കണ്ടു. പഴയ ഉത്സാഹവും, തടിയും, രസികതയും ഒന്നും വിട്ടിട്ടില്ല. അദ്ദേഹം എന്റെയും ഇ. വി. യുടേയും വലിയ ചങ്ങാതി ആയിരുന്നു. ബഹുമാൻ ഗോവിന്ദപ്പിള്ളയും അന്നു് കൊല്ലത്തുണ്ട്. ഉത്സാഹം ഡിപ്പോയിലാണ്. ഞങ്ങളും സൊറ ചേർന്നാണ്. നാടകവും, ഗോഷ്ടികത്തിനു പോകുന്നതുമൊഴിച്ചതന്നെ. കരേക്കാട്ടേക്ക് ഞങ്ങളുടെ "കർമ്മക്ഷേത്രം" ചിറയിൻകീഴ് ആയിരുന്നു എന്നു് പറയാം.

ഞങ്ങൾ കഴിഞ്ഞപ്പോൾ ശിവഗിരിയായി. സ്വാമിയപ്പോങ്ങൾ ശിവഗിരിസ്കൂളിനുവേണ്ടി ഉൽസാഹിക്കുന്ന കാലമാണ്. വക്കിയുള്ള ചില രചയപ്പുക്കാർ കൂടെപ്പണം പിരിച്ചു് സ്വാമിയപ്പോങ്ങളെ ഏൽപ്പിക്കാൻ നിശ്ചയിച്ചു അതിലേക്ക് അവർക്കുള്ള ഏർപ്പാടാണ് നാടകം കളിയായിരുന്നു. മുമ്പിട്ടു നിന്നവർ വാലിൽ നാണുവും, വാഴവിള നാണുവും ആയിരുന്നു. വാഴവിള നാണു അന്നത്തെ നാടകവേദിയിലെ എണ്ണപ്പെട്ട ഒരു പിന്നണിഗായകനും ഹാർമോണിസ്റ്റും ആണ്. അവർ പുത്തൻപന്തയ്യസമീപം ഒരു കൊട്ടകയിൽ അന്നത്തെ പേരുകേട്ട ചില നടന്മാരെവെത്തി ഏതാനും നാടകങ്ങൾ കളിപ്പിച്ചു കൊണ്ടിരിക്കയായിരുന്നു. അങ്ങിനെയിരിക്കുമ്പോഴാണ് അവർ ഈ "സ്വാമി കാര്യം," ഓർമ്മിച്ചതു്. അവർ കൊല്ലത്തുവന്നു് ഞാൻ ശാകുന്തളം ഒന്നും മൂന്നും അങ്കങ്ങൾ കളിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു. ഏങ്കിലേ ശിവഗിരി സ്കൂളിനുവേണ്ടിയുള്ള കളിക്കു കൊഴുപ്പുണ്ടാകയുള്ളു

എന്നായിരുന്നു വാറിൽ നാണുവിന്റെ വാദം. നാണുവിനെ എനിക്കു ഉപേക്ഷിക്കാൻ സാധ്യമല്ല. ഇ വി., കുഞ്ഞിക്കോസ്, ഗോവിന്ദപ്പിള്ള എന്നവരെയും അന്നത്തെ നടന്മാരായി നാണു നോട്ടീസ് അടിച്ചുവിട്ടു

യക്ഷ നാടകങ്ങളിലെ അന്നത്തെ പ്രധാന വേഷക്കാർ ഒരു ഇടിവാരപ്പൻ ഒസേറായിരുന്നു. പാലക്കാട്ടുകാരനാണെന്ന് തോന്നുന്നു, ഈ ഇടിവാരപ്പൻ അക്കാലങ്ങളിൽ രാജാപാർട്ടിനു പ്രസിദ്ധനായി തിരുവിതാംകൂറിൽ പര്യടനം നടത്തുകയാണ്. ഉച്ചത്തിലുള്ള ഒരുതരം പറന്ന സ്വരമാണ് അയാളുടേത്. പെരിനാട്ടുവച്ചു അയാൾ ഹരിശ്ചന്ദ്രൻ കളിച്ചു ഞാൻ കണ്ടു. അയാളുടെ വരവുപാട്ടും പോക്കുപാട്ടും ഉണ്ട്. "പണ്ഡിതമദനമോഹന മാധവ്യാ" തുടങ്ങിയ അന്നത്തെ ദേശീയ ഗാനങ്ങളും പുരാണ പുരുഷനായ ഹരിശ്ചന്ദ്രൻ പാട്ടും, ദുഃഖം പൊറുക്കാതെ നിലത്തുവീണ കരഞ്ഞിട്ട്, ആ കിടപ്പിലും കരച്ചിലിലുംകിടന്നതന്നെ "മല്യുമംവയ്ക്കൂ" എന്ന് നിർദ്ദേശം വ്യക്തമായി, ഉറക്കെ നൽകും. സ്റ്റേജിൽ ചാടിക്കയറി, ഈ ദുപാലനെ ആ കിടപ്പിലിട്ടു ചവിട്ടാൻ അപ്പോഴും തോന്നും. പെരിനാട്ടവച്ച് എനിക്കത്തു തോന്നി. പക്ഷേ, ഇടിവാരപ്പനെ മാത്രമുണ്ടായിരുന്ന സുഖക്കേടുകളായിരുന്നില്ല ഇവ അന്നത്തെ കേളികേട്ട കൃഷ്ണൻ കുട്ടിമാക്കും, സുകുമാരൻ കുട്ടിമാർക്കും ഒക്കെ ഉണ്ടായിരുന്ന ഈ പകർച്ചരോഗം.

"പോയേ, പോയ കേരളത്തായ, കവി കോകിലം!"

തുടങ്ങിയ പാട്ടുകളും പാടാത്തകന്തളയും ഭയമയന്തിയും ഒന്നും അന്ന് ഇടക്കാലത്തില്ല

ആ രംഗത്തു അന്ന് അതിഭയങ്കരമായിരുന്ന നിലുത്തിയില്ലാതെ കൊട്ടകയുന്ന പെൺകുട്ടിയുമാരെ ഞാനിവിടെ. എന്റെ ശാകുന്തളം വലിയ വിജയമായിരുന്നു. കുഞ്ഞിക്കോസായിരുന്നു എന്ന് തോന്നുന്നു മുക്കുവൻ. ഞങ്ങൾക്ക് ആ സ്റ്റേജിൽ കിട്ടിയതരം അപ്പ്ളോസുകളും ഒരു നാടകങ്ങൾക്കും ഒരിക്കലും കിട്ടിക്കാണുകയില്ല. അതിനു ഒരു കാരണംകൂടിയുണ്ടായി. ഇടിവാരപ്പനും മറ്റും അണിയറയിൽ അണിഞ്ഞൊരുങ്ങുകയാണ്. വേഷങ്ങളും പൂർത്തിയായിട്ടില്ല. ഞാൻ ഇ. വി. യോടും കുഞ്ഞിക്കോസിനോടും മറ്റും സ്വകാര്യം പറഞ്ഞു, ഇവന്മാരുടെ നാടകരീതിയെ ഒന്നു ഉരിച്ചാലെന്തെന്ന്. ഇ വരവുപാട്ടും, പോക്കുപാട്ടും, ഗോഷ്ടികളുമൊക്കെ ഇ. വി. യുടെ പ്രതിഭാവിലാസം അതിസരസമായി നിമിഷത്തിൽ പ്രവർത്തിച്ചു. അഞ്ചുമിനിട്ടിനുള്ളിൽ വരുന്ന ഒരു "ടൂറിംഗ്" നാടകസെറ്റിന്റെ എജന്റും, മാനേജരുമാണ് ഞാൻ. കുഞ്ഞിക്കോസാണ് രാജാവും നായകനും; ഇ വി. നായികയും ഗോവിന്ദപ്പിള്ള ദാസിയും. അങ്ങനെയുള്ള പരിഹാസനാടകം. ഇ നാടകം തുടങ്ങി അവസാനിക്കുന്നതുവരെ ഘോരമായി, ഘോഷമായി, നിറുത്തില്ലാതെ നടന്ന ചിരിയുടെ ഗംഭീരധ്വനി ശിവഗിരിയിൽ ചെന്നലച്ചു, നാരായണഗുരുവിന്റെ നിദ്രയെപ്പോലും ഉണർത്തിയിരിക്കും!

എങ്ങനെ ചിരിക്കാതിരിക്കും! രംഗവിധാനങ്ങളെല്ലാം ശരിയാണ്. സ്റ്റേജിൽ ഹാർമോണിക്കാരൻ നേരിട്ടുമാപ്പിൻ കട്ടുത്തുണിയുമിട്ട്, വിരലുകൊണ്ടൊക്കെ മോതിരവുമായി, റിസംവാച്ചും കെട്ടി ഇരിപ്പുറപ്പിച്ചു. ഞാൻ പ്രവേശിക്കയാണ്. സ്റ്റേജ്മാനേജരും സൂത്രധാരനുമായി. ഒരു പടുണിത്തൊപ്പി, മലാക്കാ കൈയിൻ മുക്കിക്കണ്ണട, കോട്ട്, കയലി ഇവയാണ് എന്റെ വേഷം. ഒരു ബീഡിവലിച്ചു്, ശ്ലോകംവിളിച്ചുകൊണ്ടാണ് എന്റെ പുറപ്പാട്. ഒരു വരവുപാട്ട് എനിക്കുണ്ടായിരുന്നു:—

"ഇളംപയിലിലിയാർ--ശൂര-
വീര
ധീര—ക്ഷോര ഇളംപയിലിയാർ"

എന്നിങ്ങനെ നേരേയും, സംഗതിവച്ചും, അന്നത്തെ ഒരു പ്രാഭേശിക മഹാവീരനായിരുന്ന അലിയാരെ, എന്റെ "സ്വരരാഗസുധ"യിൽ അലിച്ചുകൊണ്ടുള്ള ആ വരവുപാട്ട് ഇളക്കിവിട്ട ഹസ്സംഘോഷം ഗംഭീരമായിരുന്നു. പെട്ടെന്ന്, ഞാൻ സ്റ്റേജിന്റെ മുമ്പിൽവന്ന്, 'ഒസേറ്' എന്ന് വിളിച്ചു് ഒരു കയ്യ് കാണിച്ചതോടെ രംഗസ്ഥിത ജനങ്ങളും മൂകമായി. ഞാൻ വിനയാന്വിതനായി, അവരെ അഭിസംബോധന ചെയ്തു: ഞങ്ങളും ഭൂരെനിന്നു വരുന്ന ഒരു നാടകസെറ്റാണ്. യഥാർത്ഥമായി, റീയലിസ്റ്റിക്കായി അഭിനയകലയെ ഉയർത്താൻ പ്രയത്നിക്കുന്ന ഒരു നൂതന സൊസൈറ്റിയാണ്. ഞങ്ങളും ഒരു ദേവലോക കഥയാണ് അഭിനയിക്കുന്നതു്. ദേവസ്ത്രീകൾക്കു മീശയുണ്ടെന്നാണ് അറിവു്. അതിനാൽ എന്റെ സെറ്റിലെ രാജ്ഞിക്കും മീശയുണ്ടായിരിക്കും. എങ്കിലേ യാഥാർത്ഥ്യമാകൂ. ഞങ്ങളുടെ സെറ്റ് ഭാഷയുടെ വരമുകപ്പുകളിൽ നിലയുറപ്പിച്ചിട്ടില്ല. ഞങ്ങളുടെ ഭാഷ വേലായുധവിഹീനമാണ്. തമിഴിൽപാടി, മലയാളത്തിൽ സംസാരിച്ചു്, ഇംഗ്ലീഷും ഞങ്ങൾ അടിക്കും. മറിച്ചും അകംതിരിച്ചും വരും. ഒരൊറ്റ ഭാഷയേയും ഈ നാടകവേദിക്കു കുത്തകകൊടുക്കാതെ ഞങ്ങൾ അടുക്കുകയില്ല. എന്നിങ്ങനെ പോയി എന്റെ പ്രസ്താവന അതിന്റെ അവസാനത്തിൽ ഞാൻ സ്റ്റേജിന്റെ ഒരു മൂലയ്ക്കൊളുങ്ങി, രണ്ടുവിരൽ വായ്ക്കകത്തു തിരുകി, ഒരു "ശീട്ടി" അടിച്ചു പെട്ടെന്ന് കർട്ടൻപൊങ്ങി; ഒറ്റത്തുനിന്ന് നായകൻ രാജാകുഞ്ഞിക്കോസ് രംഗത്തിലേക്ക് ഒരു ചാട്ടം ഒരു കിന്നരിതലപ്പാവുണ്ട്. തടിയൻ കുഞ്ഞിക്കോസിന് ചേരുന്ന രാജാപാർട്ടിന്റെ ഒരു "ജിമുക്കിക്കോട്ട്" അന്നത്തെ നാടകക്കാരുടെ കലവറയിൽ ഒട്ടുക്കാണണമായിരുന്നില്ല. അതിനാൽ ഒരു കോട്ടുമുഖിൽനിന്നു പിറകോട്ട്, പിറകിൽനിന്നു വേറൊന്ന് മുന്നിലേയ്ക്കും വലിച്ചുകയറ്റി, ഒരു മുടി ഇഴക്കയർകൊണ്ടു് പള്ളയോട് ചേർത്തു ദൃഢമായി ബന്ധിച്ചിരിക്കയാണ്. കാൽശരായിയും ഒരു തുപ്പിയെടുത്തിട്ടുണ്ട്. വരവുപാട്ടുമായിട്ടാണ് ചാട്ടം.

"പരമപിള്ളയുടച്ചിക്ക പ്രാന്തെടുത്ത!"

എന്ന സാന്ദർഭികസുന്ദരമായ ഒരു പാട്ട്. രണ്ടാമത്തെ ചാട്ടത്തിനു കുഞ്ഞിക്കോസ് ഹാർമോണിയക്കാരന്റെ അടുത്തുവീണു. ഹാർമോണിയത്തിൽ ഒരു കൈയ്കൊണ്ടു താളം പിടിച്ചിട്ടുവേണം അക്കാലങ്ങളിൽ വരവുപാട്ടു പാടിത്തീർക്കാൻ. പക്ഷേ, ആ ചാട്ടത്തിനു ചെകിടുപൊട്ടുന്ന കയ്യടിയും ഒക്കെയുംകൂടി അവരുടെ അപ്രതീക്ഷിതത്വം കൊണ്ടു ഹാർമോണിയക്കാരനെ ഏതോ പാതാളത്തിലേക്കോ പാപ്പാരപ്പിച്ചുകളഞ്ഞു. ഈ സംഭവവികാസത്തിനു കുഞ്ഞിക്കോസ് ആരും കരുതിയതല്ല. കുഞ്ഞിക്കോസ് ആ പാട്ടിന് യാതൊരുവിധ സ്വരഭേദമെങ്കിലുമുണ്ടാക്കുമോ കാട്ടിക്കൂട്ടുമോ! പെട്ടെന്ന്, ആ ഗർത്തഭീകരം ഭീരാവിഷ്കാരപ്രയത്നംകൊണ്ട് ഒരു പുല്ലുമൊന്ന് മാർദ്ദവപ്പെടുത്തി—"ഇന്ത ഉദ്യാനത്തിലെ" എന്ന് ഉടനുന്ന മട്ടനെടുകൻ മുഷ്ടിമിശ്രവാചകം രാജാ കുഞ്ഞിക്കോസ് കൂട്ടിവിട്ടു. അനന്തരം ഒരു പുഷ്പശൃംഗാരം: മുഖത്തു തുളുമ്പിപ്പിച്ചു് റാണിയെ "പ്രാണനാഥേ!" ഇതസ്മദ്വദാശ്രമമൃതാം" എന്നു് ഉദ്യാനകുഡുമ്പമായി ക്രുദ്ധിച്ചു. അപ്പോഴേയ്ക്കു "പ്രാണനാഥാ!" എന്നു് വിളികേൾക്കാതെ കൊണ്ടു്; കൊഴുത്തുതടിച്ച ഒരു കടലക്കാരിയുടെ തനിയ്ക്കുപറ്റിയ റാണി ഇ. വി. പ്രവേശിക്കുന്നു. ഒരു വെക്കേഷൻ, മുട്ടൻ രണ്ടു ചുരുട്ട വച്ചു പിടിപ്പിച്ചിട്ടുണ്ട് ഗോവിന്ദപ്പിള്ള സഖിയായുണ്ട്. മീശയും പുലാക്കും ഉണ്ട് നായികയ്ക്കും സഖിക്കും. സഖി ചുണ്ടു ചുപ്പിച്ചു്, മേൽമീശ വെളുപ്പിച്ചിട്ടുണ്ട്, "എന്നാലിനി ഭാഷിയുടെ നുക്കം അവട്ടെ" എന്നു് രാജാവു് അരുളിച്ചെയ്ത ഗോവിന്ദപ്പിള്ള കണ്ണും പൂരികവും ചുവപ്പിച്ചും, ചുണ്ടു കടിച്ചു മുറിച്ചും ഒരു ദാസിയുടെ പൊടി പൊടിച്ചു അനന്തരം കടലക്കാരി റാണി ഒരു പ്രണയകലഹത്തിന്റെ വട്ടംകൂട്ടി. രാജാവിനെ കടലക്കാരി കുത്തും പിന്നെ അടിക്കും. ചിരിയും അട്ടഹാസവും ക്രുദ്ധലും വിളിയുംകൊണ്ടു് ഒരു "പാൻഡിമോണിയം" തന്നെയായി നാടകശാല ശ്വാസംമുട്ടി. നമ്മൾ പ്രതീക്ഷിക്കുന്നതു വരുന്നില്ല എന്നു നിരാശമുഖത്തു നിഴലിപ്പിച്ചുകൊണ്ടു്, ഞാൾ കാലും വിറപ്പിച്ചു പുറയ മുഖയിൽ ബീഡിയുംവലിച്ചു നില്ക്കുന്നുണ്ട്. കടലക്കാരിയുടെ അട്ടഹാസംകൊണ്ടു് രാജാംഗത്തിനു പൊറുതി മുട്ടിയപ്പോൾ, പെട്ടെന്ന് ഞാൻ മുന്നോട്ടു ചാടി, "നിറുത്തടാ വേശക്കാരേ! നി

(ശേഷം 35-ാംപേജിൽ)



ബാലൻ പണ്ഡിറ്റിന്റെ ബാറ്റിങ്ങുയജ്ഞം

[ശ്യാമകൃഷ്ണൻ]

നമ്മുടെ ക്രിക്കറ്റുപ്രേമികളുടെ സുസ്നേഹഭാജനങ്ങളും സമാർജ്ജിച്ചിട്ടുള്ള ശ്രീ. ബാലൻപണ്ഡിറ്റിന്റെ ചിരസ്മരണീയമായ ഉജ്ജ്വലപ്രകടനങ്ങളുടെ സഞ്ചയമാണ് 'ഡബിൾ സെഞ്ചുറി', 'സിക്സറുകളിൽ കൂടി മാത്രം സെഞ്ചുറി' എന്നിവ. ഇവയിൽ ആദ്യത്തേത് ക്യാപ്റ്റൻ പി. എം. രാഘവന്റെ ഹൃദയഹാരിയായ ബാറ്റിങ്ങും, അനന്തൻ, വീണ്ടും ക്യാപ്റ്റൻ രാഘവൻ, ദേശികൻ, കുമാരത്തു്, രവിഅപ്പുൻ, രംഗനാഥൻ, ശ്രീധരനക്കുട്ടൻ എന്നിവരുടെ മാരകമായ ബൗളിങ്ങും ഒന്നാംതരം ഫീൽഡിങ്ങും, തളർവാതംപിടിച്ച കളനീക്കം (ഫീൽഡിംഗ്) സർവ്വോപരി പേമാരി—ഇക്കഴിഞ്ഞ തിങ്കളാഴ്ച തലസ്ഥാനനഗരിയിലെ സ്റ്റേഡിയത്തിൽ വെച്ചുള്ള ലീലിഞ്ഞു ചേർന്ന ദക്ഷിണ-ഉത്തര അന്തർ മേഖല ക്രിക്കറ്റ് മൽസരത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഓർമ്മയിലെത്തുന്ന കാര്യങ്ങളാണിവ. വെള്ളപ്പൊക്ക ദുരിത നിവാരണനിധിക്കു വേണ്ടിയുള്ള ക്രിക്കറ്റ് മൽസരം വേണ്ടിവന്നുവോ എന്നു സംശയം തോന്നിയ സാഹചര്യങ്ങളിൽ തീരുമാനിക്കപ്പെട്ടതെങ്കിലും സത്യസന്ധമായി പറയട്ടെ ഇങ്ങിനെ സംഗ്രഹിക്കാം. കെ. എൻ. എൻ. മേനോൻ, ഗോപാലകൃഷ്ണൻനായർ എന്നിവർ ദക്ഷിണമേഖല റ്റീമിന്റെ ബാറ്റിങ്ങു ഉൽഘാടനംചെയ്തു. 11 റൺസു കരസ്ഥമാക്കിയതോടെ ദേശികൻ ഔട്ടായപ്പോൾ പിടിച്ചെടുത്തു ദേവരാജ് മേനോനെ കളത്തിൽനിന്നു ബഹിഷ്കരിച്ചു. പടത്തലവന്റെ ശരവേഗത്തോടെ ബാലൻ പണ്ഡിറ്റും കളത്തിലിറങ്ങി. കളിപ്പാട്ടങ്ങളെപ്പോലെ പണ്ഡിറ്റ് ബൗളർമാരെ പന്താടി. 13 റൺസ് മായിനിന്നിരുന്ന മാസ്കരൻനായരെ ഇതിനിടക്കു ഓമനക്കുട്ടൻ തോമാവധംചെയ്തു. തുടർന്നു ബാറ്റുചെയ്ത മുകുന്ദനെ രവിഅപ്പുൻ 3 റൺസിനും ജി. എം. മേനോനെ പത്തുപിടിച്ചെടുത്തു കെ. റ്റി. ആർ. വർമ്മ 6 റൺസിനും പന്തെറിഞ്ഞുതിരിച്ചയച്ചു ബൗളിങ്ങിന്റെ യജമാനനായി ഇതിനകം ഉയർന്നുകഴിഞ്ഞിരുന്ന പണ്ഡിറ്റിന്റെ ബാറ്റിൽനിന്നു ബൗണ്ടറികൾ നിർല്ലോഭം ഒഴുകി. ഗോപപ്പ (2 റൺസു) പത്മനാഭൻ (റൺഔട്ടു) എന്നിവരുടെ നിർഭാഗ്യം, ആത്മഹത്യ എന്നിവ പൂർത്തിയായപ്പോൾ മഴയുടെ ലക്ഷണങ്ങളും ദൃശ്യമായിതുടങ്ങി. പ്രതീക്ഷകളെ പലപ്പോഴും സാക്ഷാൽക്കരിച്ചിട്ടുള്ള അനന്തൻ ഇത്തവണത്തിൽ കളത്തിലിറങ്ങി 6 റൺസു നേടിയ തോടെ പ്രഭുപിടിച്ചെടുക്കുന്ന ജോലി കുത്തകപിടിച്ചിരുന്ന ദേവരാജ് അനന്തന്റെ വിക്കറ്റു കരസ്ഥമാക്കി ദക്ഷിണമേഖലയെ ശക്തിയായി ഉലച്ചു. വിക്കറ്റിന് 176 റൺസ് സ്കോർ ബോർഡിൽ പ്രത്യക്ഷമായതോടെ പേമാരി ക്രിക്കറ്റുകളെ ഓവാട്ടർപോളോ തടാകമായി രൂപാന്തരപ്പെട്ടു.

ബാലൻപണ്ഡിറ്റും പങ്കാളിയും ബാറ്റിങ്ങു പുനരാരംഭിച്ചതോടെ രണ്ടാംദിവസത്തെ കളി ആരംഭിച്ചു പണ്ഡിറ്റ്-രാഘവൻ സഖ്യം മൽസരത്തെ ചൈതന്യസമ്പൂർണ്ണമാക്കി. തുടരെ മനോഹരമായ രണ്ടു സിക്സറുകളും എട്ടുത്തു ക്യാപ്റ്റൻ രാഘവൻ പ്രേക്ഷകരുടെ ഹൃദയത്തിലേയ്ക്കു കയറിപ്പോയി. ജയാരവങ്ങൾക്കും കരഘോഷങ്ങൾക്കുമിടയിൽ 200 റൺസു കരസ്ഥമാക്കി പണ്ഡിറ്റു വിജയകരമായ തന്റെ ബാറ്റിങ്ങുയജ്ഞം സമാപിച്ചു. നാലരമണിക്കൂർ നീണ്ടുനിന്ന ആ യജ്ഞത്തിൽ 27 ബൗണ്ടറികൾ എണ്ണാനേ എനിക്കു ക്ഷമ ഉണ്ടായിരുന്നുള്ളൂ. 317 റൺസ് ആയതോടെ ദക്ഷിണമേഖലയുടെ ഒന്നാം ഇന്നിങ്സ് അവസാനിച്ചു.

ആത്മവിശ്വാസത്തോടെ ഉത്തരമേഖല ബാറ്റിങ്ങു ആരംഭിച്ചു. സോമസുന്ദർ, കെ. റ്റി. ആർ. വർമ്മ, വള്ളിഅപ്പൻ എന്നിവരുടെ അകാലനഷ്ടങ്ങൾ മാക്കോസ്റ്റിനെ ചഞ്ചലപ്പെടുത്തിയില്ല. വലിയ പ്രയാസംകൂടാതെ മാക്കോസ്റ്റും നല്ലൊരു ബാറ്റുസമാനായ രവിഅപ്പുനും 30-ംമേൽ 35-ം റൺസുവീതം കരസ്ഥമാക്കി. രാഘവനും അനന്തരം രങ്കനാഥനും ഇരട്ടയക്കത്തിൽ ബൗളിങ്ങിനെ ഉയർന്ന ഒരു നിലവാരത്തിലെത്തിച്ചു ഫലപ്രദമായ ആക്രമണത്തിന്റെ മുൻപിൽ 121 റൺസിനു ഒന്നാം ഇന്നിങ്സ് തകർന്നടിഞ്ഞു. 4 മണിയോടുകൂടി ഉത്തരമേഖലയുടെ രണ്ടാം ഇന്നിങ്സിനുള്ള കളം ഒരുക്കപ്പെട്ടു. ഭാഗ്യമെന്നു പറയട്ടെ ഒരു വിക്കറ്റു നിലംപതിക്കാനുള്ള സമയം മാത്രമേ അനുണ്ടായിരുന്നുള്ളൂ. വള്ളിയപ്പൻ, മാക്കോസ്റ്റ്, ക്യാപ്റ്റൻ കേളപ്പൻ (പി. എസ്. പി നേതാവല്ല എന്നിവരുടെ ബാറ്റിങ്ങും രംഗനാഥൻ, രാഘവൻ, അനന്തൻ എന്നിവരുടെ ബൗളിങ്ങുമായിരുന്ന മൂന്നാംദിവസത്തെ കളിയുടെ രസതന്ത്രരേഖകൾ. 6 വിക്കറ്റിന് 131 റൺസ് എന്ന നിലയിൽ ഉത്തരമേഖല കരസ്ഥമാക്കിയതോടെ പ്രചണ്ഡമായ മഴ സ്റ്റേഡിയം പിടിച്ചടക്കി. മുക്കിലിയിട്ടു നീന്തിയും കളം പരിശോധിച്ചു ക്യാപ്റ്റന്മാർ കളി സാധ്യമല്ലെന്നു ഘോഷിച്ചതിനെത്തുടർന്നു ദക്ഷിണമേഖലയുടെ എറണാകുളം വിജയത്തെ ആസ്പദമാക്കി ഗോഡ്ഫ്രേ തിരുമനസ്സുകൊണ്ടു ഇൻറർ സോണൽ ട്രോഫി ദക്ഷിണമേഖലക്കു സമ്മാനിച്ചു

ഏറ്റവും പ്രശംസാർഹമായ രീതിയിൽ പ്രസ്തുത മത്സരം നടത്തിയ സെക്രട്ടറി ബ്രഹ്മശ്രീ ആർ. അനന്തസുബ്രഹ്മണ്യയ്യർ അനുമോദനാർഹനാണ്.

* * * *

ഹൈദ്രബാദ്—തിരുവിതാംകൂർ കൊച്ചി രഞ്ജിട്രോഫി ക്രിക്കറ്റു മത്സരത്തിന്റെ മധ്യത്തിലിരുന്നുകൊണ്ടായിരിക്കും നിങ്ങളീ പംക്തി വായിക്കുന്നതു്. ഇക്കഴിഞ്ഞ ഞായറാഴ്ച ഡൽഹിയിൽ ഇൻഡ്യൻ റ്റീമിന്റെ നിസ്സുലവിജയത്തിൽ പര്യവസാനിച്ച ടെസ്റ്റിലെ ഗ്രഹാം അഹമ്മദിന്റെ നിർഭാഗ്യകരമായ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ (ഗ്രഹാമാണ് ഹൈദ്രബാദ് റ്റീമിനെ നയിക്കുന്നതെന്നു വായനക്കാർ സ്മരിക്കുമല്ലൊ) ഗ്രഹാപ്പിടിവിശ്വാസം പൊലിഞ്ഞുപോകുന്നവെങ്കിലും ക്യാപ്റ്റൻ രാഘവന്റെ നേതൃത്വത്തിലുള്ള നമ്മുടെ റ്റീം അടിപതറാതെ പോരാടുമെന്നു തീച്ചയായും നമുക്കു പ്രത്യാശിക്കാം. കളിക്കാരുടെ ലിസ്റ്റുമാത്രം ഞാൻ മുൻപിൽവക്കും.

ശ്രീ. പി. എം. രാഘവൻ ക്യാപ്റ്റൻ), രവിഅപ്പുൻ (വൈസ് ക്യാപ്റ്റൻ), ബാലൻപണ്ഡിറ്റ്, അനന്തൻ, കെ. എൻ. എൻ മേനോൻ, മാക്കോസ്റ്റ്, കെ. റ്റി. ആർ. വർമ്മ, ജി. എം മേനോൻ, എസ്സ്. രംഗനാഥൻ, വി. പി. കുത്തു ജോർജ്ജ് എബ്രഹാം, പത്മനാഭൻ (റഹ്മാൻഫ്രഞ്ച്മാൻ) റിസർവ്വുകൾ ശ്രീ വള്ളിയപ്പൻ, ഓമനക്കുട്ടൻ, ശിവദാസ്സ്

ഗ്രൂപ്പും അഹമ്മദ് (ക്യാപ്റ്റൻ) ഗ്രൂപ്പുമുഹമ്മദ്, ഹൈദ്രബാദ്, ബാബു ജി, പട്ടേൽ, മസ്സ്ത്തിഗർ, ഖുറേഷി, അലീഗ്രൂപ്പുസെൻ, ഫസാലുദ്ദീൻ, നവനീതൻ, മുരളീധർ, മുഖ്യ (റഹ്മാൻഫ്രഞ്ച്മാൻ) എന്നിവരാണ് ഹൈദ്രബാദ് റ്റീമിലെ അംഗങ്ങൾ

.....

(33-ാം പേജിൽ നിന്നും തുടർച്ച)

യെല്ലാവരുടെയും ക്രൂരവിനോദത്തിനായോ? എന്റെ മാനഹാനി? എങ്ങനെ നോക്കുമെടാ ഈ ക്രൂരിയിരിക്കുന്ന സജ്ജനങ്ങളുടെ മുഖത്തു ഞാനും നീയുമൊക്കെയിനി'' എന്നലറിക്കൊണ്ടു് ഏല്ലാവരേയും തുരത്തി, ഓടിച്ചുകൊണ്ടു അവരുടെ പിമ്പിൽ ഞാനും ട്രേജിനുള്ളിൽ മാഞ്ഞു കർട്ടൺ വീണു. എന്റെ നാടകാഭിനയത്തിന്റെ കർട്ടനും അന്നു വീണു. പിന്നെ ഞാൻ സ്റ്റേജിൽ കയറിയിട്ടില്ല.

അന്നത്തെ നടന്മാരുടെ പ്രവേശനം, പ്രവേശനപ്പാട്ടു്, സംഭാഷണം എന്നിവയുടെ തോല്പിക്കുന്ന ഒരു അപഹസനം അയിരുന്നു അതു്. ഇട്ടിരാരപ്പനും മറ്റും അതു നന്നാക്കിയുണ്ടു്. നേഞ്ഞത്തുരന്നു കൊണ്ടു അയാൾ അന്നു് സ്റ്റേജിൽ കയറുകയില്ലെന്നു് ശപഥം ചെയ്തു. അനുനയങ്ങളൊന്നും ഫലിച്ചില്ല ഒടുവിൽ വാഠിലാൻ വിശ്വരൂപം കാട്ടി. ഇട്ടിരാരപ്പൻ വേഗം സ്റ്റേജിൽ കയറി കളിയും നടന്നു. അന്നത്തെ കളിയിൽ മിച്ചു കിട്ടിയ രൂപ സ്വാമി പാദങ്ങളിൽ കാണിക്കവച്ചു്, ഞങ്ങളും കൃതാർത്ഥരായി

അന്നു ഒരു വലിയ ദേശീയനൈതനും ഇൻഡ്യയൊട്ടുക്കു് ഉണർന്നിരുന്ന ഗാന്ധിജിയുടെ സ്വാതന്ത്ര്യകാഹളം ഹിമാലയംമുതൽ കന്യാകുമാരിവരെ മുഴങ്ങുകയാണു്. ഖദറും മദ്യവർജ്ജനവും അയിത്തോച്ചാടനവുമാണു് ഗാന്ധിജി മുറുകെപ്പിടിച്ചിരുന്ന നിശിതായുധങ്ങൾ. ഈ ആയുധങ്ങളുടെ പാളിച്ചയിൽ സ്വാതന്ത്ര്യസമ്പാർഗ്ഗത്തിന്റെ പൊൻകവാടമാണു് ആ മഹാപുരുഷൻ പുണ്ടിക്കാട്ടിയതു്. ഗാന്ധിജി എന്റെ സമരസിരകളുടെ വീര്യം അന്നു വളരെ വർദ്ധിപ്പിച്ചു. തക്കുളിയും ഒട്ടും നൽനൂലുമൊക്കെ എനിക്കൊരു ഭ്രാന്തനെന്നായി. അന്നു് കെ. ജി ശങ്കർ കെല്ലത്തെ എണ്ണപ്പെട്ട ഒരു ദേശഭക്തനാണു്. ഗാന്ധിജിയുടെ ഉത്തമ ശിഷ്യനാണു്. കോൺഗ്രസ്സ് അനുഭാവങ്ങളും മുന്നിന്നുമായ യുവകേസരിയാണു്. മലയാളരാജ്യം വാരിക തുടങ്ങിയിട്ടുണ്ടു്. സി. വി യുടെ പത്രാധിപത്യത്തിൽ മലയാളക്കരയിലെ ഏറ്റവും പ്രബുദ്ധമായ ഒരു വാരികയായി അതു ശോഭിക്കയാണു്. ഞാനും ഇ. വി. യും രാമവർമ്മയുമൊക്കെ സായാഹ്നസവാരി മലയാളരാജ്യം ആഫീസിൽ ആക്കിക്കഴിഞ്ഞിരിക്കുന്നു. എന്റെ സ്നേഹിതന്മാരിലധികവും അന്നു് ഞാൻ ഉൽപ്പതിഷ്ണുക്കളെന്നു് പൂർണ്ണമായും വിശ്വസിച്ച നായർ യുവക്കന്മാരുമാണു്.

അന്നു് കൊല്ലം പരവൂരിൽ സന്മാർഗ്ഗപ്രദായിനി സഭ ഉദയം ചെയ്തിട്ടുണ്ടു്. അതിന്റെ ലക്ഷ്യം മദ്യവർജ്ജനമായിരുന്നു മുമ്പൊരിടത്തു പറഞ്ഞിട്ടുള്ളപോലെ പരവൂർ ഒരു വിശിഷ്ടപ്പെട്ട നാടാണു്. നായന്മാർക്കും ഈഴവർക്കും തുല്യാവകാശമുണ്ടു് ഇഷ്ടാനിഷ്ടങ്ങൾക്കു് ഒരുപോലെ തൈക്ഷ്ണ്യവുമുണ്ടു് വലിയ വാശിയുമാണു്. വാശികയറിയാൽ മൻപിൻ നോട്ടമില്ല ലക്ഷ്യപ്രാപ്തിവരെ ഒരു പന്നിപ്പാച്ചിൽ തന്നെ.

ഈഴവന്റെ വാശിക്കു ഒരു ഉദാഹരണം പറയാം. അവന്റെ സമുദായാഭിമാനത്തെയും അന്തഃശക്തിയേയും പ്രതിബിംബിപ്പിക്കുന്ന ഒരു സംഭവം ചാരമാണ്ടടിപ്പിച്ചാണു്. രാഘവയ്യായാണു് അന്നു് ദിവാൻ. ന്യായദീക്ഷയുള്ള ഒരു രാജ്യതന്ത്രജ്ഞനാണു് അദ്ദേഹം. ഈഴവർ അന്നു് ബ്രാഹ്മണാധിപത്യത്തിനെതിരായ ഒരു നായകവലയം സമുദായത്തിന്റെ മാത്സര്യനിർമ്മാർജ്ജനം നിയമനംചെയ്തിരുന്ന പള്ളിക്കൂടങ്ങളെല്ലാം തുറന്നുകിട്ടാത്തതിൽ വലിയ പരിഭവം സമുദായത്തിനുണ്ടു്. വിദ്യാഭ്യാസകാര്യത്തിൽ സർക്കാർ ഒരു പ്രോത്സാഹനവും നൽകാത്തതിനെപ്പറ്റി വളരെക്കാലമായി വലിയ പരാതിക്കാരാണു് ഈഴവർ അന്നു്. ആ പരാതിക്കു് കൽ ഏറാണുകാലത്തെ പഴക്കമുണ്ടു്. ഫീസു സെഷ്ടനുഭവത്തിനുവേണ്ടി യോഗവും പത്രങ്ങളും നേതാക്കന്മാരുമെല്ലാം അനസ്യൂതമായി മുറവിളി കൂട്ടിക്കൊണ്ടിരിക്കയാണു്. ഈ വാദത്തിന്റെ ധാർമ്മികതത്വം രാഘവയ്യായ്ക്കു് പൂർണ്ണമായും ബോധ്യപ്പെട്ടു ഒരു സമുദായനീതി എന്നനിലയിൽ അദ്ദേഹം ഇംഗ്ലീഷു സ്കൂളുകളിൽ ഈഴവക്കു് മുഴുവൻ ഫീസു സെഷ്ടനുഭവത്തിനും അനുവദിച്ചു. പ്രൈവറ്റ് സ്കൂളുകൾക്കു് തന്മൂലം ഉണ്ടാകുന്ന നഷ്ടത്തിന്റെ എഴുപത്തഞ്ചു ശതമാനം നികുഴത്തി കൊടുക്കാമെന്നും അദ്ദേഹത്തിന്റെ ഗവർമ്മെൻറ് ഏറ്റു. പ്രൈവറ്റ് സ്കൂളുകളും ധാരാളമുള്ള ഈ രാജ്യത്തു് അന്നു് ഈഴവരുടെ വകയായി ഒന്നാരണ്ടോ മിഡിൽ സ്കൂളുകളും ഒരു ഹൈസ്കൂളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രൈവറ്റ്സ്കൂളുകളും അധികവും അന്നു് ക്രിസ്ത്യാനികളുടേയും നായന്മാരുടേയും വകയാണു്. അവരുടെ സഹകരണംകൂടാതെ രാഘവയ്യായുടെ ഈ പരിഷ്കരണം വിജയിക്കുവനേ പോകുന്നില്ല. താരതമ്യേന കുറവാണു് സർക്കാർ സ്കൂളുകളും ഈ സ്ഥിതിഗതികളിൽ പ്രൈവറ്റ്സ്കൂളുകളും മാനേജ്മെൻറുകളും സഹകരിക്കുന്ന നിലയവമെൻറ് തീരുമാനത്തിന്റെ ജയാപജയത്തെ നിർണ്ണയിക്കുന്ന പ്രധാനഘടകം ആയിരുന്നു. പ്രൈവറ്റ് സ്കൂളുകളും ഈഴവർക്കു് അനുകൂലമായ ഒരു നിലപാടു സ്വീകരിക്കുമെന്നു് ഗവർമ്മെൻറിനോ ഈഴവനേതാക്കന്മാർക്കുതന്നെയോ വിചാരം ഉണ്ടായിരുന്നില്ല. യോഗം ജനറൽ സിക്രട്ടറി എൻ. കുമാരൻ രാഘവയ്യായുമായി പല തവണ ഈ സംഗതി സംസാരിച്ചു. വിദ്യാഭ്യാസക്കോഡിൽ ചട്ടങ്ങളും എങ്ങനെയിരുന്നാലും സർക്കാരിന്റെ തീരുമാനങ്ങളും പ്രയോഗത്തിൽ വരുത്താൻ ഈഴവർ ആവശ്യപ്പെടുന്ന ഭിക്ഷകളിൽ സ്കൂളും ഉണ്ടാക്കിക്കൊള്ളുവാൻ അനുവാദം നൽകുന്നതാണെന്ന ഒരു ഉപ്പു രാഘവയ്യ യോഗത്തിനു് നൽകി.

കുമാരനാശപ്പള്ളിയിൽവച്ചുകൂടിയ എസ് എൻ. ഡി. പി. യോഗത്തിന്റെ വാർഷികത്തിൽ എൻ. കുമാരൻ ഈ നില വിശദീകരിച്ചു് ഒരു പ്രഖ്യാപനം നടത്തി. പരവൂർക്കാരൻ ഒരു യുവാവു് ആ യോഗത്തിൽ സന്നിഹിതനായിരുന്നു. ടി. ആർ. ശേഖരൻ. കൽക്കട്ടായിൽപോയി ഇൻറർമീഡിയറിനും ഹോമിയോപ്പതിക്കും പഠിച്ചു് മടങ്ങിവന്നിരിക്കുകയാണു് അയാൾ. അയാളുടെ പിതാവുനേടിയ ധനത്തിൽ വലിയ കൈകാര്യം അന്നു് അയാൾക്കുണ്ടു്. വലിയ സമുദായസ്നേഹനാണു്. ഈഴവനേതാക്കന്മാരെ, വിശേഷിച്ചു് സി. വി യെ പൂജിക്കുന്നവനാണു്. അയാളുടെ നാടാണു് കൊല്ലം പരവൂർ. അവിടെയുണ്ടു് കോട്ടപ്പുറം ഇംഗ്ലീഷു് മിഡിൽസ്കൂൾ. നായന്മാരുടെ വകയാണു്. അതിന്റെ ഉടമസ്ഥകഥ മകളിലൊരിടത്തു് ഞാൻ സൂചിപ്പിച്ചിട്ടുണ്ടെന്നു് തോന്നുന്നു. ആ സ്കൂൾ ഉണ്ടാക്കുന്നതിനു് പരവൂരിലെ ഈഴവർ മുക്തഹസ്തം സഹായിച്ചിരുന്നു എന്നാണു് എന്റെ അറിവു്. അതിന്റെ മരണകിടക്കയായ കോട്ടവിള ഈഴവരുമായി രമ്യതയിൽ കഴിയുകയാണു്. വലിയ കാൺഗ്രസുകാരനും ദേശീയവാദിയുമായിരുന്ന കെ കൃഷ്ണപിള്ളയാണു് ഹെഡ്മാസ്റ്റർ. ഇവർ ഫീസു് സൗജന്യകാര്യത്തിൽ ഈഴവക്കു് അനുകൂലമായ ഒരു നില അവലംബിക്കുവാൻ ഇടയില്ലെന്നു ടി. ആർ. ശേഖരനു നിശ്ചയമുണ്ടായിരുന്നു. അയാളും കുടുംബശ്രീയോഗം കഴിഞ്ഞു് നേരേ പരവൂർ മടങ്ങിയെത്തി, കൃഷ്ണപിള്ളയെ ചെന്നുകണ്ടു. ആ ദേശഭക്തനു് 25 ശതമാനം നഷ്ടപ്പെടുത്തുകൊണ്ടുള്ള ഒരു ഈഴവഫീസു് സൗജന്യം ഒഴിച്ചില്ല ടി. ആർ. ശേഖരൻ, കുമാരനാശാന്റെ ഒപ്പട്ടിയെപ്പോലെ പരവൂരിലെ ഈഴവപ്രമാണികളെയെല്ലാം ചെന്നിളക്കി ഫീസു് സൗജന്യം നൽകാത്തപക്ഷം ഈഴവന്റെ വക പുതിയ സ്കൂൾ എന്ന മുദ്രാവാക്യം മുഴങ്ങി. ഒരു ഡെപ്യൂട്ടേഷൻ കോട്ടവിളയെകണ്ടു ഫലമുണ്ടായില്ല. കോട്ടവിളയുടെ തീരുമാനം പ്രൈവറ്റ് സ്കൂളുകളെയെല്ലാം ബാധിക്കുമെന്നു് അറിയാത്തവരല്ലായിരുന്നു പരവൂരിലെ ഈഴവപ്രമാണികളും. അവർ പ്രാർത്ഥിച്ചു, കേണപേക്ഷിച്ചു, ക്രോധിച്ചു, ഭീഷണിപ്പെടുത്തി പക്ഷേ ദേശഭക്തനായ കൃഷ്ണപിള്ളയുടെ ഉപദേശത്തിൽ ഉറച്ചുനിന്ന കോട്ടവിള കുലുങ്ങിയില്ല. ഞാനോ നീയോ എന്ന ഉരസൽ എപ്പോഴുമുള്ള പരവൂരിലെ ഈഴവപ്രമാണികളുടെ വീര്യം കോട്ടവിളയുടെ ഈ നിഷേധത്തിൽ വിജൃംഭിച്ചു. രായിക്കരമാനം, അന്യഥാ യോജിക്കുവാൻ വിമുഖരായ പരവൂരിലെ 23 ഈഴവപ്രമാണികളും ഒരു പ്രോമിസറിനോട്ടിനു് ഒപ്പുവച്ചു് ഒരു സംഘം കെട്ടിടത്

ന് അവശ്യമായ പണം സംഭരിച്ചു. പരവൂരിലെ ഈഴവന്റെ സമുദായാഭിമാനം അങ്ങനെ അങ്കക്കലികൊണ്ട് നിന്നു വിറച്ചു വാതക്കാരൻ മൂപ്പിച്ച സ്ഥലനിവാശംമായ സ്ഥലം കുടുംബസ്വത്തിൽ നിന്നും വിട്ടുകൊടുത്തു. കോട്ടുവിള സ്ക്കൂളിന് എതിരായി ഒരാഴ്ചയ്ക്കുള്ളിൽ ഈഴവന്റെ രണ്ടാം സ്ക്കൂൾ പരവൂരിൽ ഉയർന്നു. ഈഴവന്റെ പുരോഗതിയെ കുത്തിയുണർത്തിയ ഒരു തീരുമാനമായിരുന്നു രാഘവയ്യായുടേത്.

സ്ക്കൂൾ ഉണ്ടായി. കോട്ടുവിള സ്ക്കൂളിലെ ബഹുഭൂരിപക്ഷം ഈഴവ വിദ്യാർത്ഥികളും അവരുടെ സ്ക്കൂളിലേയ്ക്കുമാറി. ഇതിനെല്ലാം ഉപോൽബലകമായി നിന്നതു് എൻ. കുമാരൻ രാഘവയ്യായ്ക്കു വേണ്ടി നൽകിയ ഉറപ്പും, സി വി യുടെ ഉത്തേജനവും ആയിരുന്നു. സ്ക്കൂളിന് രാഘവയ്യ ഉദ്യോഗമൊഴിയുന്ന കാലത്തെ അവസാന ഉത്തരവുകൊണ്ടുമാത്രമേ അംഗീകാരം സിദ്ധിച്ചുള്ളൂ സ്ക്കൂളിന്റെ മരണം പരവൂരിലെ പ്രായപൂർത്തിവന്ന സകല ഈഴവരുടേയും പ്രതിനിധ്യംവഹിക്കുന്ന ഒരു കമ്മിറ്റിക്ക് നൽകുകയുണ്ടായി. പ്രായപൂർത്തി വോട്ടവകാശം ഈ സ്ക്കൂളിന്റെ കാര്യത്തിലാണ് ഈ സംസ്ഥാനത്തു് ആദ്യമായി പരിശോധിക്കുന്നതു്. ആദ്യംപോയി ഈ മരണവ്യവസ്ഥ ഈ സ്ക്കൂൾ സംബന്ധിച്ചു് നിലവിലിരിക്കുന്നു. പരവൂരിലെ ഈഴവരുടെ ഈ വാശിമൂലം സംസ്ഥാനമൊട്ടുക്കുള്ള മാനേജ്മെന്റ് സ്ക്കൂളുകൾ ഒഴിവാൻ ഫീസ് സൗജന്യവും ഈഴക്കുട്ടികൾക്ക് നൽകുന്നതിൽ ജാഗരൂകരായി.

സർക്കാർ ഈഴവർക്കുനൽകിയ ഈ മുഴുവൻ ഫീസുസൗജന്യത്തിന്റെ കണ്ടുകോടാലി പട്ടം തുണപിള്ളയായിരുന്ന എന്ന വസ്തുത കൂടി ഈ സന്ദർഭത്തിൽ ഞാൻ പറഞ്ഞുകൊള്ളട്ടെ.

ഈ വാശിയും മർക്കടമുഷ്ടിയും കൊണ്ട് അനുഗ്രഹീതരായിരുന്ന പരവൂരിലെ നായരീഴവന്മാരുടെ ഏകോപിച്ചുള്ള ഒരു സമുദായപരിഷ്കരണവ്യഗ്രതയിൽനിന്ന് ഉടലെടുത്തതായിരുന്ന സന്മാർഗ്ഗപ്രദായിനീസഭ. അതിനാൽ ഉഗ്രതയും അത്യാവേശവും എത്രവേണമെങ്കിലും അതിനുള്ളിൽ ജനിപ്പിക്കാൻ കഴിവുണ്ടായിരുന്നു. പരവൂർ അതിർത്തിക്കുള്ളിൽ മദ്യഷാപ്പുകളോ മദ്യപാനമോ പാടില്ല എന്ന ഉഗ്രശപഥത്തിലായിരുന്നു ആ സഭയുടെ പുറപ്പാട്. അതിഗംഭീരമായ മഹായോഗങ്ങളും ഉണ്ടായി. യോഗാസനങ്ങളും അനുസരിക്കാത്തവർക്ക് സമുദായഭ്രഷ്ടായി ഷാപ്പുകൾ സ്ഥാപിക്കാൻ സ്ഥലം കിട്ടാതായി. തെങ്ങുകയറ്റം കൊട്ടിക്കയില്ലെന്നായി സർക്കാരിന് ഉദാസീനരായി നോക്കിയിരിക്കാൻ നിവൃത്തിയില്ലാതായിത്തീർന്നു. ഷാപ്പുകൾ തീവയ്ക്കപ്പെട്ടുകയും അരിഞ്ഞു. സർക്കാർ അടവുകളും പലതും നോക്കി. കരിങ്കാലികളും, കോടാലിക്കൈകളും എന്നിവരെയൊക്കെ സർക്കാർ സംഘടിപ്പിച്ചു്, ഈ പ്രക്ഷോഭണത്തെ അമർച്ചവരുത്താൻ ഉദ്യോഗിച്ചുമെലാട്ടം എന്നറിയപ്പെട്ട കുപ്രസിദ്ധനായ ഒരു പോലീസ് ഇൻസ്പെക്ടറെ ഇതിലേയ്ക്കായി പരവൂരിലേക്ക സ്ഥലം മാറിനിയമിച്ചു. ആളുകളെല്ലാം ഒരു ചരടിൽ നിൽക്കയാണ്. സ്ക്കൂൾ കുട്ടികളും ഇന്നത്തെപ്പോലെ അന്നും ഇളകി. കോട്ടപ്പുറം സ്ക്കൂളിൽ ഒരു നാടകം കാണാൻ പതിനാറു മൈലപ്പുറം ചെന്ന ഇൻസ്പെക്ടറെ ശല്യപ്പെടുത്തി എന്ന കാരണത്താൽ ആ മനുഷ്യൻ കുട്ടികളിൽ ചിലരെ അന്നു രാത്രിതന്നെ ലോക്കപ്പിൽ പിടിച്ചിട്ടു് അതികഠിനമായി മർദ്ദിച്ചു. ആ മർദ്ദനത്തെ ചൊല്ലി ഒരു വലിയ ജനക്കൂട്ടം പോലീസ് സ്റ്റേഷനു പുറംതള്ളുകയുണ്ടായി. ഞാൻ കെ. ജി യുമൊത്തു് പരവൂർ പാഞ്ഞെത്തി.

പരവൂരെ മദ്യവർജ്ജനയോഗങ്ങളിൽ സജീവമായ പങ്കു് എനിക്കും കെ. ജി. ക്കും മറ്റും ഉണ്ടായിരുന്നു. ഏതു പ്രശംസനീയമായ ഉദ്ദേശ്യത്തോടുകൂടി ജനങ്ങളുടെ നന്മക്കായി മാത്രം ഉടങ്ങുന്നതായാലും, സർക്കാരിന്റെ അനുകമ്പ അത്രയും ഒരു പ്രസ്ഥാനത്തിനും ഉണ്ടാകയില്ലെന്ന സാധനപാഠം അന്നാണ് ഞാൻ പഠിക്കുന്നു. സർക്കാരിന് പണം വേണം; ഏതു നാറിയ വഴിക്കുകിടയായാലും പണം വേണം; എന്നതു മാത്രമാണു രാജ്യതന്ത്രം.

ഇതെന്റെ കണ്ണുതുറപ്പിച്ച ഒരു കാര്യമായിരുന്നു. സത്യധർമ്മങ്ങളും എങ്ങനെയിരുന്നാലും, അവയെ കോട്ടിമാട്ടി, സത്യമല്ലാത്ത അസത്യമായും ധർമ്മമല്ലാത്ത അധർമ്മമായും പ്രദർശിപ്പിക്കുവാനുള്ള പ്രവണതയാണ് രേണുക്കുട്ടങ്ങളുടെ നിയാമകശക്തി! ഈശ്വരോരക്ഷതു! മാക്കിയവെല്ലും, പഞ്ചതന്ത്രക്കാരനും, ചാണക്യനും, ശുക്രനും ഉപദേശിച്ച രാജനീതിയല്ലാതെ മറ്റൊന്നു പുലരാനാണ് ഈ ലോകത്തിൽ.?

എങ്കിലു, വല്ലാത്ത ഒരു ശുഭാപ്തി വിശ്വാസക്കാരനായിരുന്ന ഞാനെല്ലാം ഞാൻ ശാന്തിജിയുടെ ഉഗ്രവും ശക്തവുമായ ശംഖനാദത്തിന്റെ ധ്വനികിടന്നു മുഴങ്ങിയ ഈ ഭാരതഭൂമിയിൽ നിരാശതയ്ക്കും, നിസ്സംജ്ഞതയ്ക്കും സ്ഥാനമില്ലെന്ന് ഞാൻ കരുതി. ക്രിസ്തുബോധനത്തിനും അഞ്ചാറു ശതകങ്ങൾക്കു മുമ്പുതൽ, നാരായണഗുരുവിന്റെ "ഏകാന്തദീപ്തമായ" കാലംവരെ, മനുഷ്യരാശിയെ അടിമകരിച്ചിരുന്ന —.

"ഭയം വിഷമാണ്, അതു് — ഉണ്ടാക്കരുതു്, കൊടുക്കരുതു് കൂടിക്കരുതു്"

എന്ന പ്രശസ്തനത്തിന്റെ "പ്രായോഗികാദ്വൈതം" താനേകാട്ടിയ സന്മാർഗ്ഗപ്രദായിനി സഭയെ എങ്ങനെ എന്നെപ്പോലെ ഒരാൾ തലോലിക്കാതിരിക്കാനാണ്? മദ്യത്തിന്റെ മാരകത്വം എനിക്ക് അജ്ഞാതമായിരുന്നില്ല എങ്കിലും ഞാൻ അറിയുന്നുണ്ടു് അതു മനുഷ്യരാശിയുടെ ഒരു ശാപമാണെന്നു് അതിനാൽ, രാജ്യവ്യാപകമായ ഒരു പ്രക്ഷോഭണത്തിന്റെ ബീജാവാപം പരവൂർ സന്മാർഗ്ഗപ്രദായിനി സമാജം ചെയ്യുന്നതായ ട്ടാണ് ഞാൻ കണ്ടതു്. കൊല്ലംപരവൂരിന്റെ അതിർത്തിലംഘിച്ചു് ഈ പ്രക്ഷോഭണത്തിന്റെ "സ്പർശനികം" ഈ സംസ്ഥാനത്തിനു മാർഗ്ഗനിർണ്ണയം ചെയ്യണമെന്നു് എനിക്കു നിർബന്ധമുണ്ടായിരുന്നു. ഞാൻ ഒരു വലിയ മദ്യവർജ്ജനമഹായോഗം കൊല്ലത്തു വിളിച്ചുകൂട്ടി പക്ഷെ അതുണ്ടു് സന്നിഗ്ദ്ധഘട്ടസന്ദായകമായ ഒരു സാമൂഹ്യ പരിഷ്കരണത്തിനപ്പുറം പോകാത്ത ഈ കാര്യത്തെ ബാളിക്കുവാൻ. അന്നു് മുനിസിപ്പൽ പ്രസിഡന്റ് ശ്രീ. പരവൂർ നാരായണപിള്ളയാണു്. അദ്ദേഹത്തിനു് ഈ മദ്യവർജ്ജന കാര്യത്തിൽ വലിയ അനുരാഗമൊന്നും ഉണ്ടായിരുന്നില്ല. ബുദ്ധനു് തോൽവി പാറയേടത്തു് അതു വിജയിക്കാൻ പോകുന്നു എന്നായിരുന്ന ഏതോ തോന്നൽ അദ്ദേഹത്തിന്റെ ചിന്താശക്തി! ഒരു കണ്ണു് ജന്മിയുടെ ഗർത്തത്തിൽ അക്കാലത്തു് ഉറപ്പിച്ചിരുന്ന ആ നല്ല മനുഷ്യൻ, ഈ പ്രക്ഷോഭണത്തെ കടാക്ഷിച്ചില്ല. പരവൂർ തീരെ ഒഴിഞ്ഞുമാറി. കൊല്ലം പട്ടണത്തിനകത്തു ഒരു കൺവെൻഷൻ വിളിച്ചുകൂട്ടാനുള്ള സ്ഥലംപോലും, ആ മനുഷ്യൻ അനുവദിക്കയില്ലെന്ന ഘട്ടംവന്നു. എനിക്കതിൽ പരിഭവം തോന്നിയില്ല. പെട്ടെന്ന് ഒരു പഴയ മുന്നാട്ടുവന്നു — കോട്ടർ ശ്രീ കൊച്ചുപിള്ള, കോട്ടർ കുടുംബം വിസ്തരിക്കപ്പെടേണ്ട കാര്യമല്ല, ഈ രാജ്യത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ എത്ര "രാജ്യദ്രോഹ"വും പ്രസംഗിക്കുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യത്തോടെ, കോട്ടർ കൊച്ചുപിള്ള അദ്ദേഹത്തിന്റെ വക പടിഞ്ഞാറേകൊല്ലത്തു ഒരു സ്ഥലംതന്നു. ഒരു മഹായോഗംതന്നെ അന്നാണ് കോട്ടർ കുഞ്ഞുകൃഷ്ണപിള്ളയുമായി ഞാൻ ആദ്യമായി പരിചയപ്പെടുന്നതു്. മിടുക്കനും, ബുദ്ധിമാനും, ഉൽജ്ജസ്വലനുമായ ഒരു യുവാവു്. ഭാവിയിൽ ഒരു നല്ല നിലയിലെത്തുന്നതിന്റെ സകല ചിഹ്നങ്ങളും അപ്പോൾതന്നെ സിദ്ധടിപ്പിച്ചിട്ടുണ്ടു്. മി. കുഞ്ഞുകൃഷ്ണപിള്ള കൊല്ലം പൊതുയോഗങ്ങളിൽ ആദ്യമായി അന്നാണു് പ്രവേശിക്കുന്നതു് എന്നാണു് എന്റെ ഓർമ്മ. ആ കൺവെൻഷനെപ്പറ്റി കിംവദന്തികൾ പലതു പ്രചരിച്ചിരുന്നു ഇതിനകം. അതിൽ പരക്കുന്നവരുടെ അംസം നിശ്ചിതമായുണ്ടെന്നു് ഒരു ഇളക്കം ആദ്യമുണ്ടായി. ആ യോഗത്തിൽ നാലു പ്രസംഗം ഞാൻ വിളിച്ചു പറഞ്ഞു. അഞ്ചാമതൊരു പ്രസംഗം സ്വന്തമായും ചെയ്തു. നല്ല ഒരു ഉച്ചമാഷിണിയായിരുന്ന അന്നു ഞാൻ. ആ മഹായോഗത്തെ ഇടർന്നു്, കോട്ടർ ഒരു "കൊല്ലം ഷോ"നായി. അതോടെ ഈ മദ്യവർജ്ജന പ്രക്ഷോഭണത്തിന്റെ പൂർവ്വചരിതമായി. പക്ഷേ അദ്ദേഹം വലിച്ചെറിയ

THE
TARAPADHAM

ADVERTISEMENT RATES.

Cover Front Page	Rs. 125
,, Last Page	,, 100
,, 2nd Page	,, 75
,, 3rd Page	,, 75
Inner Full Page	,, 50
,, Half Page	,, 30
,, Per inch Single Col.	,, 2

രണ്ടു ആശംസ പ്രസംഗിക്കുന്ന ഒരു യുവാവായിരുന്നു, അവൻ അദ്ദേഹം! ഇത്തരം യുവാക്കന്മാരുടെ സേവനം ഈ സംസ്ഥാനത്തിനു അവൻ ധാരാളം വേണ്ടിയിരുന്നു. ജാതിമതചിന്ത കുറെക്കൂടി അതീതനായി, സംസ്കൃതചിത്തനായ ഒരു സവർണ്ണ യുവാവിനെ, അവർണ്ണരുടെ ആശംസാഫലിതയിൽ വിശ്വാസം അർപ്പിച്ചു ലഭിക്കുക അന്നു് അസാദ്ധ്യമായിരുന്നു. അതിനാൽ ഈ യുവാവിന്റെ ലബ്ധി ചിരന്തനമായ ഒരു തപഃഫലംപോലെ അങ്ങനെ നിന്നു പക്ഷേ, നിമിഷത്തിൽ, കളിമണ്ണുമാത്രമാണു് എന്റെ പൂജാവിഗ്രഹമെന്നു് എനിക്കു കോളർ കുഞ്ഞുകൃഷ്ണപിള്ള ബോദ്ധ്യംവരുത്തി. കൺവെൻഷൻ നടക്കുമ്പോൾ, എന്നേയും വായ്പ്പരയും, കൈ അസ്സറു ചെയ്യുമെന്നു കൂടെക്കൂടെ പ്രചരിച്ചിരുന്നു. പക്ഷേ, അറ്റമ്പോൾ നടന്നില്ല. പരമ്പൂർ ഇന്നൊരു സന്ദേശം തന്നു ഈ സംസ്ഥാനത്തിനൊട്ടാകെ നൽകിയിരുന്നു. ആ സന്ദേശത്തിന്റെ പ്രവാചകന്മാരിൽ അഗ്രഗണ്യനായി ഞാൻ ഇതിനിടയിൽ ഒന്നോട്ടവനം കഴിഞ്ഞിരുന്നു. അതിനാൽ, ഈ പ്രസ്ഥാനത്തിനു പരാജയം സംഭവിക്കാതെ സൂക്ഷിക്കേണ്ട ചുമതല എന്റെ ഉർബലമായ ചുമലുകളിൽ വന്നു തങ്ങി. ശരി; ഞാൻ അതേറ്റു പിടിച്ചു. ഈ പ്രസ്ഥാനത്തിന്റെ നേട്ടകരം, കരുനാഗപ്പള്ളി, കായ്ക്കുപ്പള്ളി, അമ്പലപ്പുഴ, ചേർത്തല എന്നീ താലൂക്കുകളിൽ നിമിഷത്തിൽ ഓടിത്തുടങ്ങി ആ ഓട്ടത്തിന്റെ പിമ്പിലെല്ലാം ഞാൻ ഉണ്ടായിരുന്നു.

അപ്പോഴാണു് നിയമസഭാതിരഞ്ഞെടുപ്പു നടന്നതു്. പറവൂരിനെ എതിരായി കോട്ടയിനെ ഞങ്ങൾ നിറുത്തി നിയമസഭാസ്ഥാനാർത്ഥിയായി. യുവചൈതന്യത്തിന്റെ സ്ഥാനാർത്ഥിയായി, ഞങ്ങളുടെ പ്രക്ഷോഭണത്തിന്റെ ധാർമ്മികതയുടെ പ്രതിനിധിയായി. ഒരു പ്രശ്നം, ഒരു വാദം പൊതുജനങ്ങളുടെ മുൻപിൽ വയ്ക്കുകയുള്ള ഒരു തിരഞ്ഞെടുപ്പു ബഹളമായിരുന്നു അതു്. ആ സമയത്തു് ധർമ്മം ജയിച്ചു് ഞങ്ങൾ ജയക്കൊടിനാട്ടി. വടക്കോട്ടു നീങ്ങിയ ഈ പ്രക്ഷോഭണം ഒടുവിൽ ചേർത്തല എത്തി. ചേർത്തല ഗോപാലകൃഷ്ണൻ അന്നു് സഹകരണ ഭ്രാന്തനായി ഇന്നത്തെപ്പോലെ തന്നെ നടക്കുകയാണു്. കൈനിക്കരയുടെ സഹോദരിയുടെ അദ്ദേഹത്തിനേറ്റ മാരകമായ മുറിവുകൾ ഇതു തന്നേറെടുക്കുള്ള അധികം സ്ത്രീകളെ ഞാൻ കണ്ടിട്ടില്ല. ഗോപാലകൃഷ്ണൻ പറഞ്ഞ പതി, പക്ഷെ ആ സുചരിത ഗോപാലകൃഷ്ണന്റെ നിർഭാഗ്യത്താൽ അകാലത്തിൽ ചരമം പ്രാപിച്ചു പോയി, എന്നെ അവർക്കു വലിയകാര്യമായിരുന്നു ഗോപാലകൃഷ്ണന്റെ സഹകരണബാങ്കിന്റെ വിശാലമായ മുറ്റത്തു് ഒരു മഹായോഗത്തിൽ ഏർപ്പാടുണ്ടായി. അന്നു കൊച്ചീക്കാരൻ എ ബി. സേലം വലിയ ദേശക്കേതനാണു്, യഹൂദനാണു്. ക്രിസ്താബ്ദാരംഭത്തിൽ പാലസ്തീനായിൽനിന്നു് കുടിയേറിയ കരായി കൊച്ചിയെ അഭയംപ്രാപിച്ചു ഒരു കൊച്ചു യഹൂദ സമുദായംഉണ്ടു്. സേലത്തെക്കാൾ വലിയ ഒരു നേതാവു് ഈ സമുദായത്തിനു് ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. ഒരുവക്കം സത്യഗ്രഹത്തിന്റെ മുന്നണിയിൽ അദ്ദേഹം ഉണ്ടായിരുന്നു രാഷ്ട്രീയകാര്യങ്ങളിൽ നല്ലപേരും ഒച്ചയും സേലം അന്നു് ഉണ്ടാക്കിക്കഴിഞ്ഞിരുന്നു. ആ യോഗത്തിൽ കുറഞ്ഞതു് ഒരു അമ്പതിനായിരം പേരെങ്കിലും സന്നിഹിതരായിരിക്കണം. പക്ഷേ സേലത്തിന്റെ അദ്ധ്യക്ഷതയിൽ യോഗം നടക്കാൻ സക്കാർ അനുവദിച്ചില്ല. യോഗാദ്ധ്യക്ഷനു് നിരോധനാജ്ഞ ഉണ്ടായി. അതുമായി അഞ്ചരം ഒരു അജ്ഞയുടെ പ്രത്യാഘാതം എനിക്കു് അനുഭവപ്പെടുകയാണു്. എന്റെ രക്തം തിളച്ചു. സേലത്തിനു പകരം ഞാൻ ആ മീറ്റിംഗിന്റെ അദ്ധ്യക്ഷത വഹിച്ചു ഗവൺമെന്റിനെതിരായി ഞാൻ ഘോരമായൊരു പ്രസംഗം ചെയ്തു. ഒരു ധാർമ്മികരോഷം ആ പ്രസംഗത്തിൽ ഉടനീളം നിഴലിച്ചുനിന്നു. വാഗ്മിത്വത്തിൽ എനിക്കുള്ള കഴിവിൽ ഞാൻ അന്നു അത്യുന്മേഷവാനായി പ്രതിബോധവാനാകുകയാണു്. എന്റെ വികാരതീക്ഷ്ണതയുടെ വിശ്വാസ്യത എന്നെ വാചാലനാക്കി അന്നു വി ശിവശങ്കരപ്പിള്ളയാണു് എ. ഏസ് പി. അദ്ദേഹത്തിനു എന്നെയും രാമവാര്യരേയും പതിയനേയും അറസ്റ്റു ചെയ്തു ലാക്കപ്പിലടക്കുന്നതിനു ഒരു അന്തർദാഹംതന്നെ ഉണ്ടായപോലെതോന്നി. ഡി. ഏസ് പി. ബി. നാണുപിള്ളയാണു്, അദ്ദേഹം പോലീസ് സേവനത്തിന്റെ താണപടികളിൽ നിന്നു് കേവലമായ മിടുക്കുകൊണ്ടു് ഔന്നത്യത്തിൽ എത്തിയ ആളാണു്. പൊതുജനങ്ങളുടെ മനഃശാസ്ത്രം അദ്ദേഹത്തിനു നല്ലപോലെ അറിയാം. അദ്ദേഹം മഷിരയുടെ ഉപാസകനായിരുന്നെങ്കിലും, അതുപാസനയിൽ നിന്നു് ജനങ്ങളെ നിവർത്തിപ്പിക്കാൻ ഉണ്ടായ പ്രക്ഷോഭണത്തെ പൂർണ്ണമായും അനുകൂലിച്ചിരുന്നു. ശിവശങ്കരപ്പിള്ളയുടെ നിർബന്ധത്തിനും ഉപദേശത്തിനും അദ്ദേഹം വഴങ്ങിയില്ല ശിവശങ്കരപ്പിള്ള കൊല്ലം പേഷ്കാരെ ഇളക്കാൻ നോക്കി. പക്ഷെ, ബി നാണുപിള്ള എതിരായതുകൊണ്ടു് വാറണ്ടുണ്ടായില്ല. അറസ്റ്റും നടന്നില്ല

ഈ അറസ്റ്റും, പുലിവരുംപോലായിരുന്നു അതു് ഈ വി. കൃഷ്ണപിള്ളയ്ക്കു് ഒരു നല്ല നേരംപോക്കിനു വകനൽകി. രാമവാര്യർ ഈ പുലിവാർത്തയിൽ ഒന്നു നടുങ്ങിയെങ്കിലും ലക്ഷണം യോഗങ്ങളിൽ കാട്ടിവന്നിരുന്നു. വീട്ടുകാരോടും നാട്ടുകാരോടും ഒക്കെ ജയിലിൽ പോകാൻ വിടചോദിക്കുക വഴിക്കു് അനുഗ്രഹമായിരുന്നുവത്രെ. ഒരു പരിഹാസം അർത്ഥപുഷ്ടം, ഈ വിടവാങ്ങലിൽ. ഈ. വി. ഒരു നല്ല കഥാസൃഷ്ടിയും പാത്രസൃഷ്ടിയും വായ്ത്താരികൊണ്ടു അസ്സറുമിതികളെ ഉപജീവിച്ചു നടത്തി.

ഈ പ്രക്ഷോഭണങ്ങളുടെ വിരകളിൽ പല മാന്യന്മാരും ഉണ്ടായിരുന്നു. വക്കീൽ കരുണാകരമേനോൻ രാഷ്ട്രീയ കാര്യങ്ങളിൽ ഉൾപ്പെടാത്ത ആളായിരുന്നെങ്കിലും ഈ പ്രക്ഷോഭണങ്ങൾക്കു വലിയ പിൻതുണ നൽകിയിരുന്നു കൊല്ലത്തെ യോഗത്തിൽ അദ്ദേഹമാണു് അദ്ധ്യക്ഷതവഹിച്ചതു്. കിളിമാനൂർ, മയ്യനാടു തുടങ്ങി പല യോഗങ്ങളിലും അദ്ദേഹം അദ്ധ്യക്ഷനായിരുന്നു. ഇഴവരുടെ ക്ഷേത്രപ്രവേശന വാദത്തെ എതിത്ത കെ. എൻ. കൃഷ്ണരുപ്പു് ഞങ്ങളുടെ കൂട്ടത്തിൽ അന്നുണ്ടു്. കെ സി, കുഞ്ഞുരാമൻ ദിവസവും രണ്ടും മൂന്നും കഴിഞ്ഞുമായിരുന്നെങ്കിലും, ഇ. വി. യെപ്പോലെ പ്രക്ഷോഭണത്തിനു എതിരായിരുന്നില്ല വലിയ ഇട്ടിച്ചെറിയാവക്കീലും ശംഭീരമായി പ്രസംഗിച്ചിരുന്നു കടിക്കുന്നതെന്നു് പ്രസംഗിക്കുകയും പ്രസംഗിച്ചശേഷം നേരേപോയി കുടിക്കുകയും ചെയ്ത പ്രമാണികളും ഇല്ലാതിരുന്നില്ല, ഒരു വലിയ കോളിളക്കം ഉണ്ടാക്കുവാൻ ഈ പ്രക്ഷോഭണം ഉപകരിച്ചു. ഒടുവിൽ കൂപ്പിനേ സർക്കാർ എങ്ങനെയോ ഏതു കൊതികാട്ടിയോ മാനസാന്തരപ്പെടുത്തിക്കളഞ്ഞു. കെ. ജി. നിശ്ശബ്ദതപൂണ്ടു. എ. അസി. കമ്മിഷണർ പവാരങ്കരപ്പിള്ളയുടെ സ്ഥാനം മാറ്റത്തെത്തുടർന്നാണിരുന്ന ഈ മഹായജ്ഞം കെ ജി. യുടെമാനസന്തോഷം എനിക്കു വിസ്മയകരമായിതോന്നി. അങ്ങനെ, അങ്ങനെ ആളില്ലാതെ ആ പ്രക്ഷോഭണം അവസിപ്പോയി. ഞാനും വായ്ത്താരണ്ടു കാസാബിയാങ്കാന്മാരെപ്പോലെ ശേഷിച്ചു.



പത്തു കഥാകാരന്മാർ

[ഗ്രന്ഥകർത്താ: ടാറാപുരം സുകുമാരൻ, നാഷണൽ ബുക്ക് സ്റ്റാൾ, കളരിക്കൽ ബസാർ, കോട്ടയം. പേജ് നൂറിപതിനേഴ്. വില രൂപാ ഒന്നര്]

മലയാളത്തിൽ ജീവചരിത്രങ്ങളും ചരിത്രങ്ങളും വിരളമാണ്. തുലികാചിത്രങ്ങളും വിരളമായേ കണ്ടുവരാറുള്ളൂ. സാഹിത്യകാരന്മാരുടെ തുലികാചിത്രങ്ങളാണെങ്കിൽ നന്നേ കുറവും. നമ്മുടെ മുറുപാടും കഴിഞ്ഞുകൂട്ടുന്നവർ ഏതുകണ്ടു പ്രതിഭാശാലികളാണെങ്കിലും അവരുടെ പ്രതിഭാശാലിത്വത്തെ അംഗീകരിക്കുവാനും, ആരാധിക്കുവാനും വായനക്കാർ പലപ്പോഴും വിമുഖരാണ്. 'മുറത്തെ മുല്ലയ്ക്കു മണമില്ല' എന്ന ആ മലയാള പഴഞ്ചൊല്ല് മലയാളത്തിന്റെ ഭേദിയമായ ഒരു സ്വഭാവവിശേഷത്തെയല്ലേ അസന്നിഗ്ദ്ധമായി അവതിഷ്ക്കരിക്കുന്നത്? തകഴിയുടേയോ, ബഷീറിന്റേയോ കഥകൾ അപരിചിതയോടെ വായിക്കും. ആ കഥകളെ ഉറ്റുനോക്കി അയൽക്കാരാട്ട അവേശപൂർവ്വം പഠിക്കുകയും ചെയ്യും. പക്ഷെ, തകഴിയേയും ബഷീറിനേയും മാനിക്കുവാൻതയ്യാറില്ല. പുച്ഛിക്കുന്നില്ലെങ്കിൽ അതു് അവരുടേയോ നേരുകൊണ്ടാണെന്ന് കരുതിയാൽ മതി. സാഹിത്യകാരന്മാർതമ്മിലും അതുകൊണ്ടു മമതയിലും മതിപ്പിലുംകഴിഞ്ഞുകൂട്ടുന്നില്ല എന്നുവേണം പറയാൻ പ്രകൃതഗ്രന്ഥത്തിന്റെ അവതാരികയിൽ ശ്രീ. ഇപ്പൻനായർ പുണ്ടിക്കാണിച്ചിട്ടുള്ള ഈ വസ്തുത ഇതെഴുതുന്ന അവസരത്തിൽ അനുഭവപ്പെട്ടിട്ടുണ്ട്. മലയാള എഴുത്തുകാരെപ്പറ്റി ആഭരവോടെ സംസാരിക്കുവാൻ കഴിവുള്ള ഏതു സാഹിത്യകാരന്മാർ നമുക്കുണ്ട്. ഇപ്പൻനായർക്കതെന്നു അതു കഴിയുന്നുണ്ടോ? അദ്ദേഹത്തേയും മിക്ക മലയാള സാഹിത്യകാരന്മാരേയും നേരിട്ടു പരിചയപ്പെട്ടവാൻ കഴിഞ്ഞിട്ടുള്ള ഈ ലേഖകനു് ഇപ്പൻനായരെക്കാൾ ദുഃഖം അക്കാര്യത്തിലുണ്ടു്. അതുപോകട്ടെ. പത്തു മലയാള സാഹിത്യകാരന്മാരുടെ തുലികാചിത്രങ്ങളാണു് എന്റെ മുമ്പിലിരിക്കുന്നതു് നമ്മുടെ പത്തു് കഥാകൃത്തുക്കളെപ്പറ്റി എഴുതാൻ ഒരു കഥാകൃത്തുക്കൂടിയായ ടാറാപുരം സുകുമാരനു് കഴിഞ്ഞതിൽ നമുക്കു് സന്തോഷിക്കാം സൗഹാർദ്ദസുരഭിലമല്ലാത്ത നമുടെ സാഹിത്യോദ്യാനത്തിലെ ഒറ്റയാന്മാരെ നല്ലപോലെയറിയാവുന്ന നമുക്കു് സുകുമാരന്റെ സംരംഭത്തെ അഭിനന്ദിക്കുവാൻ തോന്നും. തുലികാചിത്രങ്ങളും എഴുതാൻ മാറുപടക്കം കഴിവുണ്ടായിരിക്കണം. ഒരുപക്ഷെ സുകുമാരനെക്കാളും ഈ പത്തു കഥാകാരന്മാരെ അടുത്തറിയുവാനും അവരുടെ സവിശേഷതകളും മനസ്സിലാക്കുവാനും കഴിഞ്ഞിട്ടുള്ളവരും കണ്ടേയ്ക്കും. പക്ഷെ വളരെയാണും വിശാലവീക്ഷണം അത്യന്താപേക്ഷിതമല്ലാത്ത ഈദ്ദൃശസംരംഭങ്ങൾക്കുള്ള സന്നദ്ധത വളരെപേക്കു് ഉണ്ടായികണ്ടില്ല ഒരു ടാറാപുരം സുകുമാരനു് സാധിച്ചു. അതുതന്നെ ഭാഗ്യം.

തകഴി, കേശവദേവു്, ബഷീർ, പി.സി. കുട്ടിക്കൃഷ്ണൻ, എസ്. കെ. പൊറ്റെക്കാട്ട്, വക്കം, റാഹി, വെട്ടൂർ, നാഗവള്ളി, കാരൂർ എന്നിവരുടെ തുലികാചിത്രങ്ങളാണു് സുകുമാരനെഴുതിയിരിക്കുന്നതു്. ഈ പുസ്തകം വായിച്ചിട്ടു് മേൽക്കാണിച്ചിട്ടുള്ള പേരുകാരിൽ പലരേയും സുകുമാരനു് വേണ്ടിടത്തോളം അടുത്തു പരിചയിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നു സംശയിക്കാൻ തോന്നുന്നു. മാരോ കഥാകൃത്തിന്റേയും കഥകളുടെ വിമർശനങ്ങളോ, അഭിപ്രായമോ ആയിട്ടാണു് മിക്ക തുലികാചിത്രങ്ങളും തോന്നുക. അവരവരുടെ കഥകളിൽക്കൂടി ശ്രീപംപൂണ്ടുവരുന്ന ഒരു കഥാകൃത്തുണ്ടല്ലോ. ആ കഥാകൃത്തിന്റെ ആത്മാവിനെ - പ്രത്യക്ഷത്തിൽ നാം കാണുന്ന കഥാകൃത്തിന്റെ ബാഹ്യരൂപവുമായി അതിനൊരു പക്ഷെ ഒരു പൊരുത്തവും ഉണ്ടായിരിക്കില്ലെന്നു വരും. ചിത്രപ്പെടുത്തുവാനും സുകുമാരൻ ശ്രമിച്ചിട്ടില്ല. ചില നേരിയ വരകൾകൊണ്ടു ചില കഥാകൃത്തുക്കളുടെ നേരിയ രൂപം ആലേഖനം ചെയ്യുവാൻ സുകുമാരനു് കഴിഞ്ഞിട്ടുണ്ടെന്നു് സമ്മതിക്കണം. പക്ഷെ ഒരു തുലികാചിത്രത്തിനുണ്ടായിരിക്കേണ്ട തികവോ മിഴിവോ അവയ്ക്കുണ്ടായിട്ടില്ല. തകഴിയേപ്പറ്റിയും ബഷീറിനെപ്പറ്റിയും മറ്റും സുകുമാരൻ എഴുതിയിരിക്കുന്നതിനക്കാളും ക്ലുപ്തമല്ലാത്ത മലയാള വായനക്കാർക്കു് സാമാന്യമായി അറിയാം എന്നാണ് എന്റെ വിശ്വാസം. ഒരു കാര്യം സമ്മതിക്കണം പ്രമാദങ്ങളൊന്നും സംഭവിച്ചിട്ടില്ല. പറയേണ്ടതു പലതുംപറഞ്ഞിട്ടില്ലെങ്കിലും ബഷീറിനേയും, നാഗവള്ളിയേയും ആർ. എസ്സ്. കുറുപ്പിനേയും ഒരേഭാഷയിലും ഒരേ സ്വരത്തിലും തുല്യമായിവാഴ്ത്തി പറയുമ്പോൾ ഈ തുലികാചിത്രകാരന്റെ പാടവത്തിൽ മാത്രമല്ലാ സത്യസന്ധതയിലും സംശയം ജനിച്ചു എന്നുവരും. കഥകളും കഥാകഥനരീതിയും അണല്ലോ സുകുമാരൻ ക്ലുപ്തമായി പ്രതിപാദിച്ചിരിക്കുന്നതു്. ഈ പത്തു കഥാകൃത്തുക്കളുടേയും കഥാകഥനരീതിയുടെ ഒരു താരതമ്യപഠനമോ അവരുടെ ജീവിതനിരീക്ഷണങ്ങളിലും കലയോടും ജീവിതത്തോടുമുള്ള അവരുടെ സമീപനരീതിയിൽകാണുന്ന അന്തരമോ മനസ്സിലാക്കാൻ സുകുമാരന്റെ ചിത്രങ്ങളും സഹായകമല്ല. ഒരുകാര്യംകൂടി പത്തു കഥാകാരന്മാരെ തിരഞ്ഞെടുക്കുമ്പോൾ സുകുമാരന്റെ പട്ടികയിൽ തള്ളേണ്ടതായിട്ടും, കൊള്ളേണ്ടതായിട്ടും ആരും ഇല്ലേ?

പ്രസാദ്

കൈപ്പറ്റി

മദ്രാസ് സർവകലാശാല പ്രസിദ്ധീകരണങ്ങൾ

1. കേരളമാഹാത്മ്യം

സമ്പാദകൻ, പി. കൃഷ്ണൻനായർ മദ്രാസ് സർവ്വകലാശാലാ മലയാളം സീരീസ് നമ്പർ രണ്ടു്. പേജ് നാൽപത്തിരണ്ടു്. വില രൂപാ രണ്ടു്.

2. ആയുധാഭ്യാസം

സമ്പാദകൻ പരേതനായ ഡാക്ടർ സി. അച്യുതമേനോൻ മദ്രാസ് സർവ്വകലാശാലാ മലയാളം സീരീസ് നമ്പർ പതിനെട്ടു്. പേജ് ഇരുനൂറിപതിനേഴു്. വില രൂപാ എട്ടു്.

3. കേരളോൽപത്തി

സമ്പാദകൻ, ഡാക്ടർ സി. അച്യുതമേനോൻ മദ്രാസ് സർവ്വകലാശാല മലയാളം സീരീസ് നമ്പർ പത്തു്. പേജ് എഴുപത്തിയാറു്. വില രൂപാ മൂന്നു്.

നാഷണൽ ബുക്ക് സ്റ്റാൾ
പ്രസിദ്ധീകരണങ്ങൾ

1. പുതുനാമ്പുകൾ

നാഗവള്ളിൽ ആർ. എസ്സ്. കുറുപ്പു്. പേജ് നൂറിനാൽപത്തഞ്ചു്. വില രൂപാ എട്ടണ.

2. ഇരുതലക്കൊള്ളി

പി. കെ. രാജരാജവർമ്മ പേജ് നൂറിപതിനാറു് വില രൂപാ ഒന്നു്.

3. എന്താണു് സാഹിത്യം

കെ ദാമോദരൻ, പേജ് നൂറിമുപ്പത്തിരണ്ടു്, വില രൂപാ നാലണ.

4 സിംഹാസനത്തിൽ നിന്നു ജയിലിലേക്കു്

കുറുപ്പുംവീട്ടിൽ ഗോപാലപിള്ള പേജ് നൂറിഅമ്പത്തിഏഴു്, വില രൂപാ നാലണ.

5. ഇക്കിളി

ആർട്ടിസ്റ്റ്, പേജ് നൂറു്, വില രൂപാ.

6. തെരഞ്ഞെടുത്ത കവിതകൾ

കൃഷ്ണാട്ടകളം മേരിജോൺ, പേജ് അമ്പത്തിനാലു് വിലരൂപാ രണ്ടു്



ഒന്നാംതരംകഥ

ഒ. വി. ജോസഫിന്റെ 'മിസ്സ് ചെറിയാന്റെ മരണം' എന്ന ചെറുകഥ അടുത്തകാലത്തു് കണ്ടുമുട്ടിയതിൽവെച്ചു് ഒന്നാംതരം ഒരു കലാസൃഷ്ടിയാണു്, ഒരു സിനിമാവിമർശകനായി അറിയപ്പെടുന്ന ശ്രീ ജോസഫിനു് ഒരു ചെറുകഥാകൃത്തെന്നുള്ള നിലയിലും നല്ല ഭാവിയുണ്ടു്.

കെ. സി. തോമസ് ബി. എ.
കൊല്ലം

മിസ്സ് ചെറിയാന്റെ മരണം

ശ്രീ ഒ. വി, ജോസഫിന്റെ ആ ചെറുകഥ വായിച്ചു തുടങ്ങിയപ്പോൾ അതുതന്നെയും തോന്നിയില്ലായിരുന്നു. ഒടുവിലായപ്പോൾ വായിച്ചു കരയുകയും ചെയ്ത ഇത്ര ഹൃദയസ്പൃക്കായ ഒരു കഥ, ഞാൻ വായിച്ചിട്ടേയില്ല എന്നു തന്നെ പറയാം.

ഒരു കഥാകൃത്തിന്റെ ഭാവനാസമ്പന്നതയും, വർണ്ണനാസമ്പ്രദായവും തികഞ്ഞിരിക്കുന്ന ശ്രീജോസഫിന്റെ ഭാവനയാണോ അതോ സംഭവകഥയാണോ എന്നു് എനിക്കറിഞ്ഞാൽകൊള്ളാമെന്നുണ്ടു്.

ശ്രീ ജോസഫിനു് എന്റെ വിനീതമായ അഭിനന്ദനങ്ങൾ!

ഡി. ബാബുപോൾ,
കറപ്പംപടി.

മീനച്ചിൽ-പാലാ

മീനച്ചിൽ-പാലാ ഉപതെരഞ്ഞെടുപ്പിനെപ്പറ്റി രാമചന്ദ്രൻ കഴിഞ്ഞയാഴ്ചയിൽ സചിത്രം എഴുതിയിരിക്കുന്ന അപഗ്രഥനത്തിനാണു് ഞാൻ താഴെപ്രകാരമുള്ള അഭിപ്രായം രേഖപ്പെടുത്തുന്നതു്. നമ്മുടെ രാഷ്ട്രീയരംഗത്തിലേക്കു് രാമചന്ദ്രൻ പലപ്പോഴും ഇങ്ങനെ ടോർച്ചടിച്ചു് വഴി കാണിക്കുന്നുണ്ടു്. ചിലപ്പോൾ കക്ഷിതാൽപര്യങ്ങൾ ഈ നിഷ്പക്ഷ നിരീക്ഷകനേയും വിഴുങ്ങുന്നില്ലേയെന്നു് സംശയമുണ്ടു്.

പി. പത്മനാഭൻനായർ
തിരുവനന്തപുരം.

കമ്പോളച്ചെറുക്കൻ

ഒരു കമ്പോളച്ചെറുക്കനുമായുള്ള ശ്രീ. പട്ടത്തുവിള കരുണാകരന്റെ അഭിമുഖസംഭാഷണം വായിച്ചു. ആശയം എനിക്കു് വളരെയിഷ്ടപ്പെട്ടു. പക്ഷെ, ഒരു കമ്പോളച്ചെറുക്കന്റെ അന്ധകാരമയവും മലീമസവുമായ ജീവിതനിലവാരങ്ങളിലേക്കു് ശ്രീ കരുണാകരന്റെ തൂലിക യെടുത്തു വെളിച്ചം ഇറങ്ങിച്ചെന്നിട്ടില്ലെന്നു് പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. ശ്രീ. കരുണാകരന്റെ കഥകളിൽ ഉടനീളം വിങ്ങി നിൽക്കുന്ന ആ ഘനമുണ്ടല്ലോ—മനുഷ്യജീവിതത്തിന്റെ അഗാധതലങ്ങളെ സ്പർശിക്കുന്ന കവണ്ണമുള്ള ആ ഉൾക്കട്ടി—അതു് ഇതിൽ വേണ്ടുപോലെവന്നിട്ടില്ല വായിക്കാൻ കൊള്ളാമെന്നു് തലകുലുക്കാം. അത്രയുള്ളു. ശ്രീ. കരുണാകരന്റെ ഈ പരമ്പരയിലെ അടുത്ത ചിത്രങ്ങൾ പൂർവ്വാധികം സ്ഫുടമായിരിക്കുമെന്ന പ്രതീക്ഷയോടെ.

ഗോവിന്ദക്കുറുക്കൻ,
മൂവാറ്റുപുഴ.

അവർ വളരെയധികം പുരുഷന്മാരെ സ്വീകരിച്ചിട്ടുണ്ടു്. അവരെ ഒരു പുരുഷനും അധികം ചോദിച്ച ചോദ്യം ചോദിച്ചിട്ടില്ല

ആരാണു് ആ പുരുഷൻ?

★ അന്വേഷണം ★

തകഴി

വികാരജന്യമായ ഒരു കഥയെഴുതുന്നു

★

അടുത്തലക്കത്തിൽ

മലയാളസിനിമാലോകത്തിലെ
മനോഹരിയായ

കുമാരി

താരാപഥവുമായി

സംസാരിക്കുന്നു

ഡിസംബർ ലക്കം താരാപഥം നോക്കുക
ഡിസം: പ്രത്യക്ഷപ്പെടുന്നതിയതി പുറപ്പെടുന്നു

Printed and Published by K. Balakrishnan at th indira Printing Works, Pettah, Trivandrum.

Phone No. 2128

PRICE As. 3

REG. M. 5661

THE
KAUMUDI WEEKLY
PUBLISHED EVERY MONDAY

VOL. IV
30th MONDAY
NOVEMBER 1958
No. 36

കേരളകൗമുദി

വാർഷികപ്പതിപ്പ്

ചെറുകഥകൾ

ഉറൂബ്
കേശവദേവ്
ആനന്ദക്കുട്ടൻ
സരള രാമവർമ്മ
കെ. ബാലകൃഷ്ണൻ
പൊൻകുന്നം വക്കി
ടി. എ. പൊറാക്കാട്ട്
തകഴി ശിവശങ്കരപ്പിള്ള
കെ ദാമോദരൻ ബി. എ.
ലളിതാംബിക അന്തർജ്ജനം
എൻ. പി. പെല്ലപ്പൻനായർ
സി. എൻ ശ്രീകണ്ഠൻനായർ